2020 ഓഗസ്റ്റ്
12
ബുധൻ
1195 കർക്കിടകം 27

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ

14 പേജ് ₹ 7.00 KOZHIKODE

ഇന്ത്യ 8,722 കോടിയുടെ പ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നു

ന്യൂഡൽഹി: സായുധ സേനയ്ക്കായി 8,722.32 കോടി രൂപയുടെ സാമഗ്രികൾ വാങ്ങാൻ പ്രതിരോധ ഇടപാടുകൾക്കുള്ള സമിതി അനുമതി നൽകി. ഇന്നലെ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഡിഫൻസ് അക്വിസിഷൻ കൗൺസിലിന്റെ സുപ്രധാന തീരുമാനം. സ്വയം പര്യാപ്ത ഇന്ത്യ (ആത്മ നിർഭർ ഭാരത്) യെന്ന കേന്ദ്ര സർക്കാർ പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ച് നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങും.

കേന്ദ്ര സർക്കാരിനു കീഴിലുള്ള ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡി (എച്ച്എഎൽ)ൽ നിന്ന് 106 ബേസിക് ട്രെയ്നർ എയർക്രാഫ്റ്റുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പ്രതിരോധ മന്ത്രാലയം.

സ്പുട്നിക്ക് 5

റഷ്യൻ വാക്സിൻ പുറത്തിറങ്ങി

- പ്രഖ്യാപിച്ചത് പ്രസിഡന്റ് പുടിൻ
- കൊവിഡിനെതിരേ ലോകത്തെ ആദ്യ വാക്സിൻ
- പുടിന്റെ മകളും പ്രതിരോധ കുത്തിവയ്പ്പെടുത്തു

മോസ്കോ: എട്ടു മാസത്തിലേറെയായി ലോകത്തെ സ്തംഭിപ്പിച്ച കൊവിഡ് 19 വൈറസിനെതിരായ ആദ്യ വാക്സിൻ റഷ്യ പുറത്തിറക്കി. പ്രസിഡന്റ് വ്ലാദിമിർ പുടിനാണ് സ്പുട്നിക്ക് 5 എന്നു പേരിട്ട വാക്സിൻ കൊവിഡിനെതിരേ സുസ്ഥിര പ്രതിരോധ ശേഷി ഉറപ്പുനൽകുന്നുവെന്നും ഇത് ഉടൻ പൊതുജനങ്ങൾക്കു ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചത്. പുടിന്റെ മകൾ പ്രതിരോധ കുത്തിവയ്പ്പെടുത്തു.

12ന് വാക്സിൻ രജിസ്റ്റർ ചെയ്യുമെന്നു റഷ്യ കഴിഞ്ഞദിവസം പ്രഖ്യാപിച്ചിരുന്നു. എന്നാൽ, തിടുക്കപ്പെട്ട് നടപടി പാടില്ലെന്നും കൂടുതൽ പരിശോധനകൾ ആവശ്യമുണ്ടെന്നും ലോകാരോഗ്യ സംഘടനയും യുഎസിലെ പകർച്ചവ്യാധി ചികിത്സാ വിദഗ്ധൻ ആന്റണി ഫൗസിയും നിർദേശിച്ചു. ഇന്നലെ പക്ഷേ, വാക്സിൻ പുറത്തിറക്കിയതായി പ്രഖ്യാപിക്കുകയായിരുന്നു.

അടുത്ത മാസം വാക്സിൻ വലിതോതിൽ നിർമിച്ചു തുടങ്ങുമെന്നും ഒക്റ്റോബറിൽ കൂട്ട വാക്സിനേഷൻ നടത്തുമെന്നും നേരത്തേ അറിയിച്ചിരുന്നു റഷ്യ. റഷ്യൻ ആരോഗ്യ വകുപ്പിനു കീഴിലുള്ള ഗമലെയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും റഷ്യൻ പ്രതിരോധ വകുപ്പും ചേർന്നാണ് വാക്സിൻ വികസിപ്പിച്ചത്. ജൂൺ 18നായിരുന്നു മനുഷ്യരിൽ ആദ്യ പരീക്ഷണം. മൂന്നാംഘട്ടം പരീക്ഷണം കഴിഞ്ഞ ആഴ്ചയാണ് തുടങ്ങിയത്.

ഇന്ന് (ചൊവ്വ) രാവിലെ ലോകത്ത് ആദ്യമായി കൊവിഡിനെതിരേ ഫലപ്രദമായ വാക്സിൻ റഷ്യയിൽ രജിസ്റ്റർ ചെയ്തു. ആവശ്യമായ എല്ലാ പരിശോധനകൾക്കും വാക്സിൻ വിധേയമാക്കിയിട്ടുണ്ട്. എന്റെ പെൺമക്കളിൽ ഒരാൾക്ക് വാക്സിൻ കുത്തിവച്ചു. അവൾ സുഖമായിരിക്കുന്നു. വാക്സിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി. ലോകത്തിന് വളരെ പ്രധാനപ്പെട്ട ഒരു ഘട്ടമാണിത് '- മന്ത്രിമാരുമായുള്ള വിഡിയോ കോൺഫറൻസിങ്ങിനിടെ പുടിൻ പറഞ്ഞു. ആഴ്ചകൾക്കുള്ളിൽ വൻതോതിൽ നിർമാണം ആരംഭിക്കുമെന്നും, അടുത്ത വർഷത്തോടെ പ്രതിമാസം 'ദശലക്ഷം' ഡോസുകൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

എബോള, മെർസ് തുടങ്ങിയ രോഗങ്ങൾക്കെതിരായ വാക്സിനുകളിൽ ഉപയോഗിച്ച അതേ സാങ്കേതിക വിദ്യതന്നെയാണ് സ്പുട്നിക്ക് 5ലുമെന്ന് റഷ്യൻ ആരോഗ്യ മന്ത്രാലയത്തിലെ മുഖ്യ എപ്പിഡെമിയോളജിസ്റ്റ് നിക്കോളായ് ബ്രിക്കോ പറഞ്ഞു. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ പാർശ്വഫലമെന്ന പേടി വേണ്ട. രജിസ്ട്രേഷൻ നീട്ടിവയ്ക്കേണ്ട കാര്യമില്ലെന്നും അദ്ദേഹം.

ഈ വാക്സിൻ മനുഷ്യ ശരീരത്തിൽ ദോഷം ചെയ്യില്ലെന്ന് ഗമാലേയ നാഷണൽ റിസർച്ച് സെന്റർ ഡയറക്റ്റർ അലക്സാണ്ടർ ജിന്റ്സ്ബർഗ് നേരത്തേ വ്യക്തമാക്കിയിരുന്നു.

1,417 പേർക്ക് കൊവിഡ്

1,426 പേർക്ക് രോഗമുക്തി

സമ്പർക്കത്തിലൂടെ 1,242

തിരുവനന്തപുരം: കൊവിഡ് രോഗബാധിതരുടെയും രോഗമുക്തരുടെയും എണ്ണം ഏറെക്കുറെ തുല്യമായ അവസ്ഥയിൽ സംസ്ഥാനം. 1,242 പേർക്ക് സമ്പർക്കത്തിലൂടെ ഉൾപ്പെടെ ഇന്നലെ 1,417 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. 1,426 പേർക്കാണ് രോഗമുക്തി. ഉറവിടമറിയാത്ത 105 കേസുകളുണ്ട്. രോഗം സ്ഥിരീകരിച്ചതിൽ 62 പേർ വിദേശത്തു നിന്നും 72 പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തിയവരാണ്. 36 ആരോഗ്യപ്രവർത്തകർക്കും രോഗം ബാധിച്ചു.

അഞ്ച് മരണം

തിരുവനന്തപുരം വർക്കല സ്വദേശി ചെല്ലയ്യൻ (68), വള്ളക്കടവ് സ്വദേശി മണിയൻ (80), വെള്ളനാട് സ്വദേശിനി പ്രേമ (52), കണ്ണൂർ കോളയാട് സ്വദേശിനി കുംബ മാറാടി (75), എറണാകുളം ചെല്ലാനം സ്വദേശിനി റീത്ത ചാൾസ് (87) എന്നിവരുടെ മരണം കൊവിഡ് മൂലമാണെന്ന് ആലപ്പുഴയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്സ്ഥിരീകരിച്ചു. ഇതോടെ സംസ്ഥാനത്തെ ആകെ കൊവിഡ് മരണം 120 ആയി.

രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക്: തിരുവനന്തപുരം 297, മലപ്പുറം 242, കോഴിക്കോട് 158, കാസർകോട് 147, ആലപ്പുഴ 146, പാലക്കാട്141, എറണാകുളം 133, തൃശ്ശൂർ 32, കണ്ണൂർ 30, കൊല്ലം 25, കോട്ടയം 24, പത്തനംതിട്ട 20, വയനാട് 18, ഇടുക്കി 4.

വിവിധ ജില്ലകളിലായി 1,49,707 പേരാണ് നിരീക്ഷണത്തിലുള്ളത്. 1,456 പേരെ ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 24 മണിക്കൂറിനിടെ 21,625 സാംപിളുകളാണ് പരിശോധിച്ചത്. നിലവിലുള്ളത് 523 ഹോട്ട് സ്പോട്ടുകൾ.

പ്രണബിന്റെ നില ഗുരുതരം

ന്യൂഡൽഹി: തലച്ചോറിൽ ശസ്ത്രക്രിയയ്ക്കു വിധേയനായതിനു പിന്നാലെ കൊവിഡ് 19 ബാധിച്ച മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയുടെ നില ഗുരുതരം. എൺപത്തിനാലുകാരനായ പ്രണബ് വെന്റിലേറ്ററിന്റെ സഹായത്തോടെയാണു ജീവൻ നിലനിർത്തുന്നതെന്ന് അദ്ദേഹം ചികിത്സയിൽ കഴിയുന്ന ഡൽഹി സൈനിക ആശുപത്രി പ്രസ്താവനയിൽ അറിയിച്ചു.

തലച്ചോറിൽ രക്തം കട്ടപിടിച്ചതിനെത്തുടർന്നു തിങ്കളാഴ്ചയാണ് ഡൽഹി കന്റോൺമെന്റിലെ ആശുപത്രിയിൽ പ്രണബിനെ ശസ്ത്രക്രിയയ്ക്കു വിധേയനാക്കിയത്. പരിശോധനയിൽ അദ്ദേഹത്തിനു കൊവിഡ് 19ഉം ബാധിച്ചെന്നു കണ്ടെത്തിയിരുന്നു. മുതിർന്ന ഡോക്റ്റർമാരുടെ സംഘം പ്രണബിന്റെ ആരോഗ്യനില മുഴുവൻ സമയവും നിരീക്ഷിക്കുന്നുണ്ട്.

ചിങ്ങം ഒന്നു മുതൽ നാലമ്പലത്തിൽ പ്രവേശനം

- തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ ചിങ്ങം ഒന്നു മുതൽ (ഈ മാസം 17) നാലമ്പത്തിനുള്ളിൽ കടന്നുള്ള ദർശനം അനുവദിക്കും. ശബരിമല ഒഴികെയുള്ള ക്ഷേത്രങ്ങളിലാണ് കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ദർശനം അനുവദിക്കാൻ ബോർഡ് യോഗം അനുമതി നൽകിയത്. രാവിലെ ആറിന് മുൻപും വൈകിട്ട് 6.30നും ഏഴിനും ഇടയിലും പ്രവേശനമില്ല.

ചിങ്ങം ഒന്നിന് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ വിശേഷാൽ ഗണപതി ഹോമം നടത്തണം. ചിങ്ങ മാസത്തിൽ ശബരിമലയിലേക്ക് ഭക്തരെ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമായില്ലെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു പറഞ്ഞു. ക്ഷേത്രങ്ങളിൽ അന്നദാനം, ബലിതർപ്പണം എന്നിവ പൂർണമായും ഒഴിവാക്കിയിരിക്കുകയാണ്. നിലവിൽ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഭക്തർക്കു ദർശനം അനുവദിക്കുന്നുണ്ടെങ്കിലും നാലമ്പലത്തിനുള്ളിൽ ഭക്തരെ പ്രവേശിപ്പിച്ചിരുന്നില്ല.

- ഒരേ സമയം അഞ്ചു പേർക്കു മാത്രമാണ് പ്രവേശനം.
- 10നു താഴെയും 65നു മുകളിലും പ്രായമുള്ളവർക്കു പ്രവേശനമില്ല.
- ഗർഭിണികൾ, മറ്റു രോഗങ്ങളുള്ളവർ എന്നിവർ വരരുത്.
- ഭക്തർ മാസ്ക്ക് നിർബന്ധമായും ധരിച്ചിരിക്കണം.
- കാത്തുനിൽക്കുന്നവർ സാമൂഹ്യ അകലം പാലിക്കണം.
- പേരുവിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തണം.
- വഴിപാടുകൾ നടത്താം. ശ്രീകോവിലിൽ നിന്ന് പ്രസാദം നൽകില്ല.
- ക്ഷേത്രക്കുളത്തിൽ കുളിക്കാനോ കൈകാലുകൾ കഴുകാനോ പാടില്ല.



ജീവനുള്ള ഓർമ...

ഇത് കർണാടകത്തിലെ പ്രമുഖ വ്യവസായി ശ്രീനിവാസ മൂർത്തിയുടെ കുടുംബം. കൊപ്പാലിലെ വസതിയിൽ ഇരിക്കുന്നത് ജീവനുള്ള ഭാര്യയല്ല. 2017ൽ വാഹനാപകടത്തിൽ മരിച്ച ഭാര്യ മാധവിയുടെ മെഴുകുപ്രതിമയ്ക്ക് അരികിലാണ് ശ്രീനിവാസും മക്കളും. പുതിയ വീടിന്റെ നിർമാണം നടക്കുന്നതിനിടെയാണ് തിരുപ്പതിയിലേക്കുള്ള യാത്രയ്ക്കിടെ അപകടത്തിൽ മാധവി മരണപ്പെട്ടത്. പ്രമുഖ ആർക്കിടെക്റ്റ് രംഗണ്ണാനവർ നിർമിച്ച മാധവിയുടെ മെഴുക്-സിലിക്കോൺ ശിൽപം വീടിന്റെ പാലുകാച്ചൽ ദിനത്തിൽ അദ്ദേഹം പൂമുഖത്ത് വച്ചു. സോഷ്യൽ മീഡിയയിലടക്കം വലിയ പ്രശംസയാണ് ഈ പ്രതിമയ്ക്ക് ലഭിക്കുന്നത്.

നാളെ പുതിയ ന്യൂനമർദം, കേരളത്തെ ബാധിക്കില്ല

വടക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ നാളെ മറ്റൊരു ന്യൂനമർദം രൂപപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡിശയിലെ ബലാഷോറിനു സമീപത്തായിട്ടാണ് ന്യൂനമർദം രൂപപ്പെടുന്നത്. എന്നാൽ ഇത് കേരളത്തിനെ ബാധിക്കില്ലെന്നാണ് കാലാവസ്ഥാ വിദഗ്ധരുടെ വിലയിരുത്തൽ.

പരിസ്ഥിതി ആഘാത വിജ്ഞാപനം പ്രത്യാഘാതമുണ്ടാക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: പരിസ്ഥിതി ആഘാത വിജ്ഞാപനത്തിന്റെ കരട് ദൂരവ്യാപകവും വിപരീതവുമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. പല നിർദേശങ്ങളോടും യോജിക്കാനാവില്ലെന്നാണു സംസ്ഥാനത്തിന്റെ നിലപാടെന്ന് വ്യക്തമാക്കിയ മുഖ്യമന്ത്രി, ഇതുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായും കൂടുതൽ ഫലപ്രദമായ ചർച്ചകൾ നടത്തി മാത്രമേ അന്തിമ തീരുമാനത്തിലെത്താവൂ എന്നും ആവശ്യപ്പെട്ടു.

"സംസ്ഥാനത്തിന്റെ സാഹചര്യം കൂടി പരിശോധിച്ച് ചില കാര്യങ്ങളിൽ മാറ്റം വേണമെന്ന അഭിപ്രായം പ്രത്യേകമായി പറയുന്നുണ്ട്. പ്രധാനമായും ഖനന അനുമതിയുമായി ബന്ധപ്പെട്ട കാര്യത്തിലെ ഭേദഗതിയാണ് സംസ്ഥാനം ചൂണ്ടിക്കാട്ടുന്നത്. ഇടത്തരം വിഭാഗത്തിലെ കാറ്റഗറി ബി-1ൽ അഞ്ചു ഹെക്റ്ററിൽ കൂടുതൽ നൂറു ഹെക്റ്റർ വരെ എന്ന വ്യവസ്ഥയാണ് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ടു നിൽക്കുന്നത്. അതായത്, അഞ്ചു ഹെക്റ്ററിനും നൂറു ഹെക്റ്ററിനും ഇടയിൽ ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമാണ്. ഇതിൽ അഞ്ചു ഹെക്റ്റർ എന്നത് രണ്ടു ഹെക്റ്റർ എന്നാക്കി ഭേദഗതി ചെയ്യണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം. രണ്ടു ഹെക്റ്ററിന് മുകളിൽ ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായി വരും. രണ്ടു ഹെക്റ്ററിൽ താഴെയുള്ള ചെറുകിട ആവശ്യങ്ങൾക്ക് നിലവിലുള്ള ആനുകൂല്യം തുടരാമെന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്"- മുഖ്യമന്ത്രി പറഞ്ഞു.

പദ്ധതികളുടെ അനുമതിക്കു മുമ്പ് പബ്ലിക് ഹിയറിങ്ങിനായി നിലവിൽ അനുവദിച്ചിട്ടുള്ള സമയം പുതിയ കരട് വിജ്ഞാപനത്തിൽ 20 ദിവസമായി കുറച്ചിട്ടുണ്ട്. ഇത് 30 ദിവസം തന്നെയായി നിലനിർത്തണം.

ചെറുകിട പദ്ധതികൾക്ക് അനുമതി നൽകുന്നതിനു മുമ്പുള്ള വിശദ പരിശോധന നടത്തുന്ന സംവിധാനമായിരുന്നു ജില്ലാ പാരിസ്ഥിതിക ആഘാത സമിതികൾ. ഇതിനു പുറമേ സംസ്ഥാന തലത്തിൽ കൈകാര്യം ചെയ്യേണ്ട അപേക്ഷകളിൽ ജില്ലാതല സമിതികൾക്ക് നിർണായക പങ്കുണ്ട്.

സ്വർണം

ഗ്രാം	- 5,100
പവൻ	- 40,800

മെട്രൊ മാധം

രാഹുൽ ഗാന്ധി കോൺഗ്രസ് അധ്യക്ഷസ്ഥാനം ഏറ്റെടുക്കണമെന്ന് ചെന്നിത്തല.



തിരിച്ചും മറിച്ചും ചോദിച്ചാലും ഉത്തരം ഒന്നേയുള്ളൂ...!

www.facebook.com/
metrovaarthaofficial

കുടുംബസ്വത്തിൽ മകൾക്കും തുല്യ അവകാശം

- ഹിന്ദു പിന്തുടർച്ചാവകാശ നിയമത്തിൽ സുപ്രധാന വിധി
- സുപ്രീം കോടതി മാറ്റുന്നത് 1956 ലെ നിയമം

നിയമകാര്യ ലേഖകൻ

ന്യൂഡൽഹി: ഹിന്ദു കുടുംബങ്ങളുടെ കുടുംബസ്വത്തിൽ മകൾക്കും തുല്യ അവകാശമെന്നു സുപ്രീം കോടതി വിധിച്ചു. 2005 സെപ്റ്റംബർ ഒൻപതിനു നിലവിൽ വന്ന ഹിന്ദു പിന്തുടർച്ചാവകാശ നിയമ ഭേദഗതി സുപ്രീം കോടതി അംഗീകരിച്ചു. മകനെ പോലെ മകൾക്കും തുല്യ അവകാശമുണ്ടെന്നും മകൾ ജീവതകാലം മുഴുവൻ സ്നേഹനിധിയായ മകളായി തുടരുമെന്നും മൂന്നംഗ ബെഞ്ചിന്റെ അധ്യക്ഷനായ ജസ്റ്റിസ് അരുൺ മിശ്ര പറഞ്ഞു.

2005ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമ ഭേദഗതി മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ചു കൊണ്ടാണ് സുപ്രധാന വിധി. 2005ലെ ഭേദഗതി നിലവിൽ വന്ന സമയത്ത് അച്ഛൻ ജീവിച്ചിരുന്നോ ഇല്ലയോ എന്നത് പ്രസക്തമല്ലെന്നും കോടതി നിരീക്ഷിച്ചു. ജസ്റ്റിസുമാരായ അബ്ദുൾ നസീർ, എം.ആർ. ഷാ എന്നിവരായിരുന്നു ബെഞ്ചിലെ മറ്റംഗങ്ങൾ.

2005ൽ നിയമം നിലവിൽ വന്ന കാലം മുതൽ തന്നെ സ്വത്തിൽ അവകാശം ലഭിക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ പരിഗണന നൽകുന്നതായിരുന്നു ഹിന്ദു പിന്തുടർച്ചാവകാശ ഭേദഗതി നിയമം. ഭേദഗതിയിലെ നിയമപ്രശ്നങ്ങൾ ചോദ്യം ചെയ്തുള്ള ഹർജികളിലാണ് വിധി. 1956ലാണു ഹിന്ദു പിന്തുടർച്ചാവകാശ നിയമം നിലവിൽ വന്നത്. പിന്നീട് 2005ൽ ഈ നിയമം ഭേദഗതി ചെയ്തു.

2005ൽ നിയമം ഭേദഗതി ചെയ്തത് അനുസരിച്ച് പിതാവിന്റെ പൂർവികസ്വത്തിൽ പെൺമക്കൾക്കും ആൺമക്കൾക്കും തുല്യ അവകാശമാണ്. വിവാഹിതരായ പെൺമക്കൾക്കും ഇത് ബാധകമാണ്. എന്നാൽ സ്വയം ആർജിച്ച സ്വത്ത് പിതാവിന്റെ ഇഷ്ടത്തിനനുസരിച്ചു ആർക്കുവേണമെങ്കിലും നൽകാം. ഇതാണ് ഇപ്പോൾ സുപ്രീം കോടതി അംഗീകരിച്ചിരിക്കുന്നത്. ഹിന്ദു വിവാഹനിയമത്തിലെ ഹിന്ദുവിന്റെ നിർവചനത്തിൽ ഉൾപ്പെട്ടവർക്കെല്ലാം ഈ നിയമം ബാധകമാണ്.

അവകാശികളെ പ്രത്യേകം തരംതിരിച്ച് ഒരു പട്ടികയുണ്ടാക്കി ഹിന്ദു പിന്തുടർച്ചാവകാശ നിയമത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്: മകൻ, മകൾ, വിധവ, അമ്മ, നേരത്തേ മരിച്ചുപോയ മകന്റെ മകനും മകളും, നേരത്തേ മരിച്ചുപോയ മകന്റെ ഭാര്യ, നേരത്തേ മരിച്ചുപോയ മകന്റെ മകനും നേരത്തേ മരിച്ചുപോയിട്ടുണ്ടെങ്കിൽ മരുമകന്റെ മകനും മകളും വിധവയും.

ഒരാൾ മരിച്ചാൽ, മരിക്കുന്ന സമയത്ത് മേൽപ്പറഞ്ഞ പട്ടികയിൽപ്പെട്ടവർക്ക് എല്ലാവർക്കും കൂടി സ്വത്തു തുല്യമായി ലഭിക്കുന്നു.

> 1950ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമ പ്രകാരവും, 2005ലെ ഭേദഗതി നിയമപ്രകാരവും പിതാവിന്റെ പൂർവിക സ്വത്തിനു മകൾക്കായാലും മകനായാലും തുല്യ അവകാശമുണ്ട്. എന്നാൽ, പിതാവ് സ്വപ്രയത്നം കൊണ്ട് സമ്പാദിച്ച സ്വത്ത് ജീവിച്ചിരിക്കുമ്പോൾ ആർക്കു വേണമെങ്കിലും കൊടുക്കാം. അത് വിൽപത്രമോ ഇഷ്ടദാന ഉടമ്പടിയോ മുഖേനയാകാം. അതേസമയം, ആരുടെ പേരിലും വിൽപത്രമോ ഇഷ്ടദാനമോ എഴുതി വയ്ക്കാതെ പിതാവു മരിച്ചു പോയാൽ ആ സ്വത്തിനു ഭാര്യയ്ക്കും മക്കൾക്കും തുല്യാവകാശമായിരിക്കും. ഇങ്ങനെ സംഭവിച്ചാൽ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് മുഖാന്തിരം അവകാശികൾക്കു സ്വത്തു വീതംവച്ചെടുക്കാം. ഹിന്ദു സമുദായത്തിൽ ഈ നിയമമാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്.
>
> **ജസ്റ്റിസ് കെ. പദ്മനാഭൻ നായർ**
> **കേരള ഹൈക്കോടതി**
> **മുൻ ജഡ്ജി**

കാലവർഷം; കോഴിക്കോട് 9.34 കോടി രൂപയുടെ കാർഷിക നഷ്ടം

കോഴിക്കോട് : ശക്തമായ മഴയിലും കാറ്റിലും കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വ്യാപക കൃഷിനാശമാണുണ്ടായത്. ആഗസ്ത് ഒന്നു മുതൽ പത്തുവരെയുണ്ടായ മഴയിലും കാറ്റിലും ജില്ലയിൽ 9.34 കോടി രൂപയുടെ കാർഷിക നഷ്ടമുണ്ടായി. വാഴ കൃഷിയെയാണ് കാലവർഷം കൂടുതലായി ബാധിച്ചത്. കുലച്ച 66347 വാഴകളും 44688 സാധാരണ വാഴകളും നശിച്ചു. ടാപ്പിങ് നടത്തുന്ന 3394 റബ്ബർ മരങ്ങളും അല്ലാത്ത 1502 എണ്ണവും അടക്കയുള്ള 3974 കവുങ്ങുകളും ഇല്ലാത്ത 1385 എണ്ണവും കാലവർഷത്തിൽ നശിച്ചു.തെങ്ങ്, ഇഞ്ചി, മഞ്ഞൾ, റബ്ബർ, കുരുമുളക്, കപ്പ എന്നിവയെയും കാലവർഷം ബാധിച്ചു.ജില്ലയിലെ 8965 കർഷകർക്കാണ് നാശനഷ്ടമുണ്ടായത്കാലവർഷത്തിന് നേരിയ ശമനമുണ്ടായതോടെ ജില്ലയിൽ ക്യാംപുകളുടെ എണ്ണം കുറഞ്ഞു.നാലു താലൂക്കുകളിലായുള്ള 7 ദുരിതാശ്വാസ ക്യാംപുകളിലായി 62 പേരാണുള്ളത്.കൊയിലാണ്ടി താലൂക്കിൽ നിലവിൽ ഒരു ക്യാംപാണ് പ്രവർത്തിക്കുന്നത്. ബാലുശ്ശേരി മർകസ് പബ്ലിക് സ്കൂളിൽ ആരംഭിച്ച ക്യാംപിൽ ഒരു കുടുംബത്തിലെ ആറ് പേരാണ് ഉള്ളത്. ഇതുവരെ മഴയെത്തുടർന്ന് കൊയിലാണ്ടി താലൂക്കിലെ 14 വില്ലെജുകളിലായി 90 വീടുകൾ ഭാഗികമായും നാല് വീടുകൾ പൂർണമായും തകർന്നിട്ടുണ്ട്. കൂടുതൽ ക്യാംപുകൾ ആരംഭിക്കേണ്ട സാഹചര്യമുണ്ടായാൽ അതിനുള്ള ഒരുക്കങ്ങൾ സ്വീകരിച്ചുവരുന്നതായി തഹസിൽദാർ കെ ഗോകുൽ ദാസ് അറിയിച്ചു.കോഴിക്കോട് താലൂക്കിൽ രണ്ടു വില്ലെജുകളിലായി രണ്ടു ക്യാംപുകളാണ് പ്രവർത്തിക്കുന്നത്. 19 പേരാണ് ആകെ ക്യാംപുകളിലുള്ളത്. മാവൂർ വില്ലെജിലെ ജിഎംയുപി സ്കൂളിൽ ആറ് കുടുംബത്തിലെ 13 പേരും കടലുണ്ടി വില്ലെജിൽ വട്ടപ്പറമ്പ ജിഎൽപി സ്കൂളിൽ ഒരു കുടുംബത്തിലെ ആറു പേരുമാണ് താമസിക്കുന്നത്.താമരശേരി താലൂക്കിൽ ഒരു ക്യാംപ് മാത്രമാണുള്ളത്. തിരുവമ്പാടി വില്ലെജിലെ സെന്റ്സെബാസ്റ്റ്യൻ എൽപിഎസ് മുത്തപ്പൻപുഴയിലെ ഈ ക്യാംപിൽ 8 കുടുബങ്ങളിലെ 16 പേരാണുള്ളത്. ശക്തമായ മഴയിൽ പുത്തൂർ വില്ലെജിൽ കോരൻചോലമ്മൽ ശിവദാസന്റെ വീട് തകർന്നു. ഓടുമേഞ്ഞ വീടിന്റെ മേൽക്കൂരയാണ് തകർന്നത്. ഇതോടെ കാലവർഷത്തിൽ താലൂക്കിൽ 19 വീടുകളാണ് ഭാഗികമായി തകർന്നത്. വീടുകൾ തകർന്നതിലൂടെ 16.25 ലക്ഷത്തിന്റെ നഷ്ടമാണുണ്ടായത്.വടകര താലൂക്കിൽ നിലവിൽ മൂന്ന് ക്യാംപുകളാണ് ഉള്ളത്. ഒഞ്ചിയം വില്ലെജിലെ വാർഡ് ആറ് ആംഗനവാടി, ചെക്യോട് വില്ലെജിലെ കണ്ടിവാതുക്കൽ അങ്കണവാടി, വില്ല്യാപ്പള്ളി എംജെവിഎസ് സ്കൂൾ എന്നിവിടങ്ങളിലാണ് ക്യാംപുകളുള്ളത്. ആകെ 9 കുടുംബങ്ങളിൽ നിന്നായി 21 പേർ ക്യാംപുകളിലുണ്ട്.

റോഡിന്റെ ശോച്യാവസ്ഥ; യുവമോർച്ച പ്രതിഷേധിച്ചു

പേരാമ്പ്ര : താലൂക്ക് ആശുപത്രിയിലേക്ക് തികച്ചും അശാസ്ത്രീയമായ രീതിയിലുള്ള റോഡ് നിർമാണത്തിന്റെ പേരിൽ നടന്നോ, ആംബുലൻസിനു പോലും, പോകാൻ കഴിയാത്ത രീതിയിൽ ചളിക്കുളമായ സ്ഥലത്തുകൂടി പകരം സവിധാനമൊരുക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയിൽ യുവമോർച്ചയുടെ നേതൃത്വത്തിൽ പ്രതിഷേധിച്ചു. കൊറോണ വ്യാപനം കൂടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ തന്നെ പേരാമ്പ്ര താലൂക് ആശുപത്രിയിലേക്ക് വരുന്ന രോഗികളെയും, മറ്റും ബുദ്ധിമുട്ടിലാക്കുന്ന റോഡ് എത്രയും പെട്ടന്ന് ഗതാഗത യോഗ്യമാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. അല്ലാത്ത പക്ഷം യുവമോർച്ചയുടെ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വേണ്ടിവന്നാൽ കൊറോണ നിയന്ത്രണം ലംഘിച്ചുകൊണ്ടും വൻ പ്രക്ഷോഭം നടത്തുമെന്നും യോഗം അറിയിച്ചു. ജില്ലാ ജനറൽ സെക്രട്ടറി ജുബിൻ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കർഷക മോർച്ച ജില്ലാ സെക്രട്ടറി ശ്രീജിത്ത് കല്ലോട്, പ്രസൂൺ.ജി.കല്ലോട്, സി.കെ. ലിനീഷ്, സി. കെ. ദാസൻ തുടങ്ങിയവർ സംബന്ധിച്ചു.

ധർമടത്തെ വീടിന്റെ മേൽക്കൂര മഴയിൽ തകർന്ന നിലയിൽ

വീടിന്റെ മേൽക്കൂര തകർന്ന് നാശനഷ്ടം

തലശേരി : വീടിന്റെ മേൽ പുര തകർന്ന് നാശനഷ്ടം. ധർമടം യു.എസ്.കെ റോഡിലുള്ള ഓത്തിയിൽ വീടിന്റെ ഓട് മേഞ്ഞ മേൽപുരയാണ് കഴിഞ്ഞ ദിവസത്തെ പെരുമഴയിൽ നിലംപൊത്തിയത്. ഏതാണ്ട് ഒരു ലക്ഷത്തിലേറെ രൂപയുടെ നാശനഷ്ടം നേരിട്ടു. മേലൂരിലെ പ്രേമാ നിവാസിൽ എ.അഖിലിന്റെയും സഹോദരൻ സജിന്റെയും ഉടമസ്ഥതയിലുള്ള വീടാണിത്. ധർമടം വില്ലേജ് ഓഫീസിൽ പരാതി നൽകി.

മദ്റസ പഠനം അറിയിപ്പ്

തേഞ്ഞിപ്പലം: സ്വാതന്ത്ര്യദിനം പ്രമാണിച്ച് 2020 15നും, സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ നടത്തുന്ന പാദവാർഷിക ഓൺലൈൻ പരീക്ഷയുടെ ദ്രുത്ത് നടത്തുന്നതിന് 16നും, പാദവാർഷിക പരീക്ഷയും തുടർന്ന് മുഹറം ഒമ്പതും പത്തും പ്രമാണിച്ച് 20 മുതൽ 30 വരെയും ഓൺലൈൻ മദ്റസ ക്ലാസുകൾ ഉണ്ടായിരുക്കുന്നതല്ലെന്നും, 13, 17, 18, 19 തയ്തികളിലും 31 മുതൽ തുടർന്നും ഓൺലൈൻ മദ്റസ ക്ലാസുകൾ പതിവുപോലെ ഉണ്ടായിരിക്കുമെന്നും സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോഡ് അറിയിച്ചു.

ടൗൺ ഹാൾ നവീകരണ ഉദ്ഘാടനം

തലശേരി : നഗരസഭ ടൗൺ ഹാളിൽ പുതുതായി നിർമിച്ച ഡൈനിംഗ് ഹാളിന്റെയും 'മിനി കോൺഫറൻസ് ഹാളിന്റെ യും ഉദ്ഘാടനം എ.എൻ ഷംസീർ എം.എൽ .എ നിർവഹിച്ചു. ഒന്നര കോടി രൂപ ചിലവിട്ടിരുന്നു നിർമാണം.ഇതിന്റെ ഭാഗമായി രണ്ട്മിനി കോൺഫറൻസ് ഹാളും, ഡൈനിംഗ് ഹാളുമാണ് ഒരുക്കിയത് ഒന്നര ക്കോടി രൂപ ചിലവിട്ടായിരുന്നു നിർമാണം. 250 പേർക്ക് ഭക്ഷണം കഴിക്കാനുള്ള സൗകര്യമാണ് ഒരുക്കിയത്. ഒരു കോൺഫറൻസ് ഹാളിൽ 200 പേർക്കും, മറ്റൊന്നിൽ 150 പേർക്കും ഇരിക്കാനുള്ള സൗകര്യമുണ്ട്. അടുത്ത ഘട്ടത്തിൽ ടൗൺ ഹാൾ ശീതീകരിച്ച് ലിഫ്റ്റ് സൗകര്യമുൾപ്പെടെ ഒരുക്കും. നഗരസഭ ചെയർമാൻ സി.കെ രമേശൻ , കൗൺസിലർമാരായ വാഴയിൽ വാസു, കെ. വിനയ രാജ്, എം.പി അരവിന്ദാക്ഷൻ തുടങ്ങിയവർ സംബന്ധിച്ചു. ചടങ്ങിൽ എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു.

പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു

തേഞ്ഞിപ്പലം : എസ് വൈ എസ് സാന്ത്വനം ചേലേമ്പ്ര സർക്കിൾ കമ്മിറ്റിയും കേരള യൂണിവേഴ്സിറ്റി മെഡിക്കൽ അസോസിയേഷനും ഹയ യൂനാനി ക്ലിനിക് പറമ്പിൽപീടികയും സംയുക്തമായി യൂനാനി പ്രതിരോധ മരുന്നുകൾ വിതരണം തുടങ്ങി.മരുന്ന് വിതരണോദ്ഘാടനം ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി രാജേഷ് നിർവഹിച്ചു. പദ്ധതിയുടെ ഭാഗമായി ചേലേമ്പ്ര പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ യൂനാനി പ്രതിരോധ മരുന്ന് സൗജന്യമായി വിതരണം ചെയ്യുമെന്ന് ഭാരവാഹികൾ പറഞ്ഞു. വാഴക്കാട് ഗ്രാമപഞ്ചായത്ത് യൂനാനി മെഡിക്കൽ ഓഫീസർ ഡോ.മുഹമ്മദ് ഫൈസ്, സോൺ സെക്രട്ടറി നൗഷാദ് അസ്ഹരി, സർക്കിൾ ജനറൽ സെക്രട്ടറി കെ.കെ നാസർ,ഹയ യൂനാനി ഡയറക്റ്റർ ഡോ. അശ്കർ ഷഫീഖ്, നിസാർ കെ. വി, മുഹമ്മദ് കുന്നത്തീരി തുടങ്ങിയവർ സംബന്ധിച്ചു.

കണ്ടെയ്ൻമെന്റ് സോൺ ഇളവുകൾ ശാസ്ത്രീയ പഠനത്തിന് ശേഷം: മന്ത്രി

കോഴിക്കോട്: ജില്ലയിൽ വിവിധ ഇടങ്ങളിൽ കൊവിഡ് വ്യാപനം ശക്തിപ്പെടുന്ന സാഹചര്യത്തിൽ കണ്ടെയ്ൻമെന്റ് സോണുകളിൽ ഇളവനുവദിക്കുന്നത് ശാസ്ത്രീയ പരിശോധനകൾക്ക് ശേഷം മാത്രമായിരിക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. കൊവിഡ് പോസീറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് പരിഗണിച്ച് ശാസ്ത്രീയമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് കണ്ടെയ്ൻമെന്റ് സോണുകൾ നിശ്ചയിക്കുന്നത്. എന്നാൽ, കണ്ടെയിൻമെന്റ് സോൺ പട്ടികയിൽ നിന്ന് നീക്കുവാൻ വേണ്ടി ആവശ്യപ്പെടുന്ന പ്രവണത പല ഭാഗത്തു നിന്നും ശക്തിപ്പെടുന്നുണ്ട്. ഇങ്ങനെ ഇളവ് അനുവദിക്കേണ്ടിവന്നാൽ രോഗവ്യാപനം ശക്തമാവാൻ ഇടവരും. ഈ പ്രവണത നിരുത്സാഹപ്പെടുത്താൻ ജനപ്രതിനിധികളും പൊതുപ്രവർത്തകരും മുന്നോട്ടുവരണം.ഇളവനുവദിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാവുക ആരോഗ്യവകുപ്പിന്റെ വിലയിരുത്തലിന് ശേഷം മാത്രമായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

കോഴിക്കോട് 158 പേർക്ക് കൊവിഡ്

കോഴിക്കോട്: ജില്ലയിൽ ഇന്നലെ 158 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദേശത്ത് നിന്ന് എത്തിയ മൂന്നു പേർക്കും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിയ 26 പേർക്കും കേസ് റിപ്പോർട്ട് ചെയ്തു.സമ്പർക്കം വഴി 123 പേർക്കാണ് രോഗം ബാധിച്ചത്. ആറുപേരുടെ ഉറവിടം വ്യക്തമല്ല. കോർപ്പറേഷൻ പരിധിയിൽ 20 ഇതരസംസ്ഥാന തൊഴിലാളികൾക്ക് കൂടി പോസിറ്റീവായി. മാവൂർ മേഖലയിൽ 15 പേർക്കും പെരുവയലിൽ 12 പേർക്കും രോഗം ബാധിച്ചു. കോർപ്പറേഷൻ പരിധിയിൽ സമ്പർക്കം വഴി 54 പേർക്കും ഉറവിടം വ്യക്തമല്ലാത്ത മൂന്നുപേർക്കും കൊവിഡ് സ്ഥിരീകരിച്ചു.ഇതോടെ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികളുടെ എണ്ണം 1170 ആയി. 103 പേർ രോഗമുക്തരായി.പുതുതായി വന്ന 521 പേർ ഉൾപ്പെടെ ജില്ലയിൽ 14,209 പേർ നിരീക്ഷണത്തിൽ. ഇതുവരെ 81436 പേർ നിരീക്ഷണം പൂർത്തിയാക്കി. പുതുതായി വന്ന 187 പേർ ഉൾപ്പെടെ 1053 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 317 പേർ മെഡിക്കൽ കോളെജിലും, 136 പേർ കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായ കോഴിക്കോട്ടെ ലക്ഷദ്വീപ് ഗസ്റ്റ് ഹൗസിലും, 117 പേർ എൻ.ഐ.ടി കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലും, 118 പേർ ഫറോക്ക് കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലും, 132 പേർ എൻ.ഐ.ടി മെഗാ കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലും, 106 പേർ മണിയൂർ നവോദയ എഫ് എൽ ടി സിയിലും, 109 പേർ എഡബ്ല്യൂയഎച്ച് എഫ് എൽ ടി സിയിലും, 18 പേർ എൻ.ഐ.ടി - നൈലിറ്റ് എഫ്.എൽ.ടി. സി ആണ് നിരീക്ഷണത്തിലുള്ളത്. 118 പേർ ഡിസ്ചാർജ്ജ് ആയി. 4664 സ്രവ സാംപിൾ പരിശോധനയ്ക്ക് അയച്ചു. ആകെ 97300 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 92647 എണ്ണത്തിന്റെ ഫലം ലഭിച്ചു.

ക്ലസ്റ്ററുകൾ 15

കൊവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോർപ്പറേഷൻ പരിധിയിൽ കുറ്റിച്ചിറയും ക്ലസ്റ്റർ പട്ടികയിൽ ഉൾപ്പെട്ടു. ഇതോടെ ജില്ലയിലെ ക്ലസ്റ്ററുകളുടെ എണ്ണം 15 ആയി. വലിയങ്ങാടി, വെള്ളയിൽ, മീഞ്ചന്ത, കല്ലായി ചെക്യാട്, ഒളവണ്ണ, ചാലിയം, വടകര, വില്ല്യാപ്പള്ളി, പുതുപ്പാടി, തിരുവള്ളൂർ, നാദാപുരം, ഏറാമല, ചോറോട് എന്നിവയാണ് മറ്റു ക്ലസ്റ്ററുകൾ. കോർപ്പറേഷൻ പരിധിയിൽ മാത്രം അഞ്ച് ക്ലസ്റ്ററുകളുണ്ട്.

തിരുവമ്പാടിയിൽ നാല് വർഷത്തിനിടെ 250 കോടിയുടെ വികസനം; മന്ത്രി ജി. സുധാകരൻ

കോഴിക്കോട്: നാല് വർഷത്തിനിടയിൽ 250 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് തിരുവമ്പാടി മണ്ഡലത്തിൽ നടന്നതെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ പറഞ്ഞു. മലയോര ഹൈവേയുടെ ഭാഗമായുള്ള കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള റീച്ചിന്റെ പ്രവൃത്തി ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കുകയായിരുന്നു മന്ത്രി. പദ്ധതി യാഥാർഥ്യമാകുന്നതോടെ മണ്ഡലത്തിലാകെ മലയോര മേഖലയിൽ കാർഷിക- വ്യവസായ-ടൂറിസം മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാനാകും. കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിലും നിരവധി വികസന പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടക്കുന്നത്. ഏറ്റവും ബുദ്ധിമുട്ടുള്ള സമയമായിട്ടു പോലും വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കാനും തുടങ്ങിയ പൂർത്തീകരിക്കാനും നവീകരിക്കാനും വകുപ്പിന് കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.കാസർകോഡ് നന്ദാരപ്പടവു മുതൽ പാറശ്ശാല വരെയുള്ള മലയോര ഹൈവേയുടെ ഭാഗമായ കോഴിക്കോട് ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ഇതോടെ തുടക്കമായി. കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പാത മലപ്പുറം ജില്ലയിൽ പ്രവേശിച്ച് നിലമ്പൂരുമായി ബന്ധപ്പെട്ടാണ് പോകുന്നത്. കോടഞ്ചേരി, പുലിക്കയം, നെല്ലിപ്പൊയിൽ, പുല്ലൂരാംപാറ, പുന്നക്കൽ, കരിങ്കുറ്റി, പോസ്റ്റോഫീസ് ജംഗ്ഷൻ, കൂമ്പാറ, മേലേ കൂമ്പാറ, ആനക്കല്ലുംപാറ, അകമ്പുഴ, താഴെ കക്കാട്, കക്കാടംപൊയിൽ വഴിയാണ് പാത കടന്നു പോകുന്നത്.34.3 കി.മീ നീളമുള്ള പാത 12 മീറ്റർ വീതിയിൽ ഹൈവേ നിലവാരത്തിലാണ് നിർമ്മിക്കുന്നത്. ബിഎംബിസി നിലവാരത്തിൽ 7 മീറ്റർ വീതിയിൽ കാര്യേജ് വേ, ശാസ്ത്രീയ രീതിയിലുള്ള ഡ്രെയിനേജ്, പ്രധാന കേന്ദ്രങ്ങളിൽ ഇന്റർലോക്ക് വിരിച്ച നടപ്പാതകൾ, യൂട്ടിലിറ്റി ഡക്ടുകൾ, ആവശ്യമായ സ്ഥലങ്ങളിലെല്ലാം കലുങ്കുകളും ചെറുകിട പാലങ്ങളും സൈൻബോഡുകൾ, സിഗ്നൽ ലൈറ്റുകൾ, വിശ്രമകേന്ദ്രങ്ങൾ, ബസ്ബേകൾ തുടങ്ങിയവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുക. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘമാണ് 155 കോടി രൂപക്ക് പ്രവൃത്തി കരാറെടുത്തിട്ടുള്ളത്. 24 മാസമാണ് നിർമ്മാണ കാലാവധി.പുല്ലൂരാംപാറയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ജോർജ് എം തോമസ് എംഎൽഎ അധ്യക്ഷത വഹിച്ചു. തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ടി അഗസ്റ്റിൻ, ജില്ലാ പഞ്ചായത്ത് അംഗം അന്നമ്മ മാത്യു, ബ്ലോക്ക് പഞ്ചായത്ത് അംഗം ആൻസി സെബാസ്റ്റ്യൻ, തിരുവമ്പാടി പഞ്ചായത്ത് അംഗം ടി. ജെ. കുര്യച്ചൻ, പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിങ് എഞ്ചിനീയർ ഇ. ജി. വിശ്വപ്രകാശ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. വിനയരാജ്, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ മിഥുൻ, ജോളി ജോസഫ്, കെ മോഹനൻ മാസ്റ്റർ, ടി എം ജോസഫ്, അബ്ദുള്ള കുമാരനെല്ലൂർ തുടങ്ങിയവർ സംസാരിച്ചു.

തൊഴിൽ രംഗത്തിന് പുത്തൻ പ്രതീക്ഷകളേകി മൊബൈൽ ആപ്പ്

കോഴിക്കോട്: കൊവിഡ് മാറ്റി മറിച്ച തൊഴിൽ രംഗത്തിന് പുത്തൻ പ്രതീക്ഷകളേകി ടൺസ് ഓൺലൈൻ എന്ന പുതിയ മൊബൈൽ ആപ്പ്. ഒരു നിശ്ചിത തൊഴിൽ മേഖലയിലെ വിദഗ്ധരെ ലഭ്യമാക്കുന്ന പതിവ് ആപ്പിൽ നിന്ന് വ്യത്യസ്തമാണ് ടൺസ് ഓൺലൈൻ. ഡോക്റ്റർ മുതൽ, ഡാൻസ് ടീച്ചർ വരെ, പ്ലബംറും കാർപ്പന്ററും മുതൽ ഡിടിപി ഓപ്പറേറ്റർവരെ, തെങ്ങുകയറ്റക്കാരൻ മുതൽ തൂമ്പാ തൊഴിലാളി വരെ...ഓട്ടോറിക്ഷ, ജെസിബി, ഗുഡ്സ്, വാഹനങ്ങൾ ലോറി എന്നിയുടെ ബുക്കിംഗ് അങ്ങിനെ സമസ്ത മേഖലയിലെയും ആളുകളുടെ സേവനം ഒരു കുടക്കീഴിൽ ഒരുക്കുന്നു എന്നതാണ് ടൺസ് ഓൺലൈനിന്റെ പ്രത്യേകത ഒരു മണിക്കൂർ മുതലങ്ങോട്ടുള്ള സേവനം ആപ്പിലൂടെ നിങ്ങൾക്ക് ലഭ്യമാകും. ആപ്പ് തുറന്ന് ഓപ്ഷനിലെത്തിയാൽ നിങ്ങൾക്ക് ആവശ്യമുള്ളയാളുടെ സേവനത്തിന് നിങ്ങൾ നിശ്ചയിക്കുന്ന സമയത്തേക്ക് എത്ര തുക നൽകണം എന്നതു വ്യക്തമാകും. ഇക്കാര്യം ബോധ്യപ്പെട്ട ശേഷം മാത്രം സേവനം ലഭ്യമാക്കിയാൽമതി.കോഴിക്കോട്ടെ യുവസംരഭകരുടെ കൂട്ടായ്മയായ ടൺസ് ഫെസിലിറ്റേറ്റേഴ്സ് ആണ് പുതിയ ആപ്പിന്റെ ഉപജ്ഞാതാക്കൾ. ആധുനിക സാങ്കേതിക വിദ്യയായ ആർട്ടിഫിഷൽ ഇന്റലിജൻസ് പ്ലാറ്റ് ഫോം ഉപയോഗിച്ചാണ് ടൺസ് ഓൺലൈൻ രൂപകത്പ്പന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കൾക്കും സേവനദാതാക്കൾക്കും ഒറ്റ പ്ലാറ്റ്ഫോമാണ് ഒരുക്കിയിട്ടുള്ളത് എന്നത് ടൺസിന്റെ പ്രത്യേകതയാണ്. ആപ്പിൽ ചേരുന്ന ഒരാൾക്ക് ജോലിക്കാരനും ഒപ്പം തന്റെ ആവശ്യങ്ങൾക്ക് ആളെ കണ്ടെത്തുന്ന ഉപഭോക്താവുമാകാൻ പറ്റും. സെപ്തംബറിൽ മഞ്ചേരിയിൽ ടൺസ് ഓൺലൈനിന്റെ പ്രവർത്തനത്തിന് തുടക്കം കുറിക്കും. ഒക്റ്റോബറിൽ കോഴിക്കോടും ജനുവരി മുതൽ കേരളമൊട്ടാകെയും പ്രവർത്തനമാരംഭിക്കും. എല്ലാ ജില്ലകളിലും ഓഫീസുകൾ എല്ലാ പഞ്ചായത്തിലും പ്രതിനിധികളും ടൺസിനുണ്ടാവും. നിങ്ങൾ ആവശ്യപ്പെട്ട ജോലിക്കാരൻ എവിടെയെത്തി എന്നു കാണുന്നതിനുള്ള ട്രാക്കിംഗ് സംവിധാമുൾപ്പെടെ നൂതന സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ചുകൊണ്ടുള്ളതാണ് ടൺസ് ഓൺലൈൻ ആപ്പ്. വാർത്താ സമ്മേളനത്തിൽ ടൺസ് ഓൺലൈൻ മാനെജിംഗ് ഡയരക്റ്റർ ഷമീം കുടുക്കൻ, ഡയരക്റ്റർമാരായ സാക്കിർ.സി, വലീദ് മുഹമ്മദലി, ഓപ്പറേഷൻ മാനെജർ പ്രവീൺ കുമാർ എം.എ, മാർക്കറ്റിംഗ് ഹെഡ് തബ്ഷീർ എന്നിവർ പങ്കെടുത്തു.

താലൂക്ക് ആശുപത്രി ബദൽറോഡ് ഗതാഗത യോഗ്യമാക്കണമെന്നാവശ്യപ്പെട്ട്കോൺഗ്രസ് പ്രവർത്തകർ പ്രവൃത്തി തടയുന്നു

അമ്പലക്കുന്ന് കോളനി നവീകരണത്തിന് ഒരു കോടി രൂപ അനുവദിച്ചു

കോഴിക്കോട്: കൂരാച്ചുണ്ട് പഞ്ചായത്തിലെ അമ്പലകുന്ന് ആദിവാസി കോളനി അംബേദ്ക്കർ സ്വയം ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നു. ഇതിനായി സംസ്ഥാന സർക്കാർ ഒരു കോടി രൂപ അനുവദിച്ചു. 15 വീടുകളിലായി 20 ഓളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്ന കോളനിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് സർക്കാർ തുക അനുവദിച്ചത്. വീട് റിപ്പയറിങ് , റോഡു നവീകരണം, നടപ്പാത നിർമാണം, സംസ്കാരിക നിലയം തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി കോളനിയിൽ ഊരുകൂട്ടം ചേരേണ്ടതുണ്ട്. കൊവിഡ് ജാഗ്രത നിലനിൽക്കുന്നതിനാൽ ഇപ്പോൾ യോഗം ചേരാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഉടനെ തന്നെ പ്രവർത്തി നടത്തേണ്ട ഏജൻസിയെ തീരുമാനിച്ച് തുടർ നടപടി സ്വീകരിക്കുമെന്ന് എം.എൽ.എ പുരുഷൻ കടലുണ്ടി അറിയിച്ചു.

യുനാനി മരുന്ന് ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി രാജേഷ് വിതരണം ചെയ്യുന്നു.

ജില്ലയിൽ കൊവിഡ് പ്രതിരോധത്തിന് അഞ്ച് ആശുപത്രികൾ കൂടി

മഞ്ചേരി : കൊവിഡ് പ്രതിരോധത്തിനായി ജില്ലയിൽ ആയിരം കിടക്കളോട് കൂടിയ അഞ്ചു ആശുപത്രികൾ കൂടി സജ്ജമാക്കി. പ്രതിദിനം രോഗികളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിലാണ് നടപടി. നിലവിലുള്ള ആറ് സിഎഫ്എൽടിസികൾക്ക് പുറമെയാണിത്. പെരിന്തൽമണ്ണ ഇഎംഎസ് നഴ്സിങ് ഹോസ്റ്റൽ, എംഇഎസ് ആർട്സ് കോളജ്, നിലമ്പൂർ ഐജിഎംആർ ഹോസ്റ്റൽ, കോട്ടക്കൽ മിംസ്, നിലമ്പൂർ ട്രൈബൽ ഹോസ്റ്റൽ, തിരൂരങ്ങാടി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലായാണ് സജ്ജീകരണങ്ങൾ ഒരുക്കിയത്. പെരിന്തൽമണ്ണ ഇഎംഎസ് ആശുപത്രിയിലും കോട്ടക്കൽ മിംസ് ആശുപത്രിയിലും 100 വീതം കിടക്കകളും, നിലമ്പൂർ ഐജിഎംആറിലും ട്രൈബൽ ഹോസ്റ്റലിലും 320 വീതം കിടക്കകളും തിരൂരങ്ങാടിയിൽ 20 പേരെ ചികിൽസിക്കാനുമുള്ള സൗകര്യവും ഒരുക്കി. ഇവിടെയുള്ള ഒരു ബ്ലോക്ക് കൊവിഡ് സ്ക്രീനിങിന് ഉപയോഗിക്കും. നിലമ്പൂരിലും പെരിന്തൽമണ്ണയിലും വെന്റിലേറ്റർ സംവിധാനത്തോടെയുള്ള ഐസിയുകളും സജ്ജമാക്കിയിട്ടുണ്ട്. ബുധൻ, വ്യാഴം ദിവസങ്ങളിൽ ആശുപത്രികൾ പ്രവർത്തന സജ്ജമാകും. ആശുപത്രികളിൽ ഡോക്റ്റർമാരെയും നേഴ്സുമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും വിന്യസിച്ചു. ജീവനക്കാർക്ക് വിദഗ്ധ പരിശീലനവും നൽകി. പാലേമാട് വിവേകാനന്ദ സ്കൂൾ സിഎഫ്എൽടിസിയാക്കി മാറ്റാനും ജില്ലയിൽ കൂടുതൽ സൗകര്യമൊരുക്കാനും സർക്കാർ നിർദ്ദേശമുണ്ട്.

റോഡ് ഗതാഗത യോഗ്യമാക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് പ്രവർത്തകർ റോഡ് പണി തടഞ്ഞു

പേരാമ്പ്ര : താലൂക്ക് ആശുപത്രി റോഡ് നവീകരണ പ്രവർത്തിക്കായ് അടച്ചപ്പോൾ ബദൽ സംവിധാനം ഒരുക്കിയ കനാൽ റോഡ് ഗതാഗത യോഗ്യമാക്കണമെന്നാവശ്യപ്പെട്ട്കോൺഗ്രസ് പ്രവർത്തകർ റോഡ് പണി തടഞ്ഞു. ആശുപത്രിക്ക് മുകളിലുള്ള മലയിൽ നിന്ന് ഒലിച്ചു വരുന്ന മഴ വെള്ളം കനാൽ റോഡിലേക്ക് തിരിച്ച് വിട്ടതാണ് കനാൽ റോഡ് ചളിക്കുളമാവാൻ കാരണമെന്ന് കോൺഗ്രസ് പ്രവർത്തകർ ആരോപിച്ചു. കല്ലോട് കോളെജ് വാർഡ് കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിലാണ് പ്രവൃത്തി തടഞ്ഞത്. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ എത്തി സമരക്കാരുമായി ചർച്ച നടത്തുകയും കനാൽറോഡിൽ ക്വാറിവെയ്സ്റ്റ് ഉപയോഗിച്ച് ഇന്നു തന്നെ റോഡ് ഗതാഗതയോഗ്യമാക്കാമെന്ന ഉറപ്പിന്മേൽ സമരം അവസാനിപ്പിച്ചതായും പ്രവർത്തകർ അറിയിച്ചു. സമരത്തിന് ഡിസിസി അംഗം വാസു വേങ്ങേരി, മണ്ഡലം സെക്രട്ടറി രാജീവൻ പാറാട്ടുപാറ, ബൂത്ത് പ്രസിഡന്റ് പി.പി. ബാലനാരായണൻ, മുസ്തഫ പാരഡൈസ് എന്നിവർ നേതൃത്വം നൽകി. വൈകിട്ടോടെ റോഡിൽ ക്വാറിവെയ്സ്റ്റ് ഉപയോഗിച്ച് ഗതാഗത യോഗ്യമാക്കി.

എഞ്ചിനിയറിങ് വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിൽ; എംഎസ്എഫ് പ്രക്ഷോഭത്തിലേക്ക്

തേഞ്ഞിപ്പലം : കാലിക്കറ്റ് സർവകലാശാല അവസാന വർഷ എഞ്ചിനിയറിങ് വിദ്യാർഥികളുടെ ഭാവി അനിശ്ചിതമായി തുടരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും ഇനിയും മുന്നോട്ട് പോവുകയാണെങ്കിൽ ശക്തമായ പ്രക്ഷോഭവുമായി രംഗത്തിറങ്ങുമെന്ന് വള്ളിക്കുന്ന് മണ്ഡലം എംഎസ്എഫ് കമ്മിറ്റി വ്യക്തമാക്കി.നിലവിൽ നാലാം വർഷ വിദ്യാർഥികളുടെ ഏഴാം സെമസ്റ്റർ എക്സ്റ്റേർണൽ ലാബ് പരീക്ഷകൾ ഇനിയും പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ വിദ്യാർഥികൾ എട്ടാം സെമസ്റ്റർ പരീക്ഷ അഭിമുഖീകരിക്കേണ്ട സ്ഥിതിയാണ്.

കൊവിഡ് കാലത്തും നാലാം വർഷ വിദ്യാർഥികൾക്ക്, സപ്ലിമെന്ററി പരീക്ഷകളും സെമസ്റ്റർ റെഗുലർ പരീക്ഷകളും മറ്റും വലിയ പ്രതിസന്ധി തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അവസാന വർഷ വിദ്യാർഥികളെ പോലെ തന്നെ ഐ.ഇ.ടി യിൽ നിന്നും പാസ്സ് ഔട്ട് വിദ്യാർഥികളെയും ബാധിക്കുന്ന സപ്ലിമെന്ററി പരീക്ഷകളുടെ കാര്യവും ഇതോടൊപ്പം പരിഹരിക്കപ്പെടേണ്ടതാണ് . ,ബി.ടെക്ന് ശേഷം ഉപരിപഠനം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് എൻട്രൻസ് പരീക്ഷ സെപ്റ്റംബറോടെ നടക്കുവാൻ സാധ്യതയുണ്ട്. ഇതിനെ തുടർന്ന് വിദ്യാർഥികൾക്ക് പരീക്ഷകൾ അഭിമുഖീകരിക്കുകയും, വളരെ വൈകി ഫലം പുറത്തു വരികയും ചെയ്യുന്നത് അവരെ പ്രതികൂലമായി ബാധിക്കും. ഇത് വിദ്യാർഥികളുടെ ഭാവിയെ വളരെയധികം ബാധിക്കും. (നിലവിൽ അവസാന വിദ്യാർഥികളുടെ ആറാം സെമസ്റ്റർ ഫലം വരെയേ വന്നിട്ടുള്ളൂ എന്ന കാര്യവും വളരെയധികം ഗൗരവത്തിലെടുക്കേണ്ട ഒന്നാണ്.)ഏറ്റവും അനുയോജ്യമായ നടപടി എന്ന നിലയിൽ പരീക്ഷകൾ റദ്ദ് ചെയ്യുകയും ,ഏഴാം സെമസ്റ്റർ എക്സ്റ്റേർണൽ ലാബ് പരീക്ഷകളുടെ ഫലം അവയുടെ ഇന്റേർണൽ ലാബ് പരീക്ഷ മാർക്കിന്റെ അടിസ്ഥാനത്തിലോ ഏഴാം സെമസ്റ്ററിലെ എല്ലാ വിഷയങ്ങളുടെയും ഇന്റേർണൽ മാർക്കിന്റെ അടിസ്ഥാനത്തിലോ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് പരിശോധിക്കണം.

നിലവിലെ സാഹചര്യങ്ങളുന്നയിച്ച് വിദ്യാർഥികൾ വൈസ് ചാൻസിലർക്കും, രജിസ്ട്രാർക്കും,സ്റ്റുഡന്റ് വെൽഫെയർ ഡീനടക്കമുള്ള അധികാരികൾക്ക് മാസ്സ് ഇ-മെയിൽ സന്ദേശമായിച്ചിട്ടും യാതൊരു അനുകൂല നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല.

ഏറ്റവും പ്രായോഗികമായ രീതിയിൽ ഓൺലൈൻ സംവിധാന പരീക്ഷകളോ സ്വീകരിച്ച് വിദ്യാർഥികളുടെ ഭാവി സംരക്ഷിക്കുന്ന നിലാപാടുമായി യൂണിവേഴ്സിറ്റി മുന്നോട്ട് വരണമെന്നും അല്ലാത്തപക്ഷം വിദ്യാർഥികളെ മുൻ നിർത്തിയുള്ള പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് വള്ളിക്കുന്ന് മണ്ഡലം എംഎസ്എഫ് പ്രസിഡന്റ് നസീഫ് ഷെർഷ് ജനറൽ സെക്രട്ടറി നിസാം.കെ.ചേളാരി അറിയിച്ചു.

പരീക്ഷ പൂർത്തീകരിക്കാൻ നടപടി വേണമെന്ന് സിൻഡിക്കേറ്റ് അംഗം

കാലിക്കറ്റ് സർവകലാശാല ഐ ഇ ടി എൻജിനിയറിങ് കോളെജ് വിദ്യാർഥികളുടെ അവസാന സെമസ്റ്റർ പരീക്ഷ പൂർത്തീകരിക്കാൻ നടപടിയെടുക്കണമെന്ന് സിൻഡിക്കേറ്റംഗം ഡോ: റഷീദ് അഹമ്മദ് ആവശ്യപ്പെട്ടു. ഐ ഇ ടി അവസാന സെമസ്റ്റർ വിദ്യാർഥികളുടെ പരീക്ഷ ഇതുവരെ പൂർത്തിയാക്കാൻ സാധിക്കാത്തത് അവരുടെ ജോലി സാധ്യതയും ഉപരിപഠനവും ഇല്ലാതാക്കും. വിദ്യാർഥികളുടെ നല്ലൊരു ചോയ്സ് അല്ലാതായി തീരാനും ഇത് കാരണമായേക്കും.ഇതിനെ തുടർന്ന് വിദ്യാർഥികളുടെ പരീക്ഷ കാര്യത്തിൽ സർവകലാശാല ഉടൻ തീരുമാനം പ്രഖ്യാപിക്കേണ്ടതാണെന്നും അദ്ദേഹം വ്യക്തമാക്കി

സീനിയർ റെസിഡന്റ് താൽക്കാലിക നിയമനം

കോഴിക്കോട്: കോഴിക്കോട് ഗവ. മെഡിക്കൽ കോളെജിലെ സിവിടിഎസ്, ഫാമിലി മെഡിസിൻ, ഓർത്തോപീഡിക്സ് ആൻഡ് പീഡിയാട്രിക് സർജറി വകുപ്പുകളിൽ കരാർ വ്യവസ്ഥയിൽ സീനിയർ റെസിഡന്റുകളുടെ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ശമ്പളം പ്രതിമാസം 70000 രൂപ. പിജി ഡിപ്ലോമ / ഡിഗ്രി, തിരുവിതാംകൂർ കൊച്ചി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോം govtmedicalcollegekozhikode.ac.in/news എന്ന ലിങ്കിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.താത്പര്യമുള്ളവർ യോഗ്യത, വയസ്സ്, ജോലി പരിചയം എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ രേഖപ്പെടുത്തിയ അപേക്ഷ pincipalmcc@gmail.com ൽ അയക്കണം. അവസാന തീയതി ആഗസ്റ്റ് 17. ഇമെയിൽ വിഷയം കരാറിലെ സീനിയർ റസിഡന്റ് തസ്തികയിലേക്കുള്ള അപേക്ഷ എന്നായിരിക്കണം. സർട്ടിഫിക്കറ്റുകൾ പരിശോധിച്ച ശേഷം അഭിമുഖം നടത്തും. ഹാർഡ് കോപ്പികളിലെ അപേക്ഷ സ്വീകരിക്കില്ല. വിശദവിവരങ്ങൾ govtmedicalcollegekozhikode.ac.in ലഭിക്കും.

പഠനോപകരണ കിറ്റ് വിതരണം

മഞ്ചേരി : കെ പി എസ് ടി എയുടെ ഗുരുസ്പർശം പദ്ധതിയുടെ ഭാഗമായി പയ്യനാട് വടക്കാങ്ങര എ.എം.യു.പി.സ്കൂളിൽ വിദ്യാർഥികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു. അദ്ധ്യാപകൻ എൻ ടി ഫാറൂഖ് ഉദ്ഘാടനം ചെയ്തു. വി എം മനുദാമോദരൻ അധ്യക്ഷത വഹിച്ചു. എം തോമസ് ജോസ്, ടി ശ്രീപ്രഭ, എ സുനിൽ ബാബു പ്രസംഗിച്ചു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No. 219 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

പഞ്ചായത്ത് പ്രസിഡന്റിനെ ജാതി പേര് വിളിച്ച് ആക്ഷേപിച്ചതായി പരാതി

പുത്തൂർ: കഴിഞ്ഞ ദിവസം വില്ലെജ് ഓഫിസർ കൈ ഞരമ്പ് മുറിച്ച് ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തിൽ പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണനെ വില്ലെജ് ഓഫീസർ ഒഫീസിൽ വെച്ച് ജാതി പേര് വിളിച്ച് ആക്ഷേപിച്ചത് സംബന്ധിച്ച് പൊലീസിനും, മുഖ്യമന്ത്രിക്കും, റവന്യൂ മന്ത്രിക്കും, പട്ടിക ജാതി വകുപ്പ് മന്ത്രി, വനിതാ കമ്മീഷൻ, പട്ടികജാതി കമ്മീഷൻ എന്നിവിടങ്ങളിലെക്ക് പരാതി നൽക്കും എന്ന് അറിയിച്ചു. പുത്തൂർ വില്ലെജ് ഓഫിസിൽ നടന്ന സംഭവങ്ങൾ അന്വേഷിച്ച് നടപടി സ്ഥികരിക്കണം എന്നും ഇവർ ആവശ്യപ്പെട്ടു.

അനുശോചിച്ചു

ഇരിങ്ങാലക്കുട: പ്രകൃതിദുരന്തത്തിലും വിമാന ദുരന്തത്തിലും ജീവൻ നഷ്ടപ്പെട്ടവർക്ക് എട്ടുമുറി റെസിഡൻസ് അസോസിയേഷൻ ആദരാഞ്ജലികളർപ്പിച്ചു. പ്രസിഡന്റ് ഹരി ഇരിങ്ങാലക്കുട അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.എ.ഹരീഷ് കുമാർ, കെ.യു.ശശി, കെ.സി.ഉണ്ണികൃഷ്ണൻ, നവനീത് കൃഷ്ണ, രോഹിണി രാധാകൃഷ്ണൻ, ചിന്ത ഉദയൻ, നന്ദിത, നമിത എന്നിവർ സംസാരിച്ചു.

ജലനിരപ്പ് 8.2 മീറ്ററാക്കി നിലനിർത്തി തുറക്കും

വടക്കാഞ്ചേരി: മുള്ളൂർക്കര പഞ്ചായത്തിലെ അസുരൻകുണ്ട് ഡാം, ജലനിരപ്പ് 8.2 മീറ്ററാക്കി നിലനിർത്തി തുറക്കുന്നതിന് അനുമതി നൽകി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ കലക്റ്റർ ഉത്തരവിട്ടു. ചൊവാഴ്ച ഉച്ച 12 മണിക്ക് 7.51 മീറ്ററാണ് ഡാമിലെ ജലനിരപ്പ്. ഡാമിന്റെ റിസർവോയറിലെ വൃഷ്ടി പ്രദേശങ്ങളിൽ തുടർച്ചയായി മഴ ചെയ്യുന്നതിനാൽ, ജലവിതാനം സംഭരണ ശേഷിക്ക് അടുത്ത് എത്തുകയാണ്. ഡാമിന്റെ പരമാവധി ജലവിതാനം 10 മീറ്ററാണ്.ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ തുറന്ന് ചേലക്കര പുഴയിലേക്കൊഴുക്കുന്നത് മൂലം പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരാൻ സാധ്യതയുള്ളതിനാൽ ചേലക്കര, മുള്ളൂർക്കര, പാഞ്ഞാൾ പഞ്ചായത്തിലെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അറിയിച്ചു. പുഴയിൽ മത്സ്യബന്ധനത്തിനും അനുബന്ധ പ്രവൃത്തികൾക്കും നിയന്ത്രണം ഏർപ്പെടുത്തി.

ഇരിങ്ങാലക്കുട കണ്ടെയ്മെന്റ് സോണിൽ നിന്നൊഴിവായി

ഇരിങ്ങാലക്കുട: നഗരസഭയിലും മുരിയാട് പഞ്ചായത്തിലും ഉൾപ്പെട്ട വാർഡുകൾ ഇന്നലെ മുതൽ കണ്ടെയ്മെന്റ് സോണിൽ നിന്നൊഴിവാക്കി. കഴിഞ്ഞ ഇരുപത്തിമൂന്നു ദിവസമായി നഗരസഭയത്തിലും മുരിയാടു പഞ്ചായത്തിലും ട്രിപ്പിൾ ലോക്ഡൗണും അതിതീവ്ര പ്രദേശവുമായി തുടരുകയായിരുന്നു. ഇതേ തുടർന്ന് ജനജീവിതം അങ്ങേയറ്റം ദുസഹമാകുകയും പ്രതിഷേധങ്ങൾ ശക്തമാകുകയും ചെയ്തിരുന്നു. ഞായറാഴ്ച ട്രിപ്പിൾ ലോക്ഡൗണിൽ അയവു വരുത്തിയിരുന്നു. അതേ സമയം മേഖലയിലെ രോഗ തീവ്രത കുറഞ്ഞുവെങ്കിലും പൂർണ്ണമായും നിയന്ത്രണ വിധേമായിട്ടില്ല. ഇന്നലെ ഇരിങ്ങാലക്കുട മണ്ഡലത്തിലെ പടിയൂർ പഞ്ചായത്തിൽ ഒരു കുടുംബത്തിലെ മൂന്ന് പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. ഒന്നാം വാർഡിൽ നിലവിൽ ചികിൽസയിലുള്ള വ്യക്തിയുടെ മാതാപിതാക്കൾക്കും അടുത്ത ബന്ധുവിനുമാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. കാറളം പഞ്ചായത്തിൽ ഇളമ്പുഴയിൽ 46 കാരനായ ഓട്ടോ ഡ്രൈവർക്ക് രോഗം കണ്ടെത്തി. നേരത്തെ രോഗം സ്ഥിരീകരിച്ച ഓട്ടോ ജീവനക്കാരന്റെ പ്രഥമ സമ്പർക്കപ്പട്ടികയിൽ ഇയാൾ ഉൾപ്പെട്ടിരുന്നു. ഇരിങ്ങാലക്കുട നഗരത്തിൽ ഏഴു വയസുകരനും പോസറ്റീവായി.

പ്രതിഷേധിച്ചു

ചാലക്കുടി: പുത്തൂർ വില്ലജ് ഓഫീസർ .സിമിക്കെതിരെ നടന്ന ആക്രമണത്തിലും റവന്യൂ ജീവനക്കാരിൽ അടിച്ചേൽപ്പിക്കപ്പെടുന്ന അമിത ജോലി ഭാരത്തിലും അന്യായമായ രാഷ്ട്രീയ ഇടപെടലുകളിലും പ്രതിഷേധിച്ചു. എൻ ജിഒ അസോസിയേഷൻ ചാലക്കുടി ബ്രാഞ്ച് കമ്മിറ്റി ചാലക്കുടി താലൂക് ഓഫീസിനു മുമ്പിൽ പ്രതിഷേധ ധർണ നടത്തി .ബ്രാഞ്ച്പ്രസിഡന്റ്.പ്രസന്നൻ,സംസ്ഥാന ഭാരവാഹികളായ ശ് .രഞ്ജിത്ത് കുമാർ, .ശ്രീനിവാസ് എന്നിവർ സംസാരിച്ചു.

അപേക്ഷ ക്ഷണിക്കുന്നു

വടക്കാഞ്ചേരി: മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിലേക്ക് ഡ്രൈവർ തസ്തികയിലേക്ക് ദിവസ വേതനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ യോഗ്യതയും, ജോലി പരിചയവും, തെളിയിക്കുന്ന സർട്ടിഫിക്കറ്റും , രേഖകളും സഹിതം 17-ന് രാവിലെ 11-ന് പഞ്ചായത്ത് ഓഫീസിൽ വെച്ച് നടത്തുന്ന കൂടികാഴ്ചയിൽ പങ്കെടുക്കേണ്ടതാണ്. 04884- 272526.

മത്സ്യവിപണനം: നിയന്ത്രണങ്ങൾ തുടരും

തൃശൂർ: മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതിനുള്ള നിയന്ത്രണങ്ങൾ നീക്കിയാലും കൊവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ ജില്ലയിലെ മത്സ്യബന്ധനത്തിനും വിപണനത്തിനും ഏർപ്പെടുത്തിയിട്ടുള്ള കടുത്ത നിയന്ത്രണങ്ങൾ തുടരുമെന്ന് ജില്ലാ കലക്റ്റർ എസ് ഷാനവാസ് വ്യക്തമാക്കി. ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗമാണ് ഈ തീരുമാനമെടുത്തത്.മറ്റുജില്ലകളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യബന്ധനയാനങ്ങൾക്ക് ജില്ലയിലേക്ക് പ്രവേശനം അനുവദിക്കില്ല. മത്സ്യബന്ധത്തിനായി കടലിൽ പോകുന്നവരുടെയും മത്സ്യകച്ചവടക്കാരുടെയും പട്ടിക തയ്യാറാക്കി അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് കൈമാറാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്റ്റർക്ക് നിർദ്ദേശം നൽകി. ഫിഷിങ്ങ് ഹാർബറുകളിൽ ഫിഷറീസ്, മത്സ്യഫെഡ്, ആരോഗ്യവകുപ്പ്, പൊലീസ് ഉദ്യോഗസ്ഥർ പരിശോധന നടത്തും. മത്സ്യലേലത്തിനുള്ള നിരോധനം തുടരും. ഹാർബറുകളിൽ നിന്നും ഫിഷ് ലാൻഡിങ്ങ് സെന്ററുകളിൽ നിന്നും മത്സ്യം വാങ്ങുന്നതിന് ചെറുകിട കച്ചവടക്കാർക്കുള്ള നിയന്ത്രണം തുടരും. വഴിയോര കച്ചവടം അനുവദിക്കില്ല. ജില്ലാ കടന്നുള്ള മത്സ്യവ്യാപാരത്തിനുള്ള നിരോധനവും തുടരും. നിയന്ത്രണങ്ങൾ ലംഘിക്കുന്ന യാനങ്ങൾ പിടിച്ചെടുക്കുകയും സ്ഥാപനങ്ങൾ അടച്ചിടാൻ നിർദ്ദേശിക്കുകയും ചെയ്യും. മലപ്പുറം, പട്ടാമ്പി തുടങ്ങി ജില്ലയ്ക്ക് സമീപമുള്ള കേന്ദ്രങ്ങളിൽ നിന്ന് മത്സ്യവിപണനത്തിനായി എത്തുന്നത് തടയാൻ അതിർത്തി റോഡുകളിൽ പരിശോധന കർശനമാക്കുമെന്ന് ജില്ലാ കലക്റ്റർ അറിയിച്ചു.

പ്രതിഷേധ ധർണ നടത്തി

പുത്തൂർ: വില്ലെജ് ഓഫിസറായ സ്ത്രിയെ തടഞ്ഞുവച്ച് ജോലി തടസപ്പെടുടത്തുകയും മണിക്കുറുകൾ അസഭ്യം പറയുകയും ചെയ്ത സംഭവത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ രാജിവയ്ക്കണം എന്നാവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് പ്രതിഷേധ ധർണസംഘടിപ്പിച്ചു. ധർണ പ്രസിഡന്റ് ലീലാമ്മ തോമാസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് കെ. എസ്. തങ്കമണി അധ്യക്ഷത വഹിച്ചു.സംസ്ഥാന സെക്രട്ടറി ശീതൾ രാജു, ബിന്ദു കാട്ടുങ്ങൽ, ജ്യോതി ആനന്ദ്, ബിന്ദു സേതു മാധവൻ, ആലീസ് എന്നിവർ സംസാരിച്ചു.

വില്ലെജ് ഓഫിസറെ അപമാനിച്ചതിൽ പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ് സംഘടിപ്പിച്ച പ്രതിഷേധ ധർണ

എൽഐസി എംപ്ലോയീസ് യൂണിയൻ വനിത സബ് കമ്മിറ്റി നൽകിയ പെഡസ്റ്റൽ കൊടുങ്ങല്ലൂർ ഫാനുകൾ നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ ഏറ്റുവാങ്ങുന്നു

സ്ലൂയിസ് ഗേറ്റ് വീണ്ടും തുറന്നു

ചാലക്കുടി: മഴ കനത്തു വീണ്ടും പൊരിങ്ങൽ കൂത്ത്ഡാമിന്റെ ഒരു സ്ലൂയിസ് ഗേറ്റ് വീണ്ടും തുറന്നു. കഴഞ്ഞ ദിവസം മഴ കുറഞ്ഞതിനെ തുടർന്ന് രണ്ട് സ്ലൂയീസ് ഗേറ്റുകളും അടച്ചിരുന്നു. വൃഷ്ടി പ്രദേശത്ത് മഴ കനത്തതോടെയാണ് വീണ്ടും ഗേറ്റ്തുറക്കേണ്ടി വന്നത്. ഇതിനെ തുടർന്ന് രാത്രിയോടെ ചാലക്കുടി പുഴയിലെ ജല നിരപ്പ് വീണ്ടു ഒരടിയോളം ഉയരുന്നതാണ്.420.10 ആയതോടെയാണ് ഒരു ഗേറ്റ് തുറക്കുവാൻ അധികൃതർ തീരുമാനിച്ചത്.

കൊവിഡ് ചികിത്സാ കേന്ദ്രത്തിലേക്ക് എൽഐസി ജീവനക്കാരുടെ കൈത്താങ്ങ്

കൊടുങ്ങല്ലൂർ: നഗരസഭ ഒരുക്കുന്ന രണ്ടാമത്തെ കൊവിഡ് ചികിത്സാ കേന്ദ്രത്തിലേക്ക് പെഡസ്റ്റൽ ഫാനുകൾ സൗജന്യമായി നൽകി എൽഐസി. വനിതാ ഉദ്യോഗസ്ഥർ. എൽ. ഐ.സി. എംപ്ലോയീസ് യൂണിയൻ കൊടുങ്ങല്ലൂർ യൂണിറ്റിലെ വനിതാ സബ് കമ്മിറ്റി നേതാക്കളാണ് നഗരസഭയക്ക് ഫാനുകൾ കൈമാറിയത്. കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെആർ.ജൈത്രൻ ഫാനുകൾ ഏറ്റുവാങ്ങി. വനിതാ സബ് കമ്മിററി നേതാക്കളായ കൺവീനർ പി.അനിത , ടി.എസ്.രതിയ, ശാന്തകുമാരി, എംപ്ലോയീസ് യൂണിയൻ ഭാരവാഹികളായ വി.എൻ.സുബ്രഹ്മണ്യൻ, ടി.എസ്.ജയൻ, കെ.ആർ.ദിനേശൻ എന്നിവർ സംബന്ധിച്ചു. പുല്ലൂറ്റ് മുസിരിസ് കൺവെൻഷൻ സെൻററിലാണ് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സജ്ജമാക്കിയിട്ടുള്ളത്.ഇവിടെ 250 പേരെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കട്ടിലുകൾ, കിടക്കകൾ, തലയിണകൾ, ബെഡ്ഷീറ്റുകൾ എന്നിവ സജ്ജീകരിച്ചുകഴിഞ്ഞു. ആവശ്യമായ മറ്റ് സാധനങ്ങൾ വിവിധ സംഘടനകൾ - സ്പോൺസർ ചെയ്തു കൊണ്ടിരിക്കുകയാണ്.

ജീവനക്കാർക്ക് സുരക്ഷയൊരുക്കണമെന്ന്

വടക്കാഞ്ചേരി: സർക്കാർ ജീവനക്കാർ ഈ പ്രതിസന്ധി കാലഘട്ടത്തിൽ തങ്ങളുടെ ഔദ്യോഗിക ക്രിത്യനിർവഹണം നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കണമെന്ന് കേരള എൻജിഒ അസോസിയേഷൻവടക്കാഞ്ചേരി ബ്രാഞ്ച് കമ്മിറ്റി ആവശ്യപ്പെട്ടു,പ്രതിഷേധത്തിന്റെ മറവിൽ പുത്തൂർ വില്ലേജിലെ വനിതാ ഓഫീസറെ മാനസിക സമ്മർദ്ദത്തിലേക്ക് തള്ളിവിട്ടവർ ക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി, ബ്രാഞ്ചിന് കീഴിലുള്ള റവന്യൂ ഓഫീസ് ജീവനക്കാർ കറുത്ത ബാഡ്ജ് ധരിച്ച് ഓഫീസിൽ ഹാജരായി പ്രതിഷേധം രേഖപ്പെടുത്തി. പി.ആർ അനൂപ്, സ്റ്റീഫൻ മഞ്ഞില, ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

സബ് ട്രഷറി പ്രവർത്തനം വീണ്ടും മാളയിൽ ആരംഭിക്കണം

മാള: പ്രളയസാധ്യതയെന്ന പേരിൽ ഇരിങ്ങാലക്കുടയിലേക്ക് മാറ്റിയ സബ് ട്രഷറിയുടെ പ്രവർത്തനംവീണ്ടും മാളയിൽ ആരംഭിക്കണമെന്ന് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ മാള ബ്ലോക്ക് കമ്മറ്റി ആവശ്യപ്പെടുന്നു.പ്രായമേറിയ പെൻഷൻ കാർ ഉൾപ്പെടെ നിരവധി പേർ പെൻഷൻ വാങ്ങാത്തതിനാലും ബസ് സർവ്വീസ് ഇല്ലാത്തതിനാലും വെള്ളപ്പൊക്കഭീഷണി ഇല്ലാത്ത സാഹചര്യത്തിൽ ട്രഷറിയുടെ പ്രവർത്തനം മാളയിൽ തന്നെ ആരംഭിക്കണമെന്ന് മാള ബ്ലോക്ക് കമ്മറ്റി ആവശ്യപ്പെട്ടു. വർക്കി ജെപ്ളാത്തോട്ടം പ്രസിഡന്റ് ടി. കെ.സദാനന്ദൻ, സെക്രട്ടറി ഏ. സി.ശ്രീധരൻമാസ്റ്റർ, ട്രഷറർ കെ.ഏ.അനീഫ, ജില്ലാ കമ്മിറ്റി അംഗംകെ.എൻ.രാമൻ എന്നിവർ പ്രസംഗിച്ചു.

10% സംവരണം അഭിനന്ദനാർഹം: വാര്യർ സമാജം

തൃശൂർ:മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്ക്സംവരണം എന്ന പ്രഖ്യാപിത നയത്തിലെ ഒരു ചവിട്ടുപടിയാണ് ഇന്ന് സംസ്ഥാന സർക്കാർ ഇറക്കിയ ഹയർ സെക്കൻഡറി അഡ്മിഷന് 10%അനുവദിച്ച ഉത്തരവ്. സംസ്ഥാന സർക്കാരിന്റെ ഈ ഉത്തരവിനെ വാര്യർ സമാജം അഭിനന്ദിച്ച തായി സംസ്ഥാന ജനറൽ സെക്രട്ടറി പി.വി.മുരളീധരൻ അറിയിച്ചു.സംസ്ഥാന പ്രസിഡന്റ് എം.ആർ.ശശി അധ്യക്ഷത വഹിച്ചു.പി.വി.ശങ്കരനുണ്ണി,എ.സി.സുരേഷ്,സി.ബി.എസ്.വാരിയർ,ആർ.രാജേഷ്,ജി.ശിവകുമാർഎന്നിവർ സംസാരിച്ചു.വാര്യർ സമാജം ഉൾപ്പെടെയുള്ള വിവിധ സംഘടനകൾ ഏറെക്കാലമായി ആവശ്യപ്പെടുന്നതാണ്.

നിരോധിത പുകയില ഉത്പന്നങ്ങൾ പിടികൂടി

ചാലക്കുടി: മോട്ടോർ ഷെഡിൽ ഒളിപ്പിച്ചിരുന്ന നിരോധിത പുകയില ഉത്പന്നങ്ങൾ എക്സൈസ് സംഘം പിടികൂടി. കുറ്റിച്ചിറ ചൂളക്കടവ് തണലിൽ പ്രകാശന്റെ വീട്ടിനോട് ചേർന്നുള്ള മോട്ടോർ ഷെഡിൽ നിന്നാണ് മുപ്പത് കിലോയോളം വരുന്ന പുകയില ഉത്പനങ്ങൾ പിടികൂടിയത്. എക്സൈസ് ഇന്റലിജൻസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ചാലക്കുടി എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്റ്റർ അശ്വിൻ കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് പുകയില ഉത്പനങ്ങൾ പിടികൂടിയത്.

പ്രതികളെ വെറുതെ വിട്ടു

ചാലക്കുടി: വനത്തിൽ അതിക്രമിച്ച് കയറി മൃഗങ്ങളെ വേട്ടയാട്ടിയ കേസിലെ മുഴുവൻ പ്രതികളേയും വെറുതെ വിട്ടു. കൊടകര സ്വദേശികളായ കൊത്തളത്തിൽ വിനോദ്, വെങ്ങല്ലശേരി കൃഷ്ണൻ, മഞ്ചേരി വീട്ടിൽ രവി, പെനങ്ങണ്ടൂർ വീട്ടിൽ അയ്യപ്പൻ, എന്നിവരെയാണ് ചാലക്കുടി മജിസ്ട്രേറ്റ് സി. എസ്. അമ്പിളി വെറുതെ വിട്ടത്. 2015ലാണ് കേസിനാസ്പദമായ സംഭവം നടക്കുന്നത്. കമ്മലക്കട്ടി വനത്തിൽ നിന്ന് ഉടുമ്പിനെ പിടികൂടുന്നതിനിടയിൽ പ്രതികൾ പിടിയിലായി എന്നായിരുന്നു കേസ്. കേസിലെ ഒരു പ്രതി പേരാമംഗലം സ്വദേശി രാജേഷ് സംഭവത്തിന് ശേഷം ആത്മഹത്യ ചെയ്തിരുന്നു. പ്രതികൾക്ക് വേണ്ടി അഡ്വ. തോമാസ് വേഴപറമ്പിൽ, അഡ്വ. ജോബി പുളിക്കൻ, റോജർ വർഗീസ് എന്നിവർ ഹാജരായി.

പ്രതിഷേധം സംഘടിപ്പിച്ചു

കുന്നംകുളം: സാമ്പത്തിക സംവരണം അട്ടിമറിക്കാനുള്ള സർക്കാർ നീക്കം ഉപേഷിക്കണമെന്ന് ആവശ്യപ്പെട്ട് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു. പ്രതിഷേധത്തിന്റെ ഭാഗമായി മറ്റം ഫൊറോന കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ചൂണ്ടൽ പള്ളി അങ്കണത്തിൽ നടന്ന സമരം ചൂണ്ടൽ പള്ളി വികാരി ഫാ.ഷാജൻ തേർമഠം ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ ചൂണ്ടൽ അധ്യക്ഷനായി. ഫൊറോന ഡയറക്ടർ ഫാ.ക്രിസ്റ്റോൺ പെരുമാട്ടിൽ മുഖ്യ പ്രഭാഷണം നടത്തി.ഫൊറോനാ സെക്രട്ടറി ജോൺസൻ കാക്കശ്ശേരി, വൈസ് പ്രസിഡണ്ട് ലില്ലി ആന്റണി, ഫൊറോനാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ എം.ഒ. ഫിലിപ്പ്, സി.എൽ. തോമസ്, എന്നിവർ സംസാരിച്ചു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചാണ് പ്രതിഷേധ സമരം സംഘടിപ്പിച്ചത്.

ആശാരിപ്പടി മേഖലയിൽ മണ്ണിടിച്ചൽ ഭീഷണി

കുന്നംകുളം: ചൂണ്ടൽ പഞ്ചായത്ത് പതിനാറാം വാർഡിൽ വെട്ടുക്കാട് ആശാരിപ്പടി മേഖലയിൽ മണ്ണിടിച്ചൽ ഭീഷണി. തെക്കേകുന്നിന്റെ ഭാഗത്തുള്ള ഉയർന്ന പ്രദേശങ്ങളിൽ നിന്നാണ് മണ്ണിടിഞ്ഞ് വീഴുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത കനത്ത മഴയെ തുടർന്ന് ഉയർന്ന പ്രദേശത്തിന്റെ ഒരു ഭാഗം ഇടിഞ്ഞ് പ്രദേശവാസിയുടെ വീട്ടുപറമ്പിലേക്ക് പതിച്ചു. കഴിഞ്ഞ മഴക്കാലത്തും മണ്ണിടിഞ്ഞ് ഇയാളുടെ വീടിന്റെ ഒരു ഭാഗം തകർന്നിരുന്നു. പ്രദേശവാസികളുടെ സഹകരണത്തോടെയാണ് വീടിന്റെ തകർന്ന ഭാഗം പുനർനിർമിച്ചത്. മേഖലയിൽ വലിയ തോതിൽ മണ്ണെടുത്ത് കുന്നുകൾ ഇടിച്ച മണ്ണിടിച്ചൽ എല്ലാ വർഷവുമുണ്ടാകുന്നത് ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. മഴ വീണ്ടും കനത്താൽ കുടുംബത്തിനെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

അപകടങ്ങളിൽ മൂന്ന് പേർക്ക് പരുക്ക്

കേച്ചേരി : വ്യത്യസ്ത അപകടങ്ങളിൽ മൂന്ന് പേർക്ക് പരുക്ക്. ബൈക്കുകൾ നിയന്ത്രണം വിട്ട് മറിഞ്ഞാണ് അപകടമുണ്ടായത്. കൈപ്പറമ്പ് പുത്തൂർ റോഡിൽ ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ്, ചൊവല്ലൂർപ്പടി അമ്പലത്ത് വീട്ടിൽ അബ്ദുൾ റഹ്മാന്റെ മകൻ ഫഹദിനാണ് (23) പരുക്കേറ്റത്. ചൊവാഴ്ച്ച ഉച്ചക്ക് ഒന്നേക്കാലോടെ കൈപ്പറമ്പ് പുത്തൂർ റോഡിൽ വച്ചായിരുന്നു അപകടം. പരുക്കേറ്റ ഫഹദിനെ കാണിപ്പയ്യൂർ യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.വേലൂർ ചുങ്കം സെന്ററിൽ ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് മുണ്ടത്തിക്കോട് സ്വദേശികളായ പേഴാത്തിപറമ്പിൽ ബാബു മകൻ ലാലു(31) കട്ടിലപറമ്പിൽ ദാമോദരൻ മകൻ പ്രശോഭൻ(58) എന്നിവർക്കാണ് പരുക്കേറ്റത്. ഉച്ചതിരിഞ്ഞ് മൂന്നരയോടെയായിരുന്നു അപകടം. ഇരുവരെയും മുളങ്കുന്നത്ത്കാവ് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടങ്ങളിൽ പരുക്കേറ്റവരെ കേച്ചേരി ആക്റ്റ്സ് പ്രവർത്തകരാണ് ആശുപത്രികളിൽ പ്രവേശിപ്പിച്ചത്.

ട്രഷറി മാറ്റിയതിൽ പ്രതിഷേധം

മാള: പ്രളയ സാധ്യത മുൻ നിർത്തി മാളയിലെ സബ് ട്രഷറി പ്രവർത്തനം ഇരിങ്ങാലക്കുട ജില്ല ട്രഷറിയിലേക്ക് മാറ്റിയതിൽ കേരള സേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗം ജോയ് മണ്ടകത്ത് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി മുൻ ക്കുട്ടി അറിയിക്കാതെ തിങ്കളാഴ്ച മുതൽ ട്രഷറിയുടെ പ്രവർത്തനം ഇരിങ്ങാലക്കുടയിലേക്കു മാറ്റിയതിനാൽ മാള ട്രഷറിയിലെത്തിയ പെൻഷൻ ക്കാർ വളരെ ബുദ്ധിമുട്ടനുഭവിക്കുകയുണ്ടായി ഈ കോവി ഡു കാലത്ത് പ്രായമായ പെൻഷൻ കാരെ ഇരിങ്ങാലക്കുടയിലേക്കു യാത്ര ചെയ്യിക്കുന്നത് അംഗീകരിക്കാനാവില്ല കഴിഞ്ഞ പ്രളയകാലത്ത് ഒരു ജീവനക്കാരനെ മാള പഞ്ചായത്ത് ആഫീസ് കെട്ടിടത്തിൽ പെൻഷൻ ഉൾപ്പെടെയുള്ള ഇടപാടുകൾ നടത്താൻ നിയോഗിച്ചിരുന്നു എന്നാൽ ഈ വർഷം അത്തരത്തിൽ ആരേയും ചുമതലപ്പെടുത്തിയിട്ടില്ല എന്നത് ഖേദകരമാണ് ആയതു കൊണ്ട് എത്രയും വേഗം പെൻഷൻ ഉൾപ്പെടെയുള്ള ഇടപാടുകൾക്ക് മാളയിൽ ഹെൽപ് ഡെസ്ക് ഉടൻ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടു.

കാനകൾ വൃത്തിയാക്കി

പുന്നയൂർക്കുളം : മുസ്‌ലിം ലീഗ് പുന്നയൂർ പഞ്ചായത്ത് മന്നലംകുന്ന് അകലാട് മേഖല വാർഡ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വെള്ളക്കെട്ട് നിർമാർജനത്തിന്റെ ഭാഗമായി ബദർപള്ളി ബിച്ച് റോഡ് കാനകൾ വൃത്തിയാക്കി. ബദർപള്ളി ബിച്ച് റോഡിലെ കാനകൾ പുല്ലും മണ്ണും കച്ചറകളും പിടിച്ച് നീരൊഴുക്ക് തടസപ്പെട്ട് കിടക്കുന്ന അവസ്ഥയിലായിരുന്നു. ഇതുമൂലം നീരൊഴുക്ക് തടസപെട്ടു വെള്ളം റോഡിൽ തന്നെ കെട്ടിക്കിടന്ന അവസ്ഥതയിലായിരുന്നു. ബദർ പള്ളി പരിസരത്ത് നടന്ന ശുചീകരണ പ്രവർത്തന ഉദ്ഘാടനം പുന്നയൂർ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി വി ശിവാനന്ദൻ ഉദ്ഘാടനം ചെയ്തു, പ്രസിഡണ്ട് അബ്ദുൽ സത്താർ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി അബ്ദുൽ സലീം കുന്നമ്പത്ത് സ്വാഗതം പറഞ്ഞ ചടങ്ങിൽ ട്രഷറർ കുഞ്ഞുമുഹമ്മദ്, ജലീൽ കോഞ്ചാടത്ത്, ടി എം നൂറുദ്ദീൻ, ഹാഷിം കണ്ണൂർ, ഫൈസൽ മൂന്നയിനി, ഹുസൈൻ എടയൂർ തുടങ്ങിയവരുടെ നേതൃത്വത്തിൽ എൺപതോളം പ്രവർത്തകരാണ് ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയായത്. റോഡിലെ കാനകൾ വൃത്തിയാക്കി വെള്ളം കടലിലേക്ക് ഒഴുക്കി വിടുകയും ചെയ്തു.

മത്സ്യമാർക്കറ്റ് ഫീസ് പിരിവ് തർക്കത്തെ ചൊല്ലിനഗരസഭാ യോഗത്തിൽ ബഹളം

കുന്നംകുളം: കോടതിയിൽ കേസുള്ള മത്സ്യമാർക്കറ്റ് ഫീസ് പിരിവ് തർക്കത്തെ ചൊല്ലി ആർഎംപിയും ആംഗനവാടിക്കായുള്ള സ്ഥലത്തെ ചൊല്ലി ബിജെപിയും കൊവിഡ് പ്രോട്ടോകോൾ ലംഘിച്ച് കൗൺസിൽ യോഗത്തിൽ ബഹളം വെച്ചു. ബിജെപി അംഗങ്ങൾ ചെയർപേഴ്സന്റെ ഡയ്സിനു മുമ്പിൽ മുദ്രാവാക്യം വിളിച്ച് ബഹളം വെച്ചതോടെ അജണ്ടകൾ പാസാക്കിയതായി പ്രഖ്യാപിച്ച് ചെയർപേഴ്സൺ യോഗം പിരിച്ചുവിട്ടു. മത്സ്യ മാർക്കറ്റ് ഫീസ് പിരിവിനെ സംബന്ധിച്ച് ആർ.എം.പി. അംഗം കെ.എ.സോമനാണ് ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ഫീസ് പിരിവ് കരാറുകാരനും മത്സ്യമാർക്കറ്റിലെ ഏജന്റ്മാരും തമ്മിൽ ചർച്ചകൾ നടത്തിയെങ്കിലും ഔദ്യോഗികമായ തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ലെന്ന് ചെയർപേഴ്സൺ സൂചിപ്പിച്ചു.ഈ വിഷയം അടുത്ത കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യാമെന്ന ചെയർപേഴ്സന്റെ മറുപടിയിൽ തൃപ്തി വരാതെ ആർഎംപി അംഗങ്ങളായ കെ.എ.സോമൻ ,പി. കെ. ബിനീഷ്, ബീനാ രവി തുടങ്ങിയവർ ചെയർപേഴ്സൺ ഡയ്സിന് മുമ്പിൽ ബഹളം വെച്ചു. സ്വന്തം സീറ്റുകളിലേക്ക് മടങ്ങി പോകാൻ ചെയർപേഴ്സൺ ആവശ്യപ്പെട്ടതോടെ മൂവരും മടങ്ങി.ഫീസ് പിരിവുമായി ബന്ധപ്പെട്ട് മത്സ്യമാർക്കറ്റിലെ കമ്മീഷൻ ഏജന്റ്മാർ കോടതിയിൽ നൽകിയ കേസിന്റെ അന്തിമ വിധി വരുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുവാനെ കഴിയുകയുള്ളൂവെന്ന് നഗരസഭ സെക്രട്ടറി ബി.അനിൽകുമാർ വ്യക്തമാക്കി. ഇതോടെ ആർഎംപി അംഗങ്ങൾ ബഹളം അവസാനിപ്പിച്ചു. നഗരസഭാ 35-ാം വാർഡിൽ മഹിളാ സമാജത്തിന്റെ മൂന്ന് സെന്റ് സ്ഥലം അങ്കണവാടി പണിയുന്നതിന് വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് അജണ്ടയിലാണ് ബി.ജെ.പി. അംഗങ്ങൾ ബഹളം വെച്ചത്.നിലവിൽ പത്ത് സെന്റ് ഭൂമിയുള്ള മഹിള സമാജത്തിന്റെ ചുറ്റുമതിൽ നഗരസഭ ചിലവിൽ കെട്ടിയിരുന്നു. ഇതിനുള്ളിലെ മൂന്നു സെന്റ് സ്ഥലമാണ് വിട്ടുതരാൻ തയ്യാറായിട്ടുള്ളത്.ഈ സ്ഥലത്ത് ചില തർക്കങ്ങൾ നിലനിൽക്കുന്നതായി സിപിഎമ്മിലെ ശിവദാസ്, കെ .എ .അസീസ് എന്നിവർ ചൂണ്ടിക്കാട്ടി. തർക്കങ്ങൾ പരിഹരിച്ചു സ്ഥലം നിയമപ്രകാരമാണോയെന്ന് പരിശോധിക്കണമെന്നും വൈസ് ചെയർമാൻ പി .എം. സുരേഷ് ആവശ്യപ്പെട്ടു. ഇതിൽ പ്രതിഷേധിച്ചാണ് കെ കെ മുരളിയുടെ നേതൃത്വത്തിൽ ബി.ജെ.പി.അംഗങ്ങൾ മുദ്രാവാക്യ വിളികളോടെ ബഹളം വെച്ചത്. കൗൺസിൽ യോഗം നടത്തിക്കൊണ്ടു പോകാൻ പറ്റാത്ത സാഹചര്യത്തിലാണ് അജണ്ടകൾ പാസാക്കിയതായി പ്രഖ്യാപിച്ച് ചെയർപേഴ്സൺ സീത രവീന്ദ്രൻ യോഗം പിരിച്ചുവിട്ടത്. കെ.കെ.ആനന്ദൻ, സുമ ഗംഗാധരൻ, ബീന ലിബ്നി, മിനിമോൺസി, ഗീതാശശി, എം.കെ.ജയസിംഗ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

കമ്മിറ്റി രൂപീകരിച്ചു

മാള: വൺ ഇന്ത്യ വൺ പെൻഷൻ പദ്ധതിയുടെ ഭാഗമായി മാളയിൽ കമ്മിറ്റി രൂപീകരിച്ചു.ഹനീഫ ഹാജി നാലകത്ത് (പ്രസിഡന്റ്) ബാബു വി.എൽ (സെക്രട്ടറി) വൽസല ചന്ദ്രബോസ്.(ട്രഷറർ)

കിറ്റുകൾ വിതരണം ചെയ്തു

കുന്നംകുളം: ചൂണ്ടൽ പഞ്ചായത്തിൽ കണ്ടൈൻമെന്റ് സോണിൽ ഉൾപ്പെടുത്തി പതിനൊന്നാം വാർഡിലെ കുടുംബങ്ങൾക്ക് സി.പിഎമ്മിന്റെ നേതൃത്വത്തിൽ പച്ചക്കറി കിറ്റുകൾ വിതരണം നടത്തി. മഴുവഞ്ചേരി സെന്റർ, ഏ.കെ.ജി ബ്രാഞ്ചുകളുടെ നേതൃത്വത്തിലാണ് ജനശക്തി റോഡ്, എരനെല്ലൂർ ക്ഷേത്രം റോഡ് എന്നിവടങ്ങളിലുള്ള കുടുംബങ്ങൾക്കാണ് പച്ചക്കറികളടങ്ങിയ കിറ്റുകൾ വിതരണം ചെയ്തത്.

ജീവനക്കാരുടെ ഗുണ്ടായിസം അവസാനിപ്പിക്കണമെന്ന് കോൺഗ്രസ്

കയ്പമംഗലം: കയ്പമംഗലം പഞ്ചായത്തിലെ താത്കാലിക ജീവനക്കാരുടെ ഗുണ്ടായിസം അവസാനിപ്പിക്കണമെന്ന് കോൺഗ്രസ്. ക്രിമിനലുകളെ താത്കാലിക ജീവനക്കാരായി നിയമിച്ചുകൊണ്ട് പൊതുജനങ്ങളെ ഭയപ്പെടുത്താൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി.വെള്ളിയാഴ്ച കയ്പമംഗലം 12 ലെ കോഴി കച്ചവടക്കാരനായ ചാലിശേരി തോമസിന്റെ കടയിൽ ഒരു പരാതി അന്വേഷിക്കാൻ പഞ്ചായത്ത് വാഹനത്തിൽ എത്തിയ പ്രസിഡണ്ട്, സെക്രട്ടറി, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ സംഘം കോഴിക്കട അനധികൃത മണെന്നും ഉടൻ പൂട്ടണമെന്നും ആവശ്യപ്പെട്ടിരുന്നു. കടയുടമ സാവകാശം വേണമെന്ന് ആവശ്യപ്പെടുകയും, താൻ പഞ്ചായത്തിനും ആരോഗ്യ വകുപ്പിനും നൽകിയ സാമ്പത്തിക സഹായങ്ങൾ ഓർത്തെങ്കിലും തനിക്ക് നീതി ലഭിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. യാതൊരു പ്രകോപനവും കൂടാതെ താത്കാലിക ജീവനക്കാരനായ ഡൈവർ കച്ചവടക്കാരന്റെ കരണത്ത് അടിച്ച സംഭവം കേട്ട് കേൾവി പോലും ഇല്ലാത്തതാണ്.ഇത്തരക്കാരനായ താത്കാലിക ജീവനക്കാരനെ ജോലിയിൽ നിന്നും പിരിച്ച് വിട്ട് പഞ്ചായത്തിന്റെ യശസ്സ് വീണ്ടെടുക്കണമെന്ന് കോൺഗ്രസ് നേതാക്കളായ സി.ജെ.പോൾസൻ,കെ.ഫ്.ഡൊമിനിക്,പി.എം.എ.ജബ്ബാർ,സുരേഷ് കൊച്ചു വീട്ടിൽ,പി കെ റാസിക്ക്,പി.ടി.രാചന്ദ്രൻ, ദിവാകരൻ കുറുപ്പത്ത് എന്നിവർ ആവശ്യപ്പെട്ടു.

തെക്കുംകര പഞ്ചായത്ത് വികസന രേഖ പ്രകാശനം മന്ത്രി എ സി മൊയ്തീൻ നിർവഹിക്കുന്നു.

വികസന രേഖ പ്രകാശനം ചെയ്തു

വടക്കാഞ്ചേരി: തെക്കുംകര പഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വികസ നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്ന വികസന രേഖ മന്ത്രി ഏ സി മൊയ്തീൻ പ്രകാശനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഏറ്റുവാങ്ങി.സമസ്ഥ മേഖലയിലും മുന്നേറ്റം കൈവരിക്കാൻ ഈ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ട്. രണ്ട് നിലകളിലായി നിർമിച്ച ഓഫീസ് സമുച്ചയത്തിൽ പഞ്ചായത്ത് കാര്യാലയം കൂടാതെ വി ഇ ഓഫീസ്, കുടുംബശ്രീ ഓഫീസ്, എൻജിനീയറിംഗ് വിഭാഗം, എൻ ആർ ഇ ജി., ഐ സി ഡി എസ് വിഭാഗങ്ങളും പ്രവർത്തിക്കുന്നു. കൃഷിഭവൻ കൂടി ഈ മന്ദിരത്തിലേക്ക് മാറ്റും. വില്ലെജ് ഓഫീസ്, ഇലക്ട്രിസിറ്റി ഓഫീസ്, പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ഇതോടൊപ്പം പ്രവർത്തിക്കുന്നു.കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, വലുതും ചെറുതുമായ കുടിവെള്ള പദ്ധതികൾ, എട്ട് ഫോറസ്റ്റ് പാതകൾ ഉൾപ്പെടെ സഞ്ചാരയോഗ്യമായ പ്രധാന പാതകളും ഇടവഴികളും, പാതയോര ലൈറ്റുകൾ, കുടുംബശ്രീ - തൊഴിലുറപ്പ് മേഖലകളും, ക്ഷേമ പെൻഷനുകളും, ടൂറിസവും, കലാ-കായിക ,യുവജന,സാംസ്കാരിക രംഗവും, മഹാ പ്രളയത്തിലും, കൊവിഡ് മഹാമാരിയിലും തളരാതെയുള്ള പ്രവർത്തന മികവും രേഖയിൽ പരാമർശിച്ചിട്ടുണ്ട്.ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എം കെ ശ്രീജയുടെ അധ്യക്ഷയായി.

നഷ്ടപ്പെട്ടു

എന്റെ ഇന്ത്യൻ പാസ്പോർട്ട് No:H2337837 issued at Cochin on 15/01/2009,expiry date 14/01/2019 യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുക. Ravindran Rajaram,Edassery Valappil,Amala Nagar p.o,Thrissur-680555, mob:9895111016

അറിയിപ്പ്

KL 08/AE 9895 എന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുവെന്ന് അറിയിച്ച് ടി വാഹന ഉടമ AMMINI GEORGE, ARAKKAL HOUSE LOURDPURAM, THRISSUR ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം തൃശൂർ റീജിയണൽ ട്രാൻസ്പോർട് ഓഫീസിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശ്യമുള്ളവർ ആയത് ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. എന്ന്, (ഒപ്പ്) അഡീഷണൽ രജിസ്റ്ററിംഗ്അതോറിറ്റി തൃശൂർ

അറിയിപ്പ്

KL 49 E 7030 എന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുവെന്ന് അറിയിച്ച് ടി വാഹന ഉടമ LIJO K JOY KOTTA CHOODIYIL HOUSE, VELUPADAM P.O, THRISSUR ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം തൃശൂർ റീജിയണൽ ട്രാൻസ്പോർട് ഓഫീസിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശ്യമുള്ളവർ ആയത് ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. എന്ന്, (ഒപ്പ്) അഡീഷണൽ രജിസ്റ്ററിംഗ്അതോറിറ്റി തൃശൂർ

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.219 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മെട്രൊ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 കർക്കിടകം 28 ദുൽ ഹജ്ജ് 21

2020 ഓഗസ്റ്റ് 12 ബുധൻ

കിടമത്സരമല്ല, വേണ്ടത് കിടയറ്റ വാക്സിൻ

ലോകത്ത് കൊവിഡ് വ്യാപനത്തിന്റെ വ്യാപ്തി തെല്ലും കുറഞ്ഞിട്ടില്ല. ചില രാജ്യങ്ങളിൽ രൂക്ഷത കുറഞ്ഞിട്ടുണ്ടെങ്കിലും മിക്ക രാജ്യങ്ങളിലും കെടുതികൾ തുടരുകയാണ്. അതോടൊപ്പം കൊറോണ വൈറസിനെ പ്രതിരോധിക്കുന്ന വാക്സിൻ വികസിപ്പിക്കാനുള്ള മത്സരവും ചൂടുപിടിക്കുന്നു. അതിനിടയിലാണ് തങ്ങൾ വികസിപ്പിച്ച വാക്സിൻ രജിസ്റ്റർ ചെയ്യുകയാണെന്ന് റഷ്യ പ്രഖ്യാപിച്ചത്. മോസ്കോയിലെ ഗമേലിയ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടും റഷ്യൻ പ്രതിരോധ മന്ത്രാലയവും ചേർന്ന് വികസിപ്പിച്ച വാക്സിൻ എല്ലാ ക്ലിനിക്കൽ പരീക്ഷണങ്ങളും പൂർത്തിയാക്കിയതായാണ് റഷ്യ അവകാശപ്പെടുന്നത്. ജൂൺ മാസം പകുതിയോടെ മാത്രമാണ് വാക്സിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചത്. എല്ലാ ഘട്ടങ്ങളും ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തിയാക്കുക അസാധ്യമായതുകൊണ്ട് റഷ്യൻ വാക്സിൻ എത്രകണ്ട് ഫലപ്രദമാണെന്ന് തെളിയിക്കാൻ ഇനിയും പരീക്ഷണങ്ങൾ വേണ്ടിവരും. തന്റെ മകൾക്കു തന്നെ വാക്സിൻ നൽകിയെന്നാണ് വ്ലാഡിമിർ പുടിൻ പറഞ്ഞത്. പക്ഷേ അതുകൊണ്ടു മാത്രം അത് ഫലപ്രദമാണെന്ന് പറയാനാകില്ല. റഷ്യയുടെയും ചൈനയുടെയും പരീക്ഷണങ്ങൾ സുതാര്യമല്ലെന്ന് ലോകാരോഗ്യ സംഘടനയും പാശ്ചാത്യ ശാസ്ത്രജ്ഞരും പറയുന്നുണ്ടെങ്കിലും ആദ്യശ്രമമെന്ന നിലയിൽ, ആ വാക്സിനും അനുമതി ലഭിക്കാൻ മതി.

ലോകത്ത് നിലവിൽ 160 ലേറെ വാക്സിനുകൾ പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ 23 വാക്സിനുകളാണ് ക്ലിനിക്കൽ ട്രയൽ ഘട്ടത്തിൽ എത്തിയിരിക്കുന്നത്. ആറ് വാക്സിനുകൾ മൂന്നാം ഘട്ടത്തിൽ മനുഷ്യരിൽ പരീക്ഷിച്ചു തുടങ്ങിയിട്ടുണ്ട്. ഇന്ത്യയിലെ എട്ടു വാക്സിനുകൾ സാധ്യതാ പട്ടികയിലുണ്ടെന്നതും അവയിൽ രണ്ടെണ്ണം രണ്ടാം ഘട്ട പരീക്ഷണത്തിലാണെന്നതും ശ്രദ്ധേയമാണ്. ഭാരത് ബയോടെക് വാക്സിനും സൈഡസ് കാഡിലയുടെ ഡിഎൻഎ വാക്സിനുമാണ് ആദ്യഘട്ടം പിന്നിട്ടത്. ഓക്സഡ് വാക്സിൻ ഉത്പാദകരായ സീറം ഇൻസ്റ്റിറ്റ്യൂട്ടിന് ഇന്ത്യയിൽ രണ്ടും മൂന്നും ഘട്ട പരീക്ഷണങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഏതായാലും മറ്റ് രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും ഒട്ടും പിന്നിലല്ലെന്നർഥം.

മരുന്നു പരീക്ഷണത്തിന് തയാറെടുക്കുന്ന യുഎഇയിൽ വാക്സിൻ ട്രയലിന് സന്നദ്ധരായി വന്നവരിൽ അധികവും പ്രവാസി മലയാളികളാണ് എന്നതും അഭിമാനകരമാണ്. മൂന്നാം ഘട്ട മരുന്ന് പരീക്ഷണത്തിന് സന്നദ്ധരായവർക്കുവേണ്ടി യുഎഇ സർക്കാർ പരസ്യം ചെയതപ്പോൾ തന്നെ മുന്നിട്ടിറങ്ങിയത് മലയാളി യുവാക്കളാണ്. ചൈനീസ് ഫാർമസ്യൂട്ടിക്കൽ കമ്പനിയായ സീനോഫാമിന്റെ വാക്സിനാണ് യുഎഇയിൽ 15,000 പേരിൽ പരീക്ഷിക്കുന്നത്. യുഎസിൽ മേരിലാൻഡ് സ്കൂൾ ഒഫ് മെഡിസിനാണ് പരീക്ഷണത്തിൽ ഏറ്റവും മുന്നിലുള്ളത്. മാസച്ചുസെറ്റ്സ് ബയോടെക് കമ്പനിയായ മോഡേണ വികസിപ്പിച്ചെടുത്ത വാക്സിൻ കൊവിഡ് ഹോട്ട്സപോട്ടുകളിൽ താമസിക്കുന്ന യുവാക്കളിലാണ് പരീക്ഷിക്കുന്നത്. തയാറാക്കിക്കഴിഞ്ഞാൽ ഏതാണ്ട് മുപ്പത് കോടി ഡോസ് സത്വരമായി വിതരണം ചെയ്യാനുള്ള ഒരുക്കത്തിലാണവർ.

ഏത് രാജ്യം വാക്സിൻ ഉത്പാദിപ്പിച്ചാലും അത് ജനങ്ങൾക്ക്, പ്രത്യേകിച്ചും രോഗികൾക്ക്, ലഭ്യമാക്കുകയെന്നത് വലിയ വെല്ലുവിളിയാണ്. ആവശ്യത്തിന് വാക്സിൻ വാങ്ങാനും സൂക്ഷിക്കാനും വിവിധ സംസ്ഥാനങ്ങളിൽ എത്തിക്കാനും കഴിയണം. ഇന്ത്യയിൽ മരുന്ന് ഉത്പാദകരെയും സംസ്ഥാന സർക്കാരുകളെയും മറ്റ് ഏജൻസികളെയും ഏകോപിപ്പിക്കുന്നതിന്റെ ചുമതല വഹിക്കുന്ന നീതി ആയോഗ് നടപടിക്രമങ്ങൾ നിശ്ചയിക്കാൻ ഇന്ന് യോഗം ചേരുന്നുണ്ട്. ആഗോളതലത്തിലും കാര്യങ്ങൾ ആശാവഹമല്ല. ഏവർക്കും മരുന്ന് ലഭ്യമാക്കണമെങ്കിൽ പതിനായിരം കോടി യുഎസ് ഡോളർ വേണ്ടിവരുമെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൂട്ടൽ. കഴിഞ്ഞ ഏപ്രിലിലാണ് ഈ വലിയ ലക്ഷ്യം മുന്നിൽ കണ്ട് കൊവാക്സ് എന്ന പദ്ധതിക്ക് സംഘടന രൂപം നൽകിയത്. വാക്സിൻ വികസനവും നിർമാണവും വിതരണവും അതിവേഗം നിർവഹിക്കുന്നതിനുള്ള ഈ പദ്ധതിയിലേക്ക് സംഭാവന തേടി എല്ലാ രാജ്യങ്ങളെയും അവർ സമീപിച്ചെങ്കിലും ആയിരം കോടിയോളം ഡോളർ മാത്രമാണ് ഇതുവരെ ലഭിച്ചത്.

കുത്തിവയ്പിൽ വിശ്വാസമില്ലാത്ത ജനവിഭാഗങ്ങൾ ലോകത്ത് പലേടത്തുമുണ്ട്, പ്രത്യേകിച്ചും വികസിത രാജ്യങ്ങളിൽ. യുഎസിൽ നടത്തിയ സർവേയിൽ തെളിഞ്ഞത് മുപ്പത് ശതമാനം ജനങ്ങൾക്ക് വാക്സിനിൽ വിശ്വാസമില്ലെന്നാണ്. അതിനൊപ്പം വാക്സിൻ ആദ്യം വിപണിയിലിറക്കാനുള്ള കിടമത്സരം കൂടിയാകുമ്പോൾ ജനങ്ങൾക്കുള്ള അവിശ്വാസം ഒന്നുകൂടി വർധിക്കും. ശതകോടികളുടെ കളിയാണ് വാക്സിൻ നിർമാണമെന്നും മരുന്ന് കമ്പനികൾക്ക് അമിതലാഭം മാത്രമാണ് ലക്ഷ്യമെന്നും പടിഞ്ഞാറൻ നാടുകളിൽ പലരും വിശ്വസിക്കുന്നു. അതിനാൽ വാക്സിൻ കുറ്റമറ്റതാകണം. കൊറോണ വൈറസ് ഇതിനകം തന്നെ പല തരത്തിൽ രൂപാന്തരത്തിന് വിധേയമാവുകയും വിവിധ ലക്ഷണങ്ങൾ പ്രകടിപ്പിക്കുയും ചെയ്യുന്നുണ്ട്. അവയ്ക്കെല്ലാം ഒരേ കുത്തിവയ്പ് മതിയാകുമോ എന്ന ചോദ്യവും പ്രസക്തമാണ്. പാർശ്വഫലങ്ങൾ പരമാവധി കുറഞ്ഞതും എല്ലാ പ്രായക്കാർക്കും എല്ലാ തരക്കാർക്കും ഫലപ്രദമാകുന്നതുമായ മരുന്നാണ് ലോകത്തിനാവശ്യം. അത് വേഗം വേണം, പക്ഷേ സുരക്ഷിതമായിരിക്കണം. ഈ ഉറപ്പാണ് വാക്സിൻ നിർമാതാക്കളും ഗവേഷകരും ലോകത്തിന് നൽകേണ്ടത്.

വേണോ ഇത്തരം കൊള്ളറ്റൻസി

വീണ്ടുവിചാരം

ജോസഫ് എം. പുതുശേരി

ഒരിക്കൽ ഒരു ഇടയൻ ആടിനെ തീറ്റിക്കൊണ്ടിരുന്ന സ്ഥലത്തേക്ക് പെട്ടെന്ന് ഒരു കാർ വന്നു നിന്നു. അതിൽനിന്നിറങ്ങിയ ചെറുപ്പക്കാരൻ ചോദിച്ചു; ഇത് എത്ര ആടുകൾ ഉണ്ടെന്ന് കൃത്യമായി പറഞ്ഞാൽ ഒന്നിനെ എനിക്കു തരുമോ? തീർച്ചയായും. ഇടയൻ മറുപടി നൽകി.

പെട്ടെന്ന് കാറിൽനിന്ന് ലാപ്ടോപ്പ് പുറത്തെടുത്ത് ആട്ടിൻകൂട്ടത്തിന്റെ ചിത്രം എടുത്ത് എങ്ങോട്ടോ അയച്ചു. മിനിറ്റികൾക്കുള്ളിൽ കാറിനുള്ളിൽ സജ്ജമാക്കിയിരുന്ന പ്രിന്ററിൽനിന്ന് കളർചിത്രം ഉൾപ്പെടെ ഒരു മനോഹരമായ റിപ്പോർട്ട് ഫയൽ ആക്കി ആട്ടിടയന് നൽകിയിട്ട് യുവാവ് പറഞ്ഞു. ഇത് 1586 ആടുകൾ ഉണ്ട്. ഇതിൽ 3 എണ്ണം മുട്ടനാടും 726 എണ്ണം ആട്ടിൻകുട്ടികളുമാണ്. ശരി! താങ്കളുടെ ഉത്തരം കിറുകൃത്യമാണ്. ഇടയൻ സമ്മതിച്ചു.

പറഞ്ഞുറപ്പിച്ച പ്രതിഫലവുമായി യുവാവ് തിരികെ കാറിലേക്ക് കയറി. അപ്പോഴാണ് ഇടയന്റെ മനസിൽ ഒരു ബുദ്ധി ഉദിച്ചത്. അയാൾ യുവാവിനോട് തിരിച്ച് ഒരു ചോദ്യം ചോദിച്ചു: ആട്ടെ! താങ്കളുടെ തൊഴിൽ എന്തെന്ന് പറഞ്ഞാൽ എന്റെ ആടിനെ തിരികെ തരുമോ? ഇതായിരുന്നു ചോദ്യം. തീർച്ചയായും. യുവാവ് പറഞ്ഞു.

എങ്കിൽ താങ്കൾ ഒരു 'കൺസൾട്ടന്റ്' ആണ്; ഇടയൻ മറുപടി നൽകി. 'കറക്ട്'. യുവാവ് തല കുലുക്കി. അതെങ്ങനെ താങ്കൾക്ക് മനസിലായി. യുവാവ് ചോദിച്ചു.

ഇടയൻ പറഞ്ഞു. നിങ്ങൾ ഇവിടെ വന്നത് ആരും വിളിക്കാതെയാണ്. എനിക്ക് കൃത്യമായി ബോധ്യമുള്ളതും ഞാൻ ഒരിക്കലും സ്വയം ചോദിച്ചിട്ടില്ലാത്തതുമായ ഒരു കാര്യത്തിനാണ് സാങ്കേതിക വിദ്യ ഉപയോഗിച്ച് താങ്കൾ ഉത്തരം കണ്ടെത്തി നൽകിയത് എന്നു മാത്രമല്ല എന്റെ തൊഴിലിനെപ്പറ്റി താങ്കൾക്ക് യാതൊന്നും അറിയുകയുമില്ല.

ഇത്തരം കൺസൾട്ടൻസികൾ രാജ്യം അടക്കി വാഴുകയാണ്; കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമെല്ലാം. യഥാർത്ഥത്തിൽ ഒരു കൺസൾട്ടൻസിരാജ്. എന്തിനും ഏതിനും കൺസൾട്ടൻസികളെ വയ്ക്കുന്നത് ഇന്നൊരു നാട്ടുനടപ്പായി മാറിയിരിക്കുന്നു.

കൺസൾട്ടൻസികളെക്കുറിച്ച് കേൾക്കാൻ തുടങ്ങിയിട്ട് നാളേറെയായെങ്കിലും അവരുടെ നീരാളിപ്പിടുത്തത്തിന്റെ വ്യാപ്തി മലയാളികൾ തിരിച്ചറിഞ്ഞു വരുന്നതേയുള്ളു. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന പിഡബ്ല്യുസിയും കെപിഎംജിയുമൊക്കെ അരങ്ങു കൊഴുപ്പിക്കുമ്പോൾ ദിവസേന വരുന്ന ദൃശ്യവിരുന്നുകൾ തട്ടിപ്പിന്റെ നൂതന സങ്കേതങ്ങൾ അനാവരണം ചെയ്യുകയാണ്. ഏതു തട്ടിപ്പും ഏതുതരം നിയമനവും അന്താരാഷ്ട്ര നിലവാരത്തിലും ബാനറിലും നടത്തിക്കൊടുക്കുന്ന ജാലവിദ്യ.

കൂടിയാലോചന, സമാലോചന, പര്യാലോചന, വിദഗ്ധാഭിപ്രായം തുടങ്ങിയവയാണ് കൺസൾട്ടേഷൻ എന്ന ഇംഗ്ലീഷ് പദത്തിന് നൽകുന്ന മലയാളപരിഭാഷ. യഥാർത്ഥത്തിൽ ഇതു വല്ലതുമാണോ നടക്കുന്നത്.

വിദഗ്ധോപദേശം നൽകുന്നവർ എന്നാണ് കൺസൾട്ടൻസിയെക്കുറിച്ച് പൊതുവേയുള്ള ധാരണ. കോടികൾ മുടക്കിയാണ് ഇവരെ ഓരോ ചുമതലയും ഏൽപ്പിക്കുന്നത്. എന്നാൽ അതിന്റെ നിർവഹണഫലം എന്തെന്ന് എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ? സമയത്ത് പൂർത്തീകരിച്ചോ, ലക്ഷ്യം നേടിയോ തുടങ്ങിയ കാര്യങ്ങൾ.

കൺസൾട്ടൻസികൾ കറക്കുകമ്പനികളോയെന്നാണ് ഒരു ദൃശ്യമാധ്യമത്തിൽ കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ ചോദിച്ചത്. എന്നാൽ കൺസൾട്ടൻസികൾ കറക്കുകമ്പനികൾ മാത്രമല്ല, കൊള്ളസംഘങ്ങൾ കൂടിയാണെന്നാണ് അനുഭവങ്ങൾ ബോദ്ധ്യപ്പെടുത്തുന്നത്. ഒരു പെർഫോമൻസ് ഓഡിറ്റിന് തയാറായാൽ എല്ലാവർക്കും ഇത് ബോദ്ധ്യപ്പെടാവുന്നതേയുള്ളു. ഇവിടെ ലഭിക്കാത്ത എന്തു വിദഗ്ധാഭിപ്രായമാണ് അവരിൽനിന്ന് ലഭിച്ചതെന്നും മുടക്കിനനുസരിച്ചുള്ള പ്രയോജനം കിട്ടിയിട്ടുണ്ടോ എന്നും ഇനിയെങ്കിലും ഒന്ന് പരിശോധിക്കേണ്ടേ?

ഇപ്പോൾ കളം നിറഞ്ഞുനിൽക്കുന്നത് പിഡബ്ല്യുസി സർക്കാരിന്റെ അഞ്ച് പദ്ധതികളിൽ പിഡബ്ല്യുസി കൺസൾട്ടൻസിയാണ്. ഇ-മൊബിലിറ്റി പദ്ധതി, അതിൽതന്നെയുള്ള മറ്റു 2പദ്ധതികൾ, വിവാദമായ സ്പേസ് പാർക്ക്, കെ-ഫോൺ തുടങ്ങിയവയാണിത്. ഇതിൽ ഇ-മൊബിലിറ്റി പദ്ധതിയിൽ ഇലക്ട്രിക് വാഹനം നിർമിക്കാനുള്ള വിശദമായ പദ്ധതി രേഖ തയാറാക്കാനുള്ള കരാറിൽനിന്നാണ് പിഡബ്ല്യുസിയെ ഒഴിവാക്കുക. ഈ പദ്ധതിക്കു കീഴിൽതന്നെ ബസ് പോർട്ടും ലോജിസ്റ്റിക് പോർട്ടും നിർമ്മിക്കാനുള്ള ചുമതലയും പിഡബ്ല്യുസിക്ക് നൽകിയിട്ടുണ്ട്. ഇതെല്ലാം കരാറില്ലാതെ നൽകിയതാണ്.

സമയപരിധി കഴിഞ്ഞിട്ടും കരാറിന്റെ കരട് സമർപ്പിച്ചിട്ടില്ലെന്നതാണ് പിഡബ്ല്യുസിയെ ഒഴിവാക്കാൻ ഇപ്പോൾ സർക്കാർ തന്നെ പറയുന്ന കാരണം. അപ്പോൾ ഒരുകാര്യം വ്യക്തം. ഏറ്റെടുക്കുന്ന കരാർപ്രകാരം സമയബന്ധിതമായി അതു പൂർത്തിയാക്കാനുള്ള ഒരു കാര്യക്ഷമതയും ആഗോളഭീമന്മാരെന്ന് വാഴ്ത്തിപ്പാടുന്ന ഇവർക്കില്ല. എന്നിട്ടും എന്തേ കൺസൾട്ടൻസി ഭ്രമം?

പ്രത്യേക സാഹചര്യത്തിൽ കൺസൾട്ടൻസി അനിവാര്യമാണെന്നാണ് മുഖ്യമന്ത്രി പറയുന്നത്. 'പശ്ചാത്തല സൗകര്യ പദ്ധതികളിലും നൂതന സാങ്കേതിക വിദ്യ വിനിയോഗം ചെയ്യപ്പെടുന്ന മേഖലയിലും പ്രത്യേക പരിജ്ഞാനവും പ്രാവീണ്യവുമുള്ള ആളുകൾ ആവശ്യമായി വരുമ്പോഴാണിത്. എന്നാൽ ഇങ്ങനെ ലഭിച്ച ഗുണഫലങ്ങളെപ്പറ്റി എന്താണ് മുഖ്യമന്ത്രി പറയാത്തത്? ഈ സർക്കാരിന്റെ കാലത്തേതു മാത്രമല്ല; മുൻ സർക്കാരുകളുടെ കാലത്തേതും. മുഖ്യമന്ത്രി പറഞ്ഞ പ്രത്യേക പരിജ്ഞാനവും പ്രാവീണ്യവുമുള്ള ആളായി ഇവരിലൂടെ ലഭിച്ചത് പത്താംക്ലാസു പോലും പാസാകാത്ത സ്വപ്നാ സുരേഷ് എന്നത് വർത്തമാനകാലത്തെ ഏറ്റവും വലിയ തമാശ! ചരിത്രം പരിശോധിച്ചാൽ നാം ഞെട്ടിപ്പോകും. പലവിധത്തിലുള്ള തട്ടിപ്പു നടത്തുകയോ അതിന് ചൂട്ട് പിടിക്കുകയോ അവ മറച്ചു വെക്കുകയോ ചെയ്ത സംഭവങ്ങളാണ് നാൾവഴികൾ പരതിയാൽ നമുക്ക് കാണാൻ കഴിയുക.

ക്രമക്കേടിന്റെ പേരിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഓഡിറ്റിങ്ങിൽ നിന്ന് പിഡബ്ല്യുസിയെ ഒരു വർഷത്തേക്ക് വിലക്കിയത് സമീപകാലചരിത്രം. സത്യം കംപ്യൂട്ടേഴ്സ് തട്ടിപ്പിനെത്തുടർന്നായിരുന്നു ഇത്.

വിദേശവിനിമയ ആക്റ്റിന്റെ ഗുരുതരമായ ലംഘനത്തിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് 240 കോടി രൂപ പിഴയടക്കാൻ നിർദേശിച്ചത് 2019-ൽ.

25 ബാങ്കുകളിൽ ഒന്നിന്റേയും ഓഡിറ്റിങ്ങ് ശരിയാംവണ്ണം നടത്താത്തതിന് 2018-ൽ അമെരിക്കയിലെ ഫെഡറൽ ജഡ്ജി വിധിച്ചത് 4500 കോടി രൂപയുടെ പിഴ.

ധനകാര്യ സ്റ്റേറ്റ്മെന്റിലെ കൃത്രിമത്വത്തിന് 2017-ൽ നാഷണൽ ബാങ്ക് ഓഫ് യുക്രൈൻ ഓഡിറ്റ് ലൈസൻസ് റദ്ദാക്കി. പൊതുഫണ്ടിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സ്പെയിനിലെ സ്പാനിഷ് നാഷണൽ കോർട്ട് വിധി പറഞ്ഞതും അതേ വർഷം തന്നെ.

ഒരു അന്താരാഷ്ട്ര കമ്പനിയെ പാപ്പരാകുന്നതിനു സഹായിക്കുന്നവിധം ക്രമക്കേട് കാട്ടിയതിന് അമെരിക്കയിലെ ഫെഡറൽ ജഡ്ജി പിഡബ്ല്യുസിയുടെ ഹർജി തള്ളിയത് 2016-ൽ. ബ്രിട്ടീഷ് പാർലമെന്റിന്റെ ട്രഷറി സെലക്റ്റ് കമ്മറ്റി കടുത്ത വിമർശനവും താക്കീതും നൽകിയതും ഇവർക്കുതന്നെ.

അംഗോളയുടെ മുൻപ്രസിഡന്റിനെ മകളുമായി ബന്ധപ്പെട്ട ആരോപണത്തിനിടിസ്ഥാനമായ ഇടപാടിന് അവരെ പിഡബ്ല്യുസി സഹായിക്കുന്നത് വെളിവാക്കുന്ന എഴുപതിനായിരത്തോളം രഹസ്യരേഖകളാണ് ഈ വർഷം ഇന്റർനാഷണൽ കൺസോർഷ്യം ഓഫ് ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസം പുറത്തുവിട്ടത്.

കൺസൾട്ടൻസി മേഖലയിലെ 'ബിഗ് ഫോർ' എന്നറിയപ്പെടുന്ന ഗണത്തിലെ മറ്റു പ്രമുഖരും ചില്ലറക്കാരല്ല.

ഇന്ത്യൻ ഓഡിറ്റിങ്ങ് മേഖലയിലെ പ്രധാനികളായ കെപിഎംജി, ഡയലോയിട് എന്നിവർക്ക് രണ്ടു വർഷത്തേക്കാണ് കോടതി വിലക്കേർപ്പെടുത്തിയത്.

കമ്പനി നിയമത്തിലെ സെക്ഷൻ 140 പ്രകാരം ഇവരെ അഞ്ച് വർഷത്തേക്ക് ഇന്ത്യയിലെ ഓഡിറ്റിങ്ങിൽനിന്ന് വിലക്കണമെന്നാവശ്യപ്പെട്ട് 2019-ൽ കേന്ദ്ര കോർപ്പറേറ്റ്കാര്യമന്ത്രാലയം നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ മുമ്പാകെ പെറ്റീഷൻ ഫയൽ ചെയ്തു. ഇൻഫ്രാസ്ട്രക്ച്ചർ ലീസിങ് & ഫിനാൻഷ്യൽ സർവീസുമായി ബന്ധപ്പെട്ട ക്രമക്കേടിനെത്തുടർന്നായിരുന്നു ഇത്.

സൗത്ത് ആഫ്രിക്കയിൽ രാഷ്ട്രീയത്തിലും സമ്പത്തിലും വലിയ സ്വാധീനം പുലർത്തിയിരുന്ന ഗുപ്ത ഫാമിലിക്ക് നികുതി വെട്ടിപ്പിനും അഴിമതിക്കും സഹായം ചെയ്തതിന് ഇവർ പ്രതിസ്ഥാനത്താണ്. സൗത്ത് ആഫ്രിക്കയിലെ ഒരു മുൻപ്രസിഡന്റുമായി അടുത്ത ബന്ധമുണ്ടായിരുന്ന ഗുപ്താ ഫാമിലിയെ ഒരു സമയത്ത് 'നിഴൽ ഗവൺമെന്റ്' എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

ബ്രിട്ടനിലെ നിർമ്മാണ കമ്പനിയായ കാറിലിയോൺ തകർന്നതിനെതുടർന്ന് അവരുടെ ഓഡിറ്ററായിരുന്ന കെ.പി.എം.ജി. അന്വേഷണം നേരിട്ടു. അന്വേഷണത്തിന്റെ ഭാഗമായി നടന്ന ചോദ്യം ചെയ്യലിൽ ലേബർ പാർട്ടിയുടെ എം.പി. പീറ്റർ കോലി കെ.പി.എം.ജി.യോട് പറഞ്ഞത് അവരുടെ കാര്യക്ഷമതയ്ക്കുള്ള സർട്ടിഫിക്കറ്റാണ്!- 'എന്റെ വീട്ടിലെ ഫ്രിഡ്ജിലിരിക്കുന്ന സാധനങ്ങളുടെ കണക്ക് എടുക്കാൻ പോലും അർഹതയില്ലാത്തവരാണ് നിങ്ങൾ'.

പാർമലാസ് എന്ന ഇറ്റാലിയൻ പാൽപ്പൊടി കമ്പനയിൽ നടന്ന കണക്കു തട്ടിപ്പുമായി ബന്ധപ്പെട്ട് 2007-ൽ 750 കോടി രൂപയ്ക്ക് തുല്യമായ തുക പിഴ നൽകി കേസ് ഒത്തു തീർത്തതാണ് ഡയലോയിടിന്റെ കേമത്വം. ഇപ്പോൾ ബ്രിട്ടനിൽ നടക്കുന്ന പ്രമാദമായ സെർക്കോ എന്ന കമ്പനിയിലെ തട്ടിപ്പിലും ഡയലോയിട് അന്വേഷണവും പിഴയും നേരിടുന്നു.

ജപ്പാനിലെ അക്കായ് കമ്പനിയുടെ ഓഡിറ്റിലെ വീഴ്ചകൾക്ക് കോടികൾ പിഴ അടച്ച് ഒത്തുതീർപ്പിന് ഒരുങ്ങിയതാണ് ഏണസ്റ്റ് & യംങ്ങിന്റെ (ഇ.വൈ.) മാന്യത! ഇ.വൈ.യുടെ ഇന്ത്യൻ പ്രതിനിധിയായ ബാറ്റ് ലിബോയ്യെ യെസ് ബാങ്കിന്റെ ഓഡിറ്റിലെ ക്രമക്കേടിന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ബാങ്കുകളുടെ ഓഡിറ്റിൽ നിന്ന് ഒരു വർഷത്തേക്ക് വിലക്കി.

അംഗോള എന്ന ആഫ്രിക്കൻ രാജ്യത്തിലെ ജനങ്ങളുടെ കാശ് കൊള്ളയടിക്കാൻ ഭരണാധികാരിയുടെ ബന്ധുക്കളെ സഹായിച്ചുവെന്ന ആരോപണം നേരിടുകയാണ് മക്കിൻസിയും ബി.സി.ജി.യും. ഇങ്ങനെ തട്ടിപ്പുകഥകൾ അന്തമില്ലാതെ നീളുകയാണ്.

ഇവരൊക്കെയാണോ നമുക്ക് ഒഴിവാക്കാൻ കഴിയാത്ത അനിവാര്യതയുള്ള ചരിത്ര സ്ഥാപനങ്ങൾ! ഉടയാടകൾ അഴിഞ്ഞുവീണ് നഗ്നത വെളിവാകുന്ന ഈ സന്നിഗ്ദ ഘട്ടത്തിലെങ്കിലും അത്തരക്കാരെ അകറ്റി നിർത്താനുള്ള ആർജ്ജവം ഭരണാധികാരികൾക്കുണ്ടാവുമോ?

ആഗോള സ്വതന്ത്ര വിപണി ഘടനയുടെ (മാർക്കറ്റ് ഇക്കോണമി) ഭാഗമായി വായ്പ തരുന്ന വിവിധ ഏജൻസികളുടെ സമ്മർദ്ദത്തിന് വഴങ്ങി ഇത്തരക്കാരെ പേറാൻ നാം നിർബന്ധിതരാവുന്നുണ്ടോ? ഓഡിറ്റു ചെയ്യാനും മേൽനോട്ടം വഹിക്കാനും പ്രോഗ്രസ് റിപ്പോർട്ട് നൽകാനും ഇവരെ നിയോഗിക്കണമെന്ന് വായ്പ നൽകുന്ന പാശ്ചാത്യധനകാര്യ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ അതു തുറന്നു പറയാനും ഈ തട്ടിപ്പുകാരെ പ്രതിരോധിക്കാനും നമുക്കു കഴിയേണ്ടേ?

ഡൽഹിയിലെ ജലവിതരണ സംവിധാനവുമായി ബന്ധപ്പെട്ട് കരാർ ലഭിക്കുന്നതിനു പിഡബ്ല്യുസിയെ ലോകബാങ്ക് അധാർമ്മികമായി വഴിവിട്ട് സഹായിച്ചുവെന്നും ഇത് അഴിമതിയാണെന്നും അന്വേഷണസംഘം കണ്ടെത്തിയിരുന്നു.

ഇവിടെയാണ് കൺസൾട്ടൻസിയിലെ അനുബന്ധ തട്ടിപ്പു വെളിവാകുന്നത്. പരസ്യമായി ടെൻഡർ വിളിക്കാതെ ഇവരിലെ ഇഷ്ടക്കാർക്ക് കരാർ നൽകുകയാണ് പതിവ്. എന്നിട്ട് തൊടുന്യായം പറഞ്ഞ് സെൻട്രൽ വിജിലൻസ് കമ്മീഷന് റിപ്പോർട്ട് അയയ്ക്കുന്നു. മത്സരാധിഷ്ഠിത ടെൻഡർ നടപടിയിലൂടെ മാത്രമേ കരാർ നൽകാവൂ എന്ന വിജിലൻസ് കമ്മീഷന്റെ കർശന നിർദ്ദേശം നിലവിലിരിക്കേയാണ് ഈ നഗ്നമായ നിയമലംഘനം.

ടെൻഡർ ചെയ്താലും മാനദണ്ഡപ്രകാരമുള്ള യോഗ്യതകളില്ലാത്തതിനാൽ ഒഴിവാക്കപ്പെട്ടവരേയും ലിസ്റ്റിൽ പെടുത്താൻ അഡീഷണൽ ചീഫ് സെക്രട്ടറി ഫയലിൽ എഴുതുകയും മുഖ്യമന്ത്രി അതംഗീകരിച്ച് ഒപ്പുവയ്ക്കുകയും ചെയ്യുമ്പോൾ നിയമബാധ്യത എവിടെ നിൽക്കുന്നു. കൺസൾട്ടൻസികളുടെ മായാവലയവും പ്രലോഭനങ്ങളും വെളിവാക്കുന്നതാണ് ഈ നടപടി. അംഗീകൃത മാനദണ്ഡങ്ങളാണോ വിദേശയാത്രയിൽ ഭരണാധികാരിയെ സഹായിക്കുന്നതാണോ കരാർ ലഭിക്കാനുള്ള യോഗ്യത? നയതന്ത്ര ബന്ധത്തെപ്പോലും ബാധിക്കുമെന്ന ന്യായവാദം ഉയർത്താൻ ഏറ്റവും ഉയർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ തന്നേ തയാറാവുന്നത് നിർദ്ദോഷകരമായി മാത്രമോ? നിയമം അറിയാവുന്നതുകൊണ്ടും അതിന്റെ ഭവിഷ്യത്ത് ബോധ്യമുള്ളതുകൊണ്ടും വ്യക്തത തേടി ഈ ഫയൽ തിരിച്ചയച്ച ജലവകുപ്പ് ഉദ്യോഗസ്ഥർക്ക് ഒരു ബിഗ് സല്യൂട്ട്.

ഇഷ്ടക്കാരെ വളഞ്ഞവഴിയിലൂടെ വലിയ ശമ്പളത്തിൽ നിയമിക്കാൻ കൺസൾട്ടൻസികൾ വിധേയപ്പെടുന്നത് അവർക്ക് ചുവന്ന പരവതാനി വിരിക്കാൻ പ്രേരണയാവുന്നുണ്ടോ? ചീഫ് സെക്രട്ടറിയേക്കാൾ വലിയ ശമ്പളത്തിൽ! ട്രാക്ക് റെക്കാഡിൽ തട്ടിപ്പുകഥകളുടെ വീരേതിഹാസം മാത്രം രചിച്ചിട്ടുള്ള ഈ വമ്പന്മാർക്ക് നമ്മുടെ സമ്പത്ത് ഊറ്റിക്കുടിച്ച് വീർത്തു തടിക്കാൻ ഇനിയും നാം നിന്നുകൊടുക്കണമോ? നമുക്കു ചെയ്യാൻ കഴിവും ശേഷിയുമുള്ള കാര്യങ്ങൾക്ക് എന്തിന് അവരെ നിയോഗിക്കണം. നിയോഗിച്ച ഏതെങ്കിലും പദ്ധതി സമയത്ത് ലക്ഷ്യം കണ്ടിട്ടുണ്ടോ? മുടക്കുമുതൽ തിരികെ ലഭിക്കുന്നുണ്ടോ?

ഇക്കാര്യങ്ങൾ ഗൗരവപൂർവ്വം ചിന്തിക്കാൻ രാഷ്ട്രീയനേതൃത്വത്തിന് ആർജ്ജവമുണ്ടാവണം. അത് ഏതെങ്കിലും ഒരു പക്ഷത്തേ മാത്രമല്ല; എല്ലാ പക്ഷത്തിലും പെട്ടവർക്ക്. അപ്പോൾ രാജ്യതാല്പര്യം നിഴലിക്കുകയും ജനപക്ഷമാവുകയും ചെയ്യും. പ്രത്യയശാസ്ത്രം ഏതുമാവട്ടെ, സുതാര്യതയും ജനക്ഷേമവും ഇല്ലാതെ മുന്നോട്ടു പോയാൽ രാഷ്ട്രീയ നേതൃത്വത്തെ ആരാണ് അംഗീകരിക്കുക? ജനങ്ങളോട് വിധേയത്വവും രാജ്യത്തോട് ബാധ്യതയുമുണ്ടെങ്കിൽ കൺസൾട്ടൻസി എന്ന ഓമനപ്പേരിലുള്ള ഈ വൻ തട്ടിപ്പ് അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പരിസ്ഥിതി ആഘാതം: കരട് വിജ്ഞാപനം റദ്ദാക്കണം

തിരുവനന്തപുരം: കേരളം നേരിട്ടുകൊണ്ടിരിക്കുന്ന പ്രളയം, മണ്ണിടിച്ചിൽ തുടങ്ങിയ അതിതീവ്ര പാരിസ്ഥിതിക പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുന്ന പരിസ്ഥിതി ആഘാത പഠന (ഇഐഎ) നിയമ ഭേദഗതിയുടെ കരടു വിജ്ഞാപനം അടിയന്തരമായി പിൻവലിച്ച് കൂടുതൽ ശക്തമായ പരിസ്ഥിതി സംരക്ഷണ നിയമം നടപ്പാക്കണം എന്നാവശ്യപ്പെട്ട് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കേന്ദ്രപരിസ്ഥിതി മന്ത്രിക്കും മുഖ്യമന്ത്രിക്കും കത്തയച്ചു.

ആരോടും ചർച്ച ചെയ്യാതെ കൊണ്ടുവന്ന ഈ ഭേദഗതി ഖനന, ക്വാറി, നിർമാണ മാഫിയകളെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. കർഷകർ, ഗ്രാമീണർ, ആദിവാസികൾ തുടങ്ങിയവരുടെ നിലനിൽപ്പിനെപ്പോലും ഇതു ചോദ്യം ചെയ്യും. കൂടുതൽ എളുപ്പത്തിൽ ബിസിനസ് നടത്തുകയല്ല ഇപ്പോൾ നാടിന് ആവശ്യം, മറിച്ച് ദുർബലമായ നിലവിലുള്ള പാരിസ്ഥിതിക നിയമങ്ങൾ കൂടുതൽ കർക്കശമാക്കുകയാണു വേണ്ടതെന്ന് ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

രാജ്യം വലിയ പ്രതിസന്ധിയിലൂടെയും പരിസ്ഥിതി പ്രശ്നങ്ങളിലൂടെയും കടന്നുപോകുമ്പോൾ ആരോടും ചർച്ച ചെയ്യാതെ പുറപ്പെടുവിച്ച ഇഐഎ കരട് വിജ്ഞാപനം ദുരൂഹമാണ്. കർഷകർ, കർഷക സംഘടനകൾ, മറ്റു ജനവിഭാഗങ്ങൾ തുടങ്ങിയവരുമായി ചർച്ച ചെയ്തു മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന് ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു.

പരിസ്ഥിതി തന്നെ പ്രധാനം

പരിസ്ഥിതിയോട് അരുത് കള്ളക്കളി

2

റീന വർഗീസ് കണ്ണിമല

പാരിസ്ഥിതിക ആഘാത പഠനം സംബന്ധിച്ച കരട് വിജ്ഞാപനത്തിൽ ഭൂമിക്ക് ഏകതാനമായ അസ്തിത്വമാണ് നൽകിയിട്ടുള്ളത്. കൃഷിനിലങ്ങൾ, തണ്ണീർത്തടങ്ങൾ, വനമേഖലകൾ, ജലസ്രോതസുകൾ, തീരപ്രദേശങ്ങൾ, മലമ്പ്രദേശങ്ങൾ എന്നിങ്ങനെ പ്രകൃതം കൊണ്ടും പാരിസ്ഥിതിക സാമൂഹിക പ്രാധാന്യം കൊണ്ടും വ്യത്യസ്തമാണ് വികസന പദ്ധതികൾക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമി. ഭൂമിയുടെ പാരിസ്ഥിതിക മൂല്യവും വൈവിധ്യവും അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി യുക്തിയല്ല, മറിച്ച് കമ്പോളയുക്തിയാണ് കരട് വിജ്ഞാപനത്തിൽ കാണാൻ കഴിയുന്നത്.

മുൻകൂർ പാരിസ്ഥിതിക അനുമതിയില്ലാതെ പ്രവർത്തിക്കുന്ന പദ്ധതികളിൽ നിയമലംഘനങ്ങൾ നടന്നാൽ അവ ലംഘനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുത്തി അനുമതിക്കായി അപേക്ഷിക്കാമെന്നാണ് പുതിയ ഭേദഗതി. തമിഴ്നാട്ടിലെ കാവേരി ഡെൽറ്റ പ്രദേശത്ത് ഒഎൻജിസി, വേദാന്ത മുതലായ സ്ഥാപനങ്ങളുടെ ഹൈഡ്രോ കാർബൺ പര്യവേക്ഷണ പദ്ധതികളെ ഇക്കഴിഞ്ഞ ജനുവരിയിൽ എ വിഭാഗം പദ്ധതിയിൽ നിന്ന് ബി2 വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. മാർച്ചിലെ കരട് വിജ്ഞാപനത്തിൽ ബി2 പദ്ധതികൾക്ക് പാരിസ്ഥിതിക അനുമതി പ്രക്രിയ ആവശ്യമില്ല. അതിനാൽ, പരിസ്ഥിതി ആഘാത പഠനമോ പൊതു തെളിവെടുപ്പോ ഇല്ലാതെ പാരിസ്ഥിതിക അനുവാദം മാത്രം നേടേണ്ട പദ്ധതിയാക്കി ചുരുക്കിയിരിക്കുന്നു.

പദ്ധതി വരും, ജീവിതം തളരും

ഈ പദ്ധതികളുണ്ടാക്കുന്ന പാരിസ്ഥിതികമായ ആഘാതങ്ങൾ പ്രദേശത്തെ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ഉപജീവനത്തെ തന്നെ ബാധിക്കും. കരട് വിജ്ഞാപനത്തിൽ എല്ലാ ഹൈഡ്രോ കാർബൺ പര്യവേക്ഷണ പദ്ധതികളെയും ബി2 വിഭാഗത്തിൽ പെടുത്തിക്കൊണ്ട് നിയന്ത്രണങ്ങൾ ലഘൂകരിക്കുന്നതിലൂടെ ഭാവിയിൽ പല വികസന പദ്ധതികളും ഇപ്രകാരം പാരിസ്ഥിതിക അനുവാദ വിഭാഗത്തിൽപ്പെടുത്തി എളുപ്പത്തിൽ നടപ്പിൽ വരുത്താനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

മറ്റൊന്ന് ഖനന പദ്ധതികളാണ്. അഞ്ച് ഏക്കറിൽ താഴെയുള്ള ഖനന പദ്ധതികളെ ബി2 വിഭാഗത്തിൽ പെടുത്തി പാരിസ്ഥിതിക അനുമതിയിൽ നിന്നും പൊതു തെളിവെടുപ്പിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. 2012ൽ സുപ്രീം കോടതി കരിങ്കൽ ക്വാറികൾക്ക് അനുമതി നൽകുന്നതിന് മുൻപ് നിർബന്ധമായും പരിസ്ഥിതി ആഘാത പഠനവും വിലയിരുത്തലും നടത്തണമെന്ന് വിധിക്കുകയുണ്ടായി. ചെറു വിസ്തൃതിയുള്ള ക്വാറികൾ ആണെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് കാലങ്ങളായി ഖനനം നടത്തിയാൽ ആ പ്രദേശത്തിന്റെ മൊത്തം പരിസ്ഥിതിയെ ബാധിക്കാനുള്ള സാധ്യതയെക്കുറിച്ച് കോടതി വിധിയിൽ പറയുന്നുണ്ട്.

പ്രവർത്തനാനുമതി നിർലോഭം നൽകപ്പെട്ട മറ്റൊന്ന് നിർമാണ മേഖലയാണ്. പുതിയ വ്യവസ്ഥകൾ പ്രകാരം 1,50,000 ചതുരശ്ര മീറ്റർ വരെയുള്ള നിർമാണ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനമോ പൊതു തെളിവെടുപ്പോ ആവശ്യമില്ല. വ്യവസായ ആവശ്യങ്ങൾക്കടക്കമുള്ള പല നിർമാണ പദ്ധതികൾക്കും വിദഗ്ധസമിതിയുടെ വിലയിരുത്തൽ കൂടാതെ തന്നെ നേരിട്ടുള്ള അപേക്ഷയിലൂടെ പരിസ്ഥിതി അനുവാദം ലഭ്യമാകും.

കണ്ടങ്കാളിക്കാരുടെ കണ്ണുകെട്ടി

മറ്റൊരുദാഹരണം സമീപകാലത്ത് ജനകീയ സമരത്തെത്തുടർന്ന് ഉപേക്ഷിക്കപ്പെട്ട കണ്ടങ്കാളിയിലെ നിർദിഷ്ട പെട്രോളിയം സംഭരണ പദ്ധതിയാണ്. 86 ഏക്കർ വരുന്ന നെൽവയൽ നികത്തുമ്പോഴുള്ള തണ്ണീർത്തട ആവാസവ്യവസ്ഥയുടെ നശീകരണമോ പദ്ധതി മൂലമുണ്ടായേക്കാവുന്ന ജലവായു മലിനീകരണമോ കണക്കിലെടുക്കാതെയുള്ള വികസന പദ്ധതിക്കെതിരെ ശക്തമായ ജനകീയ സമരം ഉയർന്നു.

2006 ഇഐഎ വിജ്ഞാപന പ്രകാരം പദ്ധതിയുടെ പാരിസ്ഥിതിക അനുമതി വിശകലനത്തിനായി 2017 ൽ സംസ്ഥാനതല കമ്മിറ്റി മുൻപാകെ വന്നു. 2019 ൽ അപകടകരമായ വസ്തുക്കളുടെ സംഭരണവുമായി ബന്ധപ്പെട്ട പദ്ധതികളെ പാരിസ്ഥിതിക അനുമതിയിൽ നിന്ന് ഒഴിവാക്കികൊണ്ടുള്ള ഭേദഗതി വന്നതിനെത്തുടർന്ന് പദ്ധതിക്കുള്ള തടസങ്ങൾ ഒഴിവായി. ജനരോഷം മറികടക്കാൻ നിയമഭേദഗതിയിലൂടെ അധികാര കേന്ദ്രങ്ങൾക്ക് സാധിക്കും എന്നുള്ളതിന് തെളിവാണ് പിന്നീട് ഉപേക്ഷിക്കപ്പെട്ട ഈ പദ്ധതി.

പറയാതെ പോയാൽ

ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുസമൂഹത്തിന് കൈമാറാനും ജനങ്ങളുടെ അഭിപ്രായങ്ങൾ അറിഞ്ഞ് വേണ്ട പരിഹാര പ്രവർത്തനങ്ങൾ നടത്താനും പാരിസ്ഥിതികാനുമതി പ്രക്രിയയിൽ ആകെയുള്ള വേദിയാണ് പൊതുതെളിവെടുപ്പ്. പല പദ്ധതികൾക്കും അത് വേണ്ടെന്ന് വയ്ക്കുന്നതിലൂടെ സുതാര്യമായ ജനാധിപത്യ പ്രക്രിയ തന്നെ ഇല്ലാതാവുന്നു. വികസന ചർച്ചകളിലും തീരുമാനങ്ങളിലും പദ്ധതിയുടെ സാമൂഹികവും പാരിസ്ഥിതികവുമായ ആഘാതം അനുഭവിക്കാവുന്ന ജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ലെന്നും കൂടിയാലോചനകൾ അപര്യാപ്തമാണെന്നും പൊതു തെളിവെടുപ്പുകൾ സുതാര്യമല്ലെന്നുമുള്ള വിമർശനങ്ങൾ നിലവിലുണ്ട്. കൂടാതെ പൊതു തെളിവെടുപ്പ് സംബന്ധിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള സമയം 30-ൽ നിന്നും 20 ദിവസങ്ങളായി വെട്ടിക്കുറച്ചിരിക്കുന്നു.

പരിസ്ഥിതി ആഘാത പഠനം നടത്തുന്ന കൺസൾട്ടിങ് ഏജൻസിയെ ഏൽപ്പിക്കാനുള്ള ചുമതല പദ്ധതി വക്താക്കൾ തന്നെയാണ് എന്ന വൈരുദ്ധ്യവും നിലവിലുണ്ട്. ഇതിനിടെയാണ് പല പദ്ധതികളും പരിസ്ഥിതി ആഘാത പഠനമോ പൊതു തെളിവെടുപ്പോ ഇല്ലാതെ ആരംഭിക്കാനാകുമെന്ന പുതിയ വിജ്ഞാപനം ഇറങ്ങുന്നത്.

പുലരണം ജനാവകാശം

ഏത് പദ്ധതിയായാലും അത് സാമൂഹികവും പാരിസ്ഥിതികവുമായ ആഘാതങ്ങളുണ്ടാക്കുമോ എന്നറിയാനുള്ള അവകാശം പൊതുസമൂഹത്തിനും തദ്ദേശ ജനവിഭാഗങ്ങൾക്കുമുണ്ട്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് എടുക്കുന്ന തീരുമാനങ്ങളിൽ പങ്ക് വഹിക്കാനുള്ള തദ്ദേശ ജനവിഭാഗങ്ങളുടെ അവകാശവും അധികാരവുമാണ് നിയമ വ്യവസ്ഥകളെ ദുർബലപ്പെടുത്തുന്നതിലൂടെ ഇല്ലാതാകുന്നത്.

പദ്ധതി വക്താക്കൾക്കോ, സർക്കാർ വകുപ്പിനോ, വിദഗ്ധ സമിതിക്കോ, നിയന്ത്രണ അതോറിറ്റിക്കോ മാത്രമേ പരിസ്ഥിതി നിയമലംഘനങ്ങൾ അറിയിക്കാനുള്ള അധികാരമുള്ളു എന്ന വ്യവസ്ഥ സ്വേച്ഛാധിപത്യപരവും ജനങ്ങളുടെയും സംഘടനകളുടെയും അധികാരങ്ങൾ നിരാകരിക്കന്നതുമാണ്.

മുൻകാല പ്രാബല്യത്തോടെയുള്ള പാരിസ്ഥിതിക അനുമതി പരിസ്ഥിതിനിയമങ്ങളുടെ അടിസ്ഥാന തത്വങ്ങൾക്കും സുസ്ഥിര വികസനത്തിനും വിരുദ്ധമാണെന്നും അത്തരത്തിൽ അനുമതി നൽകാൻ കേന്ദ്ര സർക്കാരിന് അവകാശമില്ലെന്നും സുപ്രീം കോടതി വിധിച്ചിരുന്നു.

കുറഞ്ഞ പക്ഷം മുൻകരുതൽ തത്വങ്ങളെങ്കിലും പാലിക്കുകയെന്നതാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ കാതൽ. പ്രാവർത്തികമായാൽ ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക ആഘാതങ്ങളെ കുറിച്ചുള്ള പഠനങ്ങളും സാധ്യമായ തിരുത്തൽ നടപടികളും വേണ്ടെന്ന നയം കൂടുതൽ പരിസ്ഥിതി നാശത്തിന് വഴിതെളിക്കുമെന്ന ഭീതി നിസാരമല്ല. പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷം നിയമലംഘനം കണ്ടെത്തിയാൽ അവ തിരുത്താനും അനുമതിക്കായി അപേക്ഷിക്കാനും കരട് വിജ്ഞാപനം വ്യവസ്ഥ ചെയ്യുന്നു. മുൻകൂർ അനുമതി ഇല്ലാതെ നടന്ന നിർമാണ പ്രവർത്തനവും അനുവദനീയമായ പരിധിക്കപ്പുറം നടന്ന വിപുലീകരണ പ്രവർത്തനവുമെല്ലാം പദ്ധതി വക്താക്കൾ സ്വമേധയാ അപേക്ഷിച്ചാൽ ക്രമീകരിച്ചു നൽകാനുള്ള സാധ്യതയാണ് വിജ്ഞാപനം നൽകുന്നത്.

സാമൂഹിക- പാരിസ്ഥിതിക നീതിയിലും അവകാശങ്ങളിലും അധിഷ്ഠിതമായ നിയമനിർമാണമാണ് നമുക്കാവശ്യം. സാമ്പത്തിക ലാഭം മാത്രം നോക്കിയുള്ള അമിതവികസനമല്ല. പരിസ്ഥിതി ആഘാത പഠന പ്രക്രിയയെ പ്രത്യേക നിയമവ്യവസ്ഥയ്ക്കുള്ളിൽ കൊണ്ടുവന്നാൽ മാത്രമേ ജനതയുടെ ജീവനും സ്വത്തിനും സുരക്ഷിതത്വമുണ്ടാകുയുള്ളൂ. രാഷ്ട്രീയ സമ്മർദങ്ങൾക്കും കമ്പോള താത്പര്യങ്ങൾക്കും വഴങ്ങുന്ന വിജ്ഞാപനങ്ങൾ നാടിന് നന്നല്ല.

(അവസാനിച്ചു)

വൈറസ് കേസുകൾ 22.68 ലക്ഷത്തിൽ

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് ബാധിതരുടെ പ്രതിദിന വർധനയിൽ അൽപ്പം കുറവ്. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തുവിട്ട കണക്കിൽ അവസാന 24 മണിക്കൂറിൽ രാജ്യത്തു പുതുതായി കൊവിഡ് സ്ഥിരീകരിച്ചത് 53,601 പേർക്ക്. ഇതോടെ മൊത്തം വൈറസ്ബാധിതർ 22,68,675 ആയി. മരണസംഖ്യ 45,257. അവസാന 24 മണിക്കൂറിൽ 871 പേരാണു മരിച്ചത്. ഇതുവരെ 15.83 ലക്ഷം പേർ രോഗമുക്തരായെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇപ്പോൾ ചികിത്സയിലുള്ളത് 6,39,929 പേരാണ്.

തുടർച്ചയായി നാലു ദിവസം അറുപതിനായിരത്തിലേറെ പുതിയ കേസുകൾ സ്ഥിരീകരിച്ച ശേഷമാണ് ഇപ്പോൾ വീണ്ടും പ്രതിദിന വർധന അമ്പതിനായിരത്തിന് അടുത്തേക്കു താഴ്ന്നിരിക്കുന്നത്. റിക്കവറി നിരക്ക് 69.80 ശതമാനമായിട്ടുണ്ട്. മരണനിരക്ക് 1.99 ശതമാനമായി കുറഞ്ഞു. 4.77 ലക്ഷം സാംപിളുകളാണ് തിങ്കളാഴ്ച പരിശോധിച്ചതെന്ന് ഐസിഎആർ വ്യക്തമാക്കി.

പുതുതായി 9,181 കേസുകൾ സ്ഥിരീകരിച്ച മഹാരാഷ്ട്രയിൽ മൊത്തം വൈറസ്ബാധിതർ 5,24,513 ആയിട്ടുണ്ട്. 293 പേർ കൂടി മരിച്ച സംസ്ഥാനത്ത് ഇതുവരെയുള്ള മരണസംഖ്യ 18,050. ഇതുവരെ 3.58 ലക്ഷത്തിലേറെ പേർ രോഗമുക്തരായി.

തമിഴ്നാട്ടിൽ മൊത്തം വൈറസ്ബാധിതർ മൂന്നു ലക്ഷം പിന്നിട്ടു. മരണസംഖ്യ അയ്യായിരവും കടന്നിട്ടുണ്ട്. 5,914 പുതിയ കേസുകളാണ് 24 മണിക്കൂറിനിടെ സ്ഥിരീകരിച്ചത്. മൊത്തം വൈറസ്ബാധിതർ 3,02,815. തുടർച്ചയായി എട്ടാം ദിവസവും നൂറിലേറെ പേർ തമിഴകത്തു മരിച്ചു. 114 മരണങ്ങളാണ് ഇന്നലെ രേഖപ്പെടുത്തിയത്. ഇതോടെ മൊത്തം മരണസംഖ്യ 5,041 ആയിട്ടുണ്ട്.

16 ദിവസം കൊണ്ടാണ് തമിഴകത്തെ രോഗബാധിതർ രണ്ടു ലക്ഷത്തിൽ നിന്ന് മൂന്നു ലക്ഷത്തിലെത്തിയത്. ജൂലൈ 25ന് ഒന്നിൽ നിന്നു രണ്ടു ലക്ഷത്തിലെത്തിയപ്പോൾ 22 ദിവസമെടുത്തിരുന്നു. 2.44 ലക്ഷത്തിലേറെ പേർ രോഗമുക്തരായ സംസ്ഥാനത്ത് ഇപ്പോൾ ചികിത്സയിലുള്ളത് 53,000ലേറെ പേരാണ്. മൊത്തമുള്ളതിൽ 1.10 ലക്ഷം കേസുകളും ചെന്നൈയിൽ. 63.23 ശതമാനം കേസുകൾ ചെന്നൈ അടക്കം വടക്കൻ ജില്ലകളിലാണ്.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രയിലും കർണാടകയിലും പ്രതിദിന വർധനയിൽ അൽപ്പം കുറവുണ്ട്. ഞായറാഴ്ച പതിനായിരത്തിലേറെ കേസുകൾ റിപ്പോർട്ട് ചെയ്ത ആന്ധ്രപ്രദേശിൽ കഴിഞ്ഞ ദിവസം 7,665 പുതിയ രോഗബാധിതരെയാണു കണ്ടെത്തിയത്. തുടർച്ചയായി അഞ്ചു ദിവസം പതിനായിരത്തിലേറെ കേസുകൾ സംസ്ഥാനത്തു സ്ഥിരീകരിച്ചിരുന്നു.

പരിശോധനയിലുണ്ടായ കുറവാണ് പുതിയ കേസുകളും കുറച്ചതെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ 62,000ൽ ഏറെ പരിശോധനകൾ നടത്തിയിരുന്നു. തിങ്കളാഴ്ച 46,999 ടെസ്റ്റുകളാണു സംസ്ഥാനത്തു നടത്തിയത്. 2.35 ലക്ഷം വൈറസ്ബാധിതരാണ് ഇതുവരെ ആന്ധ്രയിൽ. മരണസംഖ്യ 2,116. എൺപതു പേർ 24 മണിക്കൂറിനിടെ മരിച്ചു. 87,773 ആക്റ്റിവ് കേസുകൾ.

കർണാടകയിലെ പ്രതിദിന വർധന അയ്യായിരത്തിൽ താഴെയായി. 4,267 പുതിയ കേസുകൾ. മൊത്തം വൈറസ്ബാധിതർ 1,82,354. മരണസംഖ്യ 3,312 ആയിട്ടുണ്ട്. 114 പേർ കൂടി മരിച്ചതോടെയാണിത്. ഒരു ലക്ഷത്തിനടുത്ത് ആളുകൾ രോഗമുക്തരായെന്നും സംസ്ഥാന ആരോഗ്യ മന്ത്രാലയം പറയുന്നു.

ഡൽഹിയിൽ 1.46 ലക്ഷവും ഉത്തർപ്രദേശിൽ 1.26 ലക്ഷവും പശ്ചിമ ബംഗാളിൽ 98,000വും ബിഹാറിൽ 82,000വും കടന്നിട്ടുണ്ട് മൊത്തം രോഗബാധിതർ. ഡൽഹിയിൽ 707 പുതിയ കേസുകളാണ് 24 മണിക്കൂറിൽ സ്ഥിരീകരിച്ചത്. 90 ശതമാനത്തിലേറെയാണ് സംസ്ഥാനത്തെ റിക്കവറി നിരക്ക്. 20 പേർ കൂടി മരിച്ചതോടെ മരണസംഖ്യ 4,131ലെത്തി.

ഉത്തർപ്രദേശിൽ 51 പേർ കൂടിയാണ് അവസാന 24 മണിക്കൂറിൽ മരിച്ചത്. സംസ്ഥാനത്തെ മൊത്തം കൊവിഡ് മരണം 2,120. ഗുജറാത്തിൽ 2672 പേർ ഇതുവരെ മരിച്ചിട്ടുണ്ട്. അവസാന 24 മണിക്കൂറിൽ സംസ്ഥാനത്തു മരിച്ചത് 20 പേരാണ്. 41 പേരുടെ മരണം കൂടി രേഖപ്പെടുത്തിയ പശ്ചിമ ബംഗാളിലെ മൊത്തം കൊവിഡ് മരണം 2,100ൽ എത്തി.

സ്വർണ കള്ളക്കടത്ത് കേസിൽ പ്രതികളായ സ്വപ്ന സുരേഷ്, സന്ദീപ് നായർ എന്നിവരെ എൻഫോഴ്സ്മെൻറ് ഡയറക്റ്ററേറ്റ് ഇന്നലെ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ഹാജരാക്കിയപ്പോൾ.

കരിപ്പൂർ വിമാനാപകടം: ചികിത്സയിലുള്ളത് 95 പേർ

സ്വന്തം ലേഖകൻ

കോഴിക്കോട്: കരിപ്പൂർ വിമാനാപകടത്തിൽ പരുക്കേറ്റ് ചികിത്സയിലുള്ളത് 95 പേർ. ഇതിൽ 68 പേർ കോഴിക്കോട്ടും 27 പേർ മലപ്പുറം ജില്ലയിലുമുള്ള ആശുപത്രികളിലാണുള്ളത്. 26 പേരുടെ സ്ഥിതി ഗുരുതരമാണ്. മൂന്ന് പേർ ഇപ്പോഴും വെന്റിലേറ്ററിൽ തുടരുന്നു. 62 പേർ സുഖം പ്രാപിച്ചു വരുന്നു. ചികിത്സയിലുള്ളവരിൽ 19 പേർ കുട്ടികളാണ്. അപകടത്തിൽ 18 പേരാണ് മരിച്ചത്.

കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ള എട്ടു പേരിൽ ഒരാളുടെ നില ഗുരുതരമാണ്. ഒൻപത് കുട്ടികളടക്കം 25 പേരാണ് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചകിത്സയിലുള്ളത്. ഇതിൽ ഗുരുതരാവസ്ഥയിലുള്ള ഒൻപതു പേരിൽ ഒരാൾ വെന്റിലേറ്ററിലാണ്. ബേബി മെമ്മോറിയൽ ആശുപത്രിയിൽ അഞ്ച് കുട്ടികളടക്കം 19 പേരാണ് ചികിത്സയിലുള്ളത്. ഇതിൽ അഞ്ചു പേരുടെ നില ഗുരുതരമാണ്. മെയ്ത്ര ആശുപത്രിയിൽ ചികിത്സയിലുള്ള 11 പേരിൽ എട്ടു പേരുടെ നില ഗുരുതരമാണ്. ഇതിൽ ഒരാൾ വെന്റിലേറ്ററിലാണ്. ഇഖ്റഅ് ആശുപത്രിയിൽ ചികിത്സയിലുള്ള ഒരു കുട്ടിയടക്കം അഞ്ചു പേരും സുഖം പ്രാപിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ കോട്ടക്കൽ അൽമാസ് ആശുപത്രിയിൽ ചികിത്സയിലുള്ള ഒരാൾ സുഖം പ്രാപിച്ചു വരുന്നു. മൂന്ന് കുട്ടികളടക്കം 15 പേരാണ് പെരിന്തൽമണ്ണ അൽശിഫ ആശുപത്രിയിലുള്ളത്. ഇവരിൽ രണ്ടു പേരുടെ നില ഗുരുതരമാണ്. മഞ്ചേരി കൊരമ്പയിൽ ആശുപത്രിയിൽ ചികിത്സയിലുള്ള ഒരാൾ സുഖം പ്രാപിച്ചു വരുന്നു. പെരിന്തൽമണ്ണ എംഇഎസ് ആശുപത്രിയിൽ ചികിത്സയിലുള്ള മൂന്ന് പേരിൽ ഒരാളുടെ നില ഗുരുതരമാണ്. രണ്ടു പേർ സുഖം പ്രാപിച്ചു വരുന്നു. കോട്ടക്കൽ മിംസ് ആശുപത്രിയിൽ ചികിത്സയിലുള്ള അഞ്ചു പേരും, മൗലാനാ ആശുപത്രിയിൽ ചികിത്സയിലുള്ള അഞ്ചു പേരും അപകടനില തരണം ചെയ്തു. കൊണ്ടോട്ടി റിലീഫ് ആശുപത്രിയിൽ ഇപ്പോൾ ആരും ചികിത്സയിലില്ല.

തദ്ദേശ വോട്ടർപട്ടിക: കരട് ഇന്ന്, അന്തിമ പട്ടിക സെപ്റ്റംബർ 26ന്

● പ്രവാസികൾക്കും ഓൺലൈനിലൂടെ പേര് ചേർക്കാം

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടികയുടെ രണ്ടാംഘട്ട പുതുക്കലിന് കരട് വോട്ടർപട്ടിക ഇന്നു പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. കരട് പട്ടികയിൽ 12540302 പുരുഷൻമാരും 13684019 സ്ത്രീകളും 180 ട്രാൻസ്ജെണ്ടറുകളും ഉൾപ്പെടെ ആകെ 26224501 വോട്ടർമാർ ഉൾപ്പെട്ടിട്ടുണ്ട്. കരട് പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് 12 മുതൽ പേര് ചേർക്കാം.

www.lsgelection.kerala.gov.in എന്ന വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷ അയയ്ക്കണം. കണ്ടൈൻമെന്റ് സോണുകളിലുള്ളവർക്ക് ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ഓൺലൈൻ വഴിയോ മൊബൈൽ ഫോൺ വീഡിയോകോൾ വഴിയോ ഹിയറിംഗിന് ഹാജരാകാം.കരട് പട്ടികയിലെ ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും മറ്റൊരു വാർഡിലേക്കോ പോളിങ് ബൂത്തിലേക്കോ സ്ഥാനമാറ്റം വരുത്തുന്നതിനും ഓൺലൈൻ അപേക്ഷകളാണ് അയയ്ക്കേണ്ടത്. കരട് പട്ടികയിലുള്ളവരെ ഒഴിവാക്കുന്നതിന് ഫോം അഞ്ചിൽ നേരിട്ടോ തപാലിലൂടെയോ വേണം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടത്.അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ 26ന് പ്രസിദ്ധീകരിക്കും. പ്രവാസികൾക്കും വോട്ടർപട്ടികയിൽ ഓൺലൈനിലൂടെ പേര് ചേർക്കുന്നതിന് അവസരം ഉണ്ട്. പ്രവാസികൾക്ക് ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് പോസ്റ്റ് വഴി അയയ്ക്കാൻ കഴിയുന്നില്ലെങ്കിൽ ഒപ്പും ഫോട്ടോയും രേഖപ്പെടുത്തിയ അപേക്ഷ സ്കാൻ ചെയ്ത് ഇ-മെയിൽ ആയി ഇആർഒയ്ക്ക് അയയ്ക്കാം.

കെസ്വിഫ്റ്റ് മുഖേന 718 കോടിയുടെ നിക്ഷേപമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ കൂടുതൽ സംരംഭക സൗഹൃദമാകുന്നതിനായി രൂപം നൽകിയ കെസ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസസ്) എന്ന ഏകജാലക സംവിധാനം വഴി 2547 സൂക്ഷ്മ, ചെറുകിട ഇടത്തരം (എംഎസ്എംഇ) സംരംഭങ്ങൾക്ക് സർക്കാർ അംഗീകാര പത്രങ്ങൾ നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.

എംഎസ്എംഇയ്ക്കു പുറത്ത് 361 സേവനങ്ങൾക്കുള്ള അംഗീകാരവും കെസ്വിഫ്റ്റ് വഴി നൽകിയിട്ടുണ്ട്. 717.80 കോടി രൂപയുടെ നിക്ഷേപമാണ് ഇതിലൂടെ വരുന്നത്. ജൂലൈ 22 വരെയുള്ള 2378 അപേക്ഷകളിൽ തീർപ്പു കൽപിച്ചു.

കെസ്വിഫ്റ്റിനെ പത്തു കോടി രൂപ വരെ നിക്ഷേപമുള്ള പദ്ധതി നിർദ്ദേശങ്ങൾക്ക് തൽക്ഷണം അനുമതി നൽകുന്ന തരത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നിലവിൽ 15 സർക്കാർ വകുപ്പുകളെയും ഏജൻസികളെയും കെ-സ്വിഫ്റ്റ് വഴി ബന്ധപ്പെടാം. കെഎസ്ഇബി, ഇലക്ട്രിക്കൽ ഇൻസ്പെക്റ്ററേറ്റ്, തൊഴിൽ, ജല അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നി സുരക്ഷ, മൈനിങ് ആൻഡ് ജിയോളജി, സംസ്ഥാന പരിസ്ഥിതി ആഘാത നിർണയ അതോറിറ്റി (എസ്ഇഐഎഎ), ഫാക്റ്ററീസ് ആൻഡ് ബോയ്‌ലേഴ്സസ് തുടങ്ങിയവ ഇതിൽ പെടും.

നിലവിൽ ഓൺലൈൻ സംവിധാനങ്ങളില്ലാത്ത വനം വകുപ്പ്, ഭൂഗർഭ ജലവകുപ്പ്, പഞ്ചായത്ത് ഡയറക്റ്ററേറ്റ്, നഗരകാര്യ വകുപ്പ്, ചീഫ് ടൗൺ പ്ലാനിങ് തുടങ്ങിയവയെ ബന്ധിപ്പിക്കാനുള്ള സംവിധാനവും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആരോഗ്യം, കൃഷി, റവന്യൂ, ദേശീയ ഭക്ഷ്യസുരക്ഷാ അതോറിറ്റി , തീര സംരക്ഷണ മാനേജ്മെന്റ് അഥോറിറ്റി എന്നിവയെ കെസ്വിഫ്റ്റിന്റെ അടുത്ത ഘട്ടത്തിൽ ഉൾപെടുത്തുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

വ്യക്തി അധിക്ഷേപം: ഇരട്ടത്താപ്പ് പാടില്ല

തിരുവനന്തപുരം: ഏതെങ്കിലും കൂട്ടർക്കെതിരെ വ്യക്തിപരമായ അധിക്ഷേപങ്ങൾ വരുമ്പോൾ കൈയടിച്ച് കൊടുക്കലും, മറ്റൊരു കൂട്ടർക്കെതിരെ വരുമ്പോൾ രോഷം കൊള്ളുകയും ചെയ്യുന്ന ഇരട്ടത്താപ്പ് പാടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

എല്ലാവരും ഒരേ സമീപനം സ്വീകരിച്ച് പോകണം. ആശയ സംവാദങ്ങളാകണം ഉണ്ടാകേണ്ടത്. മാധ്യമപ്രവർത്തകരെ സമൂഹമാധ്യമങ്ങളിലൂടെ അധിക്ഷേപിച്ചെന്ന പരാതി അന്വേഷണത്തിന വിട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

വ്യക്തിപരമായ അധിക്ഷേപങ്ങൾക്കെതിരെ നിയമനടപടി കർശനമായി സ്വീകരിക്കും. സാമൂഹ്യ മാധ്യമങ്ങളിലുള്ളവർ മാത്രമല്ല, മറ്റു മാധ്യമങ്ങളിൽ നിന്നുള്ളവരും വ്യക്തിപരമായ ആക്ഷേപത്തിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുന്നതാണ് നല്ലത്. വ്യാജവാർത്തകൾ ബോധപൂർവം പ്രചരിപ്പിക്കുന്ന ചില കേന്ദ്രങ്ങളുമുണ്ട്. ഇത്തരം കാര്യങ്ങളിൽ കുറേക്കൂടി നിയമപരമായ കരുത്ത് വേണമെന്ന അഭിപ്രായമുണ്ട്. അതിനായി കൂടുതൽ ചർച്ച ചെയ്യണമെന്നും മുഖ്യമന്ത്രി അറിയിച്ചു.

നെടുങ്കണ്ടം കസ്റ്റഡി മരണം:
എസ്പി വേണുഗോപാലിനെ സിബിഐ ചോദ്യം ചെയ്തു

തിരുവനന്തപുരം: നെടുങ്കണ്ടം കസ്റ്റഡി മരണക്കേസുമായി ബന്ധപ്പെട്ട് ഇടുക്കി മുൻ എസ്പി. കെ.ബി വേണുഗോപാലിനെ സിബിഐ ചോദ്യം ചെയ്തു. തിരുവനന്തപുരം യൂണിറ്റ് ഓഫീസിലേക്ക് വിളിച്ചുവരുത്തിയാണ് ചോദ്യം ചെയ്തത്.

രാജ്കുമാറിനെ കസ്റ്റഡിയിൽ എടുത്തത് സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥർക്ക് അറിയാമായിരുന്നുവെന്നും കസ്റ്റഡി മർദനം തടയുന്നതിൽ എസ്പി അടക്കമുള്ളവർക്ക് ഉത്തരവാദിത്തമുണ്ടായിരുന്നുവെന്നുമാണ് സിബിഐയുടെ നിലപാട്. ഇതുൾപ്പെടയുള്ള കാര്യങ്ങളിലെ വിശദീകരണമാണ് എസ്പി വേണുഗോപാലിനോട് സിബിഎം സംഘം തേടിയത്. അതേസമയം വേണുഗോപാലിനെ ഈ ഘട്ടത്തിൽ അറസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടിന്ന് സിബിഐ വ്യക്തമാക്കി.

വിശദമായ ചോദ്യം ചെയ്യലിൽ തെളിവു ലഭിച്ചാൽ മാത്രമേ പ്രതി ചേർത്ത് അറസ്റ്റു ചെയ്യൂവെന്നും സിബിഐ വ്യക്തമാക്കി. സാമ്പത്തിക തട്ടിപ്പ് കേസിൽ 2019 ജൂൺ 12നാണ് രാജ്കുമാറിനെ പൊലീസ് കസ്റ്റഡിയിൽ എടുത്തത്. എന്നാൽ രണ്ടു ദിവസത്തോളം അറസ്റ്റ് രേഖപ്പെടുത്താതെ കസ്റ്റഡിയിൽ മർദ്ദിച്ചു. അവശനിലയിലായ രാജ്കുമാറിന്റെ അറസ്റ്റ് 15നാണ് രേഖപ്പെടുത്തിയത്. തുടർന്ന് റിമാൻഡ് ചെയ്തു. ജയിലിൽ അവശനിലയിൽ കിടന്ന രാജ്കുമാറിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജൂൺ 21ന് മരണമടയുകയായിരുന്നു.

പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണകാരണം ന്യുമോണിയ ബാധ ആണെന്ന് പറയുന്നുണ്ടെങ്കിലും ജുഡീഷ്യൽ കമ്മീഷന്റെ നിർദേശപ്രകാരം നടത്തിയ രണ്ടാം പോസ്റ്റുമോർട്ടത്തിൽ 22 മുറിവുകൾ ശരീരത്തിൽ കണ്ടെത്തിയിരുന്നു.ധനകാര്യ സ്ഥാപനത്തിനു വേണ്ടി ആറു മാസം കൊണ്ട് മൂന്നു കോടി രൂപ രാജ്കുമാർ പിരിച്ചെടുത്തുവെന്ന് സ്ഥാപനത്തിലെ ഒരു ജീവനക്കാരി മൊഴി നൽകിയിരുന്നു. ഈ പണം കുമളിയിലേക്ക് കൊണ്ടുപോയി എന്നാണ് മൊഴി. എന്നാൽ ഈ പണം കണ്ടെത്താൻ പൊലീസിന് ഇതുവരെ കഴിഞ്ഞിട്ടില്ല. വേണുഗോപാലിന്റെ മുൻകൂർ ജാമ്യാപേക്ഷയെ ഇന്നലെ സിബിഐ ഹൈക്കോടതിയിൽ എതിർത്തതിന് പിന്നാലെയാണ് ചോദ്യം ചെയ്യാനായി നോട്ടീസ് നൽകിയത്.

കേരളത്തിൽ കരിമീൻ ഉത്പാദനം ഉയർത്താൻ കേന്ദ്രം

കൊച്ചി: വിപുലമായ കൃഷിയിലൂടെ കേരളത്തിലെ കരിമീൻ ഉത്പാദനം കൂട്ടുന്നതിന് സംസ്ഥാന സർക്കാറിന്റെ സഹകരണം തേടി കേന്ദ്ര ഓരുജല കൃഷി ഗവേഷണ സ്ഥാപനം (ഐസിഎആർ- സിബ). വർഷം 10,000 ടൺ വേണ്ടിടത്ത് കേവലം 2,000 ടൺ മാത്രമാണ് സംസ്ഥാനത്ത് കരിമീൻ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്നതെന്നാണ് സിബയുടെ കണ്ടെത്തൽ.

ഏറെ ആവശ്യക്കാരുള്ളതും മികച്ച വിപണി മൂല്യവുമുള്ള (കിലോയ്ക്ക് ശരാശരി 500 രൂപ) കേരളത്തിന്റെ ദേശീയ മത്സ്യമായ കരിമീൻ കൃഷി ചെയ്ത് ഉത്പാദിപ്പിക്കുന്നതിലൂടെ കരിമീൻ കർഷകർക്കും സംസ്ഥാനത്തിനും മികച്ച സാമ്പത്തിക നേട്ടം കൊയ്യാനാകുമെന്നും സിബയിലെ ഗവേഷകർ വിലയിരുത്തുന്നു.

കേരളത്തിലെ കരിമീൻ കർഷകർക്കായി സംഘടിപ്പിച്ച വെബിനാറിൽ സിബ ഡയറക്റ്റർ ഡോ. കെ.കെ. വിജയനാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

കരിമീൻ വളർത്തലിന്റെ സാങ്കേതിക വിദ്യയും തീറ്റയും സിബ നേരത്തെ വികസിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ മതിയായ അളവിൽ ശാസ്ത്രീയ ഹാച്ചറി സംവിധാനങ്ങൾ ഇല്ലാത്തതിനാൽ കർഷകർക്ക് വേണ്ട സമയത്ത് ആവശ്യമായ അളവിൽ വിത്തുകൾ ലഭ്യമാകാതെ വരുന്നതാണ് കേരളത്തിലെ കരിമീൻ കൃഷി മേഖല പുരോഗതി കൈവരിക്കാത്തത്. കർഷകരുടെ ഏകോപനമില്ലായ്മയും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കാത്തതും സംസ്ഥാനത്തെ കരിമീൻ കൃഷിയെ ദോശകരമായി ബാധിക്കുന്നു.

ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ കൃഷിരീതികൾ ജനകീയമാക്കുകയാണ് വേണ്ടത്. ഇതിന് സർക്കാർ മേൽനോട്ടത്തിലുള്ള പങ്കാളിത്ത പദ്ധതികൾ ഗുണം ചെയ്യുമെന്നും വെബിനാർ അഭിപ്രായപ്പെട്ടു.

സെലക്റ്റീവ് ബ്രീഡിങ് സാങ്കേതികവിദ്യ വേണം

നിലവിൽ ഒരു കരിമീനിന് 200 ഗ്രാമെങ്കിലും തൂക്കം കിട്ടാൻ ഒരു വർഷം വരെ കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. വളർച്ചാനിരക്ക് കൂട്ടുന്നതിനായി കരിമീനിന്റെ സെലക്റ്റീവ് ബ്രീഡിങ് സാങ്കേതിക വിദ്യ വികസിപ്പിക്കേണ്ടതുണ്ടെന്നു സിബ ഡയറക്റ്റർ പറഞ്ഞു.

ജനിതകഘടന മെച്ചപ്പെടുത്തിയുള്ള ഈ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് ചുരുങ്ങിയത് അഞ്ചു വർഷമെങ്കിലും വേണ്ടിവരും. അഞ്ച് മുതൽ പത്ത് കോടി വരെ സാമ്പത്തിക ചെലവും ആവശ്യമായി വരും. ഇത് പൂർത്തീകരിക്കുന്നതിന് സർക്കാർ മേൽനോട്ടത്തിൽ സിബ, കുഫോസ്, ഫിഷറീസ് വകുപ്പ്, കർഷകർ എന്നിവരുടെ ഏകോപനം വേണം.

.സിബയുടെ സാങ്കേതികസഹായത്തോടെ ആലപ്പുഴ ജില്ലയിൽ ഒരു കരിമീൻ ഹാച്ചറി പ്രവർത്തിക്കുന്നുണ്ട്. ഈ മാതൃക സംസ്ഥാന സർക്കാറിന്റെ മറ്റ് ഏജൻസികളുമായി ചേർന്ന് സംസ്ഥാനത്താകെ നടപ്പിലാക്കാനാകുമെന്നാണ് സിബയുടെ പ്രതീക്ഷ.

നിരത്തുകളിലെ പരിശോധനക്ക് ഡിവൈഎസ്പിമാർ നേരിട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് പ്രതിരോധത്തിന് സമഗ്ര പദ്ധതികളുമായി പൊലിസ്. റോഡിലും വ്യാപാര സ്ഥാപനങ്ങളിലും ആൾക്കൂട്ടം അനുവദിക്കില്ല. കർശന നിയന്ത്രണം ഇക്കാര്യത്തിൽ ഏർപ്പെടുത്തണമെന്ന് ഇന്നലെ ഡിജിപി വിളിച്ച അവലോകന യോഗത്തിൽ തീരുമാനമായി. നിരത്തുകളിലെ പരിശോധനകൾക്ക് ഡിവൈഎസ്പിമാർ നേരിട്ട് നേതൃത്വം നൽകും.

ലൈഫ് മിഷനിൽ സ്വപ്നയ്ക്ക് കമ്മീഷൻ ലഭിച്ചത് എന്തിന്?- കെ. സുരേന്ദ്രൻ

കോഴിക്കോട്: ലൈഫ് മിഷൻ പദ്ധതിയിൽ സ്വപ്നയ്ക്ക് കമ്മീഷൻ ലഭിച്ചത് എന്തിനെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ. ചാരിറ്റി സംഘടനയായ റെഡ്ക്രസന്റ് ലൈഫ് മിഷന് നൽകിയ സേവനത്തിൽ എവിടെയാണ് കമ്മീഷൻ വരുന്നതെന്ന് അദ്ദേഹം ചോദിച്ചു.

സർക്കാരുമായി എംഒയു ഉണ്ടാക്കിയ സംഘടന നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയിട്ടുണ്ടോ? പണി പൂർത്തിയാകും മുമ്പ് സ്വപ്നയ്ക്ക് കമ്മീഷൻ കൊടുത്തതും അത് ലോക്കറിലേക്ക് മാറ്റാൻ ശിവശങ്കരൻ ഇടപെട്ടതും ലൈഫിന്റെ ചെയർമാനായ മുഖ്യമന്ത്രിയല്ലാതെ മറ്റാരാണ് അറിയുക. തൃശൂരിൽ ലൈഫ് മിഷൻ നിർമിക്കുന്ന ഫ്ലാറ്റിന്റെ ബോർഡിൽ യുഎഇ കോൺസുലേറ്റിന്റെ ബോർഡ് വച്ചത് എന്തിനാണെന്ന് മുഖ്യമന്ത്രി പറയണം. ജലീലിനെ പോലെ മുഖ്യമന്ത്രിയുടെ ഓഫീസും യുഎഇ കോൺസുലേറ്റുമായി ബന്ധപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാണ്. സംസ്ഥാന സർക്കാരിന് വിദേശ രാജ്യവുമായി എങ്ങനെയാണ് ഇടപെടൽ നടത്താനാവുക? ഇത്തരം ചോദ്യങ്ങളിൽ നിന്നെല്ലാം മുഖ്യമന്ത്രി സമർത്ഥമായി ഒഴിവാകുകയാണെന്നും സുരേന്ദ്രൻ പറഞ്ഞു.

ചോദ്യം ചോദിക്കുന്നവരെ ഭീഷണിപ്പെടുത്തിയതു കൊണ്ടൊന്നും കാര്യമില്ല. എല്ലാം എൻഐഎ അന്വേഷിക്കുമെന്ന് പറഞ്ഞ് ജനങ്ങളുടെ കണ്ണിൽപൊടിയിടുകയാണ് മുഖ്യമന്ത്രി. മുഖ്യമന്ത്രിയുടെ ഓഫീസ്കേന്ദ്രീകരിച്ച് നടന്ന സാമ്പത്തിക അഴിമതികൾ എൻഐഎയുടെ പരിധിയിൽ വരില്ലെന്ന സാമാന്യബുദ്ധി സംസ്ഥാനത്തെ ജനങ്ങൾക്കുണ്ട്. സ്വപ്ന മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിച്ച് കേസ് അട്ടിമറിക്കാൻ ശ്രമിച്ചതിന്റെ ഡിജിറ്റൽ തെളിവുകൾ കയ്യിലുണ്ടെന്ന് കസ്റ്റംസ് കോടതിയെ അറിയിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്വപ്നയക്ക് വലിയ സ്വാധീനമുണ്ടെന്നും മുഖ്യമന്ത്രിയുമായി ഇവർക്ക് ബന്ധമുണ്ടെന്നും എൻഐഎയും കോടതിയിൽ അറിയിച്ചിട്ടുണ്ട്. ഇതിനെ പറ്റി പ്രതികരിക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്നും സുരേന്ദ്രൻ ആവശ്യപ്പെട്ടു.

സ്പ്രിൻക്ലറിന് പിന്നാലെ കേരളത്തിലെ പതിനായിരക്കണക്കിന് വിദ്യാർഥികളുടെ ഡാറ്റ സ്വകാര്യ കമ്പനിക്ക് മറിച്ചു നൽകുകയാണ് സർക്കാർ. പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എസ്ഐഇടിയുടെ മറവിലാണ് ബംഗളൂരു കമ്പനിയായ ലാസിമിന് ഡാറ്റ കൈമാറുന്നത്. കണ്ണൂരിലെ ചിലരാണ് ഇതിന്റെ പിറകിൽ. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട മാതൃകാ പരീക്ഷയുടെ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ വിവരങ്ങളാണ് സ്വകാര്യ കമ്പനി ചോർത്തുന്നതെന്ന് സുരേന്ദ്രൻ ആരോപിച്ചു. സ്പ്രിൻക്ലറിനെ പോലെ സൗജന്യ സേവനമെന്നാണ് സർക്കാർ വാദം. സംസ്ഥാന സർക്കാരിന്റെ അഴിമതികളെല്ലാം ഫ്രീ ഓഫർ ബോർഡ് വച്ചിട്ടാണെന്നും അദ്ദേഹം പരിഹസിച്ചു.

രാഹുൽ അധ്യക്ഷപദം ഏറ്റെടുക്കണമെന്ന് ചെന്നിത്തല

■ പിന്തുണച്ച് കെ.സി. വേണുഗോപാലും

തിരുവനന്തപുരം: കോൺഗ്രസ് അധ്യക്ഷ സ്ഥാനം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല രാഹുൽ ഗാന്ധിക്ക് കത്തയച്ചു. ഒരു പ്രതീക്ഷയുമില്ലാതെയാണ് ജനങ്ങൾ മുന്നോട്ടുപോകുന്നത്. ഭരണഘടന, പാർലമെന്ററി ജനാധിപത്യം, ഫെഡറലിസം, മതേതരത്വം തുടങ്ങിയവ ദുർബലപ്പെടുത്താൻ കരുതിക്കൂട്ടിയുള്ള ശ്രമങ്ങളാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്നത്. ഈ രാജ്യത്തെ സമാധാനപ്രേമികളായ മുഴുവൻ ജനങ്ങളെയും നിരാശപ്പെടുത്തുന്ന ഇത്തരം നടപടികൾ ഒരിക്കലും അനുവദിക്കാൻ കഴിയുന്നതല്ല.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഭരണഘടനാ ശിൽപികൾ വളരെ കരുതലോടെ തയാറാക്കിയ നമ്മുടെ ഭരണഘടനയുടെ അന്തസത്ത തന്നെ ഇപ്പോഴത്തെ ഭരണാധികാരികൾ ആസൂത്രിതമായി ദുർബലപ്പെടുത്തുകയും ഇല്ലാതാക്കുകയും ചെയ്യുന്നു. ജനാധിപത്യ സംവിധാനങ്ങൾ വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ ശക്തമായ ദേശീയ ബദലിന് രൂപം നൽകാൻ രാഹുൽ ഗാന്ധി നേതൃസ്ഥാനം ഏറ്റെടുക്കണം- ചെന്നിത്തല ആവശ്യപ്പെട്ടു.

രാഹുൽ അധ്യക്ഷ സ്ഥാനത്ത് വരണമെന്നാണ് നേതാക്കളുടെയും പ്രവർത്തകരുടെയും ആഗ്രഹമെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപിയും വ്യക്തമാക്കി. കൊവിഡ് സാഹചര്യത്തിലാണ് എഐസിസി സമ്മേളനം നീണ്ടുപോകുന്നതെന്നും കെ.സി വേണുഗോപാൽ പറഞ്ഞു

കാണണം, ഈ കുട്ടികളെ ...

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ഈ കുട്ടികൾ ആരുടെയും കണ്ണു നനയിക്കും... പക്ഷെ, ആരിൽനിന്നും അവർക്ക് ഒരു സഹായവുമില്ല. മാതാപിതാക്കൾക്കോ, വീട്ടുകാർക്കോ ഇവരെ പലപ്പോഴും ഒറ്റയ്ക്ക് നോക്കാനുമാവില്ല. അതിന് തത്കാലം പരിഹാരമില്ല. എന്നാൽ, ഈ കൊവിഡ് കാലത്ത് എന്തെങ്കിലും സാമ്പത്തിക സഹായം ഇവർക്ക് നൽകിയില്ലെങ്കിൽ അത് പട്ടിണി കിടക്കുകയാണെന്ന് പറയാൻ പോലും നിവൃത്തിയില്ലാത്ത ഈ കുഞ്ഞുങ്ങളോട് ചെയ്യുന്ന ക്രൂരതയാണ്...

ഓട്ടിസം, സെറിബ്രൽ പാൾസി ഉൾപ്പെടെ വിവിധ രോഗങ്ങൾ ബാധിച്ച കുട്ടികളാണ് ഒരുവിധ സഹായവുമില്ലാതെ നരകിക്കുന്നത്. ആകെയുള്ള ആശ്വാസം നരകിക്കുകയാണെന്ന് ഇവർക്ക് അറിയാനാവുന്നില്ല എന്നതാണ്. ഓട്ടിസം ബാധിച്ചവരിൽ ചിലർ ചിലപ്പോൾ രോഷമായോ, സങ്കടമായോ ഒക്കെ അത് പ്രകടിപ്പിച്ചെന്നിരിക്കും. പക്ഷെ, ഇവർ തീർച്ചയായും സഹായം അർഹിക്കുന്നുണ്ടെന്ന് ഇവരോടൊപ്പം കുറച്ചുനേരമെങ്കിലും ചെലവഴിച്ചവർ സമ്മതിക്കുമെന്നുറപ്പാണ്.

സ്കൂൾ വിദ്യാർഥികൾക്ക് സർക്കാർ അരിയും പലവ്യഞ്ജനവും നൽകുന്നുണ്ട്. പക്ഷെ, അത് ഈ കുട്ടികൾക്ക് കിട്ടില്ല. കാരണം, ഇവരിൽ ബഹുഭൂരിപക്ഷവും പഠിക്കുന്നത് ഭിന്നശേഷി വിദ്യാലയങ്ങളിലോ ബഡ്സ് സ്കൂളിലോ ആണ്. അത് സർക്കാർ എയ്ഡഡ് സ്കൂൾ പരിധിയിൽ വരാത്തതിനാൽ ഇവർക്ക് അരിയുൾപ്പെടെ ഒരു കിറ്റിന്റെയും ആനുകൂല്യം കിട്ടുന്നില്ല.

ഓട്ടിസം ബാധിച്ച കുട്ടികളുടെ പ്രധാനലക്ഷണം തനിച്ചിരിക്കാനുള്ള ഇഷ്ടമാണ്. ഇത് കുട്ടികളുടെ ആശയവിനിമയ ശേഷിയെയും സഹവർത്തിത്വ ശേഷിയെയുമാണ് കാര്യമായി ബാധിക്കുന്നത്. കുട്ടിയുടെ തലച്ചോറ് വളരുന്ന ഘട്ടത്തിൽ തലച്ചോറിൽ ഉണ്ടാകുന്ന ക്ഷതമോ വൈകല്യമോ മൂലമുണ്ടാകുന്ന നാഡീവ്യൂഹ തകരാറാണ് സെറിബ്രൽ പാൾസി.

ഈ രോഗങ്ങളുടെ ചികിത്സപോലും എന്തെന്ന് പലർക്കും അറിയാത്ത അവസ്ഥയുമുണ്ട്. ഈ മേഖലയിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന 'അമ്മമനസ്' എന്ന സംഘടന കേന്ദ്ര- സംസ്ഥാന സർക്കാരുകളോടും നിയമസഭാ, പാർലമെന്റ് അംഗങ്ങളോടും സഹായം അഭ്യർഥിച്ചിട്ടും ഇതുവരെയും നടപടിയൊന്നും ആയിട്ടില്ല. കണ്ണുള്ളവരേ, കാണൂ ഈ ദുരിതം എന്നാണ് ഇവരുടെ അഭ്യർഥന.

ഉപസമിതി മുല്ലപ്പെരിയാർ സന്ദർശിച്ചു

കുമളി: മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഉപസമിതി ഡാം സന്ദർശിച്ചു. ഇന്നലെ ഉച്ചയ്ക്ക് ഒന്നരയോടെ തേക്കടിയിലെ ബോട്ട് ലാൻഡിങ്ങിലെത്തിയ സംഘം നിന്ന് ബേബി ഡാം, പ്രധാന ഡാം, ഗ്യാലറി, ഷട്ടറുകൾ എന്നിവ വിശദമായി പരിശോധിച്ചു.വൈകിട്ട് അഞ്ചോടെ തിരികെയെത്തി യോഗം ചേർന്നു.

തമിഴ്നാട് പരമാവധി വെള്ളം കൊണ്ടുപോകുന്നതായും നിലവിൽ വൃഷ്ടി പ്രദേശത്ത് മഴയില്ലാത്തതിനാൽ ഡാം തുറക്കുന്നതടക്കമുള്ള കാര്യങ്ങൾ ചർച്ചയായില്ലെന്നും കേരളത്തിന്റ പ്രതിനിധിയായ പ്രസീദ് അറിയിച്ചു. ചെയർമാൻ ശരവണകുമാർ, കേരളത്തിന്റെ പ്രതിനിധികളായ വിനു ബേബി, പ്രസീദ്, സാം ഇർവിൻ, ടി. കുമാർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

കൊച്ചി വിമാനത്താവളത്തിന് ₹204 കോടിയുടെ ലാഭം

കൊച്ചി: കൊച്ചി രാജ്യാന്തര വിമാനത്താവള കമ്പനി ലിമിറ്റഡ് (സിയാൽ) 2019-20 സാമ്പത്തിക വർഷത്തിൽ 204.05 കോടി രൂപയുടെ ലാഭം നേടി. കൊച്ചിൻ ഡ്യൂട്ടി ഫ്രീ ഉൾപ്പെടെയുള്ള ഉപകമ്പനികൾ കൂടി പരിഗണിച്ചാൽ മൊത്തവരുമാനം 810.08 കോടി രൂപയാണ്. അതേസമയം കൊവിഡിനെത്തുടർന്നുണ്ടായ പ്രവർത്തന നിയന്ത്രണം വന്നതോടെ ഈ സാമ്പത്തിക വർഷം ആദ്യപാദം പിന്നിട്ടപ്പോൾ തന്നെ സിയാൽ 72 കോടി രൂപയുടെ നഷ്ടമുണ്ടാക്കി.

2019-20 സാമ്പത്തിക വർഷത്തിൽ സിയാൽ മാത്രം 655.05 കോടിയുടെ മൊത്തവരുമാനം നേടി. നികുതി കിഴിച്ചുള്ള ലാഭം 204.05 കോടി രൂപ. മുൻ സാമ്പത്തിക വർഷം 166.91 കോടിയായിരുന്നു ലാഭം. ലാഭത്തിലുണ്ടായ വളർച്ച 22.25%. നൂറുശതമാനം പങ്കാളിത്തമുള്ള ഉപകമ്പനികളുടെ പ്രവർത്തനം കൂടി പരിഗണിച്ചാൽ മൊത്തം 226.23 കോടി രൂപയാണ് ലാഭം. ഓഹരിയുടമകൾക്ക് ഇത്തവണ 27 ശതമാനം ലാഭവിഹിതം മുഖ്യമന്ത്രി പിണറായി വിജയൻ ചെയർമാനായ ഡയറക്റ്റർബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. സെപ്റ്റംബർ അഞ്ചിന് നിശ്ചയിച്ചിട്ടുള്ള വാർഷിക പൊതുയോഗം അംഗീകരിച്ചാൽ 19,500ൽപ്പരം നിക്ഷേപകർക്ക് 27 ശതമാനം ലാഭവിഹിതം ലഭിക്കും. 34 കോടിയോളം രൂപ സംസ്ഥാന സർക്കാരിന് ഈയിനത്തിൽ സിയാലിൽ നിന്ന് ലഭിക്കും. 2003-04 സാമ്പത്തിക വർഷം മുതൽ സിയാൽ മുടങ്ങാതെ ലാഭവിഹിതം നൽകുന്നുണ്ട്. ഇത്തവണത്തെ ഡയറക്റ്റർബോർഡിന്റെ ശുപാർശ അംഗീകരിക്കപ്പെട്ടാൽ മൊത്തം ലാഭവിഹിതം 282 ശതമാനമായി മാറും.

ഈ വർഷം ഇതുവരെ നഷ്ടം 72 കോടി

കൊവിഡിനെ തുടർന്ന് 2020 മാർച്ച് അവസാനയാഴ്ച മുതൽ വ്യോമഗതാഗതം അന്താരാഷ്ട്ര തലത്തിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. പ്രതിദിനം 242 സർവീസുകളും മുപ്പതിനായിരത്തോളം യാത്രക്കാരും ഉണ്ടായിരുന്ന സിയാലിൽ ഇപ്പോൾ ശരാശരി 36 സർവീസുകൾ മാത്രമാണുള്ളത്. പ്രതിദിന യാത്രക്കാരുടെ എണ്ണം 2300-ൽ താഴെയായി. 2020-21 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ (ഏപ്രിൽ -ജൂൺ) സിയാലിനുണ്ടായ വരുമാനം 19 കോടി രൂപ മാത്രമാണ്. നഷ്ടം 72 കോടിയും.

കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുള്ള യാത്രാസൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കുന്നതിനായി സിയാലിന് വലിയ ചെലവ് നേരിടുന്നുണ്ട്. വെള്ളപ്പൊക്ക നിവാരണ പദ്ധതികൾക്കായി മൊത്തം 129.30 കോടി രൂപ സിയാൽ ചെലവിടുന്നുണ്ട്. കൊവിഡിനെത്തുടർന്നുള്ള പ്രതിസന്ധി അയയുന്നതോടെ കമ്പനിയ്ക്ക് മുൻവർഷങ്ങളിലെ പ്രവർത്തന വിജയം ആവർത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഡയറക്റ്റർ ബോർഡ് യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനായിരുന്നു. സിയാൽ ഡയറക്റ്റർമാരായ മന്ത്രി തോമസ് ഐസക്, മന്ത്രി വി.എസ്. സുനിൽകുമാർ, കെ. റോയ് പോൾ, എ.കെ. രമണി, എം.എ. യൂസഫലി, സി.വി. ജേക്കബ്. എൻ.വി. ജോർജ്, ഇ.എം. ബാബു, സിയാൽ മാനെജിങ് ഡയറക്റ്റർ വി.ജെ. കുര്യൻ, കമ്പനി സെക്രട്ടറി സജി കെ. ജോർജ് എന്നിവർ പങ്കെടുത്തു.

സ്വർണക്കടത്തിന് പിന്നിൽ രാജ്യാന്തര ശൃംഖലയെന്ന് കസ്റ്റംസ്

- പണം ഗൾഫിൽ എത്തുന്നത് ഹവാല വഴി
- പ്രധാനികളായ രണ്ട് പ്രതികൾ ദുബായിൽ

കൊച്ചി: തിരുവനന്തപുരം സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ടു ദുബായിലുള്ള രണ്ടു പേരെ കൂടി അറസ്റ്റു ചെയ്യാനുണ്ടെന്ന് കസ്റ്റംസ് ഹൈക്കോടതിയെ അറിയിച്ചു. ഇതിനുള്ള നടപടികൾ തുടരുകയാണ്. കള്ളക്കടത്തിനു പിന്നിൽ രാജ്യാന്തര റാക്കറ്റാണ് പ്രവർത്തിക്കുന്നത്. ഒരു സംഘം ആളുകളാണ് കള്ളക്കടത്തിനായി പണം മുടക്കുന്നതെന്നും കസ്റ്റംസ് കോടതിയിൽ വിശദീകരിച്ചു.

പണം ഹവാലാ മാർഗത്തിലൂടെയാണ് ഗൾഫിൽ എത്തുന്നത്. ഇതിനു സ്വർണം വാങ്ങി അയയ്ക്കുന്നതാണു സംഘത്തിന്റെ രീതി. ശൃംഖലയുടെ ഭാഗമെന്ന് സംശയിക്കുന്ന വിദേശത്തുള്ള ഫൈസൽ ഫരീദ്, റബിൻസ് എന്നിവരെക്കൂടി അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തെങ്കിലേ കേസ് മുന്നോട്ടുപോകൂ- കസ്റ്റംസ് പറഞ്ഞു. സ്വർണക്കടത്തുകേസിലെ മൂന്നു പ്രതികളുടെ ജാമ്യാപേക്ഷയാണ് ഹൈക്കോടതി പരിഗണിച്ചത്.

സ്വർണക്കടത്തിൽ അറസ്റ്റിലായ ഒൻപതാം പ്രതി മഞ്ചേരി സ്വദേശി മുഹമ്മദ് അൻവർ, പതിമൂന്നാം പ്രതി കോഴിക്കോട് സ്വദേശി മുഹമ്മദ് അബ്ദുൾ ഷമീം, പതിനാലാം പ്രതി കോഴിക്കോട് സ്വദേശി ജിഫ്സൽ എന്നിവരുടെ ജാമ്യാപേക്ഷയെ എതിർത്താണ് കസ്റ്റംസ് ഇക്കാര്യങ്ങൾ കോടതിയെ അറിയിച്ചത്. കള്ളക്കടത്ത് റാക്കറ്റിൽ ഒരു സംഘം ആളുകൾ ഉണ്ട്. ഇവർ പണം ഇറക്കി ഗൾഫിലെത്തിച്ച് അവിടെ നിന്ന് സ്വർണം എത്തിക്കുകയാണെന്നും കസ്റ്റംസ് വ്യക്തമാക്കി.

തങ്ങൾക്ക് കള്ളക്കടത്തുമായി നേരിട്ടോ അല്ലാതെയോ ബന്ധമില്ലെന്നും തെറ്റായി പ്രതിചേർത്തതാണെന്നും പ്രതികൾ കോടതിയെ ബോധിപ്പിച്ചു. ഏഴുവർഷം വരെ ശിക്ഷ കിട്ടാവുന്ന കുറ്റമായതിനാൽ ജാമ്യം അനുവദിക്കണമെന്നും പ്രതികൾ ആവശ്യപ്പെട്ടു. ഹർജികൾ വിധി പറയാനായി മാറ്റി .കേസിലെ മുഖ്യപ്രതി സ്വപ്ന സുരേഷിന്റെ ജാമ്യ ഹർജി കൊച്ചിയിലെ എൻഐഎ കോടതി തള്ളിയിരുന്നു. ജാമ്യം ലഭിച്ചാൽ, ഉന്നതരുമായുള്ള അടുത്ത ബന്ധമുപയോഗിച്ച് കേസിൽ ഇടപെടാൻ ശ്രമിക്കുമെന്ന അന്വേഷണ ഏജൻസിയായ എൻഐഎയുടെ വാദം അംഗീകരിച്ചാണ് എൻഐഎ കോടതി ജാമ്യം നിഷേധിച്ചത്.

സ്വർണക്കടത്ത്: പ്രതികളുടെ കസ്റ്റഡി കാലാവധി നീട്ടി

കൊച്ചി: ദുബായിൽ നിന്നും തിരുവനന്തപുരം വിമാനത്താവളം വഴി സ്വർണം കടത്തിയ കേസിലെ പ്രതികളായ സ്വപ്ന സുരേഷ്, സന്ദീപ് നായർ, സരിത്ത് എന്നിവരുടെ കസ്റ്റഡി കാലാവധി എൻഫോഴ്മെന്റ് ഡയറക്റ്ററേറ്റിന്റെ (ഇഡി) ആവശ്യപ്രകാരം കോടതി നീട്ടി. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് നാലുപേരുടെയും കസ്റ്റഡി കാലാവധി നാലു ദിവസത്തേക്ക് കൂടി നീട്ടി നൽകിയത്.

സ്വർണക്കടത്ത് കൂടാതെ ഹവാല ഇടപാടുകളെക്കുറിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്ന് എൻഫോഴ്സ്മെന്റ് കോടതിയിൽ അറിയിച്ചു. പ്രതികളുടെ മൊഴിയും ഉന്നത ബന്ധം അടക്കമുള്ള കാര്യങ്ങളും പരിശോധിച്ചു വരികയാണെന്നും കോടതിയെ ഇഡി അറിയിച്ചു.

മൂവരെയും കസ്റ്റഡിയിൽ നടത്തിയ ചോദ്യം ചെയ്യലിൽ നിർണായകമായ പല വിവരങ്ങളും ലഭിച്ചിട്ടുണ്ട്. സ്വർണക്കടത്തിൽ പങ്കാളിത്തമുള്ള മറ്റുള്ളവരെക്കുറിച്ചും വിവരം ലഭിച്ചു. കെ.ടി. റമീസാണ് സ്വർണക്കടത്തിന്റെ മുഖ്യസൂത്രധാരനെന്ന് വ്യക്തമായി. ചോദ്യം ചെയ്യലിൽ പ്രതികൾ അവർക്കു ബന്ധമുള്ള ചില ഉന്നത വ്യക്തികളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ചു പരിശോധിച്ചു വരികയാണ്. ഇതെല്ലാം സംബന്ധിച്ച് ആഴത്തിലുള്ള അന്വേഷണം ആവശ്യമാണെന്നും ഇതിനായി കൂടുതൽ ദിവസം പ്രതികളെ കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ടതുണ്ടെന്നും എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റ് കോടതിയെ അറിയിച്ചു.

പ്രതികൾക്ക് ജാമ്യം അനുവദിക്കരുതെന്നും ജാമ്യം നൽകിയാൽ പ്രതികൾ തെളിവുകൾ നശിപ്പിക്കുമെന്നും അത് അന്വേഷണത്തെ ബാധിക്കുമെന്നും എൻഫോഴ്സമെന്റ് കോടതിയെ അറിയിച്ചു. വിശദമായ ചോദ്യം ചെയ്യലിനായി അഞ്ചു ദിവസം കൂടി പ്രതികളുടെ കസ്റ്റഡി എൻഫോഴ്സമെന്റ് ചോദിച്ചുവെങ്കിലും നാലു ദിവസത്തേക്കാണ് അനുവദിച്ചത്.

മാധ്യമ പ്രവർത്തകർക്കെതിരെ സൈബർ അതിക്രമം; ഹൈടെക് സെല്ലും സൈബർ ഡോമും അന്വേഷിക്കും

തിരുവനന്തപുരം: മാധ്യമ പ്രവർത്തകർക്കെതിരെയുള്ള സൈബർ അതിക്രമങ്ങൾ ഹൈടെക് ക്രൈം എൻകയറി സെൽ, പൊലീസ് സൈബർ ഡോം എന്നിവ അന്വേഷിക്കും. ഇതു സംബന്ധിച്ച് സംസ്ഥാന പൊലീസ് മേധാവി ലോക് നാഥ് ബെഹ്റ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. കേരള പത്രപ്രവർത്തക യൂണിയൻ നൽകിയ പരാതിയിലാണ് തീരുമാനം.

ഏഷ്യാനെറ്റ് ന്യൂസ് റീജിയണൽ എഡിറ്റർ ആർ. അജയഘോഷ്, ബ്യൂറോ ചീഫ് കെ.ജി. കമലേഷ്, ജയ്ഹിന്ദ് ടിവി സ്പെഷൽ കറസ്പോണ്ടന്റ് പ്രമീള ഗോവിന്ദ് തുടങ്ങി നിരവധി മാധ്യമ പ്രവർത്തകർക്ക് നേരെ സൈബർ ആക്രമണം തുടരുകയാണ്. ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് യൂണിയൻ മുഖ്യമന്ത്രിക്കും ഡിജിപിക്കും പരാതി നൽകിയത്.

സ്വർണക്കടത്ത് കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫിസിനെതിരേ ഉയർന്നുവന്ന ആരോപണങ്ങൾക്ക് പിന്നാലെ സോഷ്യൽ മീഡിയയിൽ ഇടത് അനുകൂലികളുടെ പ്രൊഫൈലുകളിൽ നിന്നും മാധ്യമ പ്രവർത്തകർക്കെതിരെ വ്യാപകമായ പ്രചാരണം നടത്തിയിരുന്നു. ഇത് പിന്നീട് മാധ്യമപ്രവർത്തകരെയും കുടുംബത്തെയും വ്യക്തിഹത്യ നടത്തുന്ന തരത്തിലേക്ക് മാറുകയും ചെയ്തു.

എന്നാൽ മാധ്യമപ്രവർത്തകർക്ക് നേരെ നടക്കുന്ന സൈബർ ആക്രമണം ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം. ഇതിന് പിന്നാലെയാണ് പത്രപ്രവർത്തക യൂണിയൻ മുഖ്യമന്ത്രിക്കും ഡിജിപിയ്ക്കും പരാതി നൽകിയത്.

ഒരു പദവിയും ആവശ്യപ്പെട്ടിട്ടില്ല: സച്ചിൻ

ജയ്പുർ: കോൺഗ്രസ് ഹൈക്കമാൻഡിനോട് ഒരു പദവിയും താൻ ആവശ്യപ്പെട്ടിട്ടില്ലെന്ന് സച്ചിൻ പൈലറ്റ്. തന്നിൽ നിന്ന് പ്രതികാര രാഷ്ട്രീയം ഉണ്ടാവില്ലെന്നും അദ്ദേഹം. മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ടുമായി ഇടഞ്ഞ് രാജസ്ഥാൻ വിട്ട് ഏതാണ്ട് ഒരു മാസത്തിനു ശേഷം ജയ്പുരിൽ തിരിച്ചെത്തിയ സച്ചിൻ മാധ്യമ പ്രവർത്തകരോടു സംസാരിക്കുകയായിരുന്നു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധി വാധ്രയുമായി സംസാരിച്ച് വിമത പ്രശ്നം അവസാനിപ്പിച്ച ശേഷമാണു സച്ചിൻ മടങ്ങിയെത്തിരിക്കുന്നത്.

പാർട്ടിക്കെതിരേ ഒരു പ്രസ്താവനയും താൻ നടത്തില്ല. ഹൈക്കമാൻഡുമായി വിഷയങ്ങൾ ചർച്ച ചെയ്യാനാണു ഡൽഹിയിൽ പോയത്. പാർട്ടിയിൽ നിന്ന് ഒരു പദവിയും താൻ ചോദിച്ചിട്ടില്ല. എന്നാൽ, തനിക്കെതിരേയുണ്ടായ പ്രസ്താവനകൾ തന്നെ ഞെട്ടിച്ചു. അതിലെ വാക്കുകൾ തന്നെ വല്ലാതെ വേദനിപ്പിച്ചു. വ്യക്തിപരമായ വികാരങ്ങൾക്ക് രാഷ്ട്രീയത്തിൽ സ്ഥാനമില്ല. പ്രതികാര രാഷ്ട്രീയവും പാടില്ല- സച്ചിൻ പറഞ്ഞു.

ഞാൻ എംഎൽഎയും കോൺഗ്രസ് പ്രവർത്തകനുമാണ്. പാർട്ടി പറയുന്നതു ചെയ്യും. മെച്ചപ്പെടാനുള്ള നിർദേശങ്ങൾ പറയുന്നത് നെഗറ്റീവായി എടുക്കേണ്ടതില്ല. ഞാൻ എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ തിരുത്താൻ തയാറാണ്. എനിക്ക് ആരോടും വിരോധമില്ല. ഈഗോയുമില്ല. സംസ്ഥാന കോൺഗ്രസിന്റെ 'മുഖ്യ' നെന്ന നിലയിലുള്ള ഉത്തരവാദിത്വം ഗെഹ് ലോട്ട് തിരിച്ചറിയുമെന്നാണു ഞാൻ കരുതുന്നത്- സച്ചിൻ പറഞ്ഞു.

ഉറുദു കവി റാഹത് ഇന്ദോരി കൊവിഡ് 19 ബാധിച്ചു മരിച്ചു

ഭോപ്പാൽ: പ്രമുഖ ഉറുദു കവിയും ബോളിവുഡ് ഗാനരചയിതാവുമായ റാഹത് ഇന്ദോരി (70) കൊവിഡ് 19 ബാധിച്ചു മരിച്ചു. ജന്മദേശമായ മധ്യപ്രദേശിലെ ഇൻഡോറിലാണ് മരണം. ശ്രീ അരബിന്ദോ ഇൻസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സിൽ ചികിത്സയിലായിരുന്ന അദ്ദേഹത്തിന് തുടർച്ചയായി മൂന്നു ഹൃദയാഘാതങ്ങളുണ്ടാകുകയായിരുന്നു.

തനിക്ക് കൊവിഡ് 19 ബാധിച്ചെന്നും പ്രാർഥിക്കണമെന്നും ഇന്ദോരി തന്നെയാണ് ടിറ്ററിലൂടെ അറിയിച്ചത്.

ചാരക്കേസ്: നമ്പി നാരായണന് നഷ്ടപരിഹാരം പൂർണമായി നൽകി

തിരുവനന്തപുരം: ഐഎസ്ആർഒ ചാരക്കേസിൽ കുറ്റവിമുക്തനായ ശാസ്ത്രജ്ഞൻ ഡോ. നമ്പി നാരായണന് കോടതി നിർദേശിച്ച നഷ്ടപരിഹാരത്തുക സംസ്ഥാന സർക്കാർ പൂർണമായി കൈമാറി. പൊലീസിന്റെ ഹെഡ് ഓഫ് ദി അക്കൗണ്ടിൽ നിന്നുള്ള 1.30 കോടി രൂപയാണ് നമ്പി നാരായണന് കൈമാറിയത്. നേരത്തേ ആദ്യഘട്ടമായി 60 ലക്ഷം രൂപ നൽകിയിരുന്നു. ഇതിന് പുറമേയാണിത്.

കേസിൽ പ്രതിചേർക്കപ്പെട്ടപ്പോൾ തന്നെ നമ്പി നാരായണൻ തിരുവനന്തപുരം സബ് കോടതിയിൽ മാനനഷ്ടക്കേസ് നൽകിയിരുന്നു. ചാരക്കേസിന്റെ അന്വേഷണം കഴിഞ്ഞിട്ടും ഇതുവരെയും ഈ കേസ് അദ്ദേഹം പിൻവലിച്ചിരുന്നില്ല. ഇതിനിടെ സുപ്രീം കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും വിധിച്ചിരുന്നു. ആ തുക സർക്കാർ തിരുവനന്തപുരത്ത് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ വെച്ച് നേരത്തെ തന്നെ കൈമാറിയിരുന്നു.

ഇതിന് പിന്നാലെ മനുഷ്യാവകാശ കമ്മീഷനും അദ്ദേഹത്തിന് 10 ലക്ഷം രൂപ നൽകണമെന്ന് ആവശ്യപ്പെട്ടു. ആ തുകയും സർക്കാർ നൽകിയിരുന്നു. എന്നാൽ തിരുവനന്തപുരം സബ് കോടതിയിലെ നഷ്ടപരിഹാര കേസ് അതേപടി നിലനിൽക്കുന്ന സാഹചര്യത്തിൽ കേസ് ഒത്തുതീർപ്പാക്കാൻ മുൻ ചീഫ് സെക്രട്ടറിയും ഇപ്പോഴത്തെ ഐഎംജി ഡയറക്ടറുമായ കെ. ജയകുമാർ വഴി സർക്കാർ മധ്യസ്ഥ ശ്രമം നടത്തിയിരുന്നു. ഈ സമിതിയുടെ ശുപാർശ അനുസരിച്ചാണ് ഒരു കോടി മുപ്പത് ലക്ഷം രൂപ എന്ന തുകയക്ക് മാനനഷ്ട കേസ് ഒത്തുതീർപ്പാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയത്.

ആലപ്പുഴയിൽ മടവീഴ്ച; 150 വർഷം പഴക്കമുള്ള ദേവാലയം തകർന്നു വീണു

ആലപ്പുഴ: പള്ളാത്തുരുത്തിയിലെ മടവീഴ്ചയെ തുടർന്ന് 151 വർഷം പഴക്കമുള്ള സിഎസ്ഐ ചാപ്പൽ പൂർണമായും തകർന്നുവീണു. ചുങ്കം കരുവേലി പാടശേഖരത്തിലാണ് കഴിഞ്ഞ ദിവസം മടവീഴ്ചയുണ്ടായത്. തുടർന്ന് ചൊവ്വാഴ്ച പുലർച്ചെ പള്ളി വളപ്പിലേക്ക് വെള്ളം ഇരച്ചെത്തുകയും പള്ളി പൂർണമായും തകർന്നു വീഴുകയുമായിരുന്നു.

രണ്ട് പാടശേഖരങ്ങൾക്ക് നടുവിലായിരുന്നു സെന്റ് പോൾസ് ദേവാലയം. 1869ൽ ഫാ. ഡബ്ല്യു ജെ. റിച്ചാർഡ്സൺ ആണ് പള്ളി നിർമിച്ചത്. നിലവിൽ ഏകദേശം 30 കുടുബങ്ങളാണ് ഇവിടെ ആരാധന നടത്തി വന്നിരുന്നത്. 1816ൽ ഫാ. തോമസ് നോർട്ടിൽ സ്ഥാപിച്ച ആലപ്പുഴ സിഎസ്ഐ ദേവാലയത്തിന്റെ ഉപസഭയാണു പള്ളാത്തുരുത്തി സെന്റ് പോൾസ് ദേവാലയം നടത്തിയിരുന്നത്.

തിങ്കളാഴ്ച രാത്രിയോടെ തന്നെ വെള്ളം പള്ളിക്കകത്ത് കയറിയിരുന്നു. പിന്നാലെ പുലർച്ചെ പള്ളി തകർന്നു വീഴുകയുമായിരുന്നു. പ്രദേശത്ത് മടവീഴ്ച ഉണ്ടാകുമെന്ന് ജാഗ്രതാ നിർദേശമുണ്ടായിരുന്നു. കഴിഞ്ഞ ദിവസങ്ങളിലും മടവീഴ്ചയുണ്ടായിരുന്നു. 8,000 പേരെ ഇതിനകം മാറ്റിത്താമസിപ്പിച്ചു. പ്രദേശത്ത് വെള്ളക്കെട്ട് രൂക്ഷമാണ്.

മടവീഴ്ചയെത്തുടർന്ന് പള്ളി പൂർണമായും തകർന്നു വീണ നിലയിൽ

പള്ളാത്തുരുത്തി സെന്റ് പോൾസ് ദേവാലയം തകർന്നു വീഴുന്നതിന് മുൻപ് (ഫയൽചിത്രം)

ട്രെയ്ൻ സർവീസുകൾ പുനരാരംഭിക്കില്ല

ന്യൂഡൽഹി: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച ട്രെയ്ൻ സർവീസുകൾ ഇപ്പോൾ പുനരാരംഭിക്കില്ലെന്നു റെയ്ൽവേ. നിലവിൽ 230 പ്രത്യേക സർവീസുകൾ മാത്രമേ നടത്തുന്നുള്ളൂ. ഇത് തുടരും. യാത്രാ സർവീസ് റദ്ദാക്കിയതിന്റെ സമയപരിധി ഇന്ന് അവസാനിക്കാനിരിക്കെയാണു റെയ്ൽവേയുടെ അറിയിപ്പ്.

മുംബൈയിലെ ലോക്കൽ ട്രെയ്നുകൾ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് നിയന്ത്രിതമായി നടത്തും. സെപ്റ്റംബർ 30 വരെയുള്ള സർവീസുകൾ നിർത്തിവച്ചെന്ന റിപ്പോർട്ടുകൾ വസ്തുതാ വിരുദ്ധമെന്നും റെയ്ൽവേ അറിയിച്ചു.

MBBS
യൂറോപ്പിൽ വർഷം 4000 USD ഫീസിൽ
No. Donation
GEORGIA
Kutaisi University

PARAMEDICAL
B Pharm, Pharm D BPT
RADIOLOGY, FORENSIC
DIALYSIS NUERO SCIENCE,
CARDIO VASCULAROT
&ANAESTHESIA, MLT RESPIRATORY

BSC NURSING
Full package including Food & Hostel
St. PETER'S MEDICAL COLLEGE HOSUR (150000x4)
SAMBHRAM MEDICAL COLLEGE, KOLAR [550000]
SRI RAGHAVENDRA HOSPITAL, TUMKUR [4,50,000]
Also other reputed colleges in Tamil Nadu & Karnataka

AYYAPPA COLLEGE
Affiliated to MG University, Kottayam
56th Mile, Peermade, Idukki
BBA + Aviation+ AI +Digital Marketing, BCA+ Cyber Forensic/Colud Computing, B.Sc. PETROCHEMICAL, B.Sc.Geology, B.Com. LOGISTICS MANAGEMENT + AVIATION, M.Com. INTERNATIONAL BUSSINESS+Fin Tech.

St. Mary's Associates Career Guidance,
Br. Ernakulam, Kollam, Trissur, Calicut, Kannur, Trivandrum, Alapuzha, Pathanamthitta
Ph. 8593977000, 9744625332

സ്കൂളുകളും കോളെജുകളും ഉടൻ തുറക്കില്ല; 'സീറോ' വർഷവുമാക്കില്ല

ന്യൂഡൽഹി: രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സെപ്റ്റംബറിൽ തുറക്കുമെന്ന റിപ്പോർട്ടുകൾ കേന്ദ്ര സർക്കാർ തള്ളി. എന്നാൽ, ഈ വർഷം നീണ്ട അവധിക്കാലമായി കണക്കാക്കി 'സീറോ' വർഷമാക്കുമെന്ന പ്രചാരണവും നിഷേധിച്ചിട്ടുണ്ട്. കൊവിഡ് സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷമേ സ്കൂളുകളും കോളെജുകളും തുറക്കുന്നതു സംബന്ധിച്ചു തീരുമാനിക്കൂവെന്ന് സർക്കാരുമായി ബന്ധപ്പെട്ട വൃത്തങ്ങൾ പറയുന്നു.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ എംപിമാരും ഉദ്യോഗസ്ഥരും ഇപ്പോഴത്തെ സാഹചര്യങ്ങൾ വിശദീകരിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സ്മാർട്ട് ഫോണുകളോ ലാപ്ടോപ്പുകളോ സ്വന്തമായില്ല. അവർക്ക് ഓൺലൈൻ ക്ലാസുകൾ അറ്റൻഡ് ചെയ്യാനും കഴിയുന്നില്ല. ഈ സാഹചര്യത്തിൽ പാവപ്പെട്ട കുട്ടികൾക്ക് ട്രാൻസിസ്റ്റർ വിതരണം ചെയ്യാമെന്നു സർക്കാർ സമ്മതിച്ചിട്ടുണ്ട്. കമ്യൂണിറ്റി റേഡിയോ വഴി ഇവർക്കു പഠനം നടത്താനുള്ള സൗകര്യമുണ്ടാക്കും. ഓൺലൈൻ ക്ലാസുകൾക്ക് ഐവിആർഎസ് സംവിധാനവുമൊരുക്കും.

കോളെജ് വിദ്യാർഥികൾക്കായി 'ക്വസ്റ്റ്യൻ ബാങ്ക്' തയാറാക്കണമെന്ന് കമ്മിറ്റി ചെയർമാനും ബിജെപി എംപിയുമായ വിനയ് സഹസ്രാബ്ദെ നിർദേശിച്ചു. പരീക്ഷയ്ക്ക് ഇതിൽ നിന്നു മാത്രമേ ഇക്കുറി ചോദ്യങ്ങൾ വരാവൂ എന്നാണ് അദ്ദേഹത്തിന്റെ നിർദേശം. സീറോ വർഷമായി മാറ്റാൻ സർക്കാർ ആലോചിക്കുന്നില്ലെന്ന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അമിത് ഖരെ കമ്മിറ്റിയെ അറിയിച്ചു. ഓൺലൈനിലും ഓഫ് ലൈനിലുമായി ക്ലാസുകൾ നടക്കും. പരീക്ഷയ്ക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കും.

രാജസ്ഥാൻ: രക്ഷാദൗത്യത്തിൽ പൈലറ്റായി പ്രിയങ്ക

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: ജ്യോതിരാദിത്യ സിന്ധ്യ പാർട്ടി വിട്ടപ്പോൾ സ്വീകരിക്കാതിരുന്ന ക്രിയാത്മക സമീപനം നെഹ്റു- ഗാന്ധി കുടുംബം സച്ചിൻ പൈലറ്റിന്റെ കാര്യത്തിൽ കൈക്കൊണ്ടു. സിന്ധ്യയെ അനുനയിപ്പിക്കാൻ കഴിയാതിരുന്നത് മധ്യപ്രദേശിലെ കമൽ നാഥ് സർക്കാരിനെ വീഴ്ത്തി. ഇതു പാഠമായി ഹൈക്കമാൻഡ് ഉൾക്കൊണ്ടു എന്നതാണു സച്ചിൻ പൈലറ്റ് കോൺഗ്രസിൽ തിരിച്ചെത്തുമ്പോൾ തെളിയുന്നത്.

തുടക്കം മുതൽ പ്രശ്നത്തിലിടപെട്ട് സച്ചിനെ തിരിച്ചെത്തിക്കാനുള്ള പരിശ്രമങ്ങൾ നടത്തിയത് പ്രിയങ്ക ഗാന്ധി വാധ്രയാണ്. അങ്ങനെ രാജസ്ഥാൻ സർക്കാരിനെയും കോൺഗ്രസിനെയും ഒരപകടത്തിൽ നിന്നു രക്ഷിക്കാനുള്ള ദൗത്യത്തിന് അവർ ചുക്കാൻ പിടിച്ചു. കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിയുടെയും മുൻ അധ്യക്ഷൻ രാഹുൽ ഗാന്ധിയുടെയും പിന്തുണയോടെയായിരുന്നു പ്രിയങ്കയുടെ നീക്കങ്ങൾ.

മുഖ്യമന്ത്രി അശോക് ഗെഹ് ലോട്ടിനെതിരേ സച്ചിൻ കലാപക്കൊടി ഉയർത്തിയ നാളുകളിൽ തന്നെ പല തവണ പ്രിയങ്കയുമായി രാജസ്ഥാനിലെ യുവനേതാവ് ആശയവിനിമയം നടത്തിയിരുന്നു. ഒരവസരത്തിൽ ഗെഹ് ലോട്ടും അദ്ദേഹത്തിന്റെ അനുയായികളും അതിശക്തമായ വിമർശനമാണു സച്ചിനെതിരേ ഉയർത്തിയത്. പ്രകോപനപരമായ രീതിയിൽ ആക്രമിക്കരുതെന്ന് ഈ സമയം രാഹുൽ ഗെഹ് ലോട്ടിനോടു നിർദേശിക്കുകയും ചെയ്തു. ഒടുവിൽ രാഹുൽ ഗാന്ധിയുടെ വസതിയിലെത്തി സച്ചിൻ അദ്ദേഹവുമായി സംസാരിക്കുമ്പോഴും പ്രിയങ്ക സന്നിഹിതയായിരുന്നു.

സോണിയ ഗാന്ധി പ്രശ്ന പരിഹാരത്തിനു നിയോഗിച്ച മൂന്നംഗ സമിതിയിലും പ്രിയങ്കയുണ്ട്. കെ.സി. വേണുഗോപാലും അഹമ്മദ് പട്ടേലുമാണ് മറ്റു രണ്ടു പേർ. സച്ചിൻ പൈലറ്റിനു മുഖം രക്ഷിക്കാനുള്ള ഉപായമാണ് ഈ സമിതി. ഇവരുമായി സച്ചിനും അദ്ദേഹത്തിനൊപ്പമുള്ളവരും കൂടിക്കാഴ്ച നടത്തുകയും ചെയ്തു. തന്റെ പരാതികൾ കേട്ട് പരിഹാരം ഉറപ്പുനൽകിയ സോണിയ ഗാന്ധിക്കും രാഹുലിനും പ്രിയങ്കയ്ക്കും നന്ദി പറഞ്ഞ് അതിനുശേഷം സച്ചിൻ ടീറ്റ് ചെയ്തു.

സമിതിയെ നിയോഗിച്ച് പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനോട് ഗെഹ് ലോട്ടിനു താത്പര്യമുണ്ടായിരുന്നില്ല. തനിക്ക് നിയമസഭയിൽ വ്യക്തമായ ഭൂരിപക്ഷം തെളിയിക്കാനാവുമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. എന്നാൽ, കോൺഗ്രസിന്റെ വിശാല താത്പര്യം കണക്കിലെടുത്ത് സച്ചിനെ ഒപ്പം നിർത്തണമെന്നും അതിനു വിട്ടുവീഴ്ചകൾ വേണ്ടിവരുമെന്നും ഹൈക്കമാൻഡ് അദ്ദേഹത്തെ ധരിപ്പിച്ചതായാണ് അറിയുന്നത്. നെഹ്റു-ഗാന്ധി കുടുംബം നേരിട്ട് ഇടപെട്ടതിനാൽ ഗെഹ് ലോട്ട് വഴങ്ങിക്കൊടുക്കുകയായിരുന്നു.

ടീം രാഹുലിൽ നിന്ന് ഓരോരുത്തരായി കൊഴിഞ്ഞുപോകുന്നു എന്ന പ്രതീതി രാജ്യവ്യാപകമായുണ്ട്. ഈ അവസ്ഥ തുടരുന്നതിന് അന്ത്യം കുറിക്കണമെന്ന ചിന്തയാണ് രാഹുലിനും പ്രിയങ്കയ്ക്കും. രാഹുലിന്റെ ഏറ്റവും അടുത്ത ടീം അംഗങ്ങളായിരുന്നു സച്ചിനും സിന്ധ്യയും. ഗെഹ് ലോട്ടുമായി ഒരു തരത്തിലും സഹകരിക്കാൻ കഴിയില്ലെന്നു തുടക്കം മുതലേ പറഞ്ഞിരുന്ന സച്ചിൻ ബിജെപിയിൽ ചേരില്ലെന്നും ഹൈക്കമാൻഡുമായി യാതൊരു വിഷയവുമില്ലെന്നും ആദ്യമേ വ്യക്തമാക്കിയത് ബന്ധം മുറിയാതിരിക്കാൻ സഹായിച്ചു. കോൺഗ്രസിനെ തള്ളിപ്പറയുന്നത് ഒഴിവാക്കാൻ പ്രിയങ്ക സച്ചിനോടു നിർദേശിച്ചിരുന്നു എന്നാണു സൂചന.

രാഹുൽ ഗാന്ധിയുടെ വിജയം എന്ന നിലയിലാണ് പാർട്ടി നേതാക്കൾ ഇതിനെ വിശേഷിപ്പിക്കുന്നത്. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ടീം വർക്ക് രാജസ്ഥാനിലെ രാഷ്ട്രീയ പ്രതിസന്ധിക്ക് അന്ത്യം കുറിച്ചു എന്നാണ് കോൺഗ്രസ് നേതാവ് അഭിഷേക് മനു സിങ്‌വി പ്രതികരിച്ചത്.

രാഹുലിന്റെയും പ്രിയങ്കയുടെയും പരിശ്രമം വിജയിച്ചതിൽ ഏറെ സന്തോഷമെന്നായിരുന്നു സീനിയർ കോൺഗ്രസ് നേതാവ് ദിഗ്‌വിജയ് സിങ്ങിന്റെ പ്രതികരണം. പൈലറ്റിനും മറ്റെല്ലാവർക്കും നല്ലത് അനുരഞ്ജനത്തിന്റെ പാതയാണെന്ന് ശശി തരൂർ പറഞ്ഞു. രാഹുലിനെയും പ്രിയങ്കയെയും പുകഴ്ത്തി തന്നെയാണ് പാർട്ടി യങ് ബ്രിഗേഡിന്റെ ഭാഗമായ ജിതിൻ പ്രസാദയും പ്രതികരിച്ചത്. ഓഗസ്റ്റ് 14ന് രാജസ്ഥാൻ നിയമസഭാ സമ്മേളനം ആരംഭിക്കാനിരിക്കെയാണ് സച്ചിനും ഒപ്പമുള്ളവരും പാർട്ടിയിൽ തിരിച്ചെത്തുന്നത്. അതുപക്ഷേ, ഗെഹ് ലോട്ട് പക്ഷം എങ്ങനെ സ്വീകരിക്കും എന്നതാണ് ഇനി കാണാനുള്ളത്.

സച്ചിൻ ജയ്പുരിൽ; ഗെഹ് ലോട്ട് ജയ്സാൽമറിൽ

ജയ്പുർ: ഒരു മാസത്തെ ഇടവേളയ്ക്കു ശേഷം കോൺഗ്രസ് ഹൈക്കമാൻഡുമായി ഒത്തുതീർപ്പുണ്ടാക്കി സച്ചിൻ പൈലറ്റ് ജയ്പുരിൽ തിരിച്ചെത്തിയപ്പോൾ മുഖ്യമന്ത്രി അശോക് ഗെഹ് ലോട്ട് 600 കിലോമീറ്റർ അകലെ ജയ്സാൽമറിലേക്കു തിരിച്ചിരുന്നു; കൂടിക്കാഴ്ചയ്ക്ക് അവസരമുണ്ടാക്കാതെ. ജയ്സാൽമറിലെ ഹോട്ടലിൽ കഴിയുന്ന കോൺഗ്രസ് എംഎൽഎമാരെ കാണാനായിരുന്നു ഗെഹ് ലോട്ട് പോയത്.

തന്റെ ഉപമുഖ്യമന്ത്രി കൂടിയായിരുന്ന സച്ചിനോടുള്ള വിരോധം ഗെഹ് ലോട്ട് അവസാനിപ്പിച്ചിട്ടില്ല എന്നതിന്റെ സൂചനയായി രാഷ്ട്രീയ വൃത്തങ്ങൾ ഇതിനെ കാണുന്നുണ്ട്. ഓഗസ്റ്റ് 14ന് നിയമസഭാ സമ്മേളനം ആരംഭിക്കും വരെ ഇരുവരും തമ്മിൽ കൂടിക്കാഴ്ചയുണ്ടാവില്ലെന്നും കേൾക്കുന്നു. വിമത എംഎൽഎമാർ ഒറ്റയ്ക്ക് ഗെഹ് ലോട്ടിനെ കണ്ട് പിന്തുണ അറിയിക്കുന്നുണ്ട്. നഷ്ടപ്പെട്ട മന്ത്രിസ്ഥാനങ്ങൾ തിരിച്ചുപിടിക്കാനാണ് അവരുടെ നീക്കം.

എന്നാൽ, താൻ ഒരു സ്ഥാനവും മോഹിക്കുന്നില്ലെന്ന് സച്ചിൻ വ്യക്തമാക്കിയിട്ടുണ്ട്. കോൺഗ്രസ് ദേശീയ നേതൃത്വത്തിലാവും സച്ചിൻ പ്രവർത്തിക്കുക എന്നാണു സൂചന. ഏതെങ്കിലും പ്രധാന സംസ്ഥാനത്തിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറിയാവും എന്നും ഊഹാപോഹങ്ങൾ.

വിമതർ പ്രതിസന്ധിയുണ്ടാക്കിയപ്പോൾ ഗെഹ് ലോട്ടിനൊപ്പം ഉറച്ചുനിന്ന നൂറോളം എംഎൽഎമാരാണ് ജയ്സാൽമറിലെ ഹോട്ടലിൽ തങ്ങുന്നത്. അവരെ കാണാൻ പോകാതെ സച്ചിനെ സ്വീകരിക്കാൻ നിൽക്കുന്നതിന് മുഖ്യമന്ത്രി തയാറായില്ല എന്നാണു പാർട്ടി വൃത്തങ്ങൾ സൂചിപ്പിക്കുന്നത്. ഈ സമയമത്രയും തനിക്കൊപ്പം നിന്ന എംഎൽഎമാരെ എങ്ങനെ മറക്കുമെന്നാണ് അദ്ദേഹം രാവിലെ ജയ്സാൽമറിലേക്കു തിരിക്കും മുൻപ് ചോദിച്ചതെന്നു പാർട്ടി വൃത്തങ്ങൾ.

ഗെഹ് ലോട്ട് സച്ചിനെ സ്വീകരിക്കാൻ നിന്നാൽ എംഎൽഎമാർക്കുണ്ടാവുന്ന നിരാശ ഒഴിവാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. രാത്രി ഏഴരയ്ക്ക് എംഎൽഎമാരുടെ യോഗവും ഹോട്ടലിൽ ചേരുന്നുണ്ട്. അതിൽ പങ്കെടുത്ത ശേഷം ഗെഹ് ലോട്ട് ജയ്സാൽമറിൽ തന്നെ തങ്ങുമെന്നാണു അദ്ദേഹത്തോടടുത്ത വൃത്തങ്ങൾ പറയുന്നത്.

കഴിഞ്ഞ ദിവസം രാത്രിയും ഹോട്ടലിൽ കോൺഗ്രസ് എംഎൽഎമാരുടെ യോഗം ചേർന്നിരുന്നു. വിമതരെ മടക്കിക്കൊണ്ടുവരുന്നതിൽ അവർക്ക് ശക്തമായ വിയോജിപ്പുണ്ട്. സർക്കാരിനോടു ചെയ്ത വഞ്ചനയ്ക്ക് അവരെ ശിക്ഷിക്കണമെന്നാണു ചില എംഎൽഎമാർ യോഗത്തിൽ ആവശ്യപ്പെട്ടത്. സച്ചിനുമായി ഒത്തുതീർപ്പു വേണ്ടെന്ന് ഗെഹ് ലോട്ട് ഹൈക്കമാൻഡിനോടു പറഞ്ഞിരുന്നു. എന്നാൽ, അനുരഞ്ജനത്തിനു വഴങ്ങാനാണ് ഹൈക്കമാൻഡ് നിർദേശിച്ചത്.

ട്രംപിന്റെ വാർത്താസമ്മേളനത്തിനിടെ വൈറ്റ് ഹൗസിനു സമീപം വെടിവയ്പ്പ്

വാഷിങ്ടൺ: യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് കൊറോണ വൈറസ് വ്യാപനം സംബന്ധിച്ചു പതിവു വാർത്താസമ്മേളനം നടത്തുന്നതിനിടെ വൈറ്റ് ഹൗസ് കോംപ്ലക്സിനു സമീപം വെടിവയ്പ്പ്. ഉടൻ തന്നെ യുഎസ് സീക്രട്ട് സർവീസ് ഉദ്യോഗസ്ഥർ മുൻകരുതലെന്ന നിലയിൽ ട്രംപിനെ അവിടെ നിന്നു കൊണ്ടുപോയി. മിനിറ്റുകൾക്കു ശേഷം ട്രംപ് തിരികെയെത്തി വാർത്താസമ്മേളനം തുടരുകയും ചെയ്തു.

ആയുധധാരിയായി എത്തിയ ഒരക്രമിയെ സുരക്ഷാ ഉദ്യോഗസ്ഥർ വെടിവച്ചതാണെന്നാണു പറയുന്നത്. വെടിയേറ്റയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. വൈകിട്ട് 5.53ന് അമ്പത്തൊന്നുകാരനായ ഒരാൾ പതിനേഴാം സ്ട്രീറ്റിൽ കാവലുണ്ടായിരുന്ന സീക്രട്ട് സർവീസ് ഉദ്യോഗസ്ഥനെ സമീപിച്ച് തന്റെ കൈയിൽ ആയുധമുണ്ടെന്നു പറയുകയായിരുന്നു. പിന്നീട് അയാൾ ഉദ്യോഗസ്ഥനു നേരേ ഓടിയടുത്തുവെന്നും ഇയാൾ വെടിയുതിർക്കും മുൻപേ ഉദ്യോഗസ്ഥൻ വെടിവച്ചതാണെന്നുമാണ് സീക്രട്ട് സർവീസ് വാർത്താകുറിപ്പിൽ അറിയിച്ചത്.

വൈറ്റ് ഹൗസിൽ പ്രശ്നമൊന്നുമില്ല. എല്ലാം നിയന്ത്രണത്തിലാണ്. അപകട സാധ്യത കണ്ട് തന്നെ ഇവിടെ നിന്നു മാറ്റിയ സീക്രട്ട് സർവീസിനു നന്ദി. അവിടെ എന്തോ വെടിവയ്പ്പ് നടന്നിരിക്കുന്നു. ആരെയോ ആശുപത്രിയിലേക്കു കൊണ്ടുപോയിട്ടുണ്ട്- വാർത്താസമ്മേളനം പുനരാരംഭിച്ചപ്പോൾ ട്രംപ് പറഞ്ഞു. വെടിയേറ്റ വ്യക്തിയുടെ അവസ്ഥയെക്കുറിച്ച് തനിക്കറിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രസ് ബ്രീഫിങ് റൂമിൽ ട്രംപ് വാർത്താസമ്മേളനം ആരംഭിച്ച ഉടനെയാണ് വെടിവയ്പ്പുണ്ടായത്. സമീപമുണ്ടായിരുന്ന സുരക്ഷാ ഉദ്യോഗസ്ഥൻ ട്രംപിന്റെ ചെവിയിൽ എന്തോ പറഞ്ഞു. ഉടൻ അദ്ദേഹം ശാന്തനായി എഴുന്നേറ്റ് ബ്രീഫിങ് റൂമിൽ നിന്നു പുറത്തേക്കു നടന്നു. ഓവൽ ഓഫിസിലേക്കാണു താൻ പോയതെന്ന് ട്രംപ് പിന്നീടു പറഞ്ഞു.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

സ്ത്രീ ശക്തി SS- 222 നറുക്കെടുപ്പ് ഫലം

DRAW held on 11/08/2020 AT GORKY BHAVAN,THIRUVANANTHAPURAM

ഒന്നാം സമ്മാനം 75 ലക്ഷം രൂപ SW 587042 (THRISSUR)

സമാശ്വാസ സമ്മാനം 8000 രൂപ

SN 587042 SO 587042 SP 587042 SR 587042
SS 587042 ST 587042 SU 587042 SV 587042
SX 587042 SY 587042 SZ 587042

2-ാം സമ്മാനം 10 ലക്ഷം രൂപ

ST 424478 (ALAPPUZHA)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

3-ാം സമ്മാനം 5000 രൂപ

0766	1354	1468	1813	2742	2838	3203	3255	3523	4267
4782	5545	7185	7297	7493	8278	8365	9044		

4-ാം സമ്മാനം 2000 രൂപ

0429	2750	3789	5885	7235	7471	8042	9036	9372	9767

5-ാം സമ്മാനം 1000 രൂപ

1374	1558	1790	2254	3047	4131	4178	4778	5071	5469
5913	5986	6275	8481	8657	8750	9551	9611		

6-ാം സമ്മാനം 500 രൂപ

0190	0333	0696	0970	1232	1836	2162	2200	2396	2409
2582	3064	3372	3639	3762	3805	3853	4072	4743	4829
4911	4959	4977	5106	5332	5400	5486	5561	5747	5842
6297	6694	6964	7367	7533	7660	7689	7880	7984	8515
8844	9087	9463	9535	9580	9646	9949	9974		

7-ാം സമ്മാനം 200 രൂപ

0228	0938	0972	1093	1178	1305	1314	1576	2121	2271
2496	2532	3176	4010	4315	4712	4831	5247	5258	5544
5590	5600	5862	6025	6134	6230	6325	6528	6683	6810
6843	6933	6941	7407	8010	8170	8226	8917	9035	9140
9313	9384	9541	9825	9977					

8-ാം സമ്മാനം 100 രൂപ

0019	0359	0374	0483	0636	0708	0863	0894	0998	1118
1193	1208	1300	1343	1432	1727	1856	1871	1980	2039
2092	2238	2251	2289	2393	2432	2449	2558	2590	2618
2685	2692	2713	2737	2761	2816	2923	3102	3110	3129
3332	3365	3512	3588	3708	3719	3764	3873	4141	4212
4242	4243	4288	4295	4352	4417	4511	4582	4716	5103
5202	5236	5252	5304	5333	5360	5361	5499	5519	5636
5771	5819	5927	5938	5941	5987	6042	6051	6280	6311
6324	6422	6465	6537	6650	6657	6671	6934	6966	6994
7092	7243	7522	7524	7536	7670	7980	7996	8184	8289
8341	8469	8523	8738	8791	8934	8972	9183	9206	9217
9276	9449	9496	9538	9609	9645	9848	9865	9877	9964

(ഒപ്പ്) ഷീബ മാത്യു, ഡപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം. വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

മണിപ്പുരിൽ 6 കോൺഗ്രസ് എംഎൽഎമാർ രാജിവച്ചു

ഇംഫാൽ: മണിപ്പുരിൽ തിങ്കളാഴ്ച വിശ്വാസ പ്രമേയ വോട്ടെടുപ്പിൽ നിന്നു വിട്ടുനിന്ന എട്ട് കോൺഗ്രസ് എംഎൽഎമാരിൽ ആറു പേർ രാജിവച്ചു. രാജിക്കത്ത് സ്പീക്കർക്കു നൽകിയിട്ടുണ്ട്. ബിജെപി നേതാവും മുഖ്യമന്ത്രിയുമായ ബിരേൻ സിങ് നിയമസഭയിൽ അവതരിപ്പിച്ച വിശ്വാസ പ്രമേയം എട്ടു കോൺഗ്രസുകാർ വിട്ടുനിന്നതോടെ അനായാസം പാസായിരുന്നു.

പ്രതിപക്ഷ നേതാവ് ഇബോബി സിങ്ങിലുള്ള അവിശ്വാസം മൂലമാണ് തങ്ങൾ രാജിവയ്ക്കുന്നതെന്ന് വിമതർ പറയുന്നു. സംസ്ഥാനത്ത് ഏറ്റവും വലിയ ഒറ്റക്കക്ഷിയായിട്ടും സർക്കാരുണ്ടാക്കാൻ കോൺഗ്രസിനു കഴിഞ്ഞില്ലെന്നും ഇവർ. പാർട്ടിയുടെ പ്രാഥമികാംഗത്വവും രാജിവയ്ക്കുമെന്നുണ്ടു വിമതർ പറയുന്നത്.

ഭരണപക്ഷത്ത് 29 എംഎൽഎമാരും കോൺഗ്രസിന് 24 പേരുമാണ് നിയമസഭയിലുണ്ടായിരുന്നത്. ഇതിൽ എട്ടു കോൺഗ്രസുകാർ വിട്ടുനിന്നപ്പോൾ തിങ്കളാഴ്ച സർക്കാർ വിശ്വാസം നേടി. ഈ വിജയത്തോടെ സംസ്ഥാനത്തെ ബിജെപിയിലും ഭരണത്തിലും പിടിമുറുക്കിയിരിക്കുകയാണ് ബിരേൻ സിങ്.

18 ബിജെപി എംഎൽഎമാരാണ് ഭരണസഖ്യത്തിലുള്ളത്. എൻപിപി, എൻപിഎഫ് പാർട്ടികളുടെ നാലു പേർ വീതമുണ്ട്. ടിഎംസി, ലോക്ജനശക്തി പാർട്ടികളുടെ ഓരോ എംഎൽഎമാരും. ഒരു സ്വതന്ത്രന്റെ പിന്തുണയും ബിരേൻ സിങ്ങിനുണ്ട്. ബിജെപിക്കും സഖ്യത്തിനു പുറത്തും തന്നെ സഹായിക്കാൻ രാഷ്ട്രീയ സുഹൃത്തുക്കളുണ്ടെന്ന് നിർണായക സമയത്ത് എട്ട് കോൺഗ്രസ് എംഎൽഎമാർ വിട്ടുനിന്നതോടെ ബിരേൻ സിങ് തെളിയിക്കുകയായിരുന്നു.

അതേസമയം, സഖ്യസർക്കാർ വിശ്വാസ വോട്ട് നേടിയത് കള്ളക്കളികളിലൂടെയെന്ന് ഇബോബി സിങ് ആരോപിച്ചു. മുഖ്യമന്ത്രിയും ബിജെപിയും ചേർന്നു നടത്തിയ രാഷ്ട്രീയ കള്ളക്കളി മൂലമാണ് എട്ടു കോൺഗ്രസ് എംഎൽഎമാർ പാർട്ടി വിപ്പ് ലംഘിച്ച് വിശ്വാസ വോട്ടെടുപ്പിൽ നിന്നു വിട്ടുനിന്നത്. അവിശ്വാസ വോട്ടെടുപ്പു സമയത്ത് എട്ട് എംഎൽഎമാർ സഭയിൽ ഹാജരായിരുന്നില്ല. വിശ്വാസ പ്രമേയം ശബ്ദവോട്ടിൽ പാസാക്കാതെ വോട്ടിനിടണമെന്ന തന്റെ ആവശ്യം സ്പീക്കർ തള്ളിയതും ജനാധിപത്യ വിരുദ്ധമെന്ന് ഇബോബി സിങ് പറഞ്ഞു. സർക്കാർ ജനാധിപത്യത്തെ കശാപ്പു ചെയ്തുവെന്നും അദ്ദേഹം.

ഇപ്പോൾ എട്ടു വടക്കു കിഴക്കൻ സംസ്ഥാനങ്ങളും ഭരിക്കുന്നത് ബിജെപിയോ അവരുടെ സഖ്യമോ ആണ്. ഇതിൽ മാറ്റമുണ്ടാവാതിരിക്കാൻ ഈ വിശ്വാസ വോട്ട് സഹായിച്ചു. ജൂണിൽ ആറ് എംഎൽഎമാർ സർക്കാരിനുള്ള പിന്തുണ പിൻവലിക്കുകയും മൂന്നു ബിജെപി എംഎൽഎമാർ പാർട്ടി വിട്ട് കോൺഗ്രസിൽ ചേരുകയും ചെയ്തതോടെയാണ് സർക്കാർ പ്രതിസന്ധിയിലായത്. എന്നാൽ, പിന്നീട് നാല് എൻപിപി എംഎൽഎമാർ ഭരണസഖ്യത്തിലേക്കു തിരിച്ചെത്തിയിരുന്നു.

ലഡാഖ് ഏറ്റുമുട്ടൽ: അന്വേഷണം നടത്തിയിട്ടില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: കിഴക്കൻ ലഡാഖിലെ ഗാൽവൻ താഴ്‌വരയിൽ ജൂൺ 15നുണ്ടായ ഏറ്റുമുട്ടലിനെക്കുറിച്ചു സൈന്യം ഔപചാരിക അന്വേഷണം നടത്തുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നു കേന്ദ്ര സർക്കാർ. ലെഫ്റ്റനന്റ് ജനറൽ ബി.എസ്. രാജുവിന്റെ നേതൃത്വത്തിൽ മുതിർന്ന സൈനികരുടെ സംഘം അന്വേഷണം നടത്തിയെന്ന് നേരത്തേ റിപ്പോർട്ടുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയുണ്ടാകുമെന്നും ചില മാധ്യമങ്ങൾ വെളിപ്പെടുത്തി. എന്നാൽ, ഇത്തരമൊരു റിപ്പോർട്ട് തന്നെയില്ലെന്നാണു കേന്ദ്രം വ്യക്തമാക്കിയത്.

Muthoot Finance Ltd
Muthoot Finance Limited
CIN: L65910KL1997PLC011300
Regd. Office: 2nd Floor, Muthoot Chambers
Opposite Saritha Theatre Complex, Banerji Road
Ernakulam, Kerala - 682 018
Ph.: +91-484 2396478 Fax: + 91-484 2396506
Email: mails@muthootgroup.com.
Website: www.muthootfinance.com

NOTICE

Notice is hereby given in Compliance with Regulation 47 read with Regulation 29 of the SEBI (Listing Obligations and Disclosure Requirements) Regulation, 2015, that a meeting of the Board of Directors of **Muthoot Finance Limited** is scheduled to be held on Wednesday, the 19th day of August, 2020 at the Registered Office of the Company, inter-alia, to consider and approve the unaudited financial results of the Company for the Quarter ended June 30, 2020 and to seek approval of shareholders for increase in the borrowing powers of the Board of Directors of the Company from existing Rs. 50,000 crores to Rs. 75,000 crores.

This intimation is also available on the website of BSE Limited (www.bseindia.com) and National Stock Exchange of India Limited (www.nseindia.com) where the Securities of the Company are listed and shall also be available on the website of the Company at www.muthootfinance.com

For Muthoot Finance Limited
Sd/-
Rajesh A
Company Secretary
Date : 11.08.2020
Place: Ernakulam

ലോകത്ത് കൊവിഡ് ബാധിതർ രണ്ടു കോടിയിലേറെ

ന്യൂയോർക്ക്: ലോകത്ത് ഇതുവരെയുള്ള കൊവിഡ് ബാധിതർ രണ്ടു കോടി കടന്നു. ഇതിൽ പകുതിയിലേറെ കേസുകളും യുഎസിലും ബ്രസീലിലും ഇന്ത്യയിലുമായാണ്. സ്ഥിരീകരിച്ച കണക്കുകളാണിത്. യഥാർഥ കണക്കുകൾ ഇതിലുമൊക്കെ വളരെയേറെ അധികമാവുമെന്ന് ആരോഗ്യ വിദഗ്ധർ. 40 ശതമാനം ആളുകൾക്കും യാതൊരു രോഗലക്ഷണവും കാണിക്കുന്നില്ല. പരിശോധനകൾക്കും പരിമിതിയുണ്ട്. ഇതാണ് യഥാർഥ കണക്കുകൾ വെളിച്ചത്തുകൊണ്ടുവരാൻ തടസമാകുന്നത്.

വേൾഡോമീറ്ററിന്റെ കണക്കനുസരിച്ച് 2,02,58,222 കേസുകളാണ് ഇതുവരെ സ്ഥിരീകരിച്ചിരിക്കുന്നത്. രണ്ടു കോടി പിന്നിട്ടെന്ന് ജോൺസ് ഹോപ്കിൻസ് സർവകലാശാലയും പറയുന്നു. 7.38 ലക്ഷം പേരാണ് ഇതുവരെ ലോകത്ത് കൊവിഡ് ബാധിച്ചു മരിച്ചത്. 1.31 കോടി പേർ രോഗമുക്തരായിട്ടുണ്ട്. യുഎസിലെ രോഗബാധിതർ 52.51 ലക്ഷത്തിലേറെയാണ്. ബ്രസീലിൽ 30.57 ലക്ഷത്തിലേറെ. ഇന്ത്യയിൽ 22 ലക്ഷം പിന്നിട്ടു.

കേരള സർക്കാർ ദർഘാസുകൾ

03-08-2020 മുതൽ 09-08-2020 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

വനം വകുപ്പ്

ദർഘാസ് : 2020_FD_372283_1 * Wildlife warden, Peechi * Construction of cairns along the boundary of Chimmony Rubber * അവസാന തീയതി : 13-Aug-2020 * അടങ്കൽ :₹510000

ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

ദർഘാസ് : 2020_HED_375313_1 * Executive Engineer * Upgradation of Coastal Roads in Alappuzha District - Poonjik * അവസാന തീയതി : 20-Aug-2020 * അടങ്കൽ :₹2907176

ദർഘാസ് : 2020_HED_375421_1 * Executive Engineer * Upgradation of coastal road in Alppuzha District-Kanakkoor-A * അവസാന തീയതി : 21-Aug-2020 * അടങ്കൽ :₹2663654

ദർഘാസ് : 2020_HED_374992_1 * Executive Engineer * UCR in Alappuzha District -Pathiyankara Punayidathu Beach Ro * അവസാന തീയതി : 19-Aug-2020 * അടങ്കൽ :₹1319372

ദർഘാസ് : 2020_HED_373312_2 * Executive Engineer * Upgradation of coastal roads in Alappuzha- Construction of n * അവസാന തീയതി : 11-Aug-2020 * അടങ്കൽ :₹3837749

ദർഘാസ് : 2020_HED_374640_1 * Executive Engineer * Upgradation of Coastal Roads in Kannur District Improvement * അവസാന തീയതി : 24-Aug-2020 * അടങ്കൽ :₹1455249

ദർഘാസ് : 2020_HED_374600_1 * Executive Engineer * Upgradation of Coastal Roads in Kannur District - Improvemen * അവസാന തീയതി : 24-Aug-2020 * അടങ്കൽ :₹1395878

ദർഘാസ് : 2020_HED_374674_1 * Executive Engineer * Upgradation of Coastal Roads in Kannur District Improvement * അവസാന തീയതി : 24-Aug-2020 * അടങ്കൽ :₹1505012

ദർഘാസ് : 2020_HED_374769_1 * Executive Engineer * Upgradation of Coastal Roads in Kannur District -Improvement * അവസാന തീയതി : 19-Aug-2020 * അടങ്കൽ :₹1382774

ദർഘാസ് : 2020_HED_374980_1 * Executive Engineer * Upgradation of Coastal Roads Improvements to Thoniyottukav * അവസാന തീയതി : 27-Aug-2020 * അടങ്കൽ :₹2713845

ദർഘാസ് : 2020_HED_374984_1 * Executive Engineer * Upgradation of Coastal Roads in Kannur District Improvemen * അവസാന തീയതി : 27-Aug-2020 * അടങ്കൽ :₹1321721

ദർഘാസ് : 2020_HED_375373_1 * Executive Engineer * Neendakara Fishery Harbour_Upgradation of Panel board and s * അവസാന തീയതി : 17-Aug-2020 * അടങ്കൽ :₹1291302

ദർഘാസ് : 2020_HED_375324_1 * Executive Engineer * Providing tiled roof covering over Inspection Bunglaw and r * അവസാന തീയതി : 17-Aug-2020 * അടങ്കൽ :₹1367688

ജലസേചന വകുപ്പ്

ദർഘാസ് : 2020_Irrig_344787_4 * Executive Engineer * CSIND Renovation of Boat jetty at Koivila in Thevalakkara Pa * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹2990408

ദർഘാസ് : 2020_Irrig_375296_1 * Executive Engineer * Urgent maintenance of office Buildings Inland Navigation Mi * അവസാന തീയതി : 20-Aug-2020 * അടങ്കൽ :₹1680016

ദർഘാസ് : 2020_Irrig_348240_3 * Executive Engineer * CSIND Renovation of boat jetty Muthiraparambu kadathu kadavu * അവസാന തീയതി : 13-Aug-2020 * അടങ്കൽ :₹3016294

ദർഘാസ് : 2020_Irrig_375609_1 * Executive Engineer * ASE Works * അവസാന തീയതി : 13-Aug-2020 * അടങ്കൽ :₹2306584

ദർഘാസ് : 2020_Irrig_375598_1 * Executive Engineer * ASE Work * അവസാന തീയതി : 13-Aug-2020 * അടങ്കൽ :₹1581658

ദർഘാസ് : 2020_Irrig_375533_1 * Executive Engineer * NC-2020-21 Urgent protection to the coastal belt of Ambalapu * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹1901203

ദർഘാസ് : 2020_Irrig_375545_1 * Executive Engineer * Natural Calamity 2020- Urgent Protection works in Alappuzha * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹3558019

ദർഘാസ് : 2020_Irrig_372075_2 * Executive Engineer * Restoration of the protection wall on the downstream of Pozh * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹1711461

ദർഘാസ് : 2020_Irrig_370629_2 * Executive Engineer * MLA ADF Improvements of basic facilities to Polachira Ela in * അവസാന തീയതി : 13-Aug-2020 * അടങ്കൽ :₹2759148

ദർഘാസ് : 2020_Irrig_367034_2 * Executive Engineer * MLA-ADF Urgent side protection of Right bank of Killi River * അവസാന തീയതി : 17-Aug-2020 * അടങ്കൽ :₹2232103

ദർഘാസ് : 2020_Irrig_374851_1 * Executive Engineer * Urgent rectification works to the super passage across Kotta * അവസാന തീയതി : 14-Aug-2020 * അടങ്കൽ :₹4012479

ദർഘാസ് : 2020_Irrig_339948_2 * Executive Engineer * SDRF-2018-19-Restoration and repair of existing Weir at Nakk * അവസാന തീയതി : 14-Aug-2020 * അടങ്കൽ :₹1738231

ദർഘാസ് : 2020_Irrig_339931_2 * Executive Engineer * SDRF-2018-19-Restoration and repair of existing Weir at Jell * അവസാന തീയതി : 14-Aug-2020 * അടങ്കൽ :₹1739340

ദർഘാസ് : 2020_Irrig_347542_2 * Executive Engineer * Renovation of Alangattukulam in Pattambi * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹4148034

ദർഘാസ് : 2020_Irrig_346315_2 * Executive Engineer * Renovation of Sambarkode Checkdam in Siruvani River in Agali * അവസാന തീയതി : 14-Aug-2020 * അടങ്കൽ :₹4017678

ദർഘാസ് : 2019_Irrig_330291_3 * Executive Engineer * Restoration of Vallikkad thod in Parudur Panchayath of Palak * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹1874527

ദർഘാസ് : 2019_Irrig_330285_3 * Executive Engineer * Renovation of Kannadichikulam in Muthuthala Panchayath of Pa * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹3976187

ദർഘാസ് : 2020_Irrig_339909_2 * Executive Engineer * Restoration and repair of existing Weir at Dhonikundu * അവസാന തീയതി : 14-Aug-2020 * അടങ്കൽ :₹1739340

ദർഘാസ് : 2020_Irrig_339958_2 * Executive Engineer * SDRF-2018-19-Restoration and repair of existing Weir at Omma * അവസാന തീയതി : 14-Aug-2020 * അടങ്കൽ :₹1739927

ദർഘാസ് : 2020_Irrig_375023_1 * Executive Engineer * Restoration of Thottumukkam chira across Kandanthodu in Muth * അവസാന തീയതി : 12-Aug-2020 * അടങ്കൽ :₹2141788

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക
Ro.No: 03-09/Aug/2020/PRD/2

കെ.ആർ. കേശവൻ

തേവര: കോന്തുരുത്തി പ്രിയദർശിനി നഗർ കാണപള്ളിൽ കെ.ആർ.കേശവൻ (74) അന്തരിച്ചു. (റിട്ട: സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി,കൊച്ചി). സംസ്ക്കാരം നടത്തി. ഭാര്യ: പരേതയായ ചെല്ലമ്മ മക്കൾ: ഷൈൻ കെ.കെ (മിനിസ്ട്രി ഓഫ് അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ), ഷൈനി കെ കെ (നേവൽ ബേസ്, കൊച്ചി). മരുമകൻ: വിനോദ്.

കാർത്ത്യായനി

മണലൂർ: മൂത്തേടത്ത് രാഘവൻ ഭാര്യ കാർത്ത്യായനി (95) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സരോജിനി, പരേതനായ മോഹൻദാസ്, രാജൻ, ഗീത. മരുമക്കൾ: ചന്ദ്രശേഖരൻ, വിജയമ്മ, ഷാലി, പരേതനായ ആനന്ദൻ.

രാധാമണി

മുഹമ്മ: മാരാരിക്കുളം തെക്ക്പഞ്ചായത്ത്എട്ടാം വാർഡ്വെളിയിൽപരേതനായ മോഹനന്റെ ഭാര്യ രാധാമണി (74) അന്തരിച്ചു. മക്കൾ: സുധീർ, സുജീവ്, സുമേഷ് (ബീവറേജസ് കോർപ്പറേഷൻ). മരുമക്കൾ: രനിത, ജൂലാദേവി (അധ്യാപിക പൂത്തോപ്പ് യു.പി. സ്കൂൾ), സ്മിത.

ലക്ഷ്മി അമ്മ

പേരാമ്പ്ര: കടിയങ്ങാട് പരേതനായ എൻ.വി. കൃഷ്ണൻ നായരുടെ (വിമുക്ത ഭടൻ) ഭാര്യ വടക്കെ കോവുമ്മൽ ലക്ഷ്മി അമ്മ (80, പേരാമ്പ്ര എസ്റ്റേറ്റ്) മമ്മിളിക്കുളം ആയില്യം വിട്ടിൽ അന്തരിച്ചു. മക്കൾ: വിജയൻ, വിമല, രാഗിണി, പത്മജ, സുജാത. (കോപ്പറേറ്റീവ് ബാങ്ക് പേരാമ്പ്ര). മരുമക്കൾ: ശാന്ത (കൂത്താളി), സി. കെ. ഗംഗാധരൻ നായർ (റിട്ട: ആയുർവേദ ആശുപത്രി), ശ്രീധരൻ ഊരത്ത് (റിട്ട: വേളം ഗവൺമെന്റ് ആശുപത്രി), കുഞ്ഞനന്തൻ പി.സി, കുഞ്ഞിരാമൻ കണ്ണോത്ത് (റിട്ട. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മേപ്പയ്യൂർ).

കല്യാണി

ചേമഞ്ചേരി: വെറ്റിലപ്പാറ ആലങ്ങോട്ട് താഴെ കുനി കല്യാണി (84) അന്തരിച്ചു. മക്കൾ: അശോകൻ, ഗീത, രാധ, വിനോദൻ, മിനി. മരുമക്കൾ: അജിത, പ്രകാശൻ, ബാബു, റീത്ത, മോഹനൻ.

ഫാത്തിമ

എടവണ്ണ: കിഴക്കേതലയിലെ പുത്തൂതൊടിക വീരാന്റെ ഭാര്യ ഫാത്തിമ (64) അന്തരിച്ചു. മക്കൾ: ഷമീർ, ഷജീർ (ഇരുവരും ജിസാൻ), സെമീദ. മരുമക്കൾ: ശിഹാബ് (മുണ്ടേങ്ങര), ഫസീല (കാളികാവ്), ഫൗസിയ (മമ്പാട്).

ത്രേസ്യ

മണലൂർ: ചിറമ്മൽ വറീത് ഭാര്യ ത്രേസ്യ (89) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30 ന് മണലൂർ സെന്റ് ഇഗ്നേഷ്യസ് പള്ളി സെമിത്തേരിയിൽ. മക്കൾ: ജോയ്, പുഷ്പം, ജോസ്, ജോഷി. മരുമക്കൾ: പ്രിൻസി, തോമസ്, പ്രിൻസി, ഷേർളി.

ഉമ്മർ കോയ

മഞ്ചേരി: നല്ലൂർ വീണപറമ്പിലെ കൊടുമുണ്ട ഉമ്മർകോയ എന്ന വാപ്പനു (58) അന്തരിച്ചു. ഭാര്യമാർ: ചക്കിങ്ങത്തൊടി ഖദീജ (കടുങ്ങപുരം), ചേലാതടത്തിൽ ആമിന (മുട്ടിപ്പാലം). മക്കൾ: അനീസ് ബാബു, റിയാസ്, സജ്ല. മരുമക്കൾ: മുല്ലപ്പള്ളി ഖൈറുന്നീസ (ചട്ടിപ്പറമ്പ്), വലിപറമ്പത്ത് ഫിറോസ് (തിരൂർക്കാട്).

കെ. വാസുദേവൻ

കുതിരവട്ടം: വടക്കു വീട്ടിൽ കെ. വാസുദേവൻ (94) അന്തരിച്ചു. സിപിഐ മൈലാമ്പാടി ബ്രാഞ്ച് മെമ്പറായിരുന്നു. ജനയുഗം, ദേശാഭിമാനി പത്രസ്ഥാപനങ്ങളിലേയും നോർമൻ പ്രിന്റേഴ്സിലേയും ജീവനക്കാരനായിരുന്നു. ഭാര്യ: ഭാനുമതി. മക്കൾ: ശാന്ത (റിട്ട. കടമ്പോട് സഹകരണ ബാങ്ക്), പരേതയായ വത്സല (കടമ്പോട് സഹകരണ ബാങ്ക് മുൻ ജീവനക്കാരി), പി ഹരിദാസൻ (ജനയുഗം), രുഗ്മിണി (ഹോമിയോ മെഡിക്കൽ കോളേജ്), പി വിജയൻ (ഡ്രൈവർ, റവന്യൂ ഡിപ്പാർട്മെന്റ്), പുഷ്പലത (ജനയുഗം). മരുമക്കൾ: പരേതനായ ടി. മാധവൻ (കെ.എസ്.ഇ.ബി), യു രാധാകൃഷ്ണ മേനോൻ (റിട്ട. സി ആർ പി എഫ്), എൻ വിജയം (ആസ്റ്റർ മിംസ്), പരേതനായ മോഹനൻ, ലിഷ (റിട്സ് കപ്യൂട്ടർ), മധുസൂദനൻ (റിട്ട. ആർമി).
സി പി ഐ ജില്ലാ സെക്രട്ടറി ടി വി ബാലൻ, എ ഐ ടി യു സി ജില്ലാ സെക്രട്ടറി പി കെ നാസർ എന്നിവർ വസതിയിലെത്തി അന്ത്യോപചാരം അർപ്പിച്ചു.

ബിജു കെ. ഏബ്രഹാം

കൂത്താട്ടുകുളം: അമ്പലംകുന്ന് കൂറക്കുന്നേൽ റിട്ട. കെഎസ്ആർടിസി ഉദ്യോഗസ്ഥൻ പരേതനായ എബ്രഹാമിന്റെയും രമണിയുടെയും മകൻ റിട്ട. കരസേന ഉദ്യോഗസ്ഥൻ ബിജു കെ. ഏബ്രഹാം (46) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: നായരമ്പലം മങ്കുഴിയിൽ ആനി മിന്നറ്റ് (സ്റ്റാഫ് നഴ്സ് ലിസി ആശുപത്രി കൊച്ചി). മക്കൾ: സെറീന, അബിൻ (വിദ്യാർഥികൾ മേരിഗിരി സ്കൂൾ കൂത്താട്ടുകുളം).

സെലിൻ

കണ്ടശ്ശാംകടവ്: തേയ്ക്കാനത്ത് പണ്ടാരവളപ്പിൽ പരേതനായ ജോർജ് ഭാര്യ സെലിൻ (64) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30 ന് കണ്ടശ്ശാംകടവ് സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ. മക്കൾ: ജിന്റോ, നീനു. മരുമകൻ: അബി.

മുഹമ്മദലി

മഞ്ചേരി: താഴെ കോഴിപ്പറമ്പിൽ പത്തുതറ മുഹമ്മദലി എന്ന കുഞ്ഞിമാൻ (60) അന്തരിച്ചു. കാളികാവ് ബർമ്മ ഫൂട്ട് വേർ ഉടമയാണ്.

ദേവകി

മഞ്ഞുമ്മൽ: കാഞ്ഞിരക്കാട്ട് വീട്ടിൽ ദേവകി (98) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് പാതാളം ശ്മശാനത്തിൽ. ഭർത്താവ്: പരേതനായ ദാമോദരൻ. മക്കൾ: മണി, മല്ലിക, കൃഷ്ണൻ, പരേതരായ സുരേന്ദ്രൻ, ഗീത. മരുമക്കൾ: ഉണ്ണി, ശ്യാമള, സുബ്രഹ്മണ്യൻ, ബീന, പരേതനായ ലോഹിതാക്ഷൻ.

സുരേന്ദ്രൻ

മലയിൻകീഴ്: മേപ്പൂക്കട കുഴയ്ക്കാട് പൂന്തോപ്പിൽ വീട്ടിൽ സുരേന്ദ്രൻ(68) അന്തരിച്ചു. ഭാര്യ: സുലോചന. മക്കൾ: ശാലിനി, സലീഷ്, സരിത. മരുമക്കൾ: വിനു, സന്തോഷ്, ശ്രുതി.

മമ്മദ്

കാരകുന്ന്: നെല്ലിപറമ്പൻ മേലേ തൊടിക മമ്മദ് (80) അന്തരിച്ചു. ഭാര്യ: പരേതയായ ആയിശ.

ഗംഗാധരൻ മാസ്റ്റർ

അത്തോളി: പുതുക്കുടി ഗംഗാധരൻമാസ്റ്റർ (86- റിട്ട.അധ്യാപകൻ പൂനൂർ തേക്കിൻതോട്ടം എൽ.പി. സ്കൂൾ) നെല്ലിക്കോട് സൈരിഭം വീട്ടിൽ അന്തരിച്ചു. സിപിഎം നരിക്കുനി ലോക്കൽ കമ്മിറ്റി സജീവ പ്രവർത്തകനായിരുന്നു. ഭാര്യ: പരേതയായ സുലോചന ടീച്ചർ (മുൻ പ്രധാനാദ്ധ്യാപിക കെസിഎംഎ യുപി സ്കൂൾ, കാച്ചിലാട്ട്, മുൻ കാട്ടുകുളങ്ങര സിപിഎം ലോക്കൽ കമ്മിറ്റി അംഗം, മുൻ ജനാതിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തക). മക്കൾ: ഷീജ (റിട്ട. അസിസ്റ്റന്റ് ലൈബ്രേറിയൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി), ലേഖ (പ്രധാനാധ്യാപിക കെസിഎംഎ യുപി സ്കൂൾ കാച്ചിലാട്ട്), സ്മിത. മരുമക്കൾ: അജയ്കുമാർ (റിട്ട. മാതൃഭൂമി), കൃഷ്ണകുമാർ (റിട്ട. മാനേജർ, ഫാർമ), മോഹൻദാസ് (ഫോട്ടോഗ്രാഫർ). സഹോദരങ്ങൾ: ബാലൻമാസ്റ്റർ, രുഗ്മിണിയമ്മ (തിരൂർ), പരേതരായ നാരായണൻമാസ്റ്റർ, കല്ല്യാണിക്കുട്ടി അമ്മ, മീനാക്ഷിടീച്ചർ, ദേവകിടീച്ചർ, ദാമോദരൻനായർ (മീനങ്ങാടി).

എ.എം. പൗലോസ്

കോതമംഗലം: വാവേലി ആലുംമ്മൂട്ടിൽ എ.എം. പൗലോസ്(73) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് വാവേലിയിലെ ഭവനത്തിൽ ശുശ്രൂഷക്കുശേഷം കോലഞ്ചേരി കാണിനാട് കുറ്റ സെന്റ്: ജോർജ്ജ് പള്ളിയിൽ നടത്തും. ഭാര്യ: സാറാക്കുട്ടി കോലഞ്ചേരി കാണിനാട് ബ്ലായിൽ കുടുംബാംഗമാണ്. മക്കൾ: മിനി, ബീന, ബെന്നി. മരുമക്കൾ: വർഗീസ് പി.ജി, പൗലോസ് മൂത്തേടൻ, ഷീന ബെന്നി.

മനോജ് മാത്യു

പേരാമ്പ്ര: പന്തിരിക്കര പുല്ലാനിക്കാവ് മുണ്ടപ്ലാക്കൽ പരേതനായ മാത്യുവിന്റെ മകൻ മനോജ് മാത്യു(മനോകോ മനോജ് -43) അന്തരിച്ചു. മാതാവ്: ത്രേസ്യ. സഹോദരങ്ങൾ ലൈസ (അധ്യാപിക സെന്റ് ജോർജ് ഹൈസ്ക്കൂൾ കുളത്തുവയൽ), ലൗലി (അധ്യാപിക സെന്റ് മേരീസ് ഹൈസ്ക്കൂൾ മരുതോങ്കര).



അലിയാർ

ആലുവ: തായിക്കാട്ടുകര, പന്തലക്കോടത്ത് അലിയാർ (85) അന്തരിച്ചു. ഭാര്യ പരേതയായ ആയിഷുമ്മ. മക്കൾ: നൗഷാദ്, ഷാജി, അനിമോൻ, സിയാദ്, നിഷാദ്. മരുമക്കൾ: സുബൈദ, ഷക്കീല, സെമി, അജു, ജാസ്മിൻ. കബറടക്കം കഴിഞ്ഞു.

ജാനകിയമ്മ

വടക്കാഞ്ചേരി: മംഗലം കളത്തുംപടിക്കൽ ജാനകിയമ്മ (80) അന്തരിച്ചു. സംസ്ക്കാരം നടത്തി. അവിവാഹിതയാണ്.



നാരായണൻ നായർ

കോതമംഗലം: പിണ്ടിമന ചിറ്റേക്കാട്ടുകാവുംപടി പുളിക്കൽ (പഞ്ചമി) നാരായണൻ നായർ(83) അന്തരിച്ചു. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. വാരപ്പെട്ടി ശിവവിലാസം കുടുംബാംഗമായ സത്യഭാമയാണ് ഭാര്യ. മക്കൾ: ഗീത, മിനി, സുനിത. മരുമക്കൾ: അശോക് കുമാർ (ബിഎസ്എൻഎൽ), സുരേഷ്, പങ്കജാക്ഷൻ.

സെലിന

ചാലക്കുടി: വാഴപ്പിള്ളി സെബാസ്റ്റൻ ഭാര്യ സെലിന (89) അന്തരിച്ചു. സംസ്ക്കാരം ഇന്ന് രാവിലെ 10.30 ന് ചാലക്കുടി സെന്റ് മേരീസ് ഫോറോന പള്ളി സെമിത്തേരിയിൽ. മക്കൾ: ജെഫിൻ, ജെസ്റ്റിൻ. പരേത കൊടകര തട്ടിൽ ഉമ്പാവു കുടുബാഗമാണ്.

ജോണി

വടക്കാഞ്ചേരി: വരവൂർ ചെറുവത്തൂർ വീട്ടിൽ പരേതനായ ഓസേഫ് മകൻ ജോണി (64) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: ജെസ്സി. മക്കൾ: കൊച്ചുറാണി, റോസ്മോൾ. മരുമകൻ: ക്ലിന്റു.

തങ്കമ്മ

മാവേലിക്കര: പോനകം കണ്ണങ്കര വീട്ടിൽ പരേതനായ ഭാർഗവന്റെ ഭാര്യ തങ്കമ്മ (69) അന്തരിച്ചു. സംസ്കാരം നടത്തി. മകൻ: പ്രതാപൻ, മരുമകൾ: കലാരഞ്ജിനി.

കല്ല്യാണി

എളാട്ടേരി: മുണ്ട്യാടത്ത് കല്ല്യാണി (84) അന്തരിച്ചു. മക്കൾ: ലക്ഷ്മി, ബാലകൃഷ്ണൻ, രാജീവൻ (ഒമാൻ), ദേവകി, ശാരദ, സുനിത, സതി. മരുമക്കൾ: ബാലൻ, കുമാരൻ, പ്രദീപൻ, ബാബു, ശിവൻ, അനിത, സുജല.

കൊവിഡ് സംശയത്തെ തുടർന്ന് ചികിത്സയിലായിരുന്ന വയോധിക മരിച്ചു

അങ്കമാലി: കൊവിഡ് - 19 സംശയത്തെ തുടർന്ന് എറണാകുളം മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന വയോധിക മരിച്ചു. അയ്യമ്പുഴ കൊല്ലക്കോട് മുണ്ടോപുരം പാപ്പച്ചന്റെ ഭാര്യ മേരിക്കുട്ടി (77) ആണ് മരിച്ചത്. കൊവിഡ് മൂലമാണോ മരണമെന്ന് സ്ഥിരീകരിക്കുന്നതിനായി സ്രവം ആലപ്പുഴ എൻ ഐ വി ലാബിലേക്കയച്ചു. കൊവിഡ് സംശയത്തെ തുടർന്നാണ് മേരിയെ സ്വകാര്യ ആശുപത്രിയിൽ നിന്നും മെഡിക്കൽ കോളജിൽ എത്തിച്ചത്. കടുത്ത പ്രമേഹവും ഹൃദ്രോഗവുമുണ്ടായിരുന്ന മേരിക്കുട്ടിയ്ക്ക് ന്യൂമോണിയ ബാധിച്ചിരുന്നു.

ഔസേഫ്

മനക്കൊടി: കിഴക്കുംപുറം തേർമഠം ഔസേഫ് (കൊച്ചപ്പൻ -79) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് അരിമ്പൂർ സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ. ഭാര്യ: വെറോനിക്ക. മക്കൾ: വിൽസൻ, പോൾ, മേഴ്സി. മരുമക്കൾ: മേരി, ജലജ (റാണി), തോമസ്.

എസ്.പരമശിവൻ

ആലപ്പുഴ: വടക്കൽ ഗുരുമന്ദിരം വാർഡ് കേശവ് ഗാർഡൻസിൽ എസ്. പരമശിവൻ (82) (റിട്ട. സൂപ്രണ്ട് സെൻട്രൽ എക്സൈസ് & കസ്റ്റംസ്) അന്തരിച്ചു. സംസ്കാരം ഇന്ന് ആലപ്പുഴ വലിയ ചുടുകാട് ശ്മശാനത്തിൽ നടന്നു. ഭാര്യ: പരേതയായ ആർ.വസന്ത. മക്കൾ: ഡോ.പി. ശാന്തി, പി. സുബ്രഹ്മണ്യൻ, പി.രുഗ്മിണി, പി.രാമനാഥൻ. മരുമക്കൾ: ഡോ. സുരേഷ് രാഘവൻ, ജെ.സന്ധ്യ, എൻ നടരാജ്.

കൊച്ചുത്രേസ്യ

കാരമുക്ക്: താണിക്കൽ ചാലിശ്ശേരി ജോസ് ഭാര്യ കൊച്ചുത്രേസ്യ (71) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: അനി, മിനി, സിനി. മരുമക്കൾ: രമ്യ, ഫ്രാൻസീസ്, ബിജു.

അബ്ദുറഹ്മാൻ

തിരൂർ: വാണിയന്നൂർ സ്വദേശി ജുമുഅത്ത് പള്ളിക്ക് സമീപം കരിമ്പനക്കൽ അബ്ദുറഹ്മാൻ (74)അന്തരിച്ചു. മീശപ്പടിയിൽ ഹാർഡ്‌വെയർ ഷോപ്പ് നടത്തിയിരുന്നു. ഭാര്യ: പരേതയായ ഫാത്തിമ. സീനത്ത്, ആയിഷ, തബ്ഷീറ, ആബിദ, ശാഹുൽ ഹമീദ് എന്നിവർ മക്കളാണ്. ജാമാതാക്കൾ: അബ്ദുൽ മജീദ്, സജർ ബാബു, അബ്ദുൽ ഖാദർ, സഫ്‌വാൻ. സഹോദരങ്ങൾ: ആയിഷ, ഫാത്തിമ, നഫീസ, തിത്തീമു. വാണിയന്നൂർ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ മറവ് ചെയ്തു.

അജ്ഞാത മൃതദേഹം കണ്ടെത്തി

മുഹമ്മ: മണ്ണഞ്ചേരി ഷൺമുഖം ജെട്ടിക്ക് സമീപം വേമ്പനാട്ട് കായലിൽ ഏകദേശം 55 വയസ് തോന്നിക്കുന്ന സ്ത്രീയുടെ മൃതദേഹം കണ്ടെത്തി.

വലയെടുക്കാൻ പോയ മത്സ്യത്തൊഴിലാളികൾ ചൊവ്വാഴ്ച രാവിലെ 11 ഓടെയാണ് മൃതദേഹം കണ്ടത്. പച്ച ബ്ലൗസും വെള്ളപ്പാവാടയും ധരിച്ചിട്ടുള്ള മൃതദേഹത്തിന് നാലു ദിവസത്തെ പഴക്കം തോന്നുന്നു.

മൃതദേഹം പോസ്റ്റുമോർട്ടത്തിനായി ആലപ്പുഴ മെഡിക്കൽ കോളെജാശുപത്രിയിലേക്ക് മാറ്റി.

ലോറിയും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു

ഷാജൻ

അങ്കമാലി: ലോറിയും ബൈക്കും കൂട്ടിയിടിച്ചുണ്ടായ വാഹനാപകടത്തിൽ ബൈക്ക് യാത്രക്കാരനായ ഇന്ത്യൻ കോഫി ഹൗസ് ജീവനക്കാരൻ മരിച്ചു. കൂടാലപ്പാട് ചിറ്റുപറമ്പിൽ ആഗസ്തിയുടെ മകൻ ഷാജൻ (50) ആണ് മരണമടഞ്ഞത്. ഇന്നലെ ഉച്ചയ്ക്ക് 12.45 ഓടെ ദേശീയ പാതയിൽ അങ്കമാലി പൊലീസ് സ്റ്റേഷനു സമീപമായിരുന്നു അപകടം. വീട്ടിൽ നിന്നും കറുകുറ്റിയിലെ ഇന്ത്യൻ കോഫി ഹൗസിൽ ജോലിക്ക് പോകുന്ന വഴിയാണ് ഷാജൻ അപകടത്തിൽപ്പെട്ടത്. അങ്കമാലിയിൽ നിന്നും ചാലക്കുടി ഭാഗത്തേയ്ക്ക് പോകുകയായിരുന്ന ലോറി ബൈക്കിന്റെ പിന്നിൽ വന്നിടിയ്ക്കുകയായിരുന്നു. റോഡിലേക്ക് തെറിച്ചു വീണ ഷാജനെ അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഭാര്യ: കാഞ്ഞൂർ പയപ്പിള്ളി കുടുംബാംഗം ജെസി. മകൾ: അലീന. പൊലീസ് മേൽനടപടിക്കും കൊവിഡാനന്തര പരിശോധനകൾക്കും ശേഷം സംസ്കാരം പിന്നീട് നടത്തും.

വൈദ്യുതി ലൈനിൽ ബൈക്ക് കുടുങ്ങി ഷോക്കേറ്റ് യുവാവ് മരിച്ചു

സുള്ള്യ: തൂങ്ങിക്കിടന്ന ഹൈടെൻഷൻ വൈദ്യുതി ലൈനിൽ ബൈക്ക് കുടുങ്ങി ഷോക്കേറ്റ് യുവാവ് വെന്തുമരിച്ചു.

മണ്ടേക്കോൾ മൈത്തടുക്കയിലെ ഉമേഷ് (45) ആണ് മരിച്ചത്. ചൊവ്വാഴ്ച പുലർച്ചെ 5.30 മണിയോടെ സുള്ള്യ നിണ്ടിക്കൽ കല്ലേരിയിലാണ് അപകടമുണ്ടായത്. ഉമേഷ് ഓടിച്ചുപോകുകയായിരുന്ന മോട്ടോർ ബൈക്ക് തൂങ്ങിക്കിടക്കുകയായിരുന്ന വൈദ്യുതി ലൈനിൽ കുരുങ്ങുകയായിരുന്നു. ഉമേഷിന്റെ മൃതദേഹം തിരിച്ചറിയാനാകാത്ത വിധം കത്തിക്കരിഞ്ഞ നിലയിലാണ്. ബൈക്കും പൂർണ്ണമായും കത്തി നശിച്ചു.

ഡോക്റ്റർ കിടപ്പുമുറിയിൽ മരിച്ച നിലയിൽ

വി.ഐ. ഫൈസൽ

ഹരിപ്പാട്: ഡോക്റ്റർ വീടിനുള്ളിൽ മരിച്ച നിലയിൽ കാണപ്പെട്ടു. ചെറിയനാട് പി എച്ച് സിയിലെ മെഡിക്കൽ ഓഫീസർ വി.ഐ. ഫൈസലിനെയാണ് (45) ഇന്നലെ രാത്രി കിടപ്പുമുറിയിൽ മരിച്ച നിലയിൽ കണ്ടത്. വെട്ടുവേനി റാഹത്ത് വീട്ടിൽ ഭാര്യാ മാതാവിനും മകൻ റസ്താനുമൊപ്പമായിരുന്നു താമസം. വീടിന്റെ മുകൾ നിലയിലെ മുറിയിലേക്ക് പോയ ഫൈസലിനെ വളരെ സമയം കാണാത്തതിനാൽ വീട്ടുകാർ ചെന്നു നോക്കുമ്പോൾ കട്ടിലിൽ മരിച്ച നിലയിൽ കാണപ്പെടുകയായിരുന്നു എന്നു പൊലീസ് പറഞ്ഞു. കൊടുങ്ങല്ലൂർ വലിയത്ത് കുടുംബാംഗമാണ്. ഹരിപ്പാട് കച്ചേരി തെക്കതിൽ സലാഹുദീന്റെ മകൾ സീനയാണ് ഭാര്യ. സീന സൗദി അറേബ്യയിലെ റിയാദിൽ കിങ് ഫൈസൽ ആശുപത്രിയിൽ ഡോക്റ്ററാണ്. ആറു മാസം മുൻപാണ് വിദേശത്തേക്ക് പോയത്. ഡോ: ഫൈസൽ പി ജി പരീക്ഷയ്ക്കുള്ള തയാറെടുപ്പിലായിരുന്നു. മൃതദേഹം താലൂക്ക് ആശുപത്രി മോർച്ചറിയിൽ. പോസ്റ്റുമോർട്ടത്തിനു ശേഷമേ മരണ കാരണം വ്യക്തമാകൂ എന്നു പൊലീസ് പറഞ്ഞു.

വയനാട് ജില്ലയിൽ കൊവിഡ് ബാധിച്ച് ഒരാൾ മരിച്ചു

വയനാട്: വയനാട് ജില്ലയിൽ കൊവിഡ് ബാധിച്ച് ഒരാൾ കൂടി മരിച്ചു. മാനന്തവാടി ജില്ലാ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്ന കാരക്കാമല സ്വദേശി എറമ്പയിൽ മൊയ്തു ആണ് മരിച്ചത്.
കിഡ്നി ലിവർ സംബന്ധമായ അസുഖത്തിന് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയ്ക്ക് പോയപ്പോഴാണ് കൊറോണ വൈറസ് ബാധിച്ചതെന്നാണ് ആരോഗ്യ വകുപ്പ് അധികൃതർ പറയുന്നത്. മെഡിക്കൽ ബോർഡ് കൂടിയ ശേഷം ഔദ്യോഗികമായി മെഡിക്കൽ ബുള്ളറ്റിൻ പുറത്തിറക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. രേണുക അറിയിച്ചു.

കോഴിക്കോട് രണ്ട് കോവിഡ് മരണം കൂടി

കോഴിക്കോട്: ജില്ലയിൽ രണ്ട് കേവിഡ് മരണം കൂടി. ഒരു പൊക്കുന്ന് സ്വദേശിയും മലപ്പുറം സ്വദേശിയുമാണ് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ മരിച്ചത്. പൊക്കുന്ന് സ്വദേശി ബിച്ചു (69) രണ്ട് ദിവസം മുമ്പാണ് കോവിഡ് പോസിറ്റീവായി ബീച്ച് ജനറൽ ആശുപത്രിയിൽ നിന്ന് മെഡിക്കൽ കോളജിലേക്ക് മാറ്റിയത്. ഇവരുടെ ആരോഗ്യ നില മോശമാവുകയും ഹൃദയാഘാതം സംഭവിക്കുകയുമായിരുന്നു. മലപ്പുറം പുകയൂർ സ്വദേശി കുട്ടിയപ്പു (72) വിനെ മെയ്ത്ര ആശുപത്രിയിൽ നിന്ന് കോവിഡ് സ്ഥിരീകരിച്ച ശേഷം മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു. കുട്ടിയപ്പുവിന് ഹൃദയ സംബന്ധമായ അസുഖങ്ങളുണ്ടായിരുന്നു. ചൊവ്വാഴ്ച ഹൃദയാഘാതം സംഭവിച്ചതിനെ തുടർന്ന് മരണം സ്ഥിരീകരിക്കുകയായിരുന്നു.

Break the Chain

അംബേദ്കർ ഗ്രാമം പദ്ധതി

പ്രവൃത്തി പൂർത്തീകരണ പ്രഖ്യാപനവും പ്രവർത്തനോദ്ഘാടനവും

(വീഡിയോ കോൺഫറൻസിലൂടെ)

ശ്രീ. എ. കെ. ബാലൻ

ബഹു. പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ, നിയമ, സാംസ്കാരിക, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി

10 പട്ടികജാതി സങ്കേതങ്ങളുടെ പ്രവൃത്തി പൂർത്തീകരണ പ്രഖ്യാപനം 12.08.2020 രാവിലെ 11.30 ന്	12 പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പ്രവർത്തനോദ്ഘാടനം 12.08.2020 വൈകുന്നേരം 3.30 ന്
അംബേദ്കർ ഗ്രാമങ്ങൾ	**അംബേദ്കർ സെറ്റിൽമെന്റുകൾ**
വലിയപറമ്പ്, വേങ്ങര മണ്ഡലം	പട്ടത്തുവയൽ, പയ്യന്നൂർ മണ്ഡലം
പതമ്പഴക്കാട്, ആലത്തൂർ മണ്ഡലം	ചെമ്പുവെച്ചമൊട്ട, ഇരിക്കൂർ മണ്ഡലം
താമരവെള്ളച്ചാലിൽ, ഒല്ലൂർ മണ്ഡലം	പെരുവട്ടം, ഇരിക്കൂർ മണ്ഡലം
പള്ളിപ്പുറം ലക്ഷംവീട്, വൈപ്പിൻ മണ്ഡലം	തോപ്പിലായി, ഇരിക്കൂർ മണ്ഡലം
ഏറുംപുറം, കോതമംഗലം മണ്ഡലം	എയ്യൻകല്ല്, ഇരിക്കൂർ മണ്ഡലം
നെടുമല, പെരുമ്പാവൂർ മണ്ഡലം	മാവുംതട്ട, ഇരിക്കൂർ മണ്ഡലം
കിണറ്റിൻമൂട്, കൊട്ടാരക്കര മണ്ഡലം	വടക്കിനിയില്ലം, പേരാവൂർ മണ്ഡലം
താമരക്കുടി, കൊട്ടാരക്കര മണ്ഡലം	മേലെമന്ദംചേരി, പേരാവൂർ മണ്ഡലം
വലിയമല, കൊയിലാണ്ടി മണ്ഡലം	കരയത്തുംചാൽ, പേരാവൂർ മണ്ഡലം
അമ്പായത്തോട്, കൊടുവള്ളി മണ്ഡലം	അമ്പലക്കുഴി, പേരാവൂർ മണ്ഡലം
കോയംകുളം കുടിവെള്ള പദ്ധതി (തിരൂരങ്ങാടി മണ്ഡലം)	മൂന്നാംകുറ്റി, പേരാവൂർ മണ്ഡലം
	അണുങ്ങോട്ട് ലക്ഷം വീട് പേരാവൂർ മണ്ഡലം

ഇ സഞ്ജീവനി ടെലി മെഡിസിൻ
ദിവസവും 8 AM മുതൽ 8 PM
www.esanjeevaniopd.in/kerala
eSanjeevaniOPD STAY HOME OPD
കേരള സർക്കാർ
പട്ടികജാതി -പട്ടികവർഗ വികസന വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പ്രിയങ്കയുടെ 'പുഷ് അപ്സ്' ചിത്രം

ഏറെ ആരാധകരുള്ള താരമാണ് പ്രിയങ്ക ചോപ്ര. പ്രിയങ്ക ചോപ്ര ഷെയർ ചെയ്ത ഒരു ഫോട്ടോയാണ് ആരാധകർ ഇപ്പോൾ ചർച്ചയാക്കുന്നത്. ഭർത്താവ് നിക് ജൊനാസിന് ഒപ്പമുള്ള ഫോട്ടോയാണ് പ്രിയങ്ക ചോപ്ര ഷെയർ ചെയ്തിരിക്കുന്നത്. പുഷ് അപ്സ് ആണ് തന്റെ ഇഷ്ടപ്പെട്ട വ്യായാമം എന്നും ക്യാപ്ഷനായി എഴുതിയിരിക്കുന്നു. ഒട്ടേറെ ആരാധകരാണ് ഫോട്ടോയ്ക്ക് കമന്റുകളുമായി രംഗത്ത് എത്തിയിരിക്കുന്നത്. സിനിമയ്ക്ക് പുറത്തെ വിശേഷങ്ങളും ആരാധകരോട് പങ്കുവയ്ക്കാറുള്ള താരമാണ് പ്രിയങ്ക ചോപ്ര. നിക്ക് ജൊനാസിനൊപ്പമുള്ള പ്രിയങ്ക ചോപ്രയുടെ ഫോട്ടോകൾ തരംഗമാകാറുണ്ട്. മെട്രിക്സ് 4, ദ വൈറ്റ് ടൈഗർ എന്നീ സിനിമകളാണ് പ്രിയങ്കയുടേതായി ഒരുങ്ങുന്നത് .

വിജയ്‌യെ ചലഞ്ച് ചെയ്ത് മഹേഷ് ബാബു

മഹേഷ് ബാബുവിന്റെ പിറന്നാൾ ദിവസം രസകരമായ ഒരു പോസ്റ്റാണ് താരം ടിറ്ററിൽ പങ്കുവെച്ചത്.ഗ്രീൻ ഇന്ത്യ ചലഞ്ച് എന്ന ഹാഷ്ടാഗുമായി എല്ലാവരോടും താരം വൃക്ഷത്തൈകൾ നടുവനാണ് ആവശ്യപ്പെട്ടുന്നത്. മൂന്ന് താരങ്ങളെ മഹേഷ് ബാബു ചലഞ്ചിലേക്ക് വെല്ലുവിളിക്കുകയും ചെയ്തിട്ടുണ്ട്. ജൂനിയർ എൻ.ടി.ആർ, ശ്രുതി ഹാസൻ, വിജയ് എന്നിവരെയാണ് ചലഞ്ച് ചെയ്തിരിക്കുന്നത്.വെല്ലുവിളിച്ചത് ടിറ്ററിൽ വലിയ ശ്രദ്ധയാണ് നേടിയത് . ഇരുവരുടെയും ആരാധകർ ഗ്രീൻ ചലഞ്ചുമായി അണിനിരക്കുകയാണ്.വിജയിയുടെ വൻ വലിയ ഹിറ്റുകളായ ഗില്ലിയും, പോക്കിരിയും മഹേഷ് ബാബു ചിത്രങ്ങളിൽ നിന്ന് റീമേക്ക് ചെയ്തവയാണ്. ഇരുവരും നല്ല സുഹൃത്തുക്കൾ ആണ് .

’മഹ ’ഹൻസികയുടെ പുതിയ ലുക്ക്

തെന്നിന്ത്യൻ നടി ഹൻസികയുടെ പിറന്നാളായിരുന്നു കഴിഞ്ഞ ദിവസം.ഇപ്പോഴിതാ താരത്തിന്റെ ‘മഹ’ ചിത്രത്തിന്റെ പുതിയ ലുക്ക് പോസ്റ്റർ പുറത്തുവിട്ട് അണിയറപ്രവർത്തകർ. രക്തം പുരണ്ട കൈകളാൽ മുഖം മറയ്ക്കുന്നതായാണ് പോസ്റ്റർ. ചിത്രത്തിന്റേതായി വിവിധ പോസ്റ്ററുകൾ നേരത്തെയും റിലീസ് ചെയ്തിരുന്നു.

സന്യാസി വേഷത്തിൽ പുക വലിക്കുന്നതായും രക്തം നിറഞ്ഞ ബാത്ത്ടബ്ബിൽ തോക്കുമായി ഇരിക്കുന്ന പോസ്റ്ററുകളാണ് നേരത്തെ എത്തിയത്. ഇത് വിവാദങ്ങൾക്കും വഴി തെളിച്ചിരുന്നു. യു. ആർ ജമീൽ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ശ്രീകാന്ത്, ചിമ്പു എന്നിവരാണ് മറ്റ് പ്രധാന താരങ്ങൾ.താരത്തിന്റ ജൻമദിനം ആഘോഷിക്കുന്നതിന്റെ ചിത്രങ്ങളും സോഷ്യൽ മീഡിയയിൽ വൈറലാണ്. ബാലതാരമായാണ് ഹൻസിക സിനിമയിലെത്തുന്നത്. ഹൃതിക് റോഷന്റെ കോയി മിൽ ഗയ എന്ന ഹിന്ദി സിനിമകളിൽ അടക്കം ബാലതാരമായി എത്തി. ദേസമുദുരു എന്ന തെലുങ്ക് ചിത്രത്തിലൂടെയാണ് ഹൻസിക നായികയായി അരങ്ങേറ്റം കുറിച്ചത്.

എങ്കെയും കാതൽ, വേലായുധം, മാപ്പിള്ളൈ, സിങ്കം 2, ബിരിയാണി, അരൺമനൈ, റോമിയോ ജൂലിയറ്റ് തുടങ്ങി നിരവധി തമിഴ്, തെലുങ്ക്, കന്നഡ ചിത്രങ്ങളിൽ ഹൻസിക അഭിനയിച്ചിട്ടുണ്ട്.

വരയിലെ ടീസർ പുറത്തിറങ്ങി

നിഖിൽ മാധവ് സംവിധാനം ചെയ്യുന്ന കലാ ചിത്രമായ വരയുടെ ടീസർ പുറത്തിറങ്ങി. മലയാള ഭാഷ കലാ ചിത്രമായാണ് വര പുറത്തിറങ്ങുന്നത്. ചിത്രത്തിൽ ഗോവിന്ദൻ എന്ന നായകന്റെ വേഷത്തിലെത്തുന്നത് നാടക കലാകാരനായ എഴുപത്തിരണ്ടുകാരൻ ജിയോ മാറഞ്ചേരിയാണ്.അരവിന്ദ് സംഗീതാണ് ചിത്രത്തിന്റെ സംഗീത സംവിധാനം ഒരുക്കിയിരിക്കുന്നത്. ടോഫി സ്ട്രീന്റെ ബാനറിൽ സിനിമ ക്ലബും ഗുഡ് വൺ മീഡിയയും ചേർന്നാണ് ചിത്രം ഒരുക്കുന്നത്. എഡിറ്റിംഗ് ബക്കർ അസോസിയേറ്റ്, സാക്കിബ് മൂസ, മുബഷിർ പട്ടാമ്പി, ഷംനാദ് കലഞ്ഞൂർ, മുനസ് മൊയ്ദീൻ.

രജിനിസം @ 45 years..

സ്റ്റൈൽ മന്നൻ സൂപ്പർ സ്റ്റാർ രജിനികാന്ത് അഭിനയലോകത്തേക്കെത്തിയിട്ട് 45 വർഷമായിരിക്കുകയാണ് . 1975-ൽ അപൂർവ്വരാഗങ്ങളിലൂടെയാണ് രജിനികാന്ത് സിനിമാ ജീവിതം ആരംഭിച്ചത്. ഇതിനിടയിൽ ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായി നൂറ്റമ്പതിലേറെ സിനിമകളിൽ അദ്ദേഹം അഭിനയിച്ചുകഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിനയ ജീവിതത്തിന്റെ 45-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി രജിനിസം എന്ന പേരിൽ രജിനികാന്ത് കഥാപാത്രങ്ങളുടെ കൊളാഷ് പോസ്റ്റർ ഒരുക്കിയിരിക്കുകയാണ് ആരാധകർ. വേറിട്ട ശൈലിയിലൂടെ സ്റ്റൈൽ മന്നനായ അദ്ദേഹത്തിന് ആശംസ നേർന്ന് സിനിമാ താരങ്ങളും രംഗത്തെത്തിയിട്ടുണ്ട്. ഐക്കൺ ഓഫ് ഇന്ത്യൻ സിനിമ എന്നാണ് പലരും രജിനികാന്തിനെ വിശേഷിപ്പിക്കാറുള്ളത്. മോഹൻലാൽ, മമ്മൂട്ടി, എ ആർ റഹ്മാൻ, പൃഥിരാജ് ഉൾപ്പടെയുള്ളവർ സോഷ്യൽമീഡിയയിലൂടെ അദ്ദേഹത്തിന് ആശംസകൾപ്പിച്ച് രംഗത്തെത്തിയിട്ടുണ്ട്.സില്ല്യണിലൊരാൾ എന്ന് കുറിച്ചുകൊണ്ടാണ് രജിനികാന്തിന്റെ മകൾ സൗന്ദര്യ ടിറ്ററിൽ ആശംസകൾ അർപ്പിച്ചിരിക്കുന്നത്.ഇന്ത്യൻ സിനിമയുടെ മാജിക്കൽ രജനിസം എന്നാണ് നടൻ സൂര്യ ടീറ്റ് ചെയ്തിരിക്കുന്നത്. ബോളിവുഡ് തെലുങ്ക്, കന്നഡ താരങ്ങളും ആശംസകൾ അർപ്പിച്ചിട്ടുണ്ട്.ദർബാറാണ് അദ്ദേഹത്തിന്റേതായി ഒടുവിൽ റിലീസ് ചെയ്ത ചിത്രം. ശിവ ഒരുക്കുന്ന അണ്ണാത്തെയാണ് അടുത്ത വർഷം റിലീസിനായി ഒരുങ്ങുന്നത്. ഒരു ഫാമിലി-ആക്ഷൻ ചിത്രമായൊരുങ്ങുന്ന സിനിമയിൽ നയൻതാര, ഖുഷ്ബു, മീന, കീർത്തി സുരേഷ്, പ്രകാശ് രാജ്, സൂരി തുടങ്ങി വമ്പൻ താരങ്ങളാണ് അണി നിരക്കുന്നത്.

അഭിനന്ദനവുമായി സൂര്യ

അഭിനന്ദനവുമായി തമിഴ് സൂപ്പർ താരം സൂര്യ. ”വേദനയിലൂടെ കടന്നു പോകുന്ന കുടുംബങ്ങളുടെ സങ്കടത്തിൽ പങ്കുചേരുന്നു. പരിക്കേറ്റവർക്ക് വേഗം സുഖം പ്രാപിക്കാൻ കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മലപ്പുറത്തെ ജനങ്ങൾക്ക് എന്റെ സല്യൂട്ട്, പൈലറ്റുമാരോട് ബഹുമാനം” എന്നായിരുന്നു സൂര്യയുടെ ടീറ്റ്.ദുബായിൽ നിന്ന് 184 യാത്രക്കാരെയുമായി കരിപ്പൂരിൽ എത്തിയ വിമാനമാണ് അപകടത്തിൽ പെട്ടത്. 19 പേർ മരിച്ചു. 171 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. രക്ഷാപ്രവർത്തനത്തിന് എത്തിയ ജനങ്ങളെ ദേശീയ മാധ്യമങ്ങൾ അടക്കം അഭിനന്ദിച്ച് രംഗത്തെത്തിയിരുന്നു. എയർ ഇന്ത്യ എക്സ്പ്രസും നന്ദി അറിയിച്ചിരുന്നു.

കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ് ഡിജിറ്റൽ റിലീസിന് ഒരുങ്ങുന്നു

ടൊവിനോ തോമസ് ചിത്രം ’കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ്’ ഡിജിറ്റൽ റിലീസിന് ഒരുങ്ങുന്നു. ഓണത്തിന് റിലീസ് ചെയ്യുമെന്നാണ് സൂചന. ഉടൻ ഇത് സംബന്ധിച്ച കരാർ ഒപ്പുവയ്ക്കും. ചിത്രത്തിന് നൽകുന്ന തുക സംബന്ധിച്ചും അവസാന തീരുമാനത്തിൽ എത്തിയിട്ടില്ല. നടൻ ടൊവിനോ തോമസ് ആദ്യമായി നിർമാണരംഗത്തേക്ക് കടക്കുന്ന ചിത്രം കൂടിയാണ് ’കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ്’. ടൊവിനോയ്ക്ക് ഒപ്പം റംഷി അഹമ്മദ്, ആൻറോ ജോസഫ്, സിനു സിദ്ധാർഥ് എന്നിവർ ചേർന്നാണ് നിർമ്മാണം. ചിത്രത്തിൽ ടൊവിനോയ്ക്ക് നായികയായി എത്തുന്നത് ഇന്ത്യ ജാർവിസ് എന്ന അമേരിക്കൻ നടിയാണ്.രണ്ട് പെൺകുട്ടികൾ, കുഞ്ഞു ദൈവം എന്നീ ചിത്രങ്ങൾക്ക് ശേഷം ജിയോ ബേബി സംവിധാനം ചെയ്യുന്ന ചിത്രമാണിത്. സൂരജ് എസ്. കുറുപ്പാണ് ചിത്രത്തിന് സംഗീതമൊരുക്കിയത്. പശ്ചാത്തല സംഗീതം സുഷിൻ ശ്യാം. സിനു സിദ്ധാർഥാണ് ഛായാഗ്രഹണം നിർവഹിച്ചത്.

ചാക്കോച്ചനെ വിളിച്ച് അജിത്ത്

കുഞ്ചാക്കോ ബോബനും ശാലിനിയും പ്രേക്ഷകരുടെ പ്രിയപ്പെട്ട ജോഡിയായിരുന്നു.ഇരുവരുടെയും സൂപ്പർഹിറ്റ് ചിത്രമായ നിറത്തിന്റെ സെറ്റിൽ വച്ച് ശാലിനി നടൻ അജിത്തിനെ വിളിച്ച് സംസാരിക്കാറുണ്ടായിരുന്നു. ആ രസകരമായ കഥയാണ് കുഞ്ചാക്കോ ബോബന്റെ ഫാൻസ് പേജിൽ എത്തിയിരിക്കുന്നത്. ഈ കുറിപ്പ് സോഷ്യൽ മീഡിയയിൽ വൈറലാവുകയാണ്.

കുറിപ്പ്:

നായികാകഥാപാത്രമായ സോനയെ ഒരു പുതുമുഖത്തെ കൊണ്ട് ചെയ്യിക്കാനാണ് ആദ്യം ആലോചിച്ചിരുന്നത്. സ്ക്രീൻ ടെസ്റ്റ് നടത്തി അതിനായി ഒരു പുതുമുഖത്തെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു - അസിൻ തോട്ടുങ്കൽ! അസിന്റെ ഫോട്ടോസ് കണ്ട കുഞ്ചാക്കോ, ‘ഈ കുട്ടി ഒരു നായികയായി വരേണ്ട സമയം ഇപ്പോൾ ആയിട്ടില്ലെ’ന്ന് പറഞ്ഞ് മാറ്റിവച്ചു. അക്കാലത്തെ തന്റെ ഭാഗ്യനായിക ആയിരുന്ന ശാലിനിയോടൊപ്പമുള്ള ‘പ്രേം പൂജാരി’ ബോക്സ് ഓഫീസിൽ പരാജപെട്ടതിനാൽ ശാലിനിയെ കൊണ്ട് തന്നെ നായികാകഥാപാത്രം ചെയ്യിച്ചാലോ എന്ന് ചാക്കോച്ചൻ ആണ് കമലിനോട് ചോദിച്ചത്.

ഒരു തമിഴ് ചിത്രത്തിന്റെ സെറ്റിൽ ഇരുന്നാണ് ശാലിനി കമലിന്റെ സ്ക്രിപ്റ്റ് കേട്ടത്. ശാലിനിക്ക് മണി രത്നം ചിത്രമായ ‘അലൈപായുതേ’യുടെ ഓഫർ വന്നു നിൽക്കുന്ന സമയം ആയിരുന്നു അത്. കഥാപാത്രത്തിന്റെ ഫ്രഷ്നെസ്സ് മനസ്സിലാക്കിയ ശാലിനി പിന്നീട് മണി രത്നത്തിന്റെ ചിത്രത്തിന്റെ ഷൂട്ട് നീളുമെന്ന് അറിഞ്ഞ് കമൽ ചിത്രത്തിന് ഡേറ്റുകൾ നൽകി. വർഷയായി ജോമോളെയും കമൽ തെരഞ്ഞെടുത്തു.

അത് വരെ പ്രേക്ഷകർ കണ്ട കുഞ്ചാക്കോ ബോബനും ശാലിനിയും ജോമോളും ആകരുത് ഈ ചിത്രത്തിൽ എന്ന നിർബന്ധം കമലിന് ഉണ്ടായിരുന്നു. അനിയത്തിപ്രാവിലും എന്ന് സ്വന്തം ജാനകിക്കുട്ടിയിലും കാണാത്ത സ്മാർട്ട് ആയ അപ്പിയറൻസുകളിൽ ആണ് ശാലിനിയും ജോമോളും ഈ ചിത്രത്തിൽ എത്തിയത്. ചിത്രത്തിലെ ക്യാമ്പസ് രംഗങ്ങൾ ഒരു മാസത്തോളം എടുത്താണ് ഷൂട്ട് ചെയ്തത്. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ ആയിരുന്നു അത് ചിത്രീകരിച്ചത്.

സിനിമയിൽ വർണങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്ന കമലിന്റെ ചിത്രത്തിന് നിറം എന്ന പേര് സജ്ജസ്റ്റ് ചെയ്തത് ശത്രുഘ്നൻ ആയിരുന്നു:' ..ഷൂട്ട് ബ്രേക്കിൽ ശാലിനിയെ തേടി വന്ന ഫോൺ കോൾ. നിറത്തിന്റെ സെറ്റിൽ ശാലിനി ജോയിൻ ചെയ്യുമ്പോൾ തമിഴ് സൂപ്പർഹീറോ അജിത് കുമാറുമായി അവർ പ്രണയത്തിലായിരുന്നു. ശാലിനി ഈ കാര്യം പറഞ്ഞിരുന്നത് കുഞ്ചാക്കോ ബോബനോട് മാത്രമായിരുന്നു.

വീട്ടുകാരുടെ കണ്ണുവെട്ടിച്ച് പലപ്പോഴും അജിത്തുമായി ശാലിനി ലൊക്കേഷൻ ബ്രേക്കുകളിൽ ഫോണിൽ സംസാരിച്ചിരുന്നു. ശാലിനിയുടെ ആത്മാർത്ഥ പ്രണയത്തിന് അന്ന് ലൊക്കേഷനിൽ സഹായിച്ച ഏക വ്യക്തി ചാക്കോച്ചൻ ആയിരുന്നു. കഥാപാത്രങ്ങളെ ഒത്തിരി ഇഷ്ടപ്പെട്ട ഇരുവരും ലൊക്കേഷനിലും എബി, സോനാ എന്നാണ് പരസ്പരം വിളിച്ചിരുന്നത്. ശാലിനിയെ ലൊക്കേഷനിലേക്ക് വിളിക്കുന്നത് റിസ്കാണെന്ന് മനസിലാക്കിയ അജിത് പിന്നീട് കുഞ്ചാക്കോ ബോബന്റെ ഫോൺ നമ്പർ വാങ്ങി അതിലേക്ക് വിളിക്കുമായിരുന്നു.

സെൽഫോണുകൾ കൗതുക കാഴ്ചയായിരുന്ന അക്കാലത്ത് ചാക്കോച്ചന്റെ പഴയ എറിക്സൺ ഫോണിലേക്ക് അധികവും വന്നിരുന്നത് തമിഴ് സൂപ്പർസ്റ്റാർ അജിത്തിന്റെ കോളുകൾ ആയിരുന്നു. ചുറ്റുമുള്ളവർ ശ്രദ്ധിക്കും എന്ന് മനസിലാക്കിയ ചാക്കോച്ചൻ, അജിത്തിനെ സൂചിപ്പിക്കാൻ ഒരു കോഡ് കണ്ടെത്തി. ഷൂട്ട് ബ്രേക്ക് വരുമ്പോൾ കുഞ്ചാക്കോ ശാലിനിയെ നോക്കി പറയും: ‘മിസ് സോന ..AK -47 കോളിങ്.’ പലപ്പോഴും സെറ്റിൽ ഇത് കേട്ട കമൽ കുഞ്ചാക്കോയിൽ നിന്നും സൂത്രത്തിൽ കാര്യം മനസ്സിലാക്കി വച്ചു.

അടുത്ത ദിവസത്തെ ഷൂട്ട് ബ്രേക്കിൽ അജിത്തിന്റെ കോൾ കാത്തിരുന്ന ശാലിനിയെ നോക്കി കമൽ ചോദിച്ചു ‘ഇന്ന് AK -47ന്റെ കോൾ വരില്ലേ?’ ഇത് കേട്ട് ഞെട്ടിയ ശാലിനി ചുറ്റും നോക്കിയപ്പോൾ തലയിൽ ധരിച്ച ക്യാപ് മുഖം മറച്ചുവെച്ച് ചിരിക്കുന്ന ചാക്കോച്ചനെ ആണ് കണ്ടത്...1999 ഓണത്തിന് റിലീസ് വെച്ചിരുന്ന നിറം പലതവണ റിലീസ് മാറ്റി വച്ചപ്പോൾ ഓഡിയോ കാസ്സെറ്റ് ഉടമയായ ജോണി സാഗരിക ചിത്രത്തിന്റെ വിതരണ അവകാശം ഏറ്റെടുത്തു.

ഓണത്തിന് ശേഷം റിലീസ് ചെയ്ത നിറം, കുഞ്ചാക്കോ-ശാലിനി ജോഡിയുടെ വമ്പൻ തിരിച്ചുവരവായി മാറി . ഒരു സൂപ്പർസ്റ്റാർ ചിത്രത്തിന് കിട്ടേണ്ട ഇനിഷ്യൽ കളക്ഷൻ ആയിരുന്നു നിറം അന്ന് നേടിയെടുത്തത്. അനിയത്തിപ്രാവ് നിർമ്മിച്ച റെക്കോർഡ് നിറം ആദ്യത്തെ 10 ദിവസം കൊണ്ട് മറികടന്നു. ക്യാമ്പസുകളിലും സ്കൂളിലും സംസാര വിഷയമായ നിറം ഒരു മെഗാ ഹിറ്റ് ചിത്രമായി മാറി.

യുറോപ്പാ ലീഗ്

ഇഞ്ചുറി ടൈമിൽ യുണൈറ്റഡ്; അനായാസം ഇന്റർ

ഇംഗ്ലീഷ് പവർഹൗസുകളായ മാഞ്ചസ്റ്റർ യുണൈറ്റഡും ഇറ്റലിയിലെ ഗ്ലാമർ ടീമായ ഇന്റർമിലാനും യൂറോപ്പ ലീഗ് ഫുട്ബോൾ ടൂർണമെന്റിന്റെ സെമി ഫൈനലിൽ

ലണ്ടൻ/മിലാൻ: ഇംഗ്ലീഷ് പവർഹൗസുകളായ മാഞ്ചസ്റ്റർ യുണൈറ്റഡും ഇറ്റലിയിലെ ഗ്ലാമർ ടീമായ ഇന്റർമിലാനും യൂറോപ്പ ലീഗ് ഫുട്ബോൾ ടൂർണമെന്റിന്റെ സെമി ഫൈനലിലേക്കു മുന്നേറി. ഡാനിഷ് ക്ലബ്ബായ എഫ്സി കോപൻഹേനെ അധികസമയത്തേക്കു നീണ്ട പോരാട്ടത്തിനൊടുവിൽ യുണൈറ്റഡ് കഷ്ടിച്ചു മറികടക്കുകയായിരുന്നു. ഏകപക്ഷീയമായ ഒരു ഗോളിനായിരുന്നു യുണൈറ്റഡിന്റെ വിജയം. മറ്റൊരു ക്വാർട്ടർ ഫൈനലിൽ ജർമൻ ടീമായ ബയേർ ലെവർക്യൂസനെയാണ് ഇന്റർ മറികടന്നത്. ഒന്നിനെതിരേ രണ്ടു ഗോളുകൾക്കായിരുന്നു യുണൈറ്റഡ് വെന്നിക്കൊടി പാറിച്ചത്.

മത്സരത്തിൽ തുടക്കം മുതൽ നിരവധി അവസരങ്ങൾ ഇരു ടീമുകളും ഉണ്ടാക്കി. രണ്ട് ടീമുകൾക്കും പക്ഷെ ലക്ഷ്യം കണ്ടെത്താൻ ആയില്ല. എന്നാൽ 45ാം മിനുട്ടിൽ ഗ്രീൻവുഡിലൂടെ യുണൈറ്റഡ് വല കുലുക്കി. പക്ഷേ, ഓഫ്സൈഡ് ഫ്ലാഗ് ഉയർന്നു. പിന്നാലെ റാഷ്ഫോർഡിന്റെ പവർഫുൾ ഷോട്ട് ജോൺസൺ തടുക്കുന്നതും കാണാൻ ആയി.

രണ്ടാം പകുതിയിൽ ജോൺസൺ ഏഴ് സേവുകളോളമാണ് നടത്തിയത്. രണ്ട് തവണ പോസ്റ്റും മാഞ്ചസ്റ്റർ യുനൈറ്റഡിന് വില്ലനായി എത്തി. ബ്രൂണോയുടെയും ഗ്രീൻവുഡിന്റെയും ശ്രമങ്ങളാണ് പോസ്റ്റിൽ തട്ടി മടങ്ങിയത്. എക്സ്ട്രാ ടൈമിലും ജോൺസൺ സേവ് തുടർന്നു. പുതുതായി ടീമിലെത്തിയ പോർച്ചുഗീസ് അറ്റാക്കിങ് മിഡ്ഫീൽഡർ ബ്രൂണോ ഫെർണാണ്ടസാണ് കോപൻഹേഗനെതിരേ യുനൈറ്റഡിന്റെ രക്ഷകനായത്. അധിക സമയത്തിന്റെ ആദ്യ പകുതിയിലെ അഞ്ചാം മിനിറ്റിലായിരുന്നു മൽസരവിധി നിർണയിച്ച ബ്രൂണോയുടെ വിജയഗോൾ. പെനൽറ്റിയിൽ നിന്നായിരുന്നു താരം ലക്ഷ്യം കണ്ടത്. ആന്റണി മർഷ്യാലിനെ കോപൻഹേഗൻ താരം ബോക്സിനുള്ളിൽ വീഴ്ത്തിയതിനെ തുടർന്നായിരുന്നു റഫറി സ്പോട്ടിലേക്കു വിരൽ ചൂണ്ടിയത്. മർഷ്യാലിന്റെ തകർപ്പനൊരു ഷോട്ട് ഗോളി ബ്ലോക്ക് ചെയ്തിട്ടു. റീബൗണ്ട് ചെയ്ത പന്ത് വീണ്ടും മർഷ്യാലിന്. ബോക്സിനകത്തു വച്ച് ഫ്രഞ്ച് സ്ട്രൈക്കർ വീണ്ടും ഷോട്ടുതിർക്കാൻ ശ്രമിക്കവെയായിരുന്നു ബ്യേലെൻഡിന്റെ ഫൗൾ.

അത് കഴിഞ്ഞ് രണ്ടാം ഗോൾ കണ്ടെത്താൻ ഒരുപാട് അവസരങ്ങൾ യുണൈറ്റഡിന് കിട്ടി എങ്കിലും രണ്ടാം ഗോൾ പിറന്നില്ല. മത്സരത്തിൽ ആകെ 13 സേവുകളാണ് കോബൻഹേവൻ ഗോൾ കീപ്പർ നടത്തിയത്. വിജയത്തോടെ സെമി ഫൈനലിലെ എത്തിയ മാഞ്ചസ്റ്റർ യുണൈറ്റഡ് അവരുടെ സെമിയിലെ എതിരാളികൾ ആരെന്ന് അറിയാൻ ഒരു ദിവസം കാത്തിരിക്കണം. നാളെ നടക്കുന്ന സെവിയ്യയും വോൾവ്സും തമ്മിലുള്ള മത്സരത്തിലെ വിജയികൾ ആകും യുണൈറ്റഡിനെ സെമിയിൽ നേരിടുക.

ബയേർ ലെവർക്യൂസനെതിരേ ആദ്യ പകുതിയിൽ ആറു മിനിറ്റിനിടെയാണ് രണ്ടു ഗോളുകൾ നേടി ഇന്റർ ജയം പിടിച്ചെടുത്തത്. 15ാം മിനിറ്റിൽ നിക്കോളോ ബറേലയും 21ാം മിനിറ്റിൽ റൊമേലു ലുക്കാക്കുവും (21) നേടിയ ഗോളുകളാണ് ഇന്ററിനു ജയം സമ്മാനിച്ചത്. 24ാം മിനിറ്റിൽ കെയ് ഹാവേർട്സിന്റെ വകയായിരുന്നു ലെവർക്യൂസന്റെ ഗോൾ. 2009-10നു ശേഷം ഇന്റർ ആദ്യമായാണ് ഒരു യൂറോപ്യൻ ചാംപ്യൻഷിപ്പിന്റെ സെമി ഫൈനലിലെത്തിയത്.

ലെവർക്യൂസനെതിരേ ഇതിനേക്കാൾ വലിയ മാർജിനിൽ ഇന്റർ ജയിക്കേണ്ടതായിരുന്നു. എന്നാൽ അർഹിച്ച രണ്ടു പെനാൽറ്റികൾ റഫറി നിഷേധിക്കുകയായിരുന്നു. ഷക്തർ ഡൊണെസ്കും എഫ്സി ബാസെലും തമ്മിലുള്ള വിജയകളാണ് സെമിയിൽ ഇന്ററിനെ കാത്തിരിക്കുന്നത്. നിലവിലെ ഫോമിൽ ഈ രണ്ടു ടീമുകൾക്കും ഇന്ററിനെ മറികടക്കാനാവുമോയെന്ന കാര്യം സംശയമാണ്.

ഗോൾ നേടിയ റൊമേലു ലുക്കാക്കുവിന്റെ ആഹ്ലാദം

ഗോൾ നേടിയ മാഞ്ചസ്റ്റർ യുണൈറ്റഡ് താരങ്ങളുടെ ആഹ്ലാദം

യുഎഇയിൽ ഐപിഎൽ, ബിസിസിഐയ്ക്ക് സർക്കാർ അനുമതി

ന്യൂഡൽഹി: 2020 ഐപിഎൽ യുഎഇയിൽ നടത്തുവാനുള്ള സർക്കാർ അനുമതി ബിസിസിഐയ്ക്ക് ലഭിച്ചു. ടൂർണമെന്റ് ചെയർമാൻ ബ്രിജേഷ് പട്ടേൽ ആണ് ഇക്കാര്യം ഔദ്യോഗികമായി സ്ഥിരീകരിച്ചത്. ഇതോട് കൂടി ടീമുകൾ യുഎഇയിലേക്ക് ഓഗസ്റ്റ് 21നോടടുത്ത് യാത്രയാകുവാനുള്ള തയാറെടുപ്പുകൾ തുടങ്ങുമെന്നാണ് അറിയുന്നത്. നേരത്തെ തന്നെ ഐപിഎൽ നടത്തുക യുഎഇയിൽ ആണെന്നുള്ള കാര്യം വ്യക്തമായിരുന്നുവെങ്കിലും സർക്കാരിൽ നിന്നുള്ള ഔദ്യോഗിക അനുമതിയായിരുന്നു ബാക്കി നിന്നിരുന്നത്. ഉടൻ തന്നെ ബിസിസിഐ ഭാരവാഹികൾ ഫ്രാഞ്ചൈസികളും ഐപിഎൽ ഗവേണിങ് കൗൺസിലുമായി ഒരു മീറ്റിങ് വയ്ക്കുമെന്നാണ് അറിയുന്നത്.

സീസണിലെ ഹോം പരമ്പരകൾ പ്രഖ്യാപിച്ച് ന്യൂസിലാൻഡ്

വെല്ലിങ്ടൺ: കൊറോണ വൈറസ് ബാധ മൂലം ഈ സീസണിൽ മത്സരങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നതിന് പിന്നാലെ സീസണിലെ ഹോം പരമ്പരകൾ പ്രഖ്യാപിച്ച് ന്യൂസിലാൻഡ് ക്രിക്കറ്റ് ബോർഡ്. ഈ സീസണിൽ പാകിസ്ഥാൻ, ഓസ്ട്രേലിയ, ബംഗ്ലാദേശ്, വെസ്റ്റിൻഡീസ് എന്നീ ടീമുകൾ ന്യൂസിലാൻഡിൽ പര്യടനം നടത്തുമെന്ന് ന്യൂസിലാൻഡ് ക്രിക്കറ്റ് ബോർഡ് അറിയിച്ചു. എന്നാൽ പരമ്പരയുടെ തീയതികൾ ന്യൂസിലാൻഡ് ക്രിക്കറ്റ് ബോർഡ് പ്രഖ്യാപിച്ചിട്ടില്ല. ന്യൂസിലാൻഡ് ക്രിക്കറ്റ് സിഇഒ ഡേവിഡ് വൈറ്റ് ആണ് ന്യൂസിലാൻഡിൽ പരമ്പരക്ക് തയാറായ ടീമുകളുടെ വിവരങ്ങൾ പുറത്തുവിട്ടത്. വെസ്റ്റിൻഡീസിന്റെ ഇംഗ്ലണ്ട് പരമ്പരയിൽ ഉപയോഗിച്ച ബയോ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാവും പരമ്പര നടക്കുകയെന്നും ന്യൂസിലാൻഡ് ക്രിക്കറ്റ് മേധാവി വ്യക്തമാക്കി. നിലവിൽ വിദേശത്ത് നിന്ന് ന്യൂസിലാൻഡിലേക്ക് വരുമ്പോൾ 14 ദിവസം രാജ്യത്ത് ക്വാറന്റൈനിൽ ഇരിക്കണം.

ലങ്ക പ്രീമിയർ ലീഗ് മാറ്റിവച്ചു, ടൂർണമെന്റ് ഐപിഎലിന് ശേഷം

കൊളംബോ: ഓഗസ്റ്റ് 28ന് ആരംഭിക്കുവാനിരുന്ന ലങ്ക പ്രീമിയർ ലീഗിന്റെ ഉദ്ഘാടനപതിപ്പ് മാറ്റിവച്ചു. ശ്രീലങ്കൻ സർക്കാരിന്റെ ക്വാറന്റീൻ നിയമങ്ങൾ വിദേശ താരങ്ങൾക്ക് ഇപ്പോൾ പാലിക്കാൻ പറ്റുന്ന സാഹചര്യമല്ലയുള്ളതെന്ന് ചൂണ്ടിക്കാണിച്ചാണ് ടൂർണമെന്റ് നീട്ടുന്നത്. ടൂർണമെന്റ് ഐപിഎലിന് ശേഷം നവംബർ മധ്യത്തോടെ ആരംഭിക്കുമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

ശ്രീലങ്കയിലേക്ക് കയറുന്ന ഏത് വിദേശയാളും 14 ദിവസത്തെ ക്വാറന്റീന് പോകണമെന്നാണ് നിയമം. ടൂർണമെന്റിന് എത്തുന്ന വിദേശ താരങ്ങൾ ഈ വരുന്ന ഞായറാഴ്ചയ്ക്കുള്ളിൽ ശ്രീലങ്കയിൽ എത്തിയാൽ മാത്രമേ അവർക്ക് ക്വാറന്റീൻ പൂർത്തിയാക്കി കളിക്കുവാൻ സാധിക്കുകയുള്ളുവായിരുന്നു.

അത് ഇപ്പോൾ നടപ്പിലാകില്ല എന്ന് മനസിലാക്കിയതോടെയാണ് ടൂർണമെന്റ് മാറ്റുവാനായി അധികാരികൾ തീരുമാനിച്ചത്.

സാഞ്ചെസിന് പരുക്ക്, യൂറോപ്പ സെമിയിൽ ഉണ്ടാവില്ല

ലണ്ടൻ: യൂറോപ്പ സെമി ഫൈനലിന് മുമ്പ് ഇന്റർ മിലാന് തിരിച്ചടി. അവരുടെ പ്രധാന താരങ്ങളിൽ ഒന്നായ അലക്സിസ് സാഞ്ചസിന് പരുക്കേറ്റിരിക്കുകയാണ്. ചിലിയൻ താരം അലക്സിസ് സാഞ്ചസിന് ഇന്നലെ ബയെർ ലെവർകൂസന് എതിരായ ക്വാർട്ടർ പോരാട്ടത്തിന് ഇടയിലാണ് പരിക്കേറ്റത്. മസിൽ ഇഞ്ചുറിയാൺ. താരം സെമിയിൽ ഉണ്ടാകില്ല എന്ന് ക്ലബുമായി അടുത്ത വൃത്തങ്ങൾ പറയുന്നു. കഴിഞ്ഞ ആഴ്ച മാത്രമാണ് സാഞ്ചസ് ഇന്റർ മിലാനുമായി സ്ഥിര കരാർ ഒപ്പുവച്ചത്. അതിനു പിന്നാലെ ഏറ്റ പരുക്ക് സാഞ്ചസിനും ക്ലബിനും ഒരു പോലെ തിരിച്ചടിയാണ്. ഗംഭീര ഫോമിലായിരുന്നു അവസാന ആഴ്ചകളിൽ സാഞ്ചസ് കളിച്ചിരുന്നത്.

കുബോ ഇനി വിയ്യറയലിൽ

മാഡ്രിഡ്: ജപ്പാനീസ് മെസി എന്നറിയപ്പെടുന്ന 18കാരൻ കൂബോ ഇനി വരുന്ന സീസണിൽ വിയ്യറയലിനായി കളിക്കും. ഒരു വർഷത്തെ ലോണിൽ ആണ് റയൽ മാഡ്രിഡ് കുബോയെ വിയ്യറയലിന് നൽകിയത്. ലോൺ കാലാവധി കഴിഞ്ഞാൽ കുബോ തിരികെ റയൽ മാഡ്രിഡിൽ തന്നെ എത്തും. കഴിഞ്ഞ സീസൺ ലാലിഗയിൽ മയ്യോർക്കയ്ക്ക് വേണ്ടി ആയിരുന്നു കുബോ കളിച്ചിരുന്നു. മയ്യോർക റിലഗേറ്റഡ് ആയി എങ്കിലും കുബോ അവിടെ ഗംഭീര പ്രകടനം കാഴ്ചവച്ചിരുന്നു.

നാലു ഗോളുകളും നാല് അസിസ്റ്റും താരം അവിടെ സംഭാവന ചെയ്തു. കഴിഞ്ഞ സീസണിൽ ആയിരുന്നു റയൽ മാഡ്രിഡ് കൂബോയെ സ്വന്തമാക്കിയത്. എഫ് സി ടോക്കിയോയിൽ നിന്നായിരുന്നു കൂബോയെ റയൽ സ്വന്തമാക്കിയത്. ജപ്പാൻ ഇതുവരെ കണ്ടതിൽ വെച്ച് ഏറ്റവും വലിയ ടാലന്റായി വാഴ്ത്തപ്പെടുന്ന താരമാണ് കുബോ. മുൻ ബാഴ്സലോണ അക്കാദമി താരമായ കൂബോയെ വലിയ തുക നൽകിയാണ് റയൽ മാഡ്രിഡ് സ്വന്തമാക്കിയത്. ഒരു വർഷം 2മില്യണോളം ആണ് കൂബോ എന്ന 18കാരൻ റയൽ മാഡ്രിഡിൽ നിന്ന് സമ്പാദിക്കുന്നത്. മെസിയുമായി സാമ്യമുള്ള ശൈലി ജപ്പാനീസ് മെസി എന്ന വിളിപ്പേര് താരത്തിന് നേടിക്കൊടുത്തിരുന്നു. മെസിയെ പോലെ ഇടം കാലിലാണ് കൂബോയുടെയും മാജിക്ക്. 16കാരനായിരിക്കെ തന്നെ ജപ്പാൻ ലീഗിൽ കൂബോ അരങ്ങേറ്റം നടത്തിയിരുന്നു. ബ്രസീലിൽ കോപ അമെരിക്ക കളിച്ച ജപ്പാൻ ടീമിലും കൂബോ ഉണ്ടായിരുന്നു.

ഒക്റ്റോബർ അവസാനം വരെ കാണികൾ വേണ്ടെന്ന് ജർമ്മനി

മ്യൂണിക്ക്: ജർമ്മനിയിലെ അടുത്ത സീസണിലെ ബുണ്ടസ് ലീഗ, ബുണ്ടസ് ലീഗ് 2 എന്നീ ലീഗുകളിൽ സെപ്റ്റംബർ മുതൽ ആരാധകർക്ക് പ്രവേശനം നൽകാനുള്ള തീരുമാനം നടക്കില്ല. ജർമ്മൻ ഫുട്ബോൾ അധികൃതർ ആരാധക പ്രവേശനത്തെ അനുകൂലിച്ചു എങ്കിലും ജർമ്മനിയിലെ ആരോഗ്യ മന്ത്രി ഇതിനെതിരായി നിലപാട് എടുത്തിയിരിക്കുകയാണ്. ഒക്റ്റോബർ അവസാനം വരെ കാണികൾ സ്റ്റേഡിയത്തിൽ ഉണ്ടാവില്ല എന്നും അദ്ദേഹം പറഞ്ഞു.

രാജ്യം കൊറോണയ്ക്ക് എതിരെ നടത്തിയ വലിയ പോരാട്ടത്തിന് തിരിച്ചടിയേൽക്കാൻ സാധ്യത ഉള്ളത് കൊണ്ടാണ് ആരാധകരെ പ്രവേശിപ്പിക്കുന്നതിനെ എതിർക്കുന്നത് എന്നും ആരോഗ്യ മന്ത്രി പറഞ്ഞു. ഭാഗികമായെങ്കിലും ആരാധകരെ സ്റ്റേഡിയങ്ങളിൽ എത്തിക്കാനായിരുന്നു ഡി എഫ് ബിയുടെ ശ്രമം. ഫ്രാൻസിൽ ഇതിനകം തന്നെ ആരാധകർക്ക് സ്റ്റേഡിയത്തിലേക്ക് പ്രവേശനം നൽകുന്നുണ്ട്. അവിടെ പ്രശ്നങ്ങൾ ഒന്നും ഇല്ലാത്തത് ചൂണ്ടിക്കാട്ടിയാണ് ജർമ്മനിയിൽ ഈ ആവശ്യം ഉന്നയിച്ചത്. എന്നാൽ ഈ നീക്കങ്ങൾക്ക് ഇപ്പോൾ തിരിച്ചടി നേരിട്ടിരിക്കുകയാണ്. സെപ്റ്റംബർ 18ന് ആണ് ബുണ്ടസ് ലീഗ സീസൺ ആരംഭിക്കുന്നത്.

ബ്രാവോ മാഞ്ചസ്റ്റർ സിറ്റി വിടുന്നു, റയൽ ബെറ്റിസിലേക്ക്

ലണ്ടൻ: മാഞ്ചസ്റ്റർ സിറ്റിയുടെ രണ്ടാം ഗോൾ കീപ്പറായ ക്ലൗഡിയോ ബ്രാവോ ക്ലബ് വിടുന്നു. സ്പാനിഷ് ക്ലബായ റയൽ ബെറ്റിസ് നൽകിയ ഓഫർ ബ്രാവോ സ്വീകരിച്ചതായാണ് വാർത്തകൾ. അവസാന നാലു വർഷമായി മാഞ്ചസ്റ്റർ സിറ്റിക്ക് ഒപ്പം ബ്രാവോ ഉണ്ടെങ്കിലും അവിടെ ഒരിക്കലും ഒന്നാം കീപ്പറായി മാറാൻ അദ്ദേഹത്തിനായില്ല. എഡേഴ്സൺ കീഴിൽ ആയിരുന്നു അവസാന സീസണുകളിൽ ബ്രാവോയുടെ സ്ഥാനം. ചിലി ദേശീയ ടീമിന്റെ ഗോൾ കീപ്പറാണ് ബ്രാവോ. ലോകകപ്പിൽ അടക്കം ചിലിയുടെ വല കാത്തിട്ടുണ്ട്. നേരത്തെ രണ്ട് വർഷത്തോളം ബാഴ്സലോണയുടെ ഗോൾ കീപ്പറായിരുന്നു. അവിടെയും ഒന്നാം സ്ഥാനം നിലനിർത്താൻ കഴിയാത്തതിനാൽ അദ്ദേഹം ക്ലബ് വിട്ട് സിറ്റിയിലേക്ക് വരികയായിരുന്നു. മുമ്പ് റയൽ സോസിഡാഡിന്റെയും ഗോൾ കീപ്പറായിട്ടുണ്ട്. 37കാരനായ ബ്രാവോ ഇപ്പോഴും തനിക്ക് മികച്ച പ്രകടനങ്ങൾ നടത്താൻ ആകുമെന്ന വിശ്വാസത്തിലാണ്.

റൊണാൾഡീനോ 24ന് മോചിതനാകും

ബ്രസീലിയ: ബ്രസീലിയൻ ഫുട്ബോൾ ഇതിഹാസം റൊണാൾഡീനോ ഈ മാസത്തോടെ ജയിൽ മോചിതനായി ബ്രസീലിലേക്ക് മടങ്ങും. ഓഗസ്റ്റ് 24ന് വരുന്ന അവസാന വിധി റൊണാൾഡീനോയ്ക്ക് അനുകൂലമായിരിക്കും എന്നാണ് റിപ്പോർട്ടുകൾ. ഇപ്പോൾ പരാഗ്വേയിൽ വീട്ടുതടങ്കലിൽ കഴിയുകയാണ് റൊണാൾഡീനോ. താരത്തിന് ഏപ്രിലിൽ ജാമ്യം ലഭിച്ചിരുന്നു എങ്കിലും പരാഗ്വേ വിട്ട് പോകാൻ അനുവാദം കിട്ടിയിരുന്നില്ല.

റൊണാൾഡീനോ 90000 ഡോളർ പിഴ അടക്കാൻ തയാറായിട്ടുണ്ട്. ബ്രസീലിൽ എത്തിയാൽ മൂന്ന് മാസം കൂടുമ്പോൾ കോടതിക്ക് മുന്നിൽ ഹാജരാകാനും പരാഗ്വേ കോടതി ആവശ്യപ്പെടും. 1.3മില്യൺ കെട്ടിവെച്ചാണ് ഇപ്പോൾ റൊണാൾഡീനോ ജാമ്യത്തിൽ നിൽക്കുന്നത്. ഇപ്പോൾ പരാഗ്വേയിൽ ഒരു ഹോട്ടലിൽ ആണ് താരം വീട്ടു തടങ്കലിൽ കഴിയുന്നത്. വ്യാജ പാസ്പോർട്ട് ഉപയോഗിച്ച് യാത്ര ചെയ്തതിന് ആയിരുന്നു റൊണാൾഡീനോയെയും സഹോദരനെയും മാർച്ച് മാസം പരാഗ്വേ പൊലീസ് കസ്റ്റഡിയിൽ എടുത്തത്. പാസ്പോർട്ടിൽ റൊണാൾഡീനോ പരാഗ്വേ സ്വദേശിയാണ് എന്ന് കാണിച്ചതായിരുന്നു പ്രശ്നമായത്.

പന്തിനും സഞ്ജുവിനും ഐപിഎൽ നിർണായകം: മഞ്ചരേക്കർ

മുംബൈ: അടുത്ത വർഷം ഇന്ത്യയിൽ നടക്കുന്ന ലോകകപ്പിന് മുൻപുള്ള രണ്ട് ഇന്ത്യൻ പ്രീമിയർ ലീഗുകൾ യുവതാരങ്ങളായ സഞ്ജു സാംസണും റിഷഭ് പന്തിനും നിർണായകമാണെന്ന് മുൻ ഇന്ത്യൻ താരം സഞ്ജയ് മഞ്ചരേക്കർ. റിഷഭ് പന്തും സഞ്ജു സാംസണും പ്രകടനത്തിൽ കൂടുതൽ സ്ഥിരത കൊണ്ടുവരണമെന്നും മഞ്ചരേക്കർ പറഞ്ഞു. 2021ൽ നടക്കുന്ന ലോകകപ്പിന് മുൻപ് രണ്ട് ഇന്ത്യൻ പ്രീമിയർ ലീഗ് മത്സരങ്ങൾ നടക്കുന്നത്കൊണ്ട് തന്നെ ലോകകപ്പിനുള്ള ഇന്ത്യൻ ടീമിന്റെ ഘടനയിലും മാറ്റം ഉണ്ടാവുമെന്ന് സഞ്ജയ് മഞ്ചരേക്കർ പറഞ്ഞു.

നിലവിൽ ടീമിൽ സ്ഥാനം ഉറപ്പിച്ച പലരുടെയും സ്ഥാനത്തിന് കോട്ടം തട്ടുമെന്നും ഇപ്പൊ ടീമിൽ സ്ഥിരസാന്നിധ്യമായ കെ.എൽ. രാഹുലിനെ പോലെയുള്ളവർക്ക് അവസരം കിട്ടുമെന്ന് ഉറപ്പ് പറയാൻ കഴിയില്ലെന്നും മഞ്ചരേക്കർ പറഞ്ഞു. ഇന്ത്യൻ ടീമിൽ സ്ഥാനം ഉറപ്പിക്കാൻ റിഷഭ് പന്തിന് രണ്ട് ഐപിഎൽ ടൂർണമെന്റുകൾ ഉണ്ടെന്നും എന്നാൽ ഈ രണ്ട് ടൂർണമെന്റിലും ധോണിയും കളിക്കുന്നത് രസകരമാവുമെന്നും മഞ്ചരേക്കർ പറഞ്ഞു.

കോസ്റ്റാസ് സിമികാസ് ലിവർപൂളിൽ

ലണ്ടൻ: പ്രീമിയർ ലീഗ് ചാംപ്യന്മാരായ ലിവർപൂൾ പുതിയ ലെഫ്റ്റ് ബാക്കിനെ ടീമിൽ എത്തിച്ചു. 24കാരനായ കോസ്റ്റാസ് സിമികാസ് ആണ് ലിവർപൂളുമായി കരാർ ഒപ്പുവച്ചത്. നാലു വർഷത്തേക്കുള്ള കരാറിലാണ് താരം ഒപ്പുവച്ചത്. ഗ്രീക്ക് ക്ലബായ ഒളിമ്പിയാകോസിൽ നിന്നാണ് താരം ഇംഗ്ലണ്ടിലേക്ക് എത്തുന്നത്. 2015ൽ ഒളിമ്പിയാകോസിനായി അരങ്ങേറ്റം നടത്തിയ കോസ്റ്റാസ് ഇതിനകം ക്ലബിനായി നൂറോളം മത്സരങ്ങൾ കളിച്ചിട്ടുണ്ട്.

നോർവിച് സിറ്റി താരമായ ജമാൽ ലൂയിസിനെ സ്വന്തമാക്കാനുള്ള ശ്രമം പാഴായതിന് പിന്നാലെയാണ് കോസ്റ്റാസിനെ ലിവർപൂൾ സൈൻ ചെയ്തത്. ലെഫ്റ്റ് ബാക്കിൽ റോബേർട്സണ് ഒരു വെല്ലുവിളി ആകാൻ താരത്തിനായേക്കും. ഈ സീസണിൽ ഒളിമ്പിയാകോസിനെ ഗ്രീക്ക് ചാംപ്യന്മാരാക്കുന്നതിലും കോസ്റ്റാസ് വലിയ പങ്കുവഹിച്ചിരുന്നു.

ടഗ്ലിയാഫികോ ചെൽസിയിലേക്ക്

ലണ്ടൻ: അയാക്സിന്റെ ലെഫ്റ്റ് ബാക്കായ ടഗ്ലിയാഫികോയെ തേടി ചെൽസി. ലെഫ്റ്റ് ബാക്കിൽ ഒരു മികച്ച താരത്തെ തേടുന്ന ചെൽസി ഇപ്പോൾ എത്തിയിരിക്കുന്നത് അർജന്റീനയൻ ഫുൾബാക്കായ ടഗ്ലിയാഫികോയിൽ ആണ്. 27കാരനായ ടഗ്ലിയാഫികോ അവസാന രണ്ടു സീസണുകളിലായി അയാക്സിനൊപ്പം ഉണ്ട്. ആദ്യ സീസണിൽ തന്നെ അയാക്സിലെ പ്രകടനം കൊണ്ട് ടഗ്ലിയാഫികോ ലോക ശ്രദ്ധ നേടുന്നു. അർജന്റീന ദേശീയ ടീമിലെയും സ്ഥിര സാന്നിധ്യമാണ് ടഗ്കിയാഫികോ. അയാക്സ് വലിയ തുക ചോദിക്കുന്നു എന്നതാണ് ചെൽസിയുടെ പ്രധാന പ്രശ്നം. വെർണറിന്റെയും സിയെചിന്റെയും സൈനിങ്ങിലൂടെ അറ്റാക്കിലെ പ്രശ്നങ്ങൾ പരിഹരിച്ച ലമ്പാർഡ് ഇപ്പോൾ ഡിഫൻസ് ശക്തമാക്കാനുള്ള ശ്രമത്തിലാണ്. ലെഫ്റ്റ് ബാക്കിനായി ലെസ്റ്റർ സിറ്റിയെയും ചെൽസി സമീപിച്ചിട്ടുണ്ട്. ഒപ്പം സെന്റർ ബാക്കിനായും ഇപ്പോൾ ചെൽസി അന്വേഷിക്കുന്നുണ്ട്.

SENSEX: 38,407.01 (+224.93)

NIFTY: 11,322.50 (+52.35)

വിനിമയ നിരക്ക്

ഡോളർ	74.72
യൂറോ	88.07
പൗണ്ട്	97.93
സ്വിസ്ഫ്രാങ്ക്	81.91
സിംഗപ്പൂർ ഡോളർ	54.51
ഓസ്ട്രേലിയൻ	53.68
കനേഡിയൻ	56.25
ബഹറിൻ ദിനാർ	198.00
കുവൈറ്റ് ദിനാർ	244.13
ഒമാനി റിയാൽ	194.31
സൗദി റിയാൽ	19.89
യു എ ഇ ദിർഹം	20.32
ഖത്തർ	20.45

സാമ്പത്തിക അച്ചടക്കത്തിന് പ്ലാനിങ് വേണം

ബുദ്ധിമുട്ടുകളുടെ കാലമാണ് പലപ്പോഴും ചെറിയ സാമ്പത്തിക അച്ചടക്കം വേണം എന്ന ആഗ്രഹം ഇടത്തരക്കാരുടെ മനസിൽ തോന്നിപ്പിക്കുക. സാമ്പത്തിക അച്ചടക്കം പണ്ട് കുറച്ച് പണം സാമ്പാദിക്കലായിരുന്നു.

മുമ്പൊക്കെ സമ്പാദ്യം എന്നു പറയുമ്പോൾ മലയാളി ചേർന്നിരുന്നത് നാട്ടിപുറങ്ങളിലെ ചെറിയ ചിട്ടികളിലായിരുന്നു. ചിട്ടികമ്പനികൾ പലതും നിക്ഷേപകരെ ചതിക്കാൻ തുടങ്ങിയപ്പോൾ മലയാളി പതിയെ അവയോട് സലാം പറഞ്ഞു. കഴിഞ്ഞ പത്തുവർഷമായി മ്യൂച്ചൽ ഫണ്ടിലും, ഓഹരികളിലുമുള്ള നിക്ഷേപമാണ് പല ഇടത്തരക്കാരുടെയും കൈമുതൽ ആയിരുന്നത്. എന്നാൽ ആഗോള സാമ്പത്തിക മാന്ദ്യവും അതിനു പിന്നാലെ കൊവിഡും എത്തിയതോടെ അവിടെയും കൈ പൊള്ളിതുടങ്ങി. കൊവിഡ് കാലത്ത് എങ്ങനെ സമ്പാദ്യം വേണം എന്നുള്ളത് പലരെയും അലട്ടുന്ന പ്രധാന ചോദ്യമാണ്. എങ്ങനെ സാമ്പത്തിക അച്ചടക്കത്തിലേക്ക് നീങ്ങണം എന്നുള്ളതാണ്. അതുകൊണ്ട് കരുതലോടെയുള്ള ഒരു ഫിനാഷ്യൽ പ്ലാനിങ്ങാണ് ധൻഗുരു ചർച്ച ചെയ്യുന്നത്.

ഇന്ത്യയിലെ മികച്ച സാമ്പത്തിക വിദഗ്ധരാണ് ഈ രീതിയിൽ സാമ്പത്തിക അച്ചടക്കത്തിലൂടെ നമ്മൾ നിക്ഷേപങ്ങളിലേക്ക് തിരകെ പോകണം എന്ന് നിർദേശിക്കുന്നത്. അതിന് ആദ്യപടി ചെറിയകടങ്ങൾ കുറയ്ക്കുക എന്നുള്ളതാണ്. അതിനുപയോഗിക്കേണ്ട സമയം ആണിത്. നിങ്ങളുടെ കൈയിലുള്ള സ്വർണനിക്ഷേപം പ്രയോജനപ്പെടുത്തണം. സ്വർണ വില കുതിച്ച് ഉയന്നിരിക്കുകയാണ്. പുതിയത് വാങ്ങാൻ പറ്റില്ലെ

ങ്കിലും നിലവിലുള്ള വലിയ കടങ്ങൾ ഒഴിവാക്കാൻ ബുദ്ധിപരമായി ഇപ്പോൾ സ്വർണത്തെ ഉപയോഗിക്കണം. പലരും വൈകാരികമായി സ്വർണത്തെ കാണുന്നതിനാൽ കടം കുമിഞ്ഞു കൂടുമ്പോഴും സ്വർണത്തെ വിൽക്കാതെ സ്വർണ വായ്പയുടെ പിന്നാലെ പോകാറുണ്ട്. ഇത് യഥാർഥത്തിൽ പ്രശ്നങ്ങൾ സങ്കീർണമാക്കുകയാണ്. സാധിക്കുന്നവർ സ്വർണം വിറ്റു വായ്പ തിരിച്ചടയ്ക്കാൻ പറ്റുന്നവർ ആ വഴി നോക്കുക. അതു തന്നെയാണ് മികച്ച മാർഗവും.

ടേം ഡെപ്പോസിറ്റുകളുടെ പലിശ ക്രമാതീതമായി കുറയുന്നതിൽ മുതിർന്ന പൗരന്മാരും വിരമിച്ച ജീവനക്കാരുമൊക്കെ ആശങ്കാകുലരാണ്. അതേസമയം, പുതിയ സ്വകാര്യ ബാങ്കുകൾ സേവിങ്സ് അക്കൗണ്ടുകളിൽ പോലും ഏഴ് ശതമാനം വാഗ്ദാനം ചെയ്യുന്നു. പക്ഷേ, നിങ്ങൾ ഒരു റിസ്ക് എടുക്കേണ്ടതുണ്ടോ എന്ന് ആലോചിക്കുക. ബാങ്കിങ് നിക്ഷേപങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ അഞ്ച് ലക്ഷം രൂപയ്ക്ക് വരെയാക്കി ഉയർത്തിയിട്ടുണ്ട്. സമ്പദ്‌വ്യവസ്ഥയുടെ പോക്ക് എങ്ങോട്ടാണെന്ന് വളരെ വ്യക്തമായതിനാൽ നിങ്ങളുടെ പണം ഇപ്പോൾ സുരക്ഷിതമായ സ്ഥലത്താണെങ്കിൽ, സ്ഥിതി മെച്ചപ്പെടുന്നതു വരെ അഞ്ച് ലക്ഷത്തിൽ കൂടുതൽ ഏങ്ങോട്ടേക്കും നീക്കരുത്.

കടബാധ്യത കഴിഞ്ഞാൽ അടുത്തത് ആരോഗ്യകാര്യങ്ങളെക്കുറിച്ചുള്ള ശ്രദ്ധയാണ്. എല്ലാവരും ആഗ്രഹിക്കുന്നത് ഒരു കൊവിഡ് ഇൻഷ്വറൻസ് സ്വന്തമാക്കാനാണ്. ഇതിൽ അറിയേണ്ട പ്രധാന കാര്യം നിങ്ങൾക്ക് നല്ല ആരോഗ്യ ഇൻഷ്വറൻസ് പോളിസിയുണ്ടെങ്കിൽ, അത് കൊവിഡ് ചികിത്സയ്ക്കും പരിരക്ഷ ഉറപ്പു നൽകുന്നുണ്ടെന്ന് മനസിലാക്കുക. കൊവിഡ് ബാധിക്കുന്ന ഒരാൾക്ക് ചികിത്സയ്ക്കായി കുറഞ്ഞത് 5 - 6 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവർ വേണ്ടി വരും. അതിനാൽ നിലവിൽ ഹെൽത്ത് ഇൻഷ്വറൻസ് ഇല്ലാത്തവർ അത്രയും തുകയ്ക്കുള്ള കൊവിഡ് പോളിസി തന്നെ എടുക്കണം. കാത്തിരിപ്പ് കാലയളവ്, മറ്റ് വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് മനസിലാക്കിയ ശേഷം മാത്രം പോളിസി എടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

ഫിക്സഡ് ഡെപ്പോസിറ്റ് (എഫ്ഡി), മ്യൂച്ചൽ ഫണ്ടുകൾ (എംഎഫ്) എന്നിവയിൽ നിന്ന് പണം മാറ്റാനും നിക്ഷേപകർ ഇപ്പോൾ ആലോചിക്കുന്നുണ്ട്. ശരിയായ മ്യൂച്ചൽഫണ്ട് സ്കീമുകൾ തെരഞ്ഞെടുക്കുന്നത് സാധാരണ നിക്ഷേപകരെ സംബന്ധിച്ച് ബുദ്ധിമുട്ടായിരിക്കും. അതിനാൽ നിക്ഷേപിക്കുന്നതിനു മുമ്പ് വിദഗ്ധ ഉപദേശം തേടണം. ബാധ്യതകൾ കുറയ്ക്കാനും വരുമാനം വർധിപ്പിക്കാനുമുള്ള മറ്റു വഴികൾ കണ്ടെത്തണം. പലരും ഇപ്പോൾ തന്നെ ട്രാക്ക് മാറ്റിയിട്ടുണ്ട്. പ്രതീക്ഷകൾ കുറച്ച്, സമ്പാദിക്കാൻ മറ്റു വഴികൾ കണ്ടെത്തി കഴിഞ്ഞു, അതിലേക്ക് മാറണം. ഓരോരുത്തരും അവരുടെ സ്ഥിരം പ്രൊഫഷനു പകരം മറ്റൊന്നുകൂടി ഉറപ്പിക്കണം. അടുത്ത പഞ്ചവത്സര പദ്ധതിയിൽ അത് ഉണ്ടാവണം. നമ്മുടേതായ വഴികൾ കണ്ടെത്താം. മുന്നോട്ടു പോകാം.

ഷോപ്പിങ്ങിന് പുതുപുത്തൻ ഭാവവുമായി നവീകരിച്ച ജോയ് ആലുക്കാസ്, ജോളി സിൽക്സ് തിരുവല്ല ഷോറൂമുകൾ

തൃശൂർ: ലോകത്തെ അണിയിച്ചൊരുക്കുക എന്ന ലക്ഷ്യത്തിലൂന്നി പ്രവർത്തിക്കുന്ന പ്രമുഖ ജ്വല്ലറി ബ്രാൻഡായ ജോയ് ആലുക്കാസ്, ഫാഷൻ രംഗത്തെ ഏറ്റവും പുതിയ ട്രെൻഡുകളും നൂതന ഡിസൈനുകളും അവതരിപ്പിക്കുന്ന ഫാഷൻ ഡെസ്റ്റിനേഷൻ- ജോളി സിൽക്സ് അതിനൂതന ഷോപ്പിങ് അനുഭൂതിയുമായി ഇനി പുതിയ രൂപത്തിൽ. തിരുവല്ലയിലെ ജോയ് ആലുക്കാസ്, ജോളി സിൽക്സ് ഷോറൂമുകളാണ് അത്യാധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ചത്.

ഇന്ത്യൻ, ഇന്റർനാഷണൽ ഡിസൈനുകളിലുള്ള സംശുദ്ധ 916 ബിഐഎസ് ഹാൾമാർക്ക്ഡ് സ്വർണാഭരണങ്ങളുടെ പുത്തൻ ഡിസൈനുകളിലും പാറ്റേണുകളിലുമുള്ള ആഭരണങ്ങൾ ഏറ്റവും കുറഞ്ഞ പണിക്കൂലിയിൽ ജോയ് ആലുക്കാസ് ഒരുക്കിയിരിക്കുന്നു. വേദ ടെംപിൾ ജ്വല്ലറി, ആന്റിക് കലക്ഷൻസ്, കിഡ്സ് കലക്ഷൻസ്, ടർക്കിഷ് ജ്വല്ലറി, മോഡേൺ കണ്ടംപ്രറി കലക്ഷൻ, സ്പെഷ്യൽ ബ്രൈഡൽ കലക്ഷനുകൾ, രത്ന പ്രഷ്യസ് സ്റ്റോൺ ജ്വല്ലറി തുടങ്ങിയ ആഭരണ ശ്രേണിയിൽ നിന്നും ഏറ്റവും പുതിയ ഡയമണ്ട് കലക്ഷനുകളിൽ നിന്നും ഓരോരുത്തരുടേയും മനസിനിണങ്ങിയവ ഇവിടെ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

ഉപഭോക്താക്കളുടെ കൈവശമുള്ള പഴയ സ്വർണാഭരണങ്ങൾ ഏത് ജ്വല്ലറിയിൽ നിന്നും പർച്ചേയ്സ് ചെയ്തതായാലും വിപണിയിലെ ഏറ്റവും ഉയർന്ന വില നൽകി ജോയ് ആലുക്കാസ് ഷോറൂമുകളിൽ തിരിച്ചെടുക്കുന്നു. കൈമാറുന്ന സ്വർണത്തിന്റെ പണം ഉടനടി ഉപഭോക്താവിന് ഷോറൂമിൽ നിന്നും കൈപ്പറ്റാവുന്നതും അല്ലെങ്കിൽ എക്സ്ചേഞ്ച് ചെയ്ത് വിലയിലോ തൂക്കത്തിലോ കുറവ് വരാതെ ഏറ്റവും പുതിയ ഡിസൈനുകളിലുള്ള 916 ബിഐഎസ് ഹാൾമാർക്ക്ഡ് സ്വർണാഭരണങ്ങളാക്കി മാറ്റുന്നതിനുള്ള സൗകര്യവും ലോകത്തിന്റെ പ്രിയപ്പെട്ട ജ്വല്ലർ കസ്റ്റമേഴ്സിനായി ഒരുക്കിയിരിക്കുന്നു. കൂടാതെ, അനുദിനം കുതിച്ചുയരുന്ന സ്വർണ വിലവർധനവിൽ നിന്നും രക്ഷ നേടാൻ, മനസിനിഷ്ടപ്പെട്ട സ്വർണാഭരണങ്ങൾ അഡ്വാൻസ് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും പ്രയോജനപ്പെടുത്താവുന്നതാണ്.

ഉപഭോക്താക്കൾക്ക് ലോകോത്തര നിലവാരം പുലർത്തുന്ന ടെക്സ്റ്റൈൽ ഷോപ്പിങ് അനുഭൂതി സമ്മാനിക്കുന്ന ജോളി സിൽക്സിൽ മെൻസ്, ലേഡീസ്, കിഡ്സ് എന്നിവയുടെ വിശാലമായ കലക്ഷനുകളാണ് ഒരുക്കിയിരിക്കുന്നത്. വിവാഹ വേളകൾക്കായ് സവിശേഷമായി രൂപകൽപ്പന ചെയ്ത സ്പെഷ്യൽ വെഡിങ്ങ് കലക്ഷൻസ്, ഡിസൈനർ സാരികൾ, ലെഹങ്ക ചോളികൾ, ചുരിദാറുകൾ, കുർത്തികൾ, കുർത്തകൾ, ഫോർമൽ ഡ്രസ് മെറ്റീരിയൽസ്, ഡെയ്‌ലി വെയറുകൾ തുടങ്ങി ഏതവസരത്തിനും അനുയോജ്യമായ വസ്ത്ര വിസ്മയങ്ങൾ സവിശേഷ കോംബിനേഷനുകളിലും ഡിസൈനുകളിലും ഇവിടെനിന്നും തെരഞ്ഞെടുക്കാം.

വിവാഹമുഹൂർത്തത്തിന് പൂർണതയേകാൻ പ്രത്യേകം രൂപകൽപ്പന ചെയ്ത പട്ടുസാരികളുടെ അനുപമമായ ശേഖരവും ഫാഷൻ ഡെസ്റ്റിനേഷൻ ഒരുക്കിയിരിക്കുന്നു. കാഞ്ചിപുരം നെയ്ത്തുഗ്രാമങ്ങളിൽ നിന്നും പരിചയസമ്പന്നരായ നെയ്ത്തുകാരന്റെ അമൂല്യ കലാസൃഷ്ടികളായ കാഞ്ചിപുരം ശ്രേണി സ്വപ്നതുല്യമായ വിവാഹത്തിന് ഏറ്റവും അനുയോജ്യമാണ്. ഇതിനുപുറമെ വൈദേഹിപ്പട്ട്, സൻസ്കാർ, ചിത്രാംഗദ തുടങ്ങിയവയും ഡിസൈനർ ബ്രൈഡൽ കലക്ഷനുകളുടെയും കോട്ടൺ സാരികളുടെയും വിപുലമായ കലക്ഷൻ ജോളി സിൽക്സിലുണ്ട്.

സർക്കാരും ആരോഗ്യവകുപ്പും അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ജോയ് ആലുക്കാസ്, ജോളി സിൽക്സ് ഷോറൂമുകൾ പ്രവർത്തിക്കുന്നത്. ഉപഭോക്താക്കളുടെയും ജീവനക്കാരുടെയും സുരക്ഷയ്ക്കാവശ്യമായ എല്ലാവിധ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ടാണ് ഇവിടെ ഉപഭോക്തൃ സേവനം ഉറപ്പാക്കുന്നത്.

സ്വർണം 40,800

വെളിച്ചെണ്ണ : മില്ലിങ്	16,400	മുതിര	3700
വെളിച്ചെണ്ണ	15,000	എള്ള്	13,000- 14,000
കൊപ്ര	10,070-10,500	മല്ലി	7400-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	31,400	ജാതിക്ക തൊണ്ടൻ (കിലോ)	180-200
പുതിയ കുരുമുളക്	30,400	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	360-390
കുരുമുളക് ഗാർബിൾഡ്	33,400	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	900-1000
ചുക്ക് മീഡിയം	25,500	ഗ്രാമ്പൂ (കിലോ)	550
ചുക്ക് ബെസ്റ്റ്	27,500	റബർആർ എസ് എസ് 5 ഗ്രേഡ്	12,400 -13,100
മഞ്ഞൾ നാടൻ	ഇല്ല	റബർആർ എസ് എസ് 4 ഗ്രേഡ്	13,400
സേലം - ഈറോഡ്	7200-7700	ഒട്ടുപാൽ	8000
കാഞ്ഞിരക്കുരു	1850	ലാറ്റക്സ്	8200
അടയ്ക്ക ന്യൂ	ഇല്ല	സ്വർണം	40,800
അടയ്ക്ക ഓൾഡ്	28,000- 29,000	പാം ഓയിൽ	8350
പഞ്ചസാര	3720		
മുളക്	13,000-24,000		
ഉഴുന്ന്	9,000-10,000		
ചെറുപയർ	9,000-10,000		
കടല	5400-6500		

കൊവിഡ്; പുതിയ പാക്കെജ് സെപ്റ്റംബറിൽ

കൊച്ചി: രാജ്യത്തെ കാർഷിക വ്യാവസായ മേഖലയ്ക്ക് വേണ്ടിയുള്ള കേന്ദ്രസർക്കാരിന്റെ പുതിയ പാക്കെജ് അടുത്ത മാസം അവസാനത്തോടു കൂടി ഉണ്ടായേക്കുമെന്ന് സൂചന. കഴിഞ്ഞഘട്ടങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഗുണഭോക്തക്കളിലേക്ക് നേരിട്ട് എത്തുന്ന ആശ്വാസ പദ്ധതികൾ ഇതിൽ ഉണ്ടായേക്കും.

സെപ്റ്റംബർ-ഒക്റ്റോബർ മാസങ്ങളിൽ രണ്ട് ഘട്ടമായിട്ടായിരിക്കും ഇത് പ്രഖ്യാപിക്കുക. അടിസ്ഥാന സൗകര്യവികസനം, നിർമാണമേഖല എന്നിവയ്ക്കാകും പ്രാധാന്യം നൽകുക. അതോടൊപ്പം നഗരങ്ങളിലെ പാവപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതിയുമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുടേതിന് സമാനമായിട്ടായിരിക്കും ഇത് നടപ്പാക്കുക.

കൊവിഡ് വ്യാപനം മൂലമുള്ള തളർച്ചയിൽനിന്ന് വിമുക്തമായാൽ വികസനത്തിനുള്ള സാധ്യതകളുണ്ടാകും. അടിസ്ഥാന സൗകര്യം, നിർമാണമേഖല കേന്ദ്രീകരിച്ച് പ്രഖ്യാപനങ്ങൾ കൂടിവരുമ്പോൾ സമ്പദ്ഘടനയിൽ ഉണർവ് പ്രകടമാകുമെന്നാണ് വിലിയിരുത്തൽ. ഉപഭോഗം വർധിക്കുകയും അതിലൂടെ തൊഴിലവസരങ്ങൾ ഉണ്ടാകുകയും ചെയ്യും. അതിന്റെ സാധ്യതകൾ തേടിയുള്ള നിക്ഷേപമാകും അടുത്ത പാക്കെജിൽ ഉൾപ്പെടുത്തുകയെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്വന്തം ഗ്രമങ്ങളിലേക്ക് പോയവർക്ക് തിരിച്ചെത്താൻ നഗരങ്ങളിലെ തൊഴിലവസരം പ്രയോജനപ്പെടും. നിർമാണ തൊഴിൽ മേഖലയിൽ മാത്രം 65 ലക്ഷം അന്യസംസ്ഥാനതൊഴിലാളികൾക്ക് ജോലി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഓണം: ഗ്രാമീണകേരളത്തിൽ 1800 കോടി എത്തും

തിരുവനന്തപുരം: ഗ്രാമീണ കേരളത്തിന്റെ വിപണികൾക്ക് ചലനം നൽകാൻ ഈ ഓണത്തിനും സർക്കാരിന്റെ പണം എത്തും. രണ്ട് മാസത്തെ ക്ഷേമപെൻഷൻ വിതരണം പൂർത്തിയാകുന്നതിനിടെ, ഓണത്തിന് മുമ്പ് വീണ്ടും പെൻഷൻ നൽകും. ജൂലൈയിലെയും ഓഗസ്റ്റിലെ പെൻഷൻ മുൻകൂറായും നൽകും.

ഇപ്പോൾ മെയ്, ജൂൺ മാസങ്ങളിലെ പെൻഷനാണ് വിതരണം ചെയ്യുന്നത്. 70 ലക്ഷത്തോളം പേർക്ക് കുറഞ്ഞത് 2600 രൂപ വീതമെങ്കിലും ഓണക്കാലത്ത് വീണ്ടും കൈകളിലെത്തും. പെൻഷൻ മസ്റ്ററിങ് 15 മുതൽ തത്കാലത്തേക്ക് നിർത്തിവയ്ക്കാൻ ധനവകുപ്പ് നിർദേശം നൽകി. അഞ്ച് മാസത്തെ പെൻഷൻ കഴിഞ്ഞ മെയിൽ വിതരണം ചെയ്തിരുന്നു.

ബോണസ്, ഫെസ്റ്റിവൽ അലവൻസ്, അഡ്വാൻസ് തുടങ്ങി പലയിനം ആനുകൂല്യങ്ങൾ ജീവനക്കാർക്കും തൊഴിലാളികൾക്കും മുമ്പ് ലഭിച്ചിരുന്നു. 100 ദിവസം തികച്ച തൊഴിലുറപ്പ് തൊഴിലാളികൾക്കും 1000 രൂപ വീതം നൽകാറുണ്ട്. ഇവയെല്ലാം ഈ കൊവിഡ്കാല പ്രതിസന്ധിയിലും ഉറപ്പാക്കാനാണ് ശ്രമമെന്ന് ധനമന്ത്രി തോമസ് ഐസക്ക് പറഞ്ഞു. ഒരു സാമ്പത്തിക സഹായവും ലഭ്യമാകാത്ത 14 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്കും അടച്ചുപൂട്ടൽ കാലത്ത് 1000 രൂപ വീതം നൽകിയിരുന്നു. ഓണത്തിന് എല്ലാ വീട്ടിലും ഭക്ഷണക്കിറ്റ് വിതരണം ചെയ്യാനും തീരുമാനിച്ചു. എന്നിട്ടും പ്രതിസന്ധി വന്നാൽ സമൂഹ അടുക്കള വഴിയോ, ജനകീയ ഭക്ഷണശാല വഴിയോ ഭക്ഷണം എത്തിക്കണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഇതിന് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും ഉപയോഗിക്കാം. ഓണക്കാലത്ത് ദുരിതം അനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക പ്രയാസങ്ങൾ തടസമാകില്ലെന്നും ധനമന്ത്രി പറഞ്ഞു.



തോമസ് ഐസക്

പ്രൈം ഡേ വിൽപ്പന; 209 വ്യാപാരികൾ കോടീശ്വരന്മാരായതായി ആമസോൺ

ബംഗളൂരു: പ്രൈം ഡെ വിൽപ്പനയിൽ 209 കച്ചവടക്കാർ കോടീശ്വരന്മാരായതായി ആമസോൺ ഇന്ത്യയുടെ മേധാവി അമിത് അഗർവാൾ. 4000 ചെറുകിട വിൽപ്പനക്കാർക്ക് 10 ലക്ഷം രൂപയുടെ വിൽപ്പന മറികടക്കാനായെന്നും അദ്ദേഹം പറഞ്ഞു. പ്രാദേശിക വ്യാപാരികളെ പിന്തുണയ്ക്കാനും ചെറുകിട-ഇടത്തരം കച്ചവടക്കാരുടെ വിൽപ്പന വർധിപ്പിക്കാനും ശ്രമം നടത്തുന്നതിന്റെ സമയത്താണ് ഈ നേട്ടമെന്നും അദ്ദേഹം പറഞ്ഞു.

കരകൗശല തൊഴിലാളികളും നെയ്ത്തുകാരും സ്റ്റാർട്ടപ്പ് ബ്രാൻഡു യഥാക്രമം 6.7, 2.6, 2.1 ഇരട്ടി വളർച്ച കൈവരിച്ചതായി മസോൺ പുറത്തുവിട്ട റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ലാപ്ടോപ്, ഹോം അപ്ലയൻസസ് ഉൾപ്പെടെയുള്ള വലിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, സ്മാർട്ട്ഫോണുകൾ, വസ്ത്രങ്ങൾ തുടങ്ങിയവയാണ് ഏറ്റവും കൂടുതൽ വിറ്റത്. 91,000 ചെറുകിട ഇടത്തരം കച്ചവടക്കാരെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ വിൽപ്പന ഓഗസ്റ്റ് ഏഴിനാണ് സമാപിച്ചത്.

സ്വർണ വില വീണ്ടും ഇടിഞ്ഞു

കൊച്ചി: തുടർച്ചയായ രണ്ടാം ദിവസവും കേരളത്തിൽ സ്വർണ വില കുത്തനെ ഇടിഞ്ഞു. ഒരു പവന് 800 രൂപ കുറഞ്ഞ് 40800 രൂപയിലാണ് ഇന്നലെ വ്യാപാരം നടന്നത്. ഒരു ഗ്രാമിന് 5100 രൂപയാണ് നിരക്ക്. കഴിഞ്ഞ ഒരാഴ്ച കാലം കൊണ്ട് വന്ന ഇടിവാണിത്.

രണ്ട് ദിവസത്തിനിടെ തന്നെ സ്വർണ വിലയിൽ പവന് 800 രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. ഓഗസ്റ്റ് മാസത്തെ ഏറ്റവും ഉയർന്ന വില പവന് 42000 രൂപയായിരുന്നു. ചരിത്രത്തിലെ തന്നെ എക്കാലത്തെയും ഉയർന്ന സ്വർണവിലയാണിത്. മൂന്നു ദിവസം കൊണ്ടാണ് അതിൽ ഇടിവുണ്ടായത്. ഇന്ത്യൻ വിപണിയിലും ആഗോള വിപണിയിലും ഇന്നലെ സ്വർണവില ഇടിഞ്ഞിട്ടുണ്ട്. ഇന്ത്യൻ വിപണികളിൽ ഇന്ന് സ്വർണത്തിന്റെ മാത്രമല്ല വെള്ളിയുടെയും വില ഇടിഞ്ഞിട്ടുണ്ട്. എംസിഎക്സിൽ ഒക്റ്റോബർ സ്വർണ ഫ്യൂച്ചറുകൾ 10 ഗ്രാമിന് 0.63 ശതമാനം ഇടിഞ്ഞ് 54,600 രൂപയിലെത്തി. മൂന്ന് ദിവസത്തിനുള്ളിൽ ഇത് രണ്ടാമത്തെ ഇടിവാണ്. എംസിഎക്സിലെ സിൽവർ ഫ്യൂച്ചറുകൾ ഒരു ശതമാനം കുറഞ്ഞ് കിലോയ്ക്ക് 74,700 രൂപയിലെത്തി.

ആഗോള വിപണിയിൽ ഡോളറിന്റെ സമ്മർദം വില ഇടിവ് വരാൻ കാരണമായിട്ടുണ്ട്. സ്പോട്ട് സ്വർണ വില 0.3 ശതമാനം ഇടിഞ്ഞ് 2,021.32 ഡോളറിലെത്തി. യുഎസ് ഫ്യൂച്ചേഴ്സ് 0.3 ശതമാനം ഇടിഞ്ഞ് 2,033.60 ഡോളറിലെത്തി. വെള്ളി വില ഔൺസിന് 1.2 ശതമാനം ഇടിഞ്ഞ് 28.81 ഡോളറിലും പ്ലാറ്റിനം 0.9 ശതമാനം ഇടിഞ്ഞ് 978.10 ഡോളറിലുമെത്തി.

ചൈനീസ് ആധിപത്യം കുറയ്ക്കാൻ ആദ്യം ഒഴിവാക്കേണ്ടത് 327 ഉത്പന്നങ്ങൾ

ന്യൂഡൽഹി: ഇന്ത്യൻ വിപണയിലെ ചൈനീസ് ആധിപത്യം കുറയ്ക്കുന്നതിനായി ഇന്ത്യ ആദ്യഘട്ടത്തിൽ ലക്ഷ്യമിടേണ്ടത് 327 ഉത്പന്നങ്ങളിൽ. ആർഐഎസ്, അഥവാ റിസർച്ച് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം ഫോർ ഡെവലപ്പിങ് കൺട്രീസ് എന്ന സംഘടന ഐക്യരാഷ്ട്ര സംഘടനയുടെ കോൺട്രാക്റ്റ് ഡാറ്റ എടുത്തു നടത്തിയ പഠനമാണ് ഇക്കാര്യം തെളിയിക്കുന്നത്.

മൊബൈൽ ഫോണുകൾ, ക്യാമറകൾ, ടെലികോം ഉപകരണങ്ങൾ, സോളാർ പാനലുകൾ, എയർ കണ്ടിഷണറുകൾ, പെനിസിലിൽ എന്നിവ ഉൾപ്പടെ കേവലം 327 ഉത്പന്നങ്ങളാണ് ഇപ്പോൾ പ്രധാനമായും ചൈനയിൽ നിന്ന് ഇന്ത്യയിൽ എത്തുന്നതെന്ന് ഈ പഠനം തെളിയിക്കുന്നു. 2018ൽ നിർണായകമായ ഈ സാധനങ്ങളുടെ ചൈനയിൽ നിന്നുള്ള ഇറക്കുമതി നടന്നിരിക്കുന്നത് 66.6 ബില്ല്യൻ ഡോളറിനാണ്. ആ വർഷം മൊത്തം ഇറക്കുമതിയാകട്ടെ 90 ബില്യൺ ഡോളറുമെന്നും പഠനം പറയുന്നു. 2018-19 കാലഘട്ടത്തിൽ ഔദ്യോഗിക വിവരം പ്രകാരം ചൈനയിൽ നിന്നു നടന്നിരിക്കുന്ന ഇറക്കുമതി 76.4 ബില്യൺ ഡോളറിനുള്ളതാണ്. അതിന്റെ ഭൂരിപക്ഷവും മുൻവർഷത്തേതുപോലെ ആദ്യം പറഞ്ഞിട്ടുള്ള ഉത്പന്നങ്ങളാണ്.

മൊത്തം 4,000ലേറെ ഉത്പന്നങ്ങളാണ് ഇന്ത്യ ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നത്. ഇവയിൽ 10 ശതമാനത്തിന്റെ കാര്യത്തിൽ മാത്രമാണ് ഗൗരവം കാണിക്കേണ്ടത്. ഈ 4,000ലേറെ ഉത്പന്നങ്ങളുടെ 82 ശതമാനം അല്ലെങ്കിൽ, 3300ലേറെ ഉത്പന്നങ്ങൾ ഇപ്പോഴും ചൈനയിൽ നിന്നു വാങ്ങുന്നതു തന്നെയാണ് ലാഭകരം. ഇതിൽ ചില സാധനങ്ങൾ ചൈന മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. ഇയർഫോണുകൾ, ഹെഡ്ഫോണുകൾ, മൈക്രോവേവ് ഓവനുകൾ, ചില തരം വാഷിങ് മെഷീനുകൾ തുടങ്ങിയവെയെല്ലാം ഇതിൽപ്പെടും. വണ്ടികളുടെ പാർട്സുകൾ, എസ്കലേറ്ററുകളുടെ പാർട്സുകൾ, ചില തരം ആസിഡുകൾ, വളങ്ങളും കീടനാശിനികളും തുടങ്ങിയവയെല്ലാം ചൈന മാത്രമാണ് ഉത്പാദിപ്പിക്കുന്നത്. അതിലേക്ക് കടക്കുക വളരെ സൂക്ഷിച്ചുവേണം.

മൊബൈൽ- ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, മരുന്നുകൾ തുടങ്ങിയവയൊക്കെ പ്രാദേശികമായി ഉത്പാദനം നടത്താനുള്ള ശ്രമത്തിലാണ് രാജ്യം. വാണിജ്യ വ്യവസായ മന്ത്രാലയമാകട്ടെ ഇത്തരത്തിലുള്ള പല മേഖലകളും കണ്ടെത്തിക്കഴിഞ്ഞു. ഗൃഹോപകരണങ്ങൾ, ചെരുപ്പ്, എയർ കണ്ടിഷണറുകൾ തുടങ്ങി പല സാധനങ്ങളും ഇത്തരത്തിൽ നിർമിക്കുന്നവർക്ക് പല വിധ പ്രോത്സാഹനങ്ങളും നൽകണം. മറ്റൊരു രാജ്യത്തു നിന്നും ഇറക്കുമതി ചെയ്യാൻ പറ്റാത്ത സാധനങ്ങൾ തിരിച്ചറിഞ്ഞ് അവ ഇന്ത്യയിൽ തന്നെ നിർമിച്ചെടുക്കണം. ഇക്കാര്യത്തിൽ ഹ്രസ്വകാല-ഇടക്കാല പദ്ധതി തയാറാക്കി വേണം നീങ്ങാൻ.

നുവാൽസിൽ സിവിൽ എൻജിനീയർ

കളമശേരി : നുവാൽസിൽ കരാറടിസ്ഥാനത്തിൽ സിവിൽ എൻജിനീയറുടെയും സൈറ്റ് സൂപ്പർവൈസറുടെയും ഓരോ ഒഴിവുണ്ട്. യോഗ്യത, പ്രവൃത്തി പരിചയം, ശമ്പളം, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിശദ വിവരങ്ങൾക്ക് നുവാൽസ് വെബ്സൈറ്റ് സന്ദർശിക്കുക (www.nuals.ac.in). അവസാന തീയതി ആഗസ്റ്റ് 24.

ആശ്രയ പെൻഷൻ

പെരുമ്പാവൂർ: കൂവപ്പടി സർവീസ് സഹകരണ ബാങ്കിൽ അംഗത്വമെടുത്ത് 20 വർഷം പിന്നിട്ട 70 വയസ് പൂർത്തിയാക്കിയവർക്ക് ബാങ്ക് നൽകുന്ന ആശ്രയപെൻഷൻ ലഭിക്കുന്നതിന് വേണ്ടി അർഹരായവർ 20നു മുമ്പായി അപേക്ഷ നൽകണമെന്ന് ബാങ്ക് പ്രസിഡന്റ് മനോജ് മൂത്തേടൻ അറിയിച്ചു. 9447181749.

ലൈബ്രേറിയൻ ദിനം ഇന്ന്

പറവൂർ: ഇന്ത്യയിൽ ദേശീയ ഗ്രന്ഥശാല നിയമത്തിനു രൂപം നൽകിയ ഡോ എസ്. ആർ.രംഗനാഥന്റെ ജന്മദിനമായ ഇന്ന് ദേശീയ ലൈബ്രേറിയൻ ദിനമായി ആചരിക്കും. ജില്ലയിലെ മുഴുവൻ ലൈബ്രറികളിലും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കുമെന്ന് കേരള സ്റ്റേറ്റ് ലൈബ്രേറിയൻ യൂണിയൻ ജില്ലാ സെക്രട്ടറി അമ്മിണി രാജു, പ്രസിഡന്റ് പി .ആർ. രഘു എന്നിവർ അറിയിച്ചു.

വേതനം: രേഖകൾ ഹാജരാക്കണം

വൈപ്പിൻ: നായരമ്പലം ഗ്രാമപഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം ഗുണഭോക്താക്കൾ വരുമാന സർട്ടിഫിക്കറ്റ്, റെസിഡൻഷ്യൻ സർട്ടിഫിക്കറ്റ് എന്നിവ 17നകം ഹാജരാകണമെന്നും അല്ലാത്ത പക്ഷം തുടർന്ന് ലഭ്യമാകുന്നതല്ലെന്ന് സെക്രട്ടറി അറിയിച്ചു. വിവരങ്ങൾക്ക് ഫോൺ : 0484 2493339.

മസ്റ്ററിംഗ് 16നകം ചെയ്യണം

വൈപ്പിൻ : ഞാറക്കൽ പഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ, ക്ഷേമനിധി ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പററുന്ന ഗുണഭോക്താക്കളിൽ ഇനിയും മസ്റ്ററിങ് നടത്താത്തവർ 16 നകം അക്ഷയകേന്ദ്രങ്ങൾ വഴി ചെയ്യണമെന്ന് സെക്രട്ടറി അറിയിച്ചു.

മസ്റ്ററിംഗ് പരാജയപ്പെട്ടിട്ടു ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കും പഞ്ചായത്തിലും ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് അതാത് ക്ഷേമനിധി ബോർഡുകളിലും 16 വരെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച്മസ്റ്ററിങ് പൂർത്തിയാക്കാവുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

ചെറായിയിൽ വീട് തകർന്നു

വൈപ്പിൻ : ചെറായി സഹോദര ഭവനം റോഡിന് സമീപം പറവെട്ടി (മാനാടൻ) തോമസിന്റെ വീടിന് പ്രകൃതി ക്ഷോഭത്തിൽ നാശം സംഭവിച്ചു. കഴിഞ്ഞ ദിവസം വൈകിട്ടു വീശിയ കാറ്റിലാണു സംഭവം. അടുക്കള ഭിത്തിയും മേൽക്കൂരയും പാടെ തകർന്നു. ആളപായം ഇല്ല. പഞ്ചായത്ത്, റവന്യൂ അധികൃതർ സ്ഥലത്തെത്തി.

AKSHAYA
CATERING & RESTAURANT
PUTHUSSERY NAGAR
PALLIPARAMBUKAVU ROAD, TRIPUNITHURA
PH:9846048184,9074520320
TAKE AWAY AND HOME DELIVERY ONLY
SPECIAL RECIPES
Aloo Matar Masala, Mexican Fried Rice, Vegan Pad Thani Noodles, Kung Pao Paneer, Schezwan Pao Tofu Fried Rice, Mushroom Babycorn Manchurian Samurai Noodles, Chilli Gopi, Chapati, Parotta,Chilli Parotta,
20 Varities of Dosa, Masala Dosa, Thattu dosa, Podi Dosa, Butter Masala, Paneer, Ghee Roast etc.,

EXCHANGE OFFER
your old mattress with
BAJAJ FINSERV Kurl-on
GEO AGENCIES
Chittoor Road, Ernakulam
Ph: 98470 02727

സ്വകാര്യ കമ്പനിയിൽ നിന്നും ദുർഗന്ധം: ജനം പരാതി നൽകി

കളമശേരി : സ്വകാര്യ കമ്പനിയിൽ നിന്നും പുറത്തു വരുന്നത് അസഹനീയമായ ദുർഗന്ധം. നാട്ടുകാർ പരാതി നൽകി. സൗത്ത് കളമശേരി മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനിയിൽ നിന്നും പുറത്തു വരുന്ന ദുർഗന്ധം മൂലം ശ്വാസതടസമടക്കമുള്ള ബുദ്ധിമുട്ടിനു പരിഹാരം കാണണമെന്നാവശ്യപ്പെട്ട നഗരസഭ 37-ാം വാർഡിൽ നജാത്ത് നഗർ റസിഡൻസ് അസോസിയേഷനാണ് നഗരസഭക്ക് പരാതി നൽകിയത്. പ്രായമായവരും കുട്ടികളുമടക്കമുള്ള പരിസരവാസികൾക്ക് ശ്വസിക്കാൻ പറ്റാത്തവിധം ദുർഗന്ധമാണ് യാതൊരുവിധ സുരക്ഷാ ക്രമീകരണങ്ങളുമില്ലാതെ കമ്പനിയിൽ നിന്നും പുറത്തു വരുന്നത്.

കഴിഞ്ഞ കുറച്ചു മാസങ്ങളമായി രാത്രി കാലങ്ങളിൽ മാത്രമാണ് ഈ കമ്പനി പ്രവർത്തിപ്പിക്കുന്നതെന്നു അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. ദുർഗന്ധം സഹിക്കാൻ വയ്യാതെ നാട്ടുകാർ പലപ്രാവശ്യം കമ്പനിയിൽ ചെന്നു പ്രതിഷേധം അറിയിക്കുകയും ചെയ്തിരുന്നു. കമ്പനി അധികാരികളുടെയും ഇൻഡസ്ട്രിയൽ അസോസിയേഷന്റെയും ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും യാതൊരുവിധ നടപടിയും ഉണ്ടാവാത്തതിനെ തുടർന്നാണ് അസോസിയേഷൻ ഭാരവാഹികൾ നഗരസഭക്ക് പരാതി നൽകിയത്.

കളമശേരി നഗരസഭക്ക് തൊട്ടടുത്ത മറ്റൊരു നഗരസഭയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഈ സ്ഥാപനം നാട്ടുകാരുടെ പ്രതിഷേധത്തെ തുടർന്നു കളമശേരിയിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുകയായിരുന്നു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മറ്റു സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ വാടകക്ക് നൽകാൻ പാടില്ലെന്ന നിയമം നിലനിൽക്കെ മറ്റൊരു സ്ഥാപനത്തിന്റെ ഒരു ഭാഗം വാടകക്കെടുത്ത് ഡിസ്ട്രിക് ഇൻഡസ്ട്രീസ് സെന്ററിന്റെ (ഡിഐഎസി) അനുമതിയില്ലാതെയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിന്റെ പേരോ നമ്പറോ പുറത്ത് പ്രദർശിപ്പിച്ചിട്ടില്ല. രാത്രി മാത്രം പ്രവർത്തിക്കുന്നതിൽ തന്നെ ദുരൂഹതയുണ്ടെന്നും ഇതിനെതിരെ നടപടി ഉണ്ടായില്ലെങ്കിൽ ശക്തമായ പ്രക്ഷോഭ നടപടികളുമായി മുന്നോട്ട് പോകുമെന്നും നജാത്ത് നഗർ റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് റഫീഖ് മരക്കാർ പറഞ്ഞു.

പശ്ചിമ കൊച്ചിയിൽ കൊവിഡ് കവർന്നതു 10 ജീവൻ

സ്വന്തം ലേഖകൻ

മട്ടാഞ്ചേരി:കൊവിഡെന്ന മഹാമാരി പടിഞ്ഞാറൻ കൊച്ചിക്ക് നൽകിയ ദുരിതം വലുതാണ്.കൊവിഡ് സമ്പർക്ക വ്യാപനം രൂക്ഷമായതിനെ തുടർന്ന് കഴിഞ്ഞ ഇരുപത് ദിവസമായി പടിഞ്ഞാറൻ കൊച്ചി അടച്ചിട്ടിരിക്കുന്നതിന്റെ ദുരിതം ഒരു വശത്ത് നിൽക്കുമ്പോൾ തങ്ങളുടെ ഉറ്റവരുടെ ജീവൻ ഈ മഹാമാരി കവർന്നതിന്റെ വിഷമം കൂടി പേറുകയാണ് പടിഞ്ഞാറൻ കൊച്ചി നിവാസികൾ.

തീരദേശമായ ചെല്ലാനവും ഒന്നര മാസത്തിലേറെയായി പൂട്ടിയിട്ട്.ഇവിടെ കൊവിഡിന് പുറമേ കടലാക്രമണവും ദുരിതം വിതക്കുന്ന അവസ്ഥയാണ്.സംസ്ഥാനത്തെ ആദ്യ കൊവിഡ് മരണം റിപ്പോർട്ട് ചെയ്ത പടിഞ്ഞാറൻ കൊച്ചിയിൽ ഈ മഹാമാരി കഴിഞ്ഞ നാലര മാസത്തിനിടെ കവർന്നെടുത്തത് പത്ത് ജീവനുകളാണ്. മാർച്ച് 28നാണു ചുള്ളിക്കൽ സ്വദേശി യാക്കൂബ് ഹുസൈൻ എന്ന 61കാരൻ കൊവിഡ് മരണത്തിന് കീഴടങ്ങുന്നത്.

ബിസിനസുകാരനായ യാക്കൂബ് ദുബൈയിൽ നിന്നു വന്നതിനു ശേഷം കൊവിഡ് ബാധിക്കുകയും എറണാകുളം മെഡിക്കൽ കോളെജിൽ ചികിത്സയിലിരിക്കെ മരിക്കുകയുമായിരുന്നു.വൃക്ക ഹൃദയ സംബന്ധമായ അസുഖവും മരണത്തിന് കാരണമായി.മൂന്ന് മാസത്തിന് ശേഷം ജൂലായ് ഏഴിനായിരുന്നു രണ്ടാമത്തെ മരണം എറണാകുളത്തെ വ്യാപാരിയായ യൂസഫ് എന്ന 65 വയസുകാരൻ സമ്പർക്കത്തിലൂടെയുള്ള രോഗ ബാധയെ തുടർന്ന് ചികിത്സയിലിരിക്കെ മരിച്ചു.ഇദ്ദേഹത്തിനേയും മറ്റ് അസുഖങ്ങൾ അലട്ടിയിരുന്നു.അതിന് ശേഷം ജൂലായിൽ രണ്ട് മരണങ്ങൾ കൂടി റിപ്പോർട്ട് ചെയ്തു.

ഒന്ന് വിദേശത്ത് നിന്ന് വന്ന് ചികിത്സയിലിരിക്കെ മരിച്ച തുരുത്തി സ്വദേശി ഇ.കെ ഹാരിസ്(51) ആയിരുന്നു.രണ്ടാമത്തേത് 23കാരനായ ഫോർട്ട്കൊച്ചി വെളിയിൽ ഇല്ലിക്കൽ വീട്ടിൽ എ.എസ് അഭിജിത്ത് തൂങ്ങി മരിക്കുകയായിരുന്നു. മരണ ശേഷം നടത്തിയ സ്രവ പരിശോധനയിലാണ് കൊവിഡ് പോസിറ്റീവാണെന്ന് മനസിലാകുന്നത്.ഇയാളുടെ സുഹൃത്തിന് കൊവിഡ് സ്ഥിരീകരിച്ചിരുന്നു.സമ്പർക്ക ഭീതിയെ തുടർന്ന് ഇയാൾ തൂങ്ങി മരിക്കുകയായിരുന്നുവെന്നാണ് നിഗമനം.ഈ മാസമാണു കൂടുതൽ മരണമുണ്ടായത്.പള്ളുരുത്തിയിൽ മൂന്നും ചെല്ലാനത്ത് ഒന്നും ഫോർട്ട്കൊച്ചിയിൽ രണ്ടും മരണമാണുണ്ടായത്. ഫോർട്ട്കൊച്ചിയിൽ ഈ മാസം ഒന്നിന് തുരുത്തിയിൽ കെ.എ ബഷീർ(62)ആണ് മരിച്ചത്.കടുത്ത പനിയും ശ്വാസ തടസവും അനുഭവപ്പെട്ടതിനെ തുടർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപെടുകയായിരുന്നു.മരണശേഷം നടത്തിയ പരിശോധനയിലാണ് ഇയാളും കൊവിഡ് പോസിറ്റീവാണെന്ന് തെളിഞ്ഞത്. ഇയാളുടെ മരണവുമായി ബന്ധപെട്ട് വിവാദങ്ങളും നിലനിൽക്കുന്നുണ്ട്.ആരോഗ്യ വകുപിന്റെ അനാസ്ഥയാണ് ബഷീറിന്റെ മരണത്തിന് ഇടയാക്കിയതെന്ന് ആരോപണം ഉയർന്നിരുന്നു.ഇത് സംബന്ധിച്ച് ഹൈബി ഈഡൻ എംപി മുഖ്യമന്ത്രിക്ക് കത്തയക്കുകയും ചെയ്തിരുന്നു.ഈ തിങ്കളാഴ്ചയാണ് ഫോർട്ട്കൊച്ചി ഈരവേലി കോളനിയിൽ റുഖിയ(59)മരണപെട്ടത്.നെഞ്ച് വേദനയും പനിയും അനുഭവപെട്ടതിനെ തുടർന്ന് ആദ്യം കരുവേലിപ്പടി ആശുപത്രിയിലും പിന്നീട് എറണാകുളം ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും മരണപെടുകയായിരുന്നു. ഇവരുടെയും മരണശേഷം നടത്തിയ പരിശോധനയിലാണ് പോസിറ്റീവാണെന്ന് വ്യക്തമായത്.പള്ളുരുത്തിയിൽ തഴുപ്പ് സ്വദേശി കെ.വി റാഫിയാണ് ഈ മാസം മരിച്ച മറ്റൊരാൾ. കൊവിഡ് ചികിത്സയിലിരിക്കെ മരിച്ച റാഫിക്ക് വൃക്ക ഹൃദയ സംബന്ധമായ അസുഖങ്ങളുമുണ്ടായിരുന്നു.വെള്ളേഴത്ത് ലൈൻ സജീവ് റോഡിൽ ചിറയിൽ വീട്ടിൽ ഗോപി(69) ആണ് പള്ളുരുത്തിയിൽ മരിച്ച രണ്ടാമത്തെയാൾ.ഗോപി കൊവിഡ് ചികിത്സയിലിരിക്കെയാണ് മരിച്ചത്. പെരുമ്പടപ്പ് കൊച്ചു പുളിക്കൽ വീട്ടിൽ പ്രിതി(51)ആണ് മൂന്നാമത്തെയാൾ.പ്രീതിയുടെ മരണശേഷം നടത്തിയ പരിശോധനയിലാണ് പോസിറ്റീവാണെന്ന് തെളിയുന്നത്. ഇവർക്ക് രണ്ട് പേർക്കും വൃക്ക സംബന്ധമായ അസുഖങ്ങളുണ്ടായിരുന്നു. ചെല്ലാനം അഞ്ച്തൈക്കൽ റീത്താമ്മ(86)യാണ് കൊവിഡ് കവർന്നെടുത്ത മറ്റൊരു ജീവൻ.ഇവരുടേയും മരണശേഷം നടത്തിയ പരിശോധനയിലാണ് കൊവിഡ് പോസിറ്റീവാണെന്ന് വ്യക്തമായത്.ഇത്തരത്തിൽ 10 പേരുടെ ജീവനെടുത്ത മഹാമാരി ഇത് വരെ 620 പേർക്കാണ് പടിഞ്ഞാറൻ കൊച്ചിയിൽ തിങ്കളാഴ്ച വരെ ബാധിച്ചത്.ഇവിടത്തെ ആദ്യ ക്ലസ്റ്ററായ ചെല്ലാനത്ത് 295 പേർക്കും.ഫോർട്ട്കൊച്ചിയിൽ 189 പേർക്കും മട്ടാഞ്ചേരിയിൽ 65 പേർക്കും പള്ളുരുത്തിയിൽ 44 പേർക്കും കുമ്പളങ്ങിയിൽ പതിനാറ് പേർക്കുമാണ് ഇത് വരെ ബാധിച്ചത്.ഇതിൽ ഏഴ് ആരോഗ്യ പ്രവർത്തകരും ഉൾപ്പെടുന്നു.

ഇതിൽ കുറച്ച് പേർ രോഗമുക്തി നേടി തിരികെയെത്തിയിട്ടുണ്ട്.സമ്പർക്ക വ്യാപനത്തിന്റെ ആശങ്ക വിട്ടൊഴിയാത്ത പടിഞ്ഞാറൻ കൊച്ചിയിൽ പൊലിസിന്റെ നേതൃത്വത്തിൽ നിയന്ത്രണങ്ങൾ ശക്തമായി തുടരുകയാണ്.

കത്തോലിക്ക കോൺഗ്രസ് ഉപവാസ സമരം നടത്തി

കൊച്ചി: സാമ്പത്തിക സംവരണം പൂർണമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് കത്തോലിക്ക കോൺഗ്രസ് രൂപതാ സമതികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഏകദിന ഉപവാസ സമരത്തിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ഏകദിന ഉപവാസ സമരം സംഘടിപ്പിച്ചു.

മഞ്ഞപ്ര ഹോളി ക്രോസ് ഫൊറോന ദേവാലയാങ്കണത്തിൽ അതിരൂപതാ ഡയറക്റ്റർ ഫാ. സെബാസ്റ്റ്യൻ ഊരക്കാടൻ ഉദ്ഘാടനം ചെയ്തു. സാമ്പത്തിക സംവരണം ഉടനടി നടപ്പാക്കണം എന്നാവശ്യത്തിൽനിന്നു പുറകോട്ട് പോകരുതെന്നും, സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചില്ലെങ്കിൽ ശക്തമായ സമരപരിപാടികളുമായ് മുന്നോട്ട് പോകണമെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് ഫ്രാൻസീസ് മൂലൻ, ജനറൽ സെക്രട്ടറി ജെയ്മോൻ തോട്ടുപുറം, ട്രഷറർ ബേബി പൊട്ടനാനി, ഭാരവാഹികളായ സെബാസ്റ്റ്യൻ ചെന്നെക്കാടൻ, എസ്.ഐ. തോമസ്, വർഗീസ് കോയിക്കര, ഷൈബി പാപ്പച്ചൻ എന്നിവർ നേതൃത്വം നൽകി. ഗ്ലോബൽ സെക്രട്ടറി ബെന്നി ആന്റണി കേന്ദ്രസമിതിക്ക് വേണ്ടി അഭിവാദ്യങ്ങളർപ്പിക്കുകയും, ഉപവാസസമരമനുഷ്ഠിച്ച നേതാക്കളെ ഹാരാർപ്പണം നടത്തുകയും ചെയ്തു. വൈകുന്നേരം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ സമാപന സന്ദേശത്തോടെ ഉപവാസ സമരം അവസാനിച്ചു.

നെട്ടൂർ റെയിൽവേ അണ്ടർ പാസിനടിയിൽ അഴുക്കു വെള്ളത്തിൽ കിടക്കുന്ന മാലിന്യ കൂമ്പാരം.

നെട്ടൂർ പ്രദേശത്തെ അടിപ്പാതയിൽ മാലിന്യം കുന്നുകൂടി

മരട്: നഗരസഭാ പ്രദേശങ്ങളിൽ മിക്ക ഡിവിഷനിലും ഡെങ്കിപ്പനി പടരാനുള്ള അവസരമൊരുക്കി നഗരസഭ. ആഴ്ചകളായി നെട്ടൂർ പ്രദേശത്തെ റെയിൽവേ അണ്ടർ പാസിനടിയിൽ (30-ാം ഡിവിഷനിൽ) അഴുക്കു വെള്ളത്തിൽ കൂടി കിടക്കുന്ന മാലിന്യ കെട്ടുകൾ നീക്കാൻ നടപടിയില്ല .കാൽനടക്കാർ അഴുക്ക് വെള്ളം ചവിട്ടി വേണം കടക്കാൻ

ഡിവിഷൻ കൗൺസിലർ താമസിക്കുന്ന മൂക്കിനു താഴെയാണ് അടിപ്പാത നിലകൊള്ളുന്നത്. ഏതാനും നാൾ മുൻപാണ് സമീപ ഡിവിഷനിൽ ഇതര സംസ്ഥാന തൊഴിലാളിയായ യുവാവ് ഡെങ്കിപ്പനി ബാധിച്ചു മരണപ്പെട്ടത്. ജനം കൊവിഡിനെ പേടിച്ചു ദിനങ്ങൾ തള്ളിനീക്കുമ്പോൾ നഗരസഭ അധികൃതരുടെ നിഷ്ക്രിയത്വം കൂടുതൽ പകർച്ചവ്യാധികൾ പടർത്താനേ ഉപകരിക്കൂ.

മർത്തോമ ചർച്ച് റോഡിനു സമീപത്തെ തോട്ടിൽ നിന്നും മലിനജലം വീടുകളിൽ ഒഴുകിയെത്തിയ നിലയിൽ

തോട്ടിൽ നിന്നും മാലിന്യം വീടുകളിൽ ഒഴുകിയെത്തുന്നതായി പരാതി

പറവൂർ: മാലിന്യം നിറഞ്ഞ തോട്ടിലെ മലിനജലവും മറ്റും തോടു കരകവിഞ്ഞതോടെ വീടുകളിലും പരിസരത്തും ഒഴുകിയെത്തുന്നു. പറവൂർനഗരസഭ അഞ്ചാം വാർഡ് മാർത്തോമ ചർച്ച് റോഡിലെ ഏതാനും വീട്ടുകാർ ഇതുമൂലം

ദുരിതത്തിലായി. വീട്ടുകാർക്കു പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയിലാണ്. കെഎംകെ കവലയിൽ നിന്ന് ആരംഭിച്ചു പറവൂർ പുഴയിൽ അവസാനിക്കുന്ന തോടാണു വീടുകൾക്ക് സമീപത്തുകൂടി ഒഴുകുന്നത്. തോടിനു മുകളിൽ

കുറച്ചു ഭാഗത്തു സ്ലാബുകൾ ഇട്ടിട്ടുണ്ട്. ഈ ഭാഗത്തുൾപ്പെടെ തോട് ശുചീകരിച്ചിട്ട് നാളേറെയായി. വിവിധതരം മാലിന്യങ്ങൾ തോട്ടിൽ കെട്ടിക്കിടക്കുന്നുണ്ട്. ചില വീടുകളിൽ നിന്ന് കക്കൂസ് മാലിന്യവും തോട്ടിലേക്ക് തള്ളുന്നുണ്ട്,. തോടിനു കുറുകെ പണിത കലുങ്കിനു സമീപത്തുകൂടി ഇട്ടിരിക്കുന്ന ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ കലുങ്കിനു താഴെയായി സ്ഥാപിച്ചതിനാൽ തോട്ടിലൂടെ വെള്ളം സുഗമമായി ഒഴുകിപ്പോകുന്നില്ല. മാലിന്യങ്ങൾ ഉൾപ്പെടെ പൈപ്പിൽ

തടഞ്ഞു കിടക്കുന്നു. നാട്ടുകാർ വടി ഉപയോഗിച്ചു കുത്തിക്കളയുകയാണു പതിവ്. തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്തു നീരൊഴുക്കു സുഗമമമാക്കണമെന്ന് ആവശ്യപ്പെട്ടു മാർത്തോമ ചർച്ച് റോഡ് റസിഡൻസ് അസോസിയേഷൻ ആവശ്യപ്പെട്ടു.

ഓട്ടോമാറ്റിക് സാനിറ്റൈസറുമായി ആറാം ക്ലാസുകാരൻ

കോതമംഗലം : വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഓട്ടോമാറ്റിക് ഹാൻഡ് സാനിറ്റൈസർ ഡിസ്പെൻസർ നിർമിച്ചു ശ്രദ്ധ നേടുകയാണ് ആറാം ക്ലാസുകാരൻ. ചേലാട് വലിയകുന്നേൽ കുരിയാക്കോസിന്റെയും ബെൽജിയുടെയും ഇളയ മകനായ ജോൺ കുരിയാക്കോസാണ് ഈ കൊച്ചു മിടുക്കൻ.

ഒഴിഞ്ഞ പ്ലാസ്റ്റിക് മിഠായി ഭരണിയിൽ സെൻസർ ഘടിപ്പിച്ചാണ് ഓട്ടോമാറ്റിക് ഹാൻഡ് സാനിറ്റൈസർ ഡിസ്പെൻസർ നിർമിച്ചിരിക്കുന്നത്. ചേലാട് പിണ്ടിമന ഗവ. യുപി സ്കൂളിൽ ആറാം ക്ലാസ് വിദ്യാർഥിയാണ് ജോൺ. സഹോദരി അക്സ കുര്യാക്കോസ് പിണ്ടിമന ടി വി. ജോസഫ് മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ എട്ടാംക്ലാസ് വിദ്യാർഥിനിയാണ്.

പിണ്ടിമന സെന്റ് ജോൺസ് യാക്കോബായ പള്ളിയിലെ പ്രധാന ശുശ്രൂഷകനാണ് പിതാവ് വി. ജെ. കുര്യാക്കോസ് . മാതാവ് ബെൽജി ആംഗൻവാടി ജീവനക്കാരിയും.

ജോൺ കുരിയാക്കോസ് സ്വയം നിർമിച്ച ഓട്ടോമാറ്റിക് ഹാൻഡ് സാനിറ്റൈസറുമായി

ഓട്ടോമാറ്റിക് ഹാൻഡ് സാനിറ്റൈസർ ഡിസ്പെൻസർ നിർമിച്ചതിലൂടെ സഹപാഠികളുടെയും അധ്യാപകരുടെയും നാട്ടുകാരുടെയും പ്രശംസ ഏറ്റുവാങ്ങുകയാണു കൊച്ചു മിടുക്കൻ .

ചേരാനല്ലൂർ-നീലീശ്വരം പാലത്തിനായി മുറവിളി

പെരുമ്പാവൂർ: ചേരാനല്ലൂർ-നീലീശ്വരം പാലം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടു ചേരാനല്ലൂർ പ്രിയദർശിനി കൾച്ചറൽ സൊസൈറ്റി പ്രതിഷേധദിനമായി ആചരിച്ചു.

ചേരാനല്ലൂരിൽ ഉണ്ടായിരുന്ന അഞ്ച് കടത്തുകടവുകൾ നിർത്തലാക്കിയിട്ട് ഒൻപത് വർഷമായി. ചേരാനല്ലൂരിൽ നിന്നും നീലീശ്വരം മലയാറ്റൂർ പഞ്ചായത്തിലെ നീലീശ്വരം, കൊറ്റമ്മം, നടുവട്ടം, കളമ്പാട്ടുപുരം ഭാഗങ്ങളിലേയ്ക്ക് വഞ്ചിയിൽ അക്കരെ കടന്നാണു യാത്രചെയ്തിരുന്നത്.

കാലടി അങ്കമാലി മേഖലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും വിവിധ ആശുപത്രികളിലേയ്ക്കും പോകുവാനുള്ള എളുപ്പവഴിയാകും ഈ പാലം. പാലം സ്ഥാപിക്കുന്നതിനു ദിശാനിർണയമോ, സ്ഥലപരിമിതിയോ പ്രശ്നമല്ല. തോട്ടുവ നമ്പിള്ളി റോഡിൽ ചേരാനല്ലൂർ പള്ളിക്കടവിലേക്കും കാലടി മലയാറ്റൂർ റോഡിൽ നിന്നും പള്ളുപട്ട കവലയിൽ നിന്നും വീതിയുള്ള റോഡ് പുഴയിലേക്കുണ്ട്.

എൽദോസ് കുന്നപ്പിള്ളി എംഎൽഎയുടെ പ്രധാന പദ്ധതിയിൽ ഉൾപ്പെടുത്തി 16 കോടി രൂപ വക കൊള്ളിച്ചു പദ്ധതി സമർപ്പിച്ചെങ്കിലും ഇതു വരെ തീരുമാനമായിട്ടില്ല. സർക്കാരിന്റെ ടൂറിസം പദ്ധതിയിൽ ചേരാനല്ലൂർ മങ്കുഴി, തോട്ടുവ പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ജൈവകൃഷി പദ്ധതിക്കും ഈ പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

വൈപ്പിനിൽ അടിയന്തിര പ്രവൃത്തികൾക്ക് 30 ലക്ഷം രൂപ

വൈപ്പിൻ : കടൽക്ഷോഭം രൂക്ഷമായ എടവനക്കാട്, നായരമ്പലം ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശത്തെ അടിയന്തിര പ്രവൃത്തികൾക്കായി 30 ലക്ഷം രൂപ വകയിരുത്തിയതായി എസ്. ശർമ എംഎൽഎ.

എടവനക്കാട് പഞ്ചായത്തിലെ അണിയലിലും പഴങ്ങാടും നായരമ്പലം പഞ്ചായത്തിലും ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവർത്തനങ്ങൾക്കും മണൽവാട പുനർനിർമിക്കുന്നതിനുമുള്ള അടിയന്തിര പ്രവൃത്തികൾക്കായി 20 ലക്ഷം രൂപ വീതവും നായരമ്പലം വെളിയത്താംപറമ്പിലെ കടൽഭിത്തി പുനരുദ്ധാരണത്തിനായി 10 ലക്ഷം രൂപയും അനുവദിച്ചതായി എംഎൽഎ പറഞ്ഞു. ചെറായി ബീച്ചിൽ ജിയോബാഗ് സ്ഥാപനം മണൽവാട പുനർനിർമാണം 30 ലക്ഷം രൂപ അനുവദിച്ചതായും ഇതുകൂടാതെ 17.50 ലക്ഷം രൂപയുടെ ജിയോബാഗ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമാണം പുരോഗമിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. എടവനക്കാട് അണിയൽ,കൂട്ടുങ്ങൽ, ചാത്തങ്ങാട് എന്നീ പ്രദേശങ്ങൾ എംഎൽഎ സന്ദർശിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കെ.യു.ജീവൻമിത്ര, പി.കെ.നടേശൻ, ഇ.വി.സുധീഷ്, പി.വി.സിനിലാൽ, എ.കെ.അജയകുമാർ, കെ.എം.അഷ്റഫ്,ജലവിഭവ വകുപ്പ് അസി.എൻജിനീയർ ജോർഡി എന്നിവർ സന്നിഹിതരായിരുന്നു.

കാർഷിക സോണിൽ അനധികൃത ഫ്ലാറ്റ് നിർമാണമെന്ന് ഹർജി

കൊച്ചി: കളമശേരി നഗരസഭയിലെ കാർഷിക സോണിൽ അനധികൃതമായി നിർമ്മിച്ച ഫ്ലാറ്റിന് അനുമതി നൽകുന്നതിനെതിരെ പൊതുപ്രവർത്തകനായ ബോസ്കോ ലൂയിസ് ഹൈക്കോടതിയിൽ ഹർജി നൽകി. വിശാല കൊച്ചി വികസന അതോറിറ്റിയുടെ ജനറൽ ടൗൺ പ്ലാനിംഗ് സ്കീമിൽ കാർഷിക സോണെന്നു രേഖപ്പെടുത്തിയ പ്രദേശത്ത് 15 നിലകളുള്ള ഫ്ലാറ്റിന് അനുമതി നൽകിയതു ചോദ്യം ചെയ്താണ് ഹർജി നൽകിയിട്ടുള്ളത്. കൊച്ചി നഗരത്തിനു പുറമേ കളമശേരി, തൃപ്പൂണിത്തുറ നഗരസഭകൾ കൂടി ഉൾപ്പെടുത്തിയാണ് വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) ജനറൽ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കിയത്. ഇതിൽ കാർഷിക സോണായി രേഖപ്പെടുത്തിയിട്ടുള്ള പ്രദേശത്ത് ബഹുനില കെട്ടിടങ്ങൾ പാടില്ലെന്നാണ് നിയമം.

ഇതു ലംഘിച്ച് നിർമിച്ച ഫ്ലാറ്റിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനെയാണ് ഹർജിക്കാരൻ ചോദ്യം ചെയ്യുന്നത്. കാർഷിക സോണിലെ കെട്ടിട നിർമാണം നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിനിടെ ഒക്യുപെൻസി സർട്ടിഫിക്കറ്റിനു വേണ്ടി ഫ്ലാറ്റ് നിർമാതാക്കൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ അപേക്ഷയിൽ ഉചിതമായ തീരുമാനമെടുക്കാൻ കഴിഞ്ഞ മേയ് 20 ന് ഉത്തരവിട്ടിരുന്നു. എന്നാൽ ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ട് ഉൾപ്പെടെ മറച്ചു വച്ചാണ് ഫ്ലാറ്റ് നിർമാതാക്കൾ കോടതിയിൽ നിന്ന് ഉത്തരവു വാങ്ങിയതെന്നും ഹർജിക്കാരൻ ആരോപിക്കുന്നു.

തീരദേശത്തു വിതരണം ചെയ്യാൻ അരി സമാഹരിച്ചു ഡിസിസി

കൊച്ചി: കടൽക്ഷോഭത്തിലും കൊവിഡിലും ദുരിതമനുഭവിക്കുന്ന തീരദേശ ജനതയ്ക്ക് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ കൈത്താങ്ങ്. ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ടി.ജെ.വിനോദ് എംഎൽഎയുടെ നേതൃത്വത്തിൽ സമാഹരിച്ച മൂന്നു ടൺ അരി ചെല്ലാനം-കണ്ണമാലി പ്രദേശത്തെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കായി നൽകി. അരിയുമായി പുറപ്പെട്ട വാഹനം എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു.

ഭിന്നശേഷിക്കാർക്കുള്ള സഹായം ഡിഫറന്റ്ലി ഏബിൾഡ് പീപ്പിൾസ് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് മുഹമ്മദ് നസീറിന് നൽകി. എറണാകുളത്തെ സ്റ്റേജ് ആർട്ടിസ്റ്റുകൾക്കുള്ള സഹായവും ഒരുക്കിയിട്ടുണ്ടെന്നും വിനോദ് പറഞ്ഞു. ഡൊമിനിക് പ്രസന്റേഷൻ, ടോണി ചമ്മിണി, മുഹമ്മദ് ഷിയാസ്, പി.ഡി.മാർട്ടിൻ, ഷാജി കുറുപ്പശേരി, ജോസഫ് ആന്റണി, ബാബു പുത്തനങ്ങാടി, അബ്ദുൾ ലത്തീഫ് , കെ.വി.പി കൃഷ്ണകുമാർ , ജോഷി പള്ളൻ തുടങ്ങിയവർ പങ്കെടുത്തു.

Geojit Financial Services Ltd.
Reg.Office: 34/659-P, Civil Line Road, Padivattom, Kochi, Kerala - 682024
CIN: L67120KL1994PLC008403,
Ph: 0484-2901000, Fax: 0484-2979695,
mailus@geojit.com, www.geojit.com

GEOJIT PEOPLE YOU PROSPER WITH

NOTICE OF 26TH ANNUAL GENERAL MEETING AND OTHER RELATED INFORMATION

Notice is hereby given that the 26th Annual General Meeting (AGM) of the Members of the Company will be held on Wednesday, the 02nd September, 2020 at 4.00 p.m. through Video Conferencing (VC) / Other Audio Visual Means (OAVM) in accordance with General Circular No. 20/2020 dated 05th May, 2020 that allow companies to hold Annual General Meeting (AGM) in the manner detailed in General Circular No. 14/2020 dated 08.04.2020 and General Circular No. 17/2020 dated 13.04.2020 read with SEBI Circular No: SEBI/HO/CFD/CMD1/CIR/P/2020/79 dated 12th May, 2020 without the physical presence of the Members at a common venue, to transact the Ordinary and Special Businesses as set out in the Notice convening the Meeting.

The Notice of the 26th AGM and Annual Report 2019-20 of the Company has been sent only by electronic mode by National Securities Depository Limited (NSDL) to those members whose email IDs are registered with the Company's Registrar and Transfer Agent (RTA) or the Depository Participants (DP).

The copy of the Annual Report 2019-20 is also available on the Company's website www.geojit.com. Members who do not receive the Annual Report may download it from Company's website or may request for a copy of the same by writing to the Company Secretary of the Company at companysecretary@geojit.com or the Company's RTA at info@skdc-consultants.com.

Pursuant to the provisions of Section 108 of the Companies Act, 2013 read with Rule 20 of the Companies (Management and Administration) Rules, 2014, as amended and Regulation 44 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, the Company is providing its members facility to exercise their right to vote on resolutions proposed to be passed in the AGM of the Company using an electronic voting system from a place other than the venue of the Meeting (remote e-voting) along with option of voting at the AGM by e-voting. The Company has engaged the services of NSDL to provide e-voting facility.

The Company has appointed Mr. Satheesh Kumar N, M/s Satheesh and Remesh, Practicing Company Secretaries as Scrutinizer to scrutinize the e-voting process in fair and transparent manner.

The Company has completed dispatch of Notice and Annual Report by email on Tuesday, 11th August, 2020 to all members, whose name appears in the Register of Members/Beneficial Owners as on Friday, 31st July, 2020.

The remote e-voting shall commence on Sunday, 30th August, 2020 from 9.00 a.m. (IST) and end on Tuesday, 01st September, 2020 at 5.00 p.m. (IST). The remote e-voting shall not be allowed beyond the said date and time. A person, whose name appears in the Register of Members/Beneficial Owners as on the cut-off date of 27th August, 2020 only shall be entitled to avail the facility of remote e-voting as well as e-voting at the Meeting. The members who cast their vote by remote e-voting may attend the Meeting through VC/OAVM Facility but shall not be entitled to cast their vote again through the e-voting system during the Meeting.

Any person, who becomes member of the Company after dispatch of Notice of AGM and holding shares as on the cut-off date of 27th August, 2020, may obtain the user id and password by sending a request at evoting@nsdl.co.in. If a person is already registered with NSDL for e-voting the existing user ID and password can be used for casting vote.

In case of any queries/grievances, you may refer the Frequently Asked Question (FAQ) for shareholders and e-voting user manual for shareholders available at https://www.evoting.nsdl.com or contact Ms. Pallavi Mhatre (Manager), NSDL, A wing, 4th Floor, Trade World, Kamala Mills Compound, Lower Parel, Mumbai – 400013, E-mail: info@nsdl.co.in, Ph: 1800 222 990/ (022) 2499 4200.

For Geojit Financial Services Ltd
Sd/-
Liju K Johnson
Company Secretary

Place: Kochi
Date: 12.08.2020

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.218 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

പൊലീസിന്റെ അനുമതി വേണം

നെയ്യാറ്റിൻകര: വിവാഹം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയവ നടത്താൻ ഇനി പൊലീസിന്റെ അനുമതി വേണം. കോവിഡ് വ്യാപനം നിയന്ത്രിക്കാനുള്ള ചുമതല പൊലീസിനു നൽകിയ സാഹചര്യത്തിലാണ് സ്റ്റേഷൻ ഓഫീസർമാർക്ക് ഇതുസംബന്ധിച്ച് നിർദേശം നൽകിയത്. രണ്ടാഴ്ചയ്ക്കകം രോഗവ്യാപനത്തോത് നിയന്ത്രണവിധേയമാക്കണമെന്ന നിർദേശവും പൊലീസിനു ലഭിച്ചിട്ടുണ്ട്. മരണം നടന്നാൽ വിവരം അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ അറിയിക്കണം. വിവാഹം ഉൾപ്പെടെയുള്ള ചടങ്ങുകൾക്ക് മുൻകൂർ അനുമതി വാങ്ങണം. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ചടങ്ങുകൾ നടത്തൂ എന്ന സമ്മതപത്രം വീട്ടുകാർ എഴുതിനൽകണം. വീട്ടുകാരെക്കൂടാതെ പുറമേനിന്നുള്ള ആളുകൾ പങ്കെടുക്കുന്ന ഏതു ചടങ്ങും പൊലീസിനെ അറിയിക്കണം.

പാറശാലയിലെ റോഡുകൾ നവീകരിക്കുന്നു

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പാറശാല നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ നവീകരിക്കുന്നു. മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി 20 ഗ്രാമീണ റോഡുകളാണ് നവീകരിക്കുന്നത്. ഇതിനായി ആറു കോടി രൂപ അനുവദിച്ചതായി സി.കെ ഹരീന്ദ്രൻ എം.എൽ.എ അറിയിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ തുക വിനിയോഗിച്ച് സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ പ്രളയത്തിൽ തകർന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതുമായ റോഡുകളുടെ നവീകരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് പദ്ധതിയുടെ നിർവഹണ ചുമതല. പ്രാദേശിക തലത്തിലുള്ള മേൽനോട്ടത്തിനായി പഞ്ചായത്ത് പ്രതിനിധികൾ, വാർഡ് മെമ്പർ എന്നിവരുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കുമെന്നും സി.കെ.ഹരീന്ദ്രൻ എംഎൽഎ അറിയിച്ചു.

വ്യവസായത്തിനൊപ്പം നെൽക്കതിർ വിളവെടുപ്പ് നടത്തി കെഎംഎംഎൽ

കരുനാഗപ്പള്ളി : സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ച് വ്യവസായത്തിനൊപ്പം കൃഷിക്കും പ്രാധാന്യം നൽകി ചവറ കെ.എം.എം.എൽ കമ്പനി നെൽക്കതിർ വിളവെടുപ്പ് നടത്തി ഒന്നാം ഘട്ടം പൂർത്തിയാക്കി. സംയോജിത കൃഷിരീതി നടപ്പിലാക്കി വിജയിച്ചതിന്റെ ആഹ്ളാദത്തിലാണ് കമ്പനി അധികൃതർ. കാർഷിക സർവകലാശാലയുടെ ഓണാട്ടുകര റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിൽ നിന്നും വികസിപ്പിച്ചെടുത്ത 90 ദിവസം കൊണ്ട് വിളവെടുക്കുന്ന ഓണം ഇനമായിരുന്നു വിതച്ചത്. കാടുമൂടി കിടന്ന ഗസ്റ്റ് ഹൗസ് പരിസരം വൃത്തിയാക്കി ഇവിടെ കൃഷിക്കനുയോജ്യമാക്കി മാറ്റുകയായിരുന്നു.

തികച്ചും ജൈവ കാർഷിക പരിചരണത്തോടെ വിളയിച്ചെടുത്ത നെല്ല് കമ്പനിയുടെ ഭക്ഷണശാലയിലേക്ക് നൽകുകയും ബാക്കി തളിർ എന്ന പേരിൽ കെ.എം.എം.എൽ ബ്രാന്റിൽ അരിയാക്കുകയാണ് ലക്ഷ്യമിടുന്നതെന്ന് അധികൃതർ അറിയിച്ചു.

വിളവെടുപ്പ് ഉദ്ഘാടനം മാനേജിങ് ഡയറക്ടർ ജെ. ചന്ദ്രബോസ് നിർവഹിച്ചു. ജനറൽ മാനേജർ വി. അജയ കൃഷ്ണൻ, യൂണിറ്റ് തലവൻ ജി.സുരേഷ് ബാബു, അഗ്രിക്കൾച്ചറൽ നോഡൽ ഓഫീസർ എ.എം. സിയാദ്, എം. സ് യൂണിറ്റ് മേധാവി ടി.കാർത്തികേയൻ, വിജിലൻസ് സെക്യൂരിറ്റി സൂപ്രണ്ട് ബി.പ്രസന്നൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ വി.ആർ. ബിനേഷ്, വിവിധ ട്രേഡ് യൂണിയൻ നേതാക്കളായ എ.എ. നവാസ്, ആർ.ജയകുമാർ , എം.മനോജ് മോൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

കെ.എം.എം.എൽ കമ്പനിയുടെ നെൽക്കതിർ വിളവെടുപ്പ് മാനേജിങ് ഡയറക്ടർ ജെ. ചന്ദ്രബോസ് നിർവഹിക്കുന്നു.

കണ്ടെയ്ൻമെന്റ് സോണിൽ നിന്നും ഒഴിവാക്കണം: കോൺഗ്രസ്

നെയ്യാറ്റിൻകര: കൊവിഡ് രോഗ ബാധിതർ ഇല്ലാത്ത വാർഡുകൾ കണ്ടെയ്ൻമെന്റ് സോണിൽ നിന്നും ഒഴിവാക്കണമെന്ന് മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് അമ്പലത്തറയിൽ ഗോപകുമാർ ആവശ്യപ്പെട്ടു. കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് മുഴുവൻ കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ പ്രതിരോധ പ്രവർത്തനങ്ങളുടെയും,ജനങ്ങളുടെ ക്രിയാത്മക സഹകരണത്തിന്റെയും ഫലമായി രോഗവ്യാപനം തടയുവാൻ സാധിച്ചിരിക്കുന്നു. പഞ്ചായത്തിൽ നിലവിൽ 9 രോഗികളാണ് ചികിൽസയിലുള്ളത്.ഈ സാഹചര്യത്തിൽ നിലവിൽ ചെറുകിട വ്യാപര മേഖലയിലെ വ്യാപാരികളും തൊഴിലാളികളും നേരിടുന്ന ദുരിതങ്ങൾക്ക് പരിഹാരം കാണാൻ ഇത് സഹായകമാകും. പഞ്ചായത്ത് പ്രദേശത്തെ ദരിദ്രകുടുംബങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കണമെന്ന് ജില്ലാ കളക്ടർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

സ്വാതന്ത്ര്യ ദിനാഘോഷം കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച്

തിരുവനന്തപുരം: സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ഡോ. നവജ്യോത് ഖോസയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ അവലോകന യോഗം ചേർന്നു. പൂർണമായും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചാകും ഇത്തവണ ചടങ്ങുകൾ സംഘടിപ്പിക്കുക. ഡോക്ടറും നേഴ്സും ഉൾപ്പെടെ 12 ആരോഗ്യ പ്രവർത്തകരെ സ്റ്റേഡിയത്തിൽ നിയോഗിക്കും. കൂടാതെ ആംബുലൻസുകളുടെ സേവനവും ഉറപ്പുവരുത്തും. സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാകില്ല. ഉന്നത ഉദ്യോഗസ്ഥരടക്കം പരമാവധി നൂറു പേരെ ഉൾപെടുത്തിയാകും പരിപാടികൾ സംഘടിപ്പിക്കുക. സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കാൻ എത്തുന്നവരെ തെർമൽ സ്കാനിംഗിനു വിധേയമാക്കും. എഡിഎം വി. ആർ വിനോദ്, പാങ്ങോട് മിലിറ്ററി സ്റ്റേഷൻ ഓഫീസർ ലഫ്.കേണൽ എം. മോഹനകുമാർ, എ. ആർ കമാന്റൻഡ് ഡി. അശോക് കുമാർ , ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഷിനു കെ. എസ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ശിൽപ്പശാലയിൽ പങ്കെടുത്തു

വെഞ്ഞാറമൂട്: ലിംക ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടിയ കാർഷിക മാഗസിൻ കൃഷി ജാഗരൻ 'ഫാർമർ ദി ബ്രാൻഡ് 'എന്ന പേരിൽ സംഘടിപ്പിച്ച ഓൺലൈൻ കാർഷിക ശിൽപ്പശാലയിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ പങ്കെടുത്തു. കൃഷിയുടെ പ്രധാന്യം,ആവശ്യകത തുടങ്ങിയവയെകുറിച്ച് കാർഷികരംഗത്തെ വിദഗ്ധനായ ബിജു നാരായണൻ സംസാരിച്ചു. വിവിധ കൃഷി രീതികൾ,കൃഷി ചെയ്യേണ്ട സമയം,വളപ്രയോഗങ്ങൾ തുടങ്ങി കൃഷി ഗുണകരവും ലാഭവുമാക്കാൻ സാധിക്കുന്ന വിവിധ മാർഗങ്ങളെ കുറിച്ച് പരിപാടിയിൽ ചർച്ച ചെയ്തു. സ്കൂളിനെ പ്രതിനിധീകരിച്ച് പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, അധ്യാപിക ബിന്ദു നന്ദന എന്നിവർ പങ്കെടുത്തു. ജഗദീഷ്.റെഡ്ഡി, അനൂപ്. പി.എസ്,കെ.രമേശൻ,ടി.ഷിജു തുടങ്ങിയവർ പങ്കെടുത്തു.

ഡോക്സി വാഗൺ ക്യാമ്പയിൻ ആരംഭിച്ചു

കൊല്ലം: ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ ഡോക്സി വാഗൺ ക്യാമ്പയിൻ ആരംഭിച്ചു. എലിപ്പനി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ക്യാമ്പയിൻ. കലക്റ്ററേറ്റിൽ നടന്ന ചടങ്ങിൽ എ ഡി എം പി.ആർ. ഗോപാലകൃഷ്ണൻ ബോധവത്കരണ വാഹനപ്രചാരണ ക്യാമ്പയിൻ ഫ്ളാഗ് ഓഫ് ചെയ്തു. ജില്ലാ പൊലീസ് മേധാവി ടി.നാരായണൻ ഗുളിക വിതരണം ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ആർ ശ്രീലത, ജില്ലാ സർവയിലൻസ് ഓഫീസർ ഡോ ആർ സന്ധ്യ, ഡെപ്യൂട്ടി ഡി എം ഒ ഡോ ജെ മണികണ്ഠൻ, മാസ് മീഡിയ ഓഫീസർമാരായ എസ് ശ്രീകുമാർ, ജോൺസൺ മാത്യൂ, ഡോ നജീബ്, ഡോ ടിമ്മി ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു. ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എലിപ്പനി പ്രതിരോധത്തിനുള്ള ഡോക്സിസൈക്ലിൻ ഗുളികകൾ വിതരണം ചെയ്യും. വെള്ളക്കെട്ടിലും മലിനജലം നിറഞ്ഞു നിൽക്കുന്ന സ്ഥലങ്ങളിലും ജോലിക്കിറങ്ങുന്നവർക്കും എലിപ്പനി പിടിപെടാനുള്ള സാധ്യത കൂടുതലാണ്. അവർ ജാഗ്രത പുലർത്തണമെന്നും ആഴ്ച്ചയിലൊരിക്കൽ ഗുളിക കഴിക്കണമെന്നും ഡി എം ഒ അറിയിച്ചു.

ഗ്രാമീണമേഖലയിലെ തൊഴിലിടങ്ങൾ സ്തംഭനത്തിലേക്ക്

കുന്നത്തുകാൽ മണികണ്ഠൻ

നെയ്യാറ്റിൻകര: കൊവിഡ് 19 പ്രതിരോധ പവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര , സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച് നടപ്പിലാക്കിയ ലോക്ഡൗണും തുടർന്ന് നടത്തി വരുന്ന അൺ ലോക് ഡൗണും വഴിമുട്ടിച്ചത് ഒരു പറ്റം തൊഴിലാളികളെ. കാർഷിക മേഖലയിലും പരമ്പരാഗത തൊഴിൽ വ്യവസായ മേഖലകളിലുമുണ്ടായ സ്തംഭനം തുടരുകയാണ്.

നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ നഷ്ടം ഇതുവരെയും നികത്താനായിട്ടില്ല. തൊഴിൽ നഷ്ടത്തിലൂടെ വരുമാനമില്ലായ്മ കാരണം ഗ്രാമീണരുടെ നിത്യ ജീവിതം പോലും ദുരിതത്തിലായിമാറിയെന്നു തൊഴിലാളികൾ. മലയോര മേഖലയിലെ പ്രധാന നാണ്യവിളയായ റബ്ബർ കർഷകരാണ് വലിയ തിരിച്ചടി നേരിടുന്നത്. വിലയിടിവിനു പിന്നാലെ ചെറുകിട കർഷകർക്കു പോലും റബർ വിൽക്കാനാകുന്നില്ല. റബ്ബർ സംഭരിക്കാൻ ആരും തയ്യാറാകാത്തതു മൂലം ചെറുകിട റബ്ബർ വ്യാപാരികൾ ആരും താനേ കടകൾ തുറക്കുന്നില്ല. മരംവെട്ട് തുടങ്ങിയപ്പോൾ പ്രതികൂല കാലാവസ്ഥ കാരണം നിർത്തിവച്ചിരിക്കുകയാണ്. ഇതോടെ തൊഴിലാളികളുടെ തൊഴിലും നഷ്ടമായി. അതിർത്തി മേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും നിയന്ത്രണങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി പ്രവർത്തനം ഭാഗികമാണ് നടക്കുന്നത്. അതിർത്തിയിലെ കന്യാകുമാരി ജില്ലയോട് ചേർന്ന തമിഴ്നാട് പ്രദേശങ്ങളിലാണ് കശുവണ്ടി ഫാക്ടറികൾ ഏറെയും പ്രവർത്തിക്കുന്നത്. അതിർത്തി പഞ്ചായത്തുകളെല്ലാം കണ്ടയിൻമെന്റ് സോണായതിനാൽ അതിർത്തി കടന്ന് സ്ത്രീകളുൾപ്പെടെയുള്ള തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ എത്തിച്ചേരാനാകാത്ത അവസ്ഥയാണ്.

നിർമാണ മേഖലയിൽ പ്രവർത്തിക്കുന്ന പതിനായിരങ്ങളാണ് തൊഴിൽ രഹിതരായി തുടരുന്നത്. ലോക്ഡൗണിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നെങ്കിലും പല പ്രാദേശങ്ങളിലും കടകൾ ഭാഗികമായി മാത്രം പ്രവർത്തിക്കുന്നതും നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറവും കാരണം നിലവിൽ ഒറ്റപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമാണ് നടക്കുന്നത്.

ഇതിനു പുറമെ മറ്റ് അസംഘടിത മേഖലയിലെ തൊഴിലാളികളും വരുമാന നഷ്ടത്തിലാണ്.

ചെറുകിട വ്യാപാര സ്ഥാപനങ്ങൾ , തുണിക്കടകൾ, ഫാൻസി സ്റ്റോർ തുടങ്ങിയ കടകളിൽ പണിയെടുക്കുന്നവരിൽ കൂടുതലും സ്ത്രീ തൊഴിലാളികളാണ്. വീട്ടുജോലി, മീൻവിൽപ്പന , ഗ്രാമീണ ചന്തകളിലെ കച്ചവടക്കാർ , ഹോട്ടൽ തൊഴിലാളികൾ തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവർക്ക് തൊഴിൽ നഷ്ടവും വരുമാന നഷ്ടവുംകാരണം ദുരിതമനുഭവിക്കുകയാണ്. ഇതു നികത്താനുള്ള നടപടികളൊന്നും സർക്കാർ തലത്തിൽ നടപ്പിലാക്കുന്നില്ല എന്ന ആരോപണം വ്യാപകമാണ്.മലയോര മേഖലയിലെ തൊഴിലാളികളുടെയും കർഷകരുടെയും വരുമാന നഷ്ടത്തിന് പരിഹാരം കാണാൻ ത്രിതല പഞ്ചായത്തുകളും സംസ്ഥാന സർക്കാരും നടപടികൾ സ്വീകരിക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം.

കുതിരച്ചിറപാത പുനർനിർമിക്കണമെന്ന് ആവശ്യം

പുനലൂർ: തൊളിക്കോട് കുതിരച്ചിറ പാത ശാസ്ത്രീയമായി പുനർനിർമ്മിച്ച് പ്രധാന പാതയാക്കണമെന്ന ആവശ്യം ശക്തമായി. മലയോര ഹൈവേയിലെ അഞ്ചൽ പുനലൂർ പാതയേയും നരിക്കൽ ചെയ്യന്തൂർ പാതയേയും ബന്ധിപ്പിക്കുന്ന റോഡാണിത്. പട്ടണത്തിലെ ഗതാഗതകുരുക്കിൽപെടാതെ ഇരുവശത്തേക്കും സുഗമമായി സഞ്ചരിക്കാവുന്ന യാത്രാമാർഗവുമാണിത്. പുനലൂർ പട്ടണത്തിൽ അനിഷ്ടസംഭവങ്ങളോ ഗതാഗത സ്തംഭനമോ ഉണ്ടായാൽ എംഎൽഎ റോഡ്പോലെ സമാന്തരമായി വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയുന്ന റോഡുമാണിത്.ഇപ്പോൾ പലഭാഗത്തും റോഡിൽ കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായി ഓടയും നിർമ്മിച്ചിട്ടില്ല.

പട്ടം എസ്യുടിയിൽ മുലയൂട്ടൽ വാരാചരണം സംഘടിപ്പിച്ചു

തിരുവനന്തപുരം: ലോക മുലയൂട്ടൽ വാരാചരണത്തോടനുബന്ധിച്ച് പട്ടം എസ്യുടി ഹോസ്പിറ്റൽ 100 നഴ്സിംഗ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പൊതുജന ബോധവത്കരണത്തിനായി വെബിനാർ സംഘടിപ്പിച്ചു. 'ഹ്യൂമൻ മിൽക്ക്; മദർസ് ബെസ്റ്റ് ഗിഫ്റ്റ് ടു ഹെർ ബേബി' എന്ന വിഷയത്തിൽ നടന്ന വെബിനാർ ഹോസ്പിറ്റൽ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ഉദ്ഘാടനം ചെയ്തു. നിയോനെറ്റോളജി കൺസൾട്ടന്റുമാരായ ഡോ. ക്രിസ്റ്റിൻ ഇന്ദുമതി, ഡോ. മൃണാൾ എസ്. പിള്ള തുടങ്ങിയവർ നേതൃത്വം നൽകി. നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാൾ ഇന്ദിര രാമചന്ദ്രനും വെബിനാറിൽ പങ്കെടുത്തു.

കടൽഭിത്തി നിർമാണം; അവലോകന യോഗം ചേർന്നു

തിരുവനന്തപുരം: വലിയതുറ മുതൽ ശംഖുമുഖം വരെയുള്ള കടൽഭിത്തി നിർമാണം വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ഡോ. നവജ്യോത് ഖോസയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ യോഗം ചേർന്നു.തീരദേശ മേഖലയിൽ കടൽഭിത്തി ഇല്ലാത്തിടത്ത് അടിയന്തരമായി നിർമ്മാണം ആരംഭിക്കാനും നിർമാണം പുരോഗമിക്കുന്ന പ്രദേശങ്ങളിൽ പണി അതിവേഗം പൂർത്തിയാക്കാനും കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കടലാക്രമണം രൂക്ഷമായ സാഹചര്യത്തിലാണ് കളക്ടർ അടിയന്തര യോഗം വിളിച്ചത്. എ.ഡി.എം വി. ആർ വിനോദ്,ആർ.ഡി.ഒ ജോൺ സാമുവൽ, ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ അനു എസ് നായർ വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

വീടുകളിലെത്തി മത്സ്യവിൽപ്പന പാടില്ല

കൊല്ലം: വീടുകളിൽ എത്തി മത്സ്യവിൽപ്പന നടത്തുന്നത് അനുവദിക്കില്ലെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു. കൊവിഡ് വ്യാപനം തടയുന്നതിന് വേണ്ടിയാണ് നിയന്ത്രണം. രജിസ്റ്റർ ചെയ്യാതെ ഒരാളെയും കടലിൽ പോകാൻ അനുവദിക്കില്ല. രജിസ്ട്രേഷന് എല്ലാ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

കൊല്ലത്തെ ആറ് ക്യാമ്പുകളിലായി 258 പേർ

കൊല്ലം: ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ആറ് ദുരിതാശ്വാസ ക്യാമ്പുകളിൽ 258 പേർ താമസിക്കുന്നുണ്ട്. 96 കുടുംബങ്ങളിലെ 97 പുരുഷന്മാരും 120 സ്ത്രീകളും 41 കുട്ടികളുമാണ് ക്യാമ്പിലുള്ളത്. കൊല്ലം താലൂക്കിലാണ് ആറ് ക്യാമ്പുകളും പ്രവർത്തിക്കുന്നത്.

കാലാവസ്ഥ അനുകൂലമായതിനാൽ കരുനാഗപ്പള്ളിയിലെ വിദ്യാധിരാജ എൻ എസ് എസ് കോളേജിലെയും അയണിവേലിക്കുളങ്ങരയിലെ ജോൺ എഫ് കെന്നഡി സ്കൂളിലും പ്രവർത്തിച്ചിരുന്ന ക്യാമ്പുകൾ പിരിച്ചു വിട്ടു. ഇരവിപുരത്തെ സെന്റ് ജോൺസ് എച്ച് എസ് എസിൽ 31 കുടുംബങ്ങളിലെ 37 പുരുഷന്മാരും 42 സ്ത്രീകളും 14 കുട്ടികളും അടക്കം 93 പേരുണ്ട്. ആദിച്ചനല്ലൂർ വില്ലേജിലെ മൈലക്കാട് പഞ്ചായത്ത് യു പി സിൽ 25 കുടുംബങ്ങളിലെ 20 പുരുഷന്മാരും 24 സ്ത്രീകളും ഏഴു കുട്ടികളും ഉൾപ്പടെ 51 പേരാണുള്ളത്. ഓഗസ്റ്റ് 10 തിങ്കളാഴ്ച പനയം ഗവൺമെന്റ് എച്ച് എസിൽ ആരംഭിച്ച ക്യാമ്പിൽ 13 കുടുംബങ്ങളിലെ 17 പുരുഷന്മാരും 19 സ്ത്രീകളും 11 കുട്ടികളുമടക്കം 47 പേരുണ്ട്. വാളത്തുംഗലിലെ ബോയ്സ് എച്ച് എസിൽ ആരംഭിച്ച ക്യാമ്പിൽ 38 പേരുണ്ട്. 15 കുടുംബങ്ങളിലെ 10 പുരുഷന്മാരും 19 സ്ത്രീകളും ഒൻപത് കുട്ടികളും.

വടക്കേവിള പട്ടത്താനം വിമലഹൃദയ എച്ച് എച്ച് എസിൽ 11 കുടുംബങ്ങളിലെ 11 പുരുഷന്മാരും 15 സ്ത്രീകളും ഉൾപ്പടെ 26 പേരുണ്ട്. നെടുമ്പനയിലെ ബഡ്സ് സ്കൂളിൽ ഒരു കുടുംബത്തിലെ രണ്ട് പുരുഷന്മാരെയും ഒരു സ്ത്രീയെയുമാണ് പാർപ്പിച്ചിട്ടുള്ളത്.

ചവറ മുകുന്ദപുരം പാലം യാഥാർഥ്യത്തിലേക്ക്

കരുനാഗപ്പള്ളി : ചവറ,തേവലക്കര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മുകുന്ദപുരം പാലം നാടിനായി തുറന്നു. അന്തരിച്ച എൻ വിജയൻ പിള്ള എംഎൽഎ യുടെ ശ്രമഫലമായിട്ടാണ് പാലം യാഥാർത്ഥ്യമായത്. നിലവിലുണ്ടായിരുന്ന പാലം ജീർണാവസ്ഥയിലായതിനാൽ അത് പൊളിച്ചാണ് പുതിയ പാലം നിർമ്മിച്ചിരിക്കുന്നത്. പുതിയതായി നിർമ്മിച്ച പാലത്തിന് 7.50 മീറ്റർ വീതിയുള്ള കാരിയേജ് വേയും 12 മീറ്റർ നീളവും, ഒരുവശത്തായി 1.50 മീറ്റർ വീതിയുള്ള നടപ്പാതയുമുണ്ട്. പാലത്തോട് ചേർന്നുവരുന്ന തോടിന്റെ വശങ്ങൾക്ക് സംരക്ഷണഭിത്തിയും പാലത്തിന് പാർശ്വഭിത്തിയും നിർമ്മിച്ചു. മുൻപാലം കാലപ്പഴക്കമുള്ളതും വീതികുറവായതിനാലും ഇത് പൊളിച്ചു മാറ്റിയാണ് ഒന്നരക്കോടി രൂപ മുടക്കിയാണ് പുതിയ പാലം നിർമ്മിച്ചിരിക്കുന്നത്. ചവറയിൽ നിന്നും ശാസ്താംകോട്ട , കൊട്ടാരക്കര ഭാഗങ്ങളിലേക്ക് ബസ് സർവ്വീസ് കടന്നു പോകുന്ന പാലത്തിന് വീതി കുറവായതിനാൽ ഇരു ദിശകളിൽ നിന്നും വലിയ വാഹനങ്ങൾക്ക് കടന്നു പോകാൻ ബുദ്ധിമുട്ടായിരുന്നു. ഇവിടെ അപകടങ്ങൾ നിത്യസംഭവവുമായിരുന്നു. പാലത്തിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി രാധാമണി അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. എക്സിക്യൂട്ടീവ് എൻജിനീയർ കെ എസ് വിനോദ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ചവറ, തേവലക്കര പഞ്ചായത്ത് പ്രസിഡന്റുമാരായ പി കെ ലളിത, ഐ ഷിഹാബ്, ടി മനോഹരൻ, ജനപ്രതിനിധികളായ മുതാസ്, കെ എ നിയാസ്, സക്കീർ ഹുസൈൻ, കെ ഷറഫുദ്ധീൻ എന്നിവർ സംസാരിച്ചു. പാലത്തിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായുള്ള ശിലാഫലകവും, വിളക്ക് കൊളുത്തലും മന്ത്രിക്കു പകരമായി സി രാധാമണി നിർവ്വഹിച്ചു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor),Vol 13, Issue No. 228 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

Metro Vaartha

കഥ

ഒരു പേരിലെന്തിരിക്കുന്നു

ദേവി ബ്രഹ്മദത്തൻ
പൂമുള്ളി മന
നമ്പൂതിരി വിദ്യാലയം തൃശൂർ

ഒരു ഒഴിവു കാലം... ഞാനും ഓപ്പോളും ഓപ്പോളുടെ മകൻ അർജുന്റെ ചെന്നൈയിലുള്ള വീട്ടിലായിരുന്നു അന്ന്. അവിടെ ചെന്നപ്പോഴാണ് ആ ഉപകരണം ആദ്യമായി കാണുന്നത്. ഏതു പാട്ട് പറഞ്ഞാലും അപ്പോൾ ത്തന്നെ കേൾപ്പിക്കുന്ന ഒരു ഉപകരണം... അതേതു ഭാഷ ആയിക്കോട്ടെ !! എന്തൊരു അനുസരണ, !

ഞങ്ങളുടെ കൂടെ ഏട്ടന്റെ മകൻ കുഞ്ഞനിയനും വന്നിരുന്നു. കുഞ്ഞനിയനേക്കാൾ അനുസരണയുണ്ട് ഇതിന് എന്ന് ഞങ്ങൾ കുഞ്ഞനിയനെ കളിയാക്കി. പിറ്റേന്ന് വെളുപ്പിന് ഓപ്പോളും ഞാനും കൂടി തൊട്ടടുത്തുള്ള ഒരു അമ്പലത്തിൽ പോയി തൊഴുതു വരാം. കുട്ടികളെ ആരെയും ഉണർത്തേണ്ട എന്ന് തീരുമാനിച്ചിരുന്നു. അന്നു രാത്രി ഞങ്ങൾ അവിടുത്തെ പ്രധാന കിടപ്പുമുറിയിലും അർജുനും, സ്വാതിയും മറ്റു മുറിയിലുമായിരുന്നു കിടന്നിരുന്നത്. കിടക്കാൻ ഏറെ വൈകി. അവരുടെ മുറിയിൽത്തന്നെയുള്ള ആ ഉപകരണത്തിനോടുള്ള കൗതുകം കൊണ്ട് അഞ്ചുമണിക്ക് കുഞ്ഞനിയനെക്കൊണ്ട് അതിൽതന്നെ അലാറം സെറ്റ് ചെയ്യിച്ച ഉറങ്ങാൻ കിടന്നു...

ഒരുറക്കം കഴിഞ്ഞ് എങ്ങിനേയോ ഒന്നുണർന്നു...

അപ്പോഴേക്കും ആ ഉപകരണത്തിന്റെ പേര്.

മറന്നിരുന്നു. ഇനിയെന്തു ചെയ്യും? ഈശ്വരാ !

എന്തായിരുന്നു ആ പേര് ?

ഗ്യാലക്സിയാണോ ?

ഡീലക്സ് ആണോ ?വിക്സ് : ? മിക്സി : ?ക്സ ചേർന്നു വരുന്ന വാക്കുകൾ മുഴുവൻ ഓർമ്മിച്ചു ...

ഇതിൽ ഏതെങ്കിലും ആണോ ?നോക്കാം എന്തായാലും ?അടുത്തു കിടക്കുന്ന ഓപ്പോളെ നോക്കി : ഓപ്പോളെ ഉണർത്തണോ?

വേണ്ട ഇപ്പോൾ വേണ്ട: ഒന്ന് ഉറങ്ങിയാലോ? ഉറങ്ങാനും പറ്റുന്നില്ല... പെട്ടെന്ന് ഓർമ്മ വന്നു. 'അലാസ്ക്ക' സമാധാനമായി. മറക്കാതിരിക്കാൻ അത് ഫോണിൽ സേവ് ചെയ്തു വെച്ചു. ഒന്നു മയങ്ങിപ്പോയി അഞ്ചു മണിയായി.

കൃത്യസമയത്ത് തന്നെ ഉപകരണം ശബ്ദം തുടങ്ങി. ഓപ്പോളും ഉണർന്നു. ഞാൻ പറഞ്ഞു, ' അലാസ്ക്ക സ്റ്റോപ്പ്'. നിൽക്കുന്നില്ല: ഇതല്ലേ പേര് ?പിന്നെ എന്താണ് ഓപ്പോൾക്കും പേര് ഓർമ്മയില്ല. ഇനിയെന്ത് ചെയ്യും? കുട്ടികളെ വെറുതെ ഉണർത്തണ്ട.

രണ്ടുപേരും കൂടി പഠിച്ചപണി പതിനെട്ടും നോക്കി സഹസ്രനാമം പലതും വിളിച്ചു. തട്ടിനോക്കി. മുട്ടി നോക്കി. ങേ... ങേ... ഒരു രക്ഷയും ഇല്ല, തലയണ എടുത്തു മൂടിയാലോ . ? ശ്രമിച്ചു.



പുതപ്പെടുത്തു മൂടി... അത് കരച്ചിൽ നിർത്തുന്നില്ല.

പെട്ടെന്ന് കട്ടിലിന് താഴെ കിടന്നുറങ്ങിയിരുന്ന കുഞ്ഞനിയൻ ചാടിയെഴുന്നേറ്റു കൊണ്ട് പറഞ്ഞു:

അലക്സ സ്റ്റോപ്പ്

അലക്സ മിണ്ടാതായി.

ഞങ്ങളെ രണ്ടുപേരെയും ഒന്ന് പുച്ഛഭാവത്തിൽ നോക്കിക്കൊണ്ട് കുഞ്ഞനിയൻ വീണ്ടും ഉറക്കത്തിലേക്ക്:

'അലക്സ'യെ ദയനീയമായി നോക്കിക്കൊണ്ട് ഞങ്ങൾ...

Metro Vaartha

കവിത

രാധാകൃഷ്ണൻ
കാര്യക്കുളം
സചിവോത്തമപുരം
കോട്ടയം

തത്ത

നീളെ... നീളെ... പാടത്തു
നീ വരുന്നോ പനം തത്തേ
നീളൻ നെന്മണി
കൊത്തിപ്പെറുക്കാൻ
നീ വരുന്നോ പനം തത്തേ
ആരും കൊതിക്കും നിന്മേനിൽ...
ആരൊഴിച്ചു പച്ചനിറം...
ആരും കൊതിക്കും ചെഞ്ചുണ്ട്..
ആരു തന്നു പനം തത്തേ..

Metro Vaartha

കവിത

റോബിൻ, എഴുത്തുപുര
ലബ്ബക്കട, ഇടുക്കി

ഒപ്പിടുമ്പോൾ

പുതുക്കിപ്പണിത
കവിതയെന്നവണ്ണം
മാസ്റ്റർപീസ് ഇതുതന്നെയെന്നു
കരുതിയാണ്
ഓരോ ഒപ്പുമിടുന്നത്.
വളവുകൾതാണ്ടി
പേനവയ്ക്കുമ്പോൾ
ദിക്കുതെറ്റിയുദിച്ച
ചന്ദ്രക്കലപോലേ 'കുത്തും'
വരുതിലംഘിച്ച വരയും.
അപ്പോളൊക്കെ
കണ്ടമാനം മിഠായി-
നുണഞ്ഞ കുട്ടിയെപ്പോലേ
മധുരം മാറിനിന്ന്
മാസ്റ്റർപീസിനെ നോക്കും

Metro Vaartha

വരവായി മാവേലി

Metro Vaartha

കുട്ടി വര

Raniya Saheer.
Pottur Anakara
Palakad

DEVANANDHA.R.MENON
CHINMAYA VIDYALAYA
THRIPUNITHURA

Wardha Fathima Yasar
GTTI Men KANNUR

ഇവർ പ്രകൃതിയോട് പോരാടുകയാണ്, കൂടെ പിറപ്പുകളെ രക്ഷിക്കാൻ

സി പി രഘുനാഥ്

കുറ്റ്യാടി: വയനാടൻ മലഞ്ചെരിവിൽ സ്ഥിതി ചെയ്യുന്ന മരുതോങ്കര പഞ്ചായത്തിലെ ജനങ്ങൾക്ക് പറയാൻ കദന കഥകൾ ഏറെയുണ്ട്. കൂടപിറപ്പുകളുടെ ജീവനും വിശപ്പടക്കാൻ നട്ടു നനച്ച് ഉണ്ടാക്കിയ കാർഷിക വിളകളും കരുണ ഇല്ലാതെ പ്രകൃതി കവർന്നെടുത്തിട്ടുണ്ട്.കുറ്റ്യാടി പുഴയുടെ കൈവഴി പുഴകളായ കടന്തറ, പുഴയും നെടുവയൽ പുഴയും നിരവധി സഹോദരങ്ങളുടെ ജീവൻ തട്ടിയെടുത്തത് ഇന്നും കണ്ണീരോടെ ഓർക്കുകയാണ് മരുതോങ്കര നിവാസികൾ. വയനാടൻ മലനിരകളിൽ നിന്നും കാടിറങ്ങി കലി തുള്ളി പാഞ്ഞടുക്കുന്ന മലവെള്ളചാട്ടത്തിന്റെ മുന്നിൽ എല്ലാം നിഷ്പ്രഭമായി മാറുകയായിരുന്നു. വിശ്വസിച്ച് പുഴയിൽ ഇറങ്ങിയവരെയെല്ലാം ചുഴികളിൽ ഒതുക്കി ആഴങ്ങളിലേക്ക് വലിച്ചു

ശക്തമായ ഒഴുക്കിനെ നേരിട്ട് സുരക്ഷ പ്രവർത്തനം നടത്തുന്ന മലയോര ശബ്ദം പ്രവർത്തകർ.

കൊണ്ടു പോയി മക്കളെ നഷ്ടപ്പെട്ട അമ്മമാർ എന്നും കണ്ണീരണിയാൻ വിധിക്കപ്പെട്ടു.ഈ അവസരത്തിലാണ് മരുതോങ്കര പഞ്ചായത്തിലെ അബാലവൃദ്ധം ജനങ്ങളും നമുക്ക് സുരക്ഷ ഒരുക്കാൻ നാം തന്നെ മുന്നിട്ടിറങ്ങുക എന്ന സന്ദേശമുമായി രംഗത്ത് എത്തിയത്.

മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം സതി. വൈസ് പ്രസിഡന്റ് സി.പി. ബാബുരാജും മറ്റ് ജനപ്രതിനിധികൾ ഉദ്യോഗസ്ഥന്മാരും നാട് ഒന്നായി 'മലയോര ശബ്ദം' എന്ന നാമധേയത്തിൽ അണിചേർന്നു. അടിയന്തിര പ്രവർത്തനങ്ങൾ ഏകോപിക്കാൻ മലയോര ശബ്ദം വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. അടിയന്തര സംഭവവികാസങ്ങളിൽ അതിവേഗ ഇടപെടലുകളുമായി മലയോര ശബ്ദം വാട്സാപ്പ് കൂട്ടായ്മ ശ്രദ്ധേയമാവുകയാണ്. ചുരുങ്ങിയ കാലംകൊണ്ട് മലയോരത്തിനു ശബ്ദമായി മാറാൻ മലയോര ശബ്ദം മരുതോങ്കര വാട്സ്ആപ്പ് കൂട്ടായ്മയ്ക്ക് കഴിഞ്ഞു. കൊവിഡ് എന്ന മഹാമാരിയും കാലവർഷക്കെടുതിയും നാടിനെ ദുരിതത്തിലാക്കിയപ്പോൾ സംരക്ഷണത്തിന്റെ കവചവുമായി മലയോര ശബ്ദം മുന്നിൽ നിൽക്കുകയായിരുന്നു. ശക്തമാർന്ന ഇടപെടലുകൾ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ ദേശത്തിന്ന് തന്നെ മാതൃകയാണെന്നാണ് നാദാപുരം നിയോജക മണ്ഡലം എം.എൽ.എ ഇ കെ വിജയൻ പറയുന്നത്.ചുരുങ്ങിയ കാലം കൊണ്ട് തന്നെതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഗവൺമെൻറ് അധികാരികളുടെയും പ്രശംസ പിടിച്ചു പറ്റാൻ ഈ കൂട്ടായ്മയ്ക്ക് കഴിഞ്ഞു.

തൃശൂർ സിറ്റി മാർക്കറ്റ് മാനെജ്മെന്റ് സംവിധാനം മാതൃകാപരം: മുഖ്യമന്ത്രി

തൃശൂ:ർ സിറ്റിയിൽ നിലവിലുള്ള മാതൃകയിലെ മാർക്കറ്റ് മാനെജ്മെന്റ് സംസ്ഥാനത്തെ എല്ലാ വലിയ മാർക്കറ്റുകളിലും നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. സംസ്ഥാനത്തിന് വെളിയിൽനിന്ന് ചരക്കുമായി എത്തുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് സുരക്ഷിതവും അണുവിമുക്തവുമായ താമസ സൗകര്യം ഏർപ്പെടുത്തുക എന്നതാണ് ഇതുവഴി ലക്ഷ്യമിടുന്നത്. നേരത്തെ പൊതുവിൽ നിർദേശിച്ചതാണിത്. ഇത് ഏറ്റവും മാതൃകാപരമായി നടപ്പിലാക്കിയത് തൃശൂരിലാണെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വിവരങ്ങൾ അറിയിക്കണം

പാലക്കാട്: കൊവിഡ് സുരക്ഷാ പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിൽ മടങ്ങിയെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട കോൺട്രാക്റ്റ്മാർ/ഉടമകൾ യഥാസമയം അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ അറിയിക്കണം. ജില്ലയിൽ തിരികെ എത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾ നിർബന്ധമായും കൊവിഡ് ജാഗ്രതാ സൈറ്റിൽ രജിസ്റ്റർ ചെയ്ത് ക്വാറന്റൈൻ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ കലക്റ്ററുമായ ഡി. ബാലമുരളി അറിയിച്ചു. നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യാത്ത കോൺട്രാക്റ്റ്മാർ/ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് ജില്ലാ ലേബർ ഓഫീസർ (ജനറൽ) അറിയിച്ചു. ഫോൺ : 0491-2505584

പാലക്കാട് 141 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു

40 പേർക്ക് രോഗമുക്തി

പാലക്കാട്: ജില്ലയിൽ ഇന്നലെ മലപ്പുറം, തൃശൂർ സ്വദേശികൾ ഉൾപ്പെടെ 141 പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതിൽ സമ്പർക്കത്തിലൂടെ രോഗബാധ ഉണ്ടായ 71 പേർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്ന 11 പേർ, വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന 15 പേർ, ഉറവിടം അറിയാത്ത രോഗബാധ ഉണ്ടായ 37 പേർ , 6 ആരോഗ്യ പ്രവർത്തകർ, ഓഗസ്റ്റ് എട്ടിന് മരിച്ച കുമ്പിടി സ്വദേശി എന്നിവർ ഉൾപ്പെടും. 40 പേർക്ക് രോഗമുക്തി ഉള്ളതായും അധികൃതർ അറിയിച്ചു. ഇതോടെ ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം 733 ആയി. ജില്ലയിൽ ചികിത്സയിൽ ഉള്ളവർക്ക് പുറമേ പാലക്കാട് ജില്ലക്കാരായ രണ്ടു പേർ കണ്ണൂർ ജില്ലയിലും ഏഴു പേർ കോഴിക്കോട് ജില്ലയിലും അഞ്ചു പേർ മലപ്പുറം ജില്ലയിലും മൂന്നുപേർ എറണാകുളം ജില്ലയിലും ഒരാൾ വീതം കോട്ടയം, തൃശൂർ ജില്ലകളിലും ചികിത്സയിൽ ഉണ്ട്.